D.H.

# ഭാരതഭാസ്കരൻ

(മഹാകവി ടാഗോറിന്റെ ജീവചരിത്രം)

81335

KOTTAYAM PUBLIC LIBRARY
KOTTAYAM

1054

by

ഉമയനല്ലൂർ എം. ബാലകൃഷ്ണപിള്ള

പ്രസാധകർ

ഉദയാ പബ്ലിഷിംഗ് ഹൗസ്
ബുക്ക്സ്റ്റാൾ,
പുനലൂർ.

PUBLISHING HOUSE
PUNALUR.

വില രൂപാ ഒന്നര

ഒന്നാം പതിപ്പ് { 1121 ചിങ്ങം

SRI RAMA VILAS PRESS,
QUILON.

പകൎപ്പവകാശം പ്രസാധകൎക്കു മാത്രം.
എല്ലാം പതിപ്പിലും പ്രസാധകരുടെ അടയാളം ഉണ്ടായിരിക്കുന്നതാണു്.

# പ്രസ്താവന

ആര്‍ഷഭാരതത്തിന്റെ ഇതുവരെയുള്ള സംസ്കാരചരിത്രത്തില്‍ അവിടവിടെ തെളിഞ്ഞു വിളങ്ങുന്ന ദിവ്യസൂക്തങ്ങളുടെ സമുചിതവും സംപൂര്‍ണ്ണവുമായ ഒരു സമാഹരണമാണു് ഗുരുദേവന്റെ സന്ദേശഗാനങ്ങള്‍. വിശിഷ്ടവും വിശാലവുമായ ആ മനോദര്‍പ്പണത്തില്‍ പ്രതിബിംബിച്ചപ്പോള്‍ ഏററവും അധുനാതനമായി—സജീവമായി—സര്‍വാവയവസുന്ദരമായി. അലയാഴികളെയും അതിലംഘിച്ചു്, ആ മധുരഗാനങ്ങള്‍ ദേശാന്തരങ്ങളില്‍ മാറെറാലികൊണ്ടു. ഓരോ ഹൃദയത്തിലും ആയിരമായിരം ചിന്താങ്കുരങ്ങള്‍ പൊടിച്ചുപൊങ്ങി. സാമുദായികം, ദേശീയം, മതപരം എന്നിങ്ങനെയുള്ള ത്രിദോഷകോപത്താല്‍ 'ഭവ' രോഗം ബാധിച്ചുഴലുന്ന ജനതതിക്കു് ആ ഗാനവിശേഷം ഒരു മൃതസഞ്ജീവനിയായി. പക്ഷേ, ഭൗതികതൃഷ്ണയില്‍ പരിഭ്രാന്തരായി ഓടുന്നവര്‍ക്കു് അതാസ്വദിക്കാന്‍ സമയമില്ല — അല്ലെങ്കില്‍ ആ മോഹനസന്ദേശത്തിന്റെ ശ്രവണമാത്രയില്‍തന്നെ ലോകം എന്തു പ്രശാന്തമോഹനമാകുമായിരുന്നു! ഒരു മഹാന്‍ ഈയിടെ പറകയുണ്ടായി "War will end when state's men become wise" എന്നു്. ശരിയാണതു്. അവരും ഗുരുദേവന്റെ ഗാനം ശ്രവിക്കത്തക്ക ഹൃദയവ്യാപ്തി ഉള്ളവരായെങ്കില്‍!.........

മഹാകവിയുടെ പാവനാദര്‍ശത്തെയും മനോജ്ഞങ്ങളായ കൃതികളെയുംപററി ചിന്തിക്കുമ്പോള്‍തന്നെ വാക്കുകള്‍ മൂകമായിപ്പോകുന്നു. ആ യതീശ്വരന്റെ ജീവചരിത്രം സാമാന്യമായിട്ടെങ്കിലും അറിയേണ്ടതു് ഒഴിച്ചുകൂടാത്തൊരു ജീവിതാവശ്യമാണു്. അതു് ഒരാളില്‍ അതിദിവ്യമായ

ആത്മശുദ്ധിയുണ്ടാക്കും. അനിഷേധ്യമായ കുലീനഭാവത്തെ ഉത്പാദിപ്പിക്കും. അഹഹാ! എന്തൊരു മഹത്തായ ജീവിതമായിരുന്നു അതു്! എത്രമാത്രം പവിത്രമായ ഹൃദയമായിരുന്നു, ആ മഹാത്മാവിൽ കുടികൊണ്ടിരുന്നതു്! ഈ ചിന്തയാണു് ഈ ജീവചരിത്രം എഴുതാൻ എന്നെ പ്രേരിപ്പിച്ചതു്. ഗുരുദേവൻെറ ജീവിതാദർശങ്ങൾ സമഷ്ടിയായി പ്രതിപാദിക്കുന്ന ഒരു പുസ്തകം എഴുതാൻ തുനിഞ്ഞാൽ അതൊരു മഹാഗ്രന്ഥമാകും. അദ്ദേഹത്തെപ്പററി വായനക്കാർക്കു് ഒരു സാമാന്യജ്ഞാനമുണ്ടാകണം. അത്രമാത്രമേ എനിക്കുദ്ദേശമുള്ളു. ഗുരുദേവനെപ്പററി കൂടുതൽ അറിയാൻ കഴിഞ്ഞിട്ടുള്ളവർ• അദ്ദേഹത്തിൻെറ ജീവചരിത്രഗ്രന്ഥങ്ങൾ ധാരാളം എഴുതിക്കാണ്മാൻ എനിക്കാഗ്രഹമുണ്ടു്. എത്ര എഴുതിയാലും അതധികമാകുന്നതല്ല. അവയെല്ലാം ആ മഹച്ചിന്തയുടെ വ്യത്യസ്തസരണികൾ എന്നേ അർത്ഥമുള്ളു. പ്രകൃതഗ്രന്ഥരചനയിൽ, വിശ്വഭാരതിയിലെ അദ്ധ്യാപകന്മാരിൽ ഒരാളായ മി: മാർജറിസൈക്കസിൻെറ Rabeendranath Tagore എന്ന വിശിഷ്ടകൃതി എന്നെ വളരെയധികം സഹായിച്ചിട്ടുണ്ടെന്ന വസ്തുതയും ഇവിടെ പ്രസ്താവ്യമാണു്.

എത്രതന്നെ നിഷ്കൃഷ്ടിച്ചു പ്രൂഫ് നോക്കിയിട്ടും അപൂർവ്വം ചില അച്ചടിപ്പിഴകൾ അങ്ങിങ്ങായി വന്നുപോയിട്ടുള്ളതു് അടുത്ത പതിപ്പിൽ പരിഹരിച്ചുകൊള്ളാമെന്നാശിക്കുന്നു. ഇതിൻെറ നിർമ്മിതിയിലും പ്രസിദ്ധീകരണത്തിലും എന്നെ പ്രേരിപ്പിച്ച പുനലൂർ "ഉദയാ ബുക്ക്സ്റ്റാൾ" ഉടമസ്ഥൻ ശ്രീ: ജി. ഭാസ്കരൻപിള്ള അവർകളോടുള്ള കൃതജ്ഞതയെക്കൂടി രേഖപ്പെടുത്തിക്കൊണ്ടു 'ഭാരതഭാസ്കര'നെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കൊല്ലം
15—1—121 } ഗ്രന്ഥകർത്താ,

# ഭാരതഭാസ്കരൻ

## അദ്ധ്യായം ൧

### ജനനവും ബാല്യവും

ജനബഹുലമായ കല്ക്കട്ടാനഗരത്തിന്റെ മദ്ധ്യേ, 'ജോറസങ്കോ' എന്ന സ്ഥലത്തുകൂടി ചിററ്പൂർറോഡ് കടന്നുപോകുന്നു. ട്രാംകാറുകളുടെ മണിനാദവും, ബസ്സ്, ലോറി മുതലായ വാഹനങ്ങളുടെ ഗതാഗതഘോഷവും ആളുകളുടെ തിക്കും തിരക്കും എപ്പോഴും ഈ പട്ടണത്തെ ശബ്ദമുഖരിതമാക്കിയിരിക്കുന്നു. ജോറസങ്കോ തെരുവുകൾ വളരെ ഇടുങ്ങിയവയാണു്. പലമാതിരി സാധനങ്ങൾ ക്രയവിക്രയം ചെയ്യുന്ന പീടികകൾ അവിടെ ധാരാളമുണ്ടു്. അവിടുള്ള ബഹളം ചെറുതൊന്നുമല്ല. ഒരുഭാഗത്തു് സംഗീതയന്ത്രങ്ങൾ വില്പന നടത്തുന്നു. മറുഭാഗത്തു് മൃദംഗം, വീണ മുതലായ ഉപകരണങ്ങൾ നന്നാക്കുന്നു. ചില കലാരസികന്മാർ അവയുടെ ശബ്ദവിശേഷം ശരിയാണോ എന്നു പരീക്ഷിച്ചുനോക്കുന്നു. ഈ ഭാഗത്തു് ഒരു ഇടുങ്ങിയ വീഥി, മെയിൻറോഡിൽനിന്നും തിരിഞ്ഞുപോകുന്നുണ്ടു്. സുമാർ നൂറു ഗജം അകലെയായി ആ നിരത്തിന്റെ അവസാനത്തു് ബലത്ത ഒരു ഇരുമ്പുഗേററു കാണാം. അപ്പുറം, പുരാതനമായ ഒരുമൂന്നുനിലമാളിക, വൃക്ഷങ്ങളുടെ ഇടയിൽ ഉയർന്നുനില്പുണ്ടു്. ഇതാണു സുപ്രസിദ്ധമായ ടാഗോർ കുടും

ബത്തിൻെറ ജോറസങ്കോ സൗധം. ക്രി: വ. 1861 മേ മാസം 7-ാംതീയതി ഈ കുടുംബത്തിൽ ഒരു പുരുഷസന്താനം ഭൂജാതമായി. 'രവീന്ദ്രൻ' എന്നു ശിശുവിനു നാമകരണംചെയ്തു.

ദേവേന്ദ്രനാഥടാഗോർ എന്നു് വിഖ്യാതനായ ഒരു ഭക്തപണ്ഡിതനാണു് രവിയുടെ അച്ഛൻ. ദേവേന്ദ്രനാഥടാഗോറിൻെറ അച്ഛൻ മഹാസമ്പന്നനായിരുന്നു. അദ്ദേഹത്തിൻെറ സൗഖ്യസമ്മോഹനമായ ജീവിതം ഒരു രാജാവിൻേറതിനേക്കാൾ മെച്ചമായിരുന്നു. അതുകൊണ്ടു് ജനങ്ങൾ അദ്ദേഹത്തെ 'പ്രിൻസ്' എന്നു വിളിച്ചുവന്നു. രവീന്ദ്രൻെറ ജനനസമയം ടാഗോർകുടുംബത്തിൻെറ സ്വത്തു് ഗണ്യമായി കുറഞ്ഞിരുന്നു. എങ്കിലും അവർ അന്നും സമ്പത്തിൽ പിന്നോക്കമായിരുന്നില്ല. കുട്ടികൾക്കു ശരിയായ വിദ്യാഭ്യാസം നൽകുന്നതിൽ ടാഗോർകുടുംബത്തിൻെറ സവിശേഷമായ ശ്രദ്ധ എപ്പോഴും പതിഞ്ഞിരുന്നു. അംഗങ്ങളുടെ കൂടുതൽകൊണ്ടു് ആ കുടുംബം വളരെ വിപുലവുമായിരുന്നു. രവീന്ദ്രൻ, ദേവേന്ദ്രനാഥടാഗോറിൻെറ പതിന്നാലാമത്തെ പുത്രനാണു്. അദ്ദേഹമാണു ഏററവും ഇളയകുട്ടി. രവീന്ദ്രൻ കേവലം ശിശുവായിരുന്നപ്പോൾതന്നെ അദ്ദേഹത്തിൻെറ സഹോദരന്മാരിലും സഹോദരിമാരിലും ചിലർ വിവാഹിതരായി. രവിയുടെ ശൈശവസഖാക്കളിൽ പ്രധാനപ്പെട്ടവർ ജ്യേഷ്ഠസഹോദരൻ സോമേന്ദ്രനും, സഹോദരീപുത്രനായ സത്യേന്ദ്രനുമായിരുന്നു. രണ്ടുപേരും രവിയെക്കാൾ വളരെ പ്രായംചെന്നവരായിരുന്നില്ല.

ടാഗോറിൻെറ ശൈശവവും, വിദ്യാഭ്യാസവും അദ്ദേഹംതന്നെ സരസമായി വർണ്ണിച്ചിട്ടുണ്ടു്. 'എൻെറ സ്മരണകൾ' (My Reminiscences) എന്ന ഗ്രന്ഥം രവിയുടെ ഇരുപത്തഞ്ചാമത്തെ വയസ്സുവരെയുള്ള ജീവിതത്തിൻെറ ഒരു ചിത്രമാണു്. 'എൻെറ ശൈശവകാലം' (My boyhood

days) എന്ന പുസ്തകം പതിനേഴാമത്തെ വയസ്സിൽ ഇംഗ്ലണ്ടിൽ പോകുന്നതുവരെയുള്ള സ്വാനുഭവങ്ങളുടെ മധുരസ്മരണകളാണു്. ശശികല (The cresent Moon) എന്ന കാവ്യോപഹാരം ശൈശവസ്മരണകളുടെ ഒരു മൃദുലമഞ്ജരിയുമാണു്. ഇതിൽനിന്നെല്ലാം നാം എന്താണു കാണുന്നതു്? മഹാത്മാവായ ടാഗോറിന്റെ ഒരു മോഹനചിത്രം.

ടാഗോർകുടുംബം ലളിതജീവിതമാണു കുട്ടികളെ ശീലിപ്പിച്ചതു്. അവക്കു അലങ്കാരങ്ങൾ ഒന്നും പാടില്ല. കളിപ്പാട്ടങ്ങൾപോലും വാങ്ങിക്കൊടുക്കുകയില്ല. അങ്ങനെയാണു ഭക്തശിരോമണിയായ ദേവേന്ദ്രൻ അവരെ വളൎത്തിയതു്. കുഞ്ഞുങ്ങൾക്കു കളിപ്പാട്ടംവാങ്ങിക്കൊടുക്കുന്നതു വാത്സല്യം കൊണ്ടായിരിക്കാം. എന്നാൽ അതിൽ ഒരു വലിയ ദോഷം സംഭവിക്കുന്നുണ്ടു്. ക്രമാനുഗതമായി വികസിച്ചുവരുന്ന പിഞ്ചുഹൃദയത്തിൽ പല സദ്വാസനകളും അങ്കുരിച്ചു വളരുന്നുണ്ടു്. ഇതിൽ ഭാവനയും, കല്പനാവൈഭവവും ശിശുവിനെ എത്രദൂരം പുരോഗമിപ്പിക്കുമെന്നു് നമുക്കു ഊഹിച്ചുകൂടാ. മററുള്ളവർ ഉണ്ടാക്കി നിറംപിടിപ്പിച്ച കളിപ്പാട്ടങ്ങൾ അവരുടെ ഭാവനയെ ഉണൎത്തുകയില്ല. കല്പനയെ തളിരിപ്പിക്കുകയില്ല. കുഞ്ഞുങ്ങൾക്കു്, വാങ്ങാൻ കിട്ടുന്ന കളിപ്പാട്ടങ്ങളിലുള്ള കൗതുകം ക്ഷണേന നശിച്ചുപോകും. അവക്കു കളിപ്പാട്ടങ്ങൾ അവർതന്നെ ഉണ്ടാക്കണം. അവരുടെ വാസന സ്വയം പോഷിക്കണം. ഭാവന തഴച്ചുവളൎന്നു് മൊട്ടിട്ടു വിളങ്ങണം. ഇതാണു ദേവേന്ദ്രനാഥമഹഷിയുടെ അഭിപ്രായം. ഈ അഭിപ്രായത്തിന്റെ വില അപ്പോഴൊന്നും രവീന്ദ്രൻ അറിഞ്ഞില്ല. അദ്ദേഹം ഒരു ചിന്തകനായപ്പോൾ — ഒരു മഹാകവിയായപ്പോൾ — മാത്രമാണു പിതാവിന്റെ ആദശം എത്രമേൽ മഹത്താണെന്നു ഗ്രഹിച്ചതു്. 'ശശികല'യിൽ ശിശുവും, മനുഷ്യനും തമ്മിലുള്ള അന്തരം ഭംഗിയായി വിവരിച്ചിട്ടുണ്ടു്. ശിശു

അതിൻെറ കല്പനകൊണ്ടു് ആവശ്യമുള്ളതെല്ലാം സൃഷ്ടിക്കുന്നു. പരിസരങ്ങളിൽ അനായാസമായി ലഭിക്കുന്ന കല്ലോ, കട്ടയോ, ചുള്ളിയോ, തടിക്കഷ്ണമോ മതി, ശിശുവിനു് അതിനു ഇഷ്ടമായ സാധനം നിർമ്മിക്കുവാൻ. എന്നാൽ മനുഷ്യനാകട്ടെ അലഭ്യമായ സാധനങ്ങൾ അന്വേഷിച്ചു് നിരന്തരം ക്ലേശിക്കുന്നു. ഇതാണു് ആ ഭാഗത്തിലെ ആശയം.

ടാഗോർശിശുക്കളുടെ ജീവിതം ഒരുതരത്തിൽ വളരെ ഇടുങ്ങിയതായിരുന്നു എന്നു പറയാം. കുഞ്ഞുങ്ങൾ പറമ്പിനു വെളിയിൽ പോയിട്ടില്ല. പുറമേയുള്ള ലോകം എന്താണെന്നു് അവർ അറിഞ്ഞിട്ടില്ല. നഗരത്തിൽ പോയി മടങ്ങിവരുന്ന ഭൃത്യന്മാർക്കു് അനുവദിച്ചിരുന്ന സ്വാതന്ത്ര്യം ടാഗോർകുട്ടികൾക്കു് അസൂയ ഉണ്ടാക്കി. ടാഗോർ ശിശുവായിരുന്നപ്പോൾ ബസ്സും ട്രാംകാറും കല്കട്ടായിൽ ഉണ്ടായിരുന്നില്ല. സമ്പന്നന്മാർ സ്വന്തം വാഹനങ്ങൾ ഉപയോഗിച്ചുവന്നു. നല്ല കുതിരകളും യൂണിഫാറം ധരിച്ച സാരഥികളും അവർക്കു് ഉണ്ടായിരുന്നു. ഇടത്തരക്കാർ പങ്കുചേർന്നു് വാഹനങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇത്തരം വാഹനങ്ങളുടെ യാത്രാഘോഷവും സാരഥികളുടെ ഒച്ചപ്പാടുകളും ടാഗോർകുട്ടികൾ വീട്ടിൽനിന്നു കേൾക്കും. ഇതെല്ലാം ഒരു അപരിചിതലോകത്തിലെ കെട്ടുകഥകളാണെന്നു് അവർക്കു തോന്നിപ്പോകും.

വീട്ടിനുള്ളിൽതന്നെയും പ്രായമായവർ കുഞ്ഞുങ്ങളോടു സ്വാതന്ത്ര്യമായി ഇടപെട്ടില്ല. കുഞ്ഞുങ്ങൾ അസ്വതന്ത്രരായ ഒരു വിഭാഗക്കാർ മാത്രമായിരുന്നു. പ്രായമായവരുടെ ഗൌരവാലോചനകളോ ഭരണസംബന്ധമായ ചർച്ചയോ നടക്കുമ്പോൾ കുട്ടികൾ അവിടെങ്ങും ചെല്ലരുതു്. "ഓടിക്കോ" എന്നു പറഞ്ഞു ഭീഷണിപ്പെടുത്തുന്ന ഗൃഹനാഥന്മാരെയും ജ്യേഷ്ഠസഹോദരന്മാരെയും ടാഗോർ ഓർമ്മിക്കുന്നതു്

രസാവഹമാണ്. അന്നു സിനിമാപ്രദൎശനങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ പല സമ്പന്നന്മാരുടെ കുടുംബങ്ങളിലും നടക്കുന്നതുപോലെ ചില കലാപ്രകടനങ്ങൾ അവിടെയും നടത്തുക പതിവായിരുന്നു. അവിടെയും കുട്ടികൾക്കു പ്രാതിനിധ്യമില്ല. "ഓടിക്കൊൾവിൻ" എന്നുള്ള അനുജ്ഞ അവിടെയും അവരുടെ നേരെ പ്രയോഗിക്കും. ഇതാണു് പ്രായപൂൎത്തിയായവരെ പ്രത്യേകതരക്കാരായി ടാഗോർ വ്യവഹരിച്ചതു്. ടാഗോർകുട്ടികളുടെ ഇടയിൽ പരിചാരകന്മാൎക്കു വലിയ സ്ഥാനമുണ്ടു്. ശിശുക്കളുടെ കളികളിൽ അവർ സ്ത്രീപുരുഷഭേദംകൂടാതെ സംബന്ധിച്ചിരുന്നു. രവിക്കു് ഏകാന്തതയാണു കൂടുതൽ ഇഷ്ടപ്പെട്ടിരുന്നതു്. എങ്കിലും സോമേന്ദ്രനും സത്യേന്ദ്രനും അയാളൊന്നിച്ചുണ്ടാകും.

ഉടുപ്പു തയ്ക്കാൻ തയ്യല്ക്കാരൻ വന്നുകഴിഞ്ഞാൽ രവീന്ദ്രാദികളുടെ സന്തോഷം പറയാവതല്ല. ധാരാളം പാക്കറ്റുകൾ വേണമെന്നു ബഹളം കൂട്ടുവാൻ ഓരോരുത്തൎക്കും തിടുക്കമാണു്. പാക്കറ്റുകൾ വച്ചുപിടിപ്പിച്ച ഉടുപ്പുകൾ കിട്ടിക്കഴിഞ്ഞാൽ ചപ്പും ചവറുംകൊണ്ടു് അവ നിറയ്ക്കുവാൻ രവിയ്ക്കും കൂട്ടുകാൎക്കും ഉത്സാഹമായി. ചെരുപ്പുകൾ ഊരി തലയ്ക്കു മുകളിൽ പൊക്കിഎറിഞ്ഞു പിടിക്കുന്നതു രവീന്ദ്രന്റെ വലിയ വിനോദമായിരുന്നു.

പഠനമുറിയിൽ കല്ലുകൾ കൂട്ടി പൎവ്വതം ഉണ്ടാക്കുകയാണു് രവീന്ദ്രനും കൂട്ടുകാൎക്കും ജോലി. കല്ക്കട്ടാപോലുള്ള സമതലപ്രദേശത്തുള്ള കുട്ടികൾക്കു പൎവ്വതം അതിശയകരമായ വസ്തുവാണു്. വ്രജേശ്വരൻ എന്ന ഒരു ബ്രാഹ്മണനാണു് കുട്ടികളെ സൂക്ഷിക്കുന്നതു്. അയാൾ കളികഴിഞ്ഞു മടങ്ങുന്നതു കാണേണ്ടതുതന്നെയാണു്. ഭൂമിയിൽ ചവിട്ടിയാൽ അശുദ്ധമായി എന്നാണു് അയാളുടെ വിചാരം. ഭൂലോകം മുഴുവനും അശുദ്ധമായി സൃഷ്ടിച്ചിരിക്കുന്നു എന്നാ

ണു് അയാളുടെ വിശ്വാസം. ദ്വിജേന്ദ്രനെപ്പററി ടാഗോറിനു രസകരമായ ഓർമ്മയുണ്ടു്. കുട്ടികൾക്കു വിളമ്പിക്കൊടുക്കുന്നതും ആ പരിചാരകൻതന്നെ. ആഹാരത്തിൽ വൈമുഖ്യം കാണിക്കുന്ന കുട്ടിയോടു് അയാൾക്കു വളരെ പ്രതിപത്തിയാണു്. ദ്വിജേന്ദ്രനു് പാലിൽ കൂടുതൽ താല്പര്യമുണ്ടു്. രവീന്ദ്രനു പാലിൽ ആസക്തിയുമില്ല. അതുകൊണ്ടു് രവിയോടു ദ്വിജേന്ദ്രനു സ്നേഹമാണു്.

ജോലി കഴിഞ്ഞു രാത്രിയിൽ ഭൃത്യന്മാർ അവരുടെ മുറിയിൽ സമ്മേളിക്കും. അവർ കഥ പറഞ്ഞു രസിക്കും. ചിലർ രാമായണം വായ്പാഠം ചൊല്ലും. രവിയും കൂട്ടരും ഇതെല്ലാം പതുങ്ങിനിന്നു കേൾക്കും. പരിചാരകന്മാരുടെ അബദ്ധസങ്കുലമായ കഥകൾ കേട്ടു് അവർ പൊട്ടിച്ചിരിച്ചുപോകും. രവീന്ദ്രൻ ചിലപ്പോൾ അമ്മയുടേയോ അമ്മായിയുടേയോ മുറിയിൽ കടന്നുകൂടും. അവർ പറയുന്ന യക്ഷികഥകൾ കേൾക്കാൻ അയാൾക്കു കൗതുകമാണു്. ചിലപ്പോഴെല്ലാം ഭൃത്യന്മാർ രവിയെ കബളിപ്പിക്കും ഒരു വൃത്തം വരച്ചിട്ടു് അതിൽ നില്ക്കുവാൻ രവി നിയുക്തനാകും. വൃത്തംവിട്ടു വെളിയിൽ പോയാൽ ആപത്തുണ്ടാകുമെന്നു് മാന്ത്രികനായ പരിചാരകൻ രവീന്ദ്രനെ ധരിപ്പിക്കും. പാവം രവി അതു വിശ്വസിച്ചു് വൃത്തത്തിനുള്ളിൽതന്നെ എത്രനേരം വേണമെങ്കിലും നിന്നുകൊള്ളും.

താഴത്തെ നിലയിലുള്ള മുറികളിൽ വലിയ മൺപാത്രങ്ങളിൽ വെള്ളം ശേഖരിച്ചുവയ്ക്കുന്ന പതിവുണ്ടു്. ഇന്നത്തെപ്പോലെ അന്നു നഗരങ്ങളിൽ പൈപ്പുകളും ടാപ്പുകളുമില്ല. വേനൽക്കാലത്തു് ഗംഗാജലം തെളിഞ്ഞിരിക്കുമ്പോൾ ഒരാണ്ടത്തെ ആവശ്യത്തിനുള്ള ശുദ്ധജലം മുഴുവൻ കല്ക്കട്ടാവാസികൾ സംഭരിച്ചിരുന്നു. ഇങ്ങനെ സംഭരിക്കുന്ന വെള്ളമാണു് വലിയ മൺപാത്രങ്ങളിൽ സൂക്ഷിച്ചി

രിക്കുന്നതു്. ആ മുറിയിൽ പിശാചുക്കൾ അധിവസിക്കുന്നു എന്നാണു് രവീന്ദ്രന്റെ വിശ്വാസം. ഉദരപ്രദേശത്തു കണ്ണും മുറംപോലുള്ള ചെവിയുമായി ഒട്ടനവധി പിശാചുക്കൾ അവിടെ ഉണ്ടെന്നു് ഭൃത്യന്മാർ രവിയെ ധരിപ്പിച്ചിരുന്നു. ചിലപ്പോഴെല്ലാം ഒളിച്ചുനിന്നു നോക്കുവാൻ രവി ധൈര്യപ്പെട്ടിട്ടുണ്ടു്.

ദേവേന്ദ്രനാഥമഹർഷിയുടെ ആഫീസ് താഴത്തെ നിലയിലാണു്. അദ്ദേഹത്തിന്റെ ഗുമസ്തനായ 'കൈലാസനാഥൻ' മിക്കവാറും അവിടെക്കാണും. ആ വൃദ്ധൻ കഥപറയുവാൻ വിരുതനാണു്. രവി അയാളെ വിട്ടുമാറുകയില്ല. കാൽമുട്ടുകളിൽ കിടന്നുകൊണ്ടു് കൈലാസനാഥന്റെ മുഖത്തുനിന്നും ദൃഷ്ടിപറിക്കാതെ രവി കഥകേൾക്കുന്നതു കാണാൻ ബഹുരസമാണു്. കാഥികൻ വീരകൃത്യങ്ങളാണു് പ്രതിപാദനവിഷയങ്ങളായി സ്വീകരിക്കുന്നതു്. ചില സുകുമാരികളായ രാജകുമാരിമാർ അപകടത്തിൽ കുടുങ്ങുന്നതും ധീരനായ ഒരു യുവാവ് അവരെ രക്ഷിക്കുന്നതും അയാൾ തന്മയത്വമായി വിവരിക്കും. അവസാനമായി ആ ധീരപുരുഷൻ രവിതന്നെ എന്നു് ഉപസംഹരിക്കും. കാഥികനും ശ്രോതാവും ചിരിക്കും. രവിക്കു കഥാരചനയിൽ വാസനഉണ്ടായതും അതു വളൎന്നു പ്രകാശിക്കുവാൻ സംഗതിയാക്കിയതും കൈലാസനാഥന്റെ കഥാകഥനമാണെന്നു് പിൽക്കാലങ്ങളിൽ ടാഗോർ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടു്. രവിയുടെ ചെറുകഥകൾ പകർത്തുവാൻ ആ വയോധികൻ ഒരിക്കൽ രവിയ്ക്കു് ഒരു നോട്ടുബുക്കു കൊടുത്തു. ആക്കാര്യവും രവീന്ദ്രൻ സ്മരിക്കുന്നു.

ഏകാന്തവിനോദങ്ങളിൽ രവി വളരെ ഇഷ്ടപ്പെട്ടിരുന്നു. സ്കൂളിൽ ചെന്നാൽ ഒരു കമ്പുമായി വരാന്തയുടെ എഴികളിൽ രവി താറുമാറായി അടിക്കുമായിരുന്നു. കമ്പു

ചതഞ്ഞാലും അടി നിവൃത്തുകയില്ല. പല കുട്ടികളും കാണിക്കുന്ന ഒരു വിനോദമാണിതു്. കമ്പു് അദ്ധ്യാപകന്റെ ഉദ്യോഗചിഹ്നമാണു്. എഴികളെല്ലാം നിർഭാഗ്യവാന്മാരായ കുട്ടികളുമാണു്. വീട്ടിൽവന്നാലും ലതകളെയും ചെടികളെയും രവി നിർദ്ദാക്ഷിണ്യം പ്രഹരിക്കും. ചെവി നുള്ളി വേർപെടുത്തും. ചെടികളുടെ ഇലകൾ അവയുടെ ചെവിയെന്നാണു് രവീന്ദ്രഗുരുവിന്റെ ഭാവന ഓമനിച്ചു വളർത്തുന്ന ചെടികൾപോലും തരംകിട്ടിയാൽ രവിയുടെ ശിഷ്യത്വം സ്വീകരിക്കേണ്ടിവരും.

ശിശുവായ രവീന്ദ്രൻ ഒരു കാഥികനായി. സരസങ്ങളായ കഥകൾ തന്മയത്വമായി പറയാൻ അദ്ദേഹത്തിനു കഴിഞ്ഞു. യക്ഷികഥകൾ, കൂട്ടായ്മക്കവെച്ചുകൾ, കടുവാനായാട്ടു് ഇങ്ങനെയാണു് കഥകളുടെ പോക്കു്. ചിലപ്പോൾ രാമായണാദി ഇതിഹാസകഥകളും രസകരമായി പറയും. സ്വന്തം ഭാവനയും കല്പനാവൈഭവവും ഇവയിൽ സവിശേഷം തെളിഞ്ഞിരുന്നു. ജോറസങ്കോവിലെ മററു കുട്ടികളിൽനിന്നും വലിയ വ്യത്യാസം രവീന്ദ്രനിൽ കണ്ടു. മനോഹരാരാമങ്ങളും, മരുഭൂപ്രദേശങ്ങളും, സ്വർഗ്ഗീയവേശ്മങ്ങളും, പാഴ്ക്കുടിലുകളും എല്ലാം രവിയുടെ ഭാവനാപ്രപഞ്ചത്തിലെ വിശിഷ്ടവസ്തുക്കളായി. വരാന്തയിൽ ഇരുന്ന ഒരു പഴയ പല്ലക്കിൽ കയറി കതകടച്ചിരുന്നു ചിന്തിക്കുക രവിയുടെ പതിവായിത്തീർന്നു.

പ്രകൃതിസൗകുമാര്യവും രവിയെ ആകർഷിച്ചിരുന്നു. ഹൃദയത്തിൽ തിങ്ങിവിങ്ങുന്ന അത്ഭുതാശയങ്ങൾ വാക്കുമൂലം പ്രകാശിപ്പിക്കുവാൻ കഴിയാതെ ആ കുട്ടി വിഷമിച്ചു. എന്നും പ്രഭാതത്തിൽ വളരെ നേരത്തെ എഴുന്നേററു് പൂന്തോട്ടത്തിൽക്കൂടി പലകുറി ഓടുന്നതു് രവിക്കു വളരെ ഇഷ്ടമുള്ള കാര്യമാണു്. സുരഭിലങ്ങളായ പുഷ്പവൃന്ദങ്ങളെ

ഓമനിച്ചും ഉമ്മവച്ചും, ആരാമസൗന്ദര്യത്തെ ആസ്വദിച്ചും രവി ആനന്ദാധീനനാകും. മഴക്കാലം അദ്ദേഹത്തിനു് ഉത്സവസമയമാണു്. അപ്രമേയമായ പ്രകൃതിവിസ്തൃതിയിൽ രവിയെ ആകർഷിച്ച ഓരോന്നിലും എന്തെന്തു പരമരഹസ്യങ്ങൾ നിഗ്രഹനങ്ങളായിട്ടുണ്ടു്; അവയെയെല്ലാം സൃഷ്ടിച്ച ശില്പവൈദഗ്ദ്ധ്യം എത്രമേൽ കീർത്തനീയമാണു്; എന്നെല്ലാം ആലോചിച്ചാലോചിച്ചു് ശിശുവായ രവി മതിമറന്നു നിന്നുപോകും. ഭൂമിയുടെ ഇരുൾനിറഞ്ഞ അഗാധതയിലും, അനന്തവിസ്തൃതിയാന്ന ആകാശത്തിന്റെ ഗഹനതയിലും അത്ഭുതാധീനനായ രവീന്ദ്രൻ അനവധി മണിക്കൂറുകൾ ഒരേനിലയിൽ നിന്നുപോകും. നിശ്ചലവും നിശ്ശബ്ദവുമായ സന്ദർഭങ്ങൾ രവിയ്ക്കു് ആനന്ദകരങ്ങളാണു്. തരംകിട്ടുമ്പോൾ ഉയന്ന എടുപ്പുകളിലും മട്ടുപ്പാവിലും കയറി ഗഗനവീക്ഷണംചെയ്യു അദ്ദേഹത്തിന്റെ മറെറാരു ജോലി ആയിരുന്നു. രാത്രിയിൽ എല്ലാവരും ഉറങ്ങിയാൽ രവി എഴുന്നേററു് ജനാലതുറന്നു് ആകാശത്തുനോക്കി ആനന്ദനൃത്തം ചെയ്യും. അററമില്ലാത്ത ജ്യോതിർഗണങ്ങൾ—അതിന്റെ അഭൗമമായ സുഷമാപ്രവാഹം—രവിയിൽ വല്ലാത്ത പരിവത്തനമുണ്ടാക്കി. മററു ശിശുക്കൾക്കില്ലാത്ത ഈ ഭാവവ്യത്യാസം ദേവേന്ദ്രനാഥമഹർഷി അറിയാതിരുന്നില്ല. അദ്ദേഹം മകനെ ഇതിലൊന്നും ശാസിച്ചിട്ടില്ല. ശിശുക്കളുടെ ജിജ്ഞാസയേയും നിരീക്ഷണബുദ്ധിയേയും നശിപ്പിക്കുന്ന പിതാക്കന്മാർ മഹഷിയെ അനുകരിക്കയാണു വേണ്ടതു്.

അദ്ധ്യായം ൨

# വിദ്യാഭ്യാസം

സോമേന്ദ്രനേയും, സത്യേന്ദ്രനേയും സ്കൂളിൽ ചേർക്കേണ്ട സമയമായി. രവി നന്നേ ചെറുപ്പമായിരുന്നു. അതുകൊണ്ടു് രവിയെ രണ്ടുവർഷംകൂടി കഴിഞ്ഞിട്ടു് സ്കൂളിൽ ചേർത്താൽ മതിയെന്നു് രക്ഷിതാവു നിശ്ചയിച്ചു. എന്നാൽ രവീന്ദ്രൻ സ്കൂളിൽ പോകുവാൻ വളരെയൊക്കെ ബഹളം കൂട്ടി. അങ്ങനെയെങ്കിലും ബന്ധനത്തിൽനിന്നും വെളിയിൽ ചാടണം എന്നു് രവീന്ദ്രൻ ഉറച്ചു. കൂട്ടുകാർ രണ്ടുപേരും സ്കൂളിൽ പോകുമ്പോൾ രവിമാത്രം വീട്ടിൽ നിൽക്കുമോ. ഒരിക്കലുമില്ല. "കുഞ്ഞേ, നീ സ്കൂളിൽപോകാൻ കരയുന്നു. എന്നാൽ താമസിയാതെ വീട്ടിൽ നിൽക്കാൻ നീ കരയുമേ" എന്നു് ഒരു ചാർച്ചക്കാരൻ രവിയെ ഓർമ്മിപ്പിച്ചു. അദ്ദേഹം അതു ശ്രദ്ധിച്ചില്ല. രവീന്ദ്രൻ കരഞ്ഞു; വാദിച്ചു. സ്കൂളിൽപോകാൻ സന്നദ്ധനായി ഇറങ്ങി. രവിയുടെ നിർബന്ധം കണ്ടു് അയാൾക്കും പോകാൻ അനുവാദം ലഭിച്ചു. എന്നാൽ തനിക്കു് അമളിയാണു പററിയതെന്നു് രവി താമസിയാതെ മനസ്സിലാക്കി. പാഠശാല മററൊരു ജയിൽതന്നെ എന്നു് ശിശുവായ രവീന്ദ്രൻ കണ്ടു. വീട്ടിനേക്കാൾ വിരസത ഉണ്ടാക്കുന്ന ആ ജയിൽ രവിയുടെ 'ആൻഡമാൻസ്' ആയിരുന്നു എന്നു് അദ്ദേഹം പറഞ്ഞിട്ടുണ്ടു്.

അന്നത്തെ വിദ്യാലയങ്ങൾ ഇന്നത്തെപ്പോലെ കുട്ടികൾക്കു കൗതുകപ്രദങ്ങളായിരുന്നില്ല. ഭംഗിയില്ലാത്ത പഴുത്ത ബെഞ്ചുകളും കാലില്ലാത്ത ബെഞ്ചുകളുമാണു് അവർക്കവിടെ ഇരിക്കാൻ കിട്ടിയതു്. ഈ ജയിലിൽ പത്തുമണി

മുതൽ നാലുമണിവരെ കരഞ്ഞും ശപിച്ചും, അക്കാലത്തെ കുട്ടികൾ ഒരുവിധം സമയം നയിച്ചു. ഒരു വിദ്യാർത്ഥിക്കു കാണാതെചൊല്ലാൻ വശമില്ലെങ്കിൽ അയാൾ കഠിനമായ ശിക്ഷയ്ക്കു വിധേയനാകണം. ബെഞ്ചിൻെറ മുകളിൽ നിന്നുകൊണ്ടു് കൈകൾ രണ്ടും നീട്ടി മലർത്തിപ്പിടിച്ചുകൊള്ളണം. ഓരോ കൈയിലും ഒട്ടനവധി സ്ലേററുകൾ അടുക്കി വച്ചുകൊടുക്കും. അദ്ധ്യാപകനു ദയവുതോന്നുന്നതുവരെ അയാൾ അങ്ങനെതന്നെ നില്ക്കണം. അദ്ധ്യാപകനും ചൂരലുമായി കൂടപ്പിറപ്പുകളാണെന്നു രവിക്കു തോന്നി. സ്കൂളിലെ ശിക്ഷാക്രമങ്ങൾ രവീന്ദ്രനെ വേദനിപ്പിച്ചു. സ്കൂൾ എന്നു പറയുന്ന ഭൂലോകനരകം അദ്ദേഹത്തിനു ദുസ്സഹമായി. അവിടുത്തെ കുട്ടികളുടെ പരുഷമായ പെരുമാററവും രവീന്ദ്രനു പിടിച്ചില്ല ഏതാനുംനാൾ കഴിഞ്ഞു് ടാഗോർ കുട്ടികൾ മറെറാരു വിദ്യാലയത്തിലേക്കു മാററപ്പെട്ടു.

രവിക്കു് അന്നു ഒൻപതോ പത്തോ വയസ്സു പ്രായം കാണും. സ്കൂൾദിവസങ്ങൾ അയാൾക്കു തിരക്കേറിയ ദിവസങ്ങളായിരിക്കും. അക്കാലങ്ങളിൽ മഹർഷി മിക്കവാറും ജോറസങ്കോവിൽ കാണുകയില്ലായിരുന്നു. അതുകൊണ്ടു് ജ്യേഷ്ഠസഹോദരനായ ഹേമേന്ദ്രനായിരുന്നു കുട്ടികളുടെ മേൽനോട്ടം വഹിച്ചുപോന്നതു്. ഹേമേന്ദ്രൻ ഇരുപത്തിഅഞ്ചു വയസ്സു പ്രായമുള്ള ഒരു യുവാവായിരുന്നു. അദ്ദേഹത്തിൻെറ ആശയങ്ങൾ ഉൽകൃഷ്ടങ്ങളായിരുന്നുവത്രേ. കുട്ടികളെ ശരിയായി വിദ്യാഭ്യാസംചെയ്യിക്കുന്നതിൽ ഹേമേന്ദ്രൻ കൗതുകം കാണിച്ചു. ഞായറാഴ്ച മാത്രം ഒഴിവുദിവസമായിരുന്നു. ബാക്കി ദിവസങ്ങൾ കാലത്തുമുതൽ വൈകുന്നതുവരെ കുട്ടികൾ മുഷിഞ്ഞുപഠിക്കണമെന്നാണു നിബന്ധന. എത്ര കുളിരുള്ള പ്രഭാതമായാലും രാവിലെ എഴുന്നേററു പഠിക്കാതെ നിവൃത്തിയില്ല. ഏഴുമണിക്കു് ട്യൂട്ടർ വന്നുകഴിയും.

എല്ലാവിഷയങ്ങളും ഇംഗ്ലീഷിൽ പഠിപ്പിക്കുകയായിരുന്നു അന്നു ബംഗാളിലെ പതിവ്. ഹേമേന്ദ്രനാഥനു് ഈ രീതിയിൽ അനുകൂലാഭിപ്രായം ഉണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ നിർദ്ദേശപ്രകാരം രവീന്ദ്രനേയും മററും ബംഗാളിയിൽതന്നെ പഠിപ്പിച്ചുവന്നു. ജ്യേഷ്ഠൻെറ ഈ പരിഷ്കാരം ബുദ്ധിപൂർവകമാണെന്നു് പിൽക്കാലങ്ങളിൽ ടാഗോർ പ്രശംസിച്ചിട്ടുണ്ടു്. അഭിരുചിയില്ലാത്ത അന്യഭാഷയിൽ അദ്ധ്യയനം നടത്തുന്നതു് രുചിയില്ലാത്ത ഭക്ഷ്യസാധനങ്ങൾ ബലാൽ കൊടുക്കുന്നതുപോലെയാണെന്നു് അദ്ദേഹം പ്രസ്താവിക്കുന്നു. ഇൻഡ്യാക്കാരായ വിദ്യാൎത്ഥികളെ ഇൻഡ്യൻഭാഷകളിൽ പഠിപ്പിക്കണമെന്നാണു് ടാഗോറിൻെറ നിർദ്ദേശം. ഈ വിലയേറിയ നിർദ്ദേശം ഇന്നു് എല്ലാ വിദ്യാഭ്യാസമേലദ്ധ്യക്ഷന്മാരും ഏറെക്കുറെ സ്വീകരിച്ചിട്ടുണ്ടു്.

ഒൻപതുവയസ്സുവരെ ബംഗാളിലുള്ള അദ്ധ്യേതാക്കളെ വംഗഭാഷാസാഹിത്യം, കണക്കു മുതലായ വിഷയങ്ങൾ ലളിതമായി പഠിപ്പിച്ചുവന്നു. ഇതനുസരിച്ചാണു് ടാഗോർ കുട്ടികളുടെ അദ്ധ്യയനവും തുടന്നതു്. എലിമെൻററി സയൻസ് പഠിപ്പിക്കുവാൻ ഒരു പ്രത്യേകാദ്ധ്യാപകൻ നിയുക്തനായിരുന്നു. രവീയ്ക്കു് അദ്ദേഹത്തോടു കൂടുതൽ താല്പര്യമുണ്ടായിരുന്നു. സുലഭങ്ങളായ സാധനസാമഗ്രികൾ കൊണ്ടാണു് അദ്ദേഹം പരീക്ഷണങ്ങൾ കാണിച്ചുകൊടുത്തിരുന്നതു്. ഒരുദിവസം അദ്ദേഹം വന്നില്ലെങ്കിൽ രവിയ്ക്കു വലിയ നിരാശയാണു്. ഒൻപതുമണിക്കു് കുട്ടികൾ കുളിച്ചു ഭക്ഷണംകഴിക്കും. നാലുമണിവരെ സ്കൂളിൽ പഠിക്കും. വീട്ടിൽ വന്നാൽ ഒരുമണിക്കൂർ ഡ്രായിംഗും കായികാഭ്യാസവും ശീലിക്കണം. അത്താഴം കഴിഞ്ഞാൽ ഇംഗ്ലീഷ് മാസ്റ്ററുടെ മുറയായി. അപ്പോഴേക്കും അസഹ്യമായ ഉറക്കംകൊണ്ടു് രവി വിഷമിക്കും. പാവം രവി വിളക്കിനു മുൻപിൽ ഇരുന്നു് തൂങ്ങിത്തുടങ്ങും. ഇംഗ്ലീഷിനോടു രവി

യ്ക്കു വലിയ വെറുപ്പാണ്. അദ്ദേഹത്തിന്റെ ഇംഗ്ലീഷു പുസ്തകം നോക്കിയാൽ ഈ പരമാൎത്ഥം വ്യക്തമാകും. അതിന്റെ കടലാസുകൾ കീറിപ്പറിഞ്ഞു ചിതറിക്കിടന്നിരുന്നു. ഓരോ പാഠത്തിന്റെയും പ്രാരംഭത്തിൽ പുതിയ വാക്കുകൾ വലിയ അക്ഷരത്തിൽ എഴുതിയിരിക്കും. ഉച്ചാരണക്രമം കാണിക്കുന്ന അടയാളങ്ങൾ (Accent marks) വാക്കുകളുടെ ഉയരെ കാണിച്ചിട്ടുണ്ടു്. ഈ അടയാളങ്ങൾ കുന്തം ധരിച്ച പട്ടാളക്കാരെപ്പോലെ രവിയെ ഭയപ്പെടുത്തി. ഒൻപതുമണിയായാൽ രവീന്ദ്രൻ അമ്മയുടെ മുറിയിലേക്കോടും. അമ്മയുടെ 'കഥ' കേൾക്കാതെ ഇംഗ്ലീഷിന്റെ ക്ഷീണം തീരുകയില്ലെന്നാണ് അദ്ദേഹത്തിന്റെ വിവക്ഷ. അമ്മ കഥ ആരംഭിക്കും. രവി കൂൎക്കംവലിച്ചുറങ്ങുകയും ചെയ്യും.

ഒഴിവുദിവസങ്ങളിൽ ട്യൂട്ടർ വരരുതേ എന്നാണു രവിയുടെ പ്രാൎത്ഥന. നിൎഭാഗ്യവശാൽ ട്യൂട്ടർ ആരോഗ്യവാനായിരുന്നു. അദ്ദേഹം ഒരുദിവസവും വരാതെയിരിക്കുകയില്ല. എത്ര മഴയായാലും അദ്ദേഹം വരികതന്നെ ചെയ്യും. ഈ ഗ്രഹപ്പിഴയിൽനിന്നും ഒഴിയാൻ രവി ചിലപ്പോൾ കൗശലം പ്രയോഗിക്കാറുണ്ടു്. അസഹ്യമായ വയറുവേദനയാണെന്നു ഭാവിച്ചുകൊള്ളും. ജലദോഷം പിടിക്കണമെന്നു വിചാരിച്ചു മട്ടുപ്പാവിൽ രാത്രിമുഴുവൻ കഴിച്ചുകൂട്ടും. ജലദോഷം ഉണ്ടാവുകയില്ല. രവിക്കു ശിശുസഹജമായ യാതൊരു സുഖക്കേടും ഉണ്ടായിട്ടില്ല. വയറുവേദനമാത്രമേ രക്ഷാമാൎഗ്ഗമായി കാണാൻ കഴിഞ്ഞുള്ളു. അമ്മയോടു വയറുവേദനയ്ക്കു പ്രതിവിധി ചോദിക്കും. അവൎക്കു കാൎയ്യം മനസ്സിലാകും. മന്ദഹസിച്ചുകൊണ്ടു് അവർ അന്നത്തേക്കു രവിയെ രക്ഷിക്കും. ട്യൂട്ടർ തിരിച്ചുപോകും. വ്രജേശ്വരന്റെ നിഷ്കൎഷകൊണ്ടു് ആ വീട്ടിലെ കുട്ടികൾക്കു വയറുവേദന ഉണ്ടായിട്ടില്ല. അയാൾ പോഷകദ്രവ്യങ്ങൾ ഒന്നും കുട്ടികൾക്കു കൊടുക്കുകയില്ല. കുഞ്ഞുങ്ങൾ ആരോഗ്യമുള്ള

വരായിരിക്കണമെന്നു വിചാരമുള്ള അമ്മമാർ ബ്രജേശ്വരനെപ്പോലെയുള്ളവിളമ്പുകാരെ നിയമിക്കണമെന്നു ടാഗോർ നേരമ്പോക്കായി പറയുമായിരുന്നു.

രവിയുടെ ട്യൂഷൻഭയത്തെപ്പററി അദ്ദേഹം വർണ്ണിച്ചിട്ടുണ്ടു്. വൈകുന്നേരം ഏഴരമണിക്കു ട്യൂട്ടർ സന്നിഹിതനാകും. എന്നും വയററുവേദന എന്നുപറഞ്ഞാൽ അതിൽ ഔചിത്യഭംഗം ഉണ്ടാകുമല്ലോ. ഒരുദിവസം രവി വല്ലാതെ വിഷമിച്ചു. ട്യൂഷൻമാസ്റ്ററുടെ ആഗമനമുണ്ടാകുന്നോ എന്നു തുടിക്കുന്നഹൃദയത്തോടെ അദ്ദേഹംനോക്കുകയാണു്. ദൈവമേ, എന്താണു ചെയ്യേണ്ടതു്. രവിയുടെ സങ്കടം അത്രത്തോളമായപ്പോൾ കൊടുങ്കാററും മഴയും ആരംഭിച്ചു. "ഈശ്വരോ രക്ഷതു. ഏഴരമണി കഴിയുന്നതുവരെ മഴ തോരാതിരിക്കണേ" രവി പ്രാത്ഥിച്ചു. കല്ക്കട്ടാനഗരം മുഴുവൻ പെരുമഴ ഇരച്ചുപെയ്തു. വീഥികളിൽ വെള്ളം നിറഞ്ഞു. രവിക്കു ആശ്വാസമായി. "ഇനി ട്യൂട്ടർ വരികയില്ല." രവി വിശ്വസിച്ചു. പക്ഷേ രവി നിരത്തിലേക്കു നോക്കി. അതാ ഒരു കുട ആകാശത്തിൽ ചലിക്കുന്നു. അതു വീട്ടിലേക്കുതന്നെ അടുത്തടുത്തുവരുന്നു. രവിയുടെ ട്യൂട്ടർ. അദ്ദേഹത്തിൻെറ കുടയാണതു്. ഉള്ളഴിഞ്ഞു പ്രാത്ഥിച്ചിട്ടും അതു ഫലിച്ചില്ലല്ലോ. ദൈവത്തിൻെറ ദയാഹീനതയിൽ രവി പാരുഷ്യം ഭാവിച്ചു. മരണശേഷം മനുഷ്യനു ശിക്ഷയുണ്ടാകുമെങ്കിൽ, രവി ട്യൂട്ടറും,ട്യൂട്ടർ രവിയുമായി ജനിക്കും. "അല്ലാതെ ഈ ധമ്മസങ്കടത്തിനു ഈ ജന്മത്തിൽ പരിഹാരമില്ല" ഇതായിരുന്നു രവിയുടെ ആശ്വാസം. "അമ്മാ എൻെറ വയറുനോവുന്നു. ഇന്നു ട്യൂഷൻ വേണ്ടാ അങ്ങനെയല്ലേ അമ്മാ" രവി അനുകമ്പാജനകമായ കണ്ണുകൾകൊണ്ടു് അമ്മയെനോക്കി അഭിലാഷം അറിയിച്ചു. കുട്ടികളുടെ പരാതിയിൽ ന്യായാന്യായവിവേചനംചെയ്യുന്നവരല്ലല്ലോ അമ്മമാർ. രവിയുടെ അമ്മ ചിരിച്ചുപോയി.

"ശരി, എന്നാൽ ഇന്നു ട്യൂഷൻവേണ്ടാ" കരുണാനിധിയായ മാതാവു് മകനെ ആശ്വസിപ്പിച്ചു. ട്യൂട്ടർ പോകാൻ അവർ പരിചാരകനെ നിയോഗിച്ചു. മാസ്റ്റർ പോയി. രവി അപ്പോഴും മെത്തയിൽ കമഴ്ന്നുകിടന്നു. അയാൾ വിജയത്തിൽ ആഹ്ലാദിക്കുകയാണു്. വായ് പൊത്തിച്ചിരിക്കുകയാണു്. അമ്മ ഇതു കണ്ടുപിടിച്ചു. അവരും ചിരിക്കാതെ എന്തുചെയ്യും!

കൊച്ചുകുട്ടികളെ ഈ കഥ കേൾപ്പിക്കരുതെന്നു ടാഗോർ പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്റെ തെററിനു ശിക്ഷ കിട്ടാത്ത ആ കഥ കുട്ടികൾ കേൾക്കാതിരിക്കണം. പക്ഷേ ട്യൂഷൻഭയത്തിൽനിന്നൊഴിയാൻ മിക്ക കുട്ടികളും ഈ മാതിരി വിദ്യ പ്രയോഗിക്കാറുണ്ടു്. രക്ഷിതാക്കളും ട്യൂഷൻ മാസ്റ്ററും അതറിഞ്ഞു പ്രവൎത്തിക്കണമെന്നേയുള്ളു. വിദ്യാലയത്തിലെ തുടൎച്ചയായ പഠനത്തിനുശേഷം കുട്ടികൾക്കു ട്യൂഷൻ കൊടുക്കുന്നതു ശരിയായ ബോധനസമ്പ്രദായമല്ല. അദ്ധ്യാപകനേയും അയാൾ പഠിപ്പിക്കുന്ന വിഷയത്തേയും കുട്ടികൾ വെറുക്കുവാൻ ഇടയാക്കരുതു്. അങ്ങനെയായാൽ പഠിത്തത്തിലുള്ള ജിജ്ഞാസതന്നെ കുട്ടിക്കു നശിച്ചുപോകും. വിഭവസമൃദ്ധമായ സദ്യകളിൽ പങ്കുകൊണ്ടശേഷം വീണ്ടും ഭക്ഷണങ്ങൾ കുത്തിച്ചെലുത്തുന്നതുപോലെയുള്ള കുഴപ്പം ഈമാതിരി ട്യൂഷൻസമ്പ്രദായത്തിൽ സംഭവിക്കും. അതുപോലെതന്നെ രസശൂന്യമായ വിഷയങ്ങൾ കുട്ടികളെ പഠിപ്പിക്കരുതു്. അതു പ്രായമുള്ള കുട്ടികൾക്കായി നീക്കിവച്ചേക്കണം. താഴ്ന്ന ക്ലാസ്സുകളിൽ വ്യാകരണം മുതലായ രസശുഷ്കങ്ങളായ വിഷയങ്ങൾ പഠിപ്പിച്ചു് വിദ്യാൎത്ഥികളെ അലട്ടുന്നതു ശരിയല്ല. പരീക്ഷാവിജയത്തെ മാത്രം ലാക്കാക്കി ഉത്തരങ്ങൾ ഉരുവിട്ടുവിച്ചു കുട്ടികളുടെ ധിഷണയെ മന്ദിപ്പിക്കുന്നതും അനുമോദനാൎഹമല്ല. മിഡിൽസ്കൂൾ ക്ലാസുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാ

പകന്മാർ വളരെ ശ്രദ്ധിക്കണം. പാഠങ്ങൾ ആസ്വാദനീയങ്ങളായി കുട്ടികൾക്കു തോന്നണം. വിശദമായ വ്യാഖ്യാനങ്ങൾകൊണ്ടോ വിസ്തൃതമായ പ്രതിപാദനംകൊണ്ടോ കുട്ടികളെ മുഷിപ്പിക്കരുത്. ഒരു പാഠം പഠിപ്പിച്ചാൽ അതിൻെറ മനോഹരതയിൽ കുട്ടികൾ ആകൃഷ്ടരാകണം. ചെറിയ വിവരണങ്ങൾകൊണ്ടു് ഇടയ്ക്കിടയ്ക്കു് അത്ഥപ്രതീതി ഉണ്ടാക്കണം. ആമാതിരിയുള്ള പാഠഭാഗങ്ങൾ ഗ്രന്ഥങ്ങളിൽനിന്നും സ്വയം ആരാഞ്ഞെടുക്കുവാൻ വിദ്യാത്ഥികൾ പ്രേരിതരായി ഭവിക്കണം. അദ്ധ്യയനത്തിൽ ശ്രദ്ധിക്കേണ്ട ഈമാതിരി കായ്യങ്ങളിൽ അദ്ധ്യാപകൻ സൂക്ഷ്മദൃക്കായിരുന്നാൽ 'രവിയുടെ ട്യൂഷൻഭയം' കുട്ടികളെ ബാധിക്കുകയില്ല. ട്യൂഷൻഭയം, അപസ്മാരബാധയെക്കാൾ ഗൗരവമാണെന്നു് അദ്ധ്യാപകന്മാർ ഓക്കുന്നതു നല്ലതാണു്.

ടാഗോറിൻെറ വിദ്യാലയജീവിതത്തിൽ രസകരങ്ങളായ പല രംഗങ്ങളുമുണ്ടു്. ടാഗോർകുടുംബത്തിലുള്ള അംഗങ്ങൾ സുഭഗന്മാരാണു്. വണ്ണവിശിഷ്ടത അവരുടെ പ്രത്യേകതയാണു്. "വെയിൽകുളിച്ച വെള്ളക്കാർ" എന്നു് ടാഗോർകുട്ടികളെ സഹപാഠികൾ കളിയാക്കിവന്നു. രവിയുടെ മൂത്തസഹോദരി സ്കൂളിൽ ചേന്നിരുന്നു. അന്നു് ബംഗാളിബാലികമാർ പള്ളിക്കൂടത്തിൽ ചേന്നു പഠിച്ചിരുന്നില്ല; രവിയുടെ സഹോദരി ഒരുദിവസം പല്ലക്കിൽ കയറി സ്ക്കൂളിൽ പോയി. സാധാരണ ആ വിദ്യാത്ഥിനി അങ്ങനെയാണു സ്ക്കൂളിൽ പോവുക. ഏതോ യൂറോപ്യൻബാലികയെ അപഹരിച്ചുകൊണ്ടുപോവുകയാണെന്നു തെറ്റിദ്ധരിച്ച പോലീസുകാർ വാഹനം നിറുത്തിച്ചു. പിന്നീടാണു് അവർ വാസ്തവം അറിഞ്ഞതു്. രവിയ്ക്കും സത്യേന്ദ്രനും സ്ക്കൂളിൽ ഒരു സഹപാഠിസ്നേഹിതനുണ്ടായിരുന്നു. അയാൾക്കു അവരേക്കാൾ പ്രായക്കൂടുതലുണ്ടു്. അയാൾ ഒരു കൊച്ചുമിടുക്കനായിരുന്നു.

താൻ ഒരു നല്ല ഐന്ദ്രജാലികനാണെന്നു അയാൾ കൂട്ടുകാരെ ധരിപ്പിച്ചു. ജാലവിദ്യയുടെ അത്ഭുതസാദ്ധ്യതകളെപ്പററി ഒട്ടുവളരെ കഥകൾ അയാൾ തട്ടിവിട്ടിരുന്നു. ഏതെങ്കിലും വൃക്ഷത്തിൻെറ വിത്തു് ചില മന്ത്രപ്രയോഗങ്ങൾക്കു ശേഷം കുഴിച്ചിട്ടാൽ പെട്ടെന്നു മുളച്ചുവളൎന്നു് പൂത്തു കാപിടിക്കുമെന്നു ആ വിദ്വാൻ രവിയെ വിശ്വസിപ്പിച്ചു. രവി അതനുസരിച്ചു ഒരു വിത്തുകൊണ്ടുവന്നു് അയാളെ ഏല്പിച്ചു. അയാൾ മന്ത്രപ്രയോഗത്തിനുശേഷം അതു തിരിച്ചുകൊണ്ടുവന്നു കൊടുത്തു. രവി ഉത്സാഹത്തോടെ വീട്ടിൽ എത്തി. വിത്തു കുഴിച്ചിട്ടു വെള്ളം കോരി. എന്നാൽ അതു മുളച്ചില്ല. അതു രവിയുടെ സംഭവിച്ച ഏതോ പ്രമാദത്തിൻെറ ഫലമാണെന്നു ഐന്ദ്രജാലികൻ വാദിച്ചു. സത്യേന്ദ്രനും ആ മാന്ത്രികനും രവിയെ നോക്കി പലപ്പോഴും രഹസ്യം പറയാറുണ്ടു്. ഒരുദിവസം നമ്മുടെ ഐന്ദ്രജാലികൻ രവിയേയും മററു ചില കുട്ടികളേയും അദ്ധ്യാപകനില്ലാത്ത തക്കംനോക്കി ബെഞ്ചിനുയരെക്കൂടി ചാടിച്ചു നോക്കി. ഇതൊരു ജാലവിദ്യാപരീക്ഷണമാണെന്നു അയാൾ ഘോഷിച്ചു. അതിൻെറ ഫലം അചിരേണ പറയാമെന്നു അയാൾ ഏററു. ഒരുദിവസം രവിയേയും സത്യേന്ദ്രനേയും അയാൾ വീട്ടിലേക്കു ക്ഷണിച്ചു. അനുവാദപ്രകാരം അവർ ആ സഹപാഠിയുടെ വീട്ടിൽ പോയി. രവി ഒന്നു പാടിയേതീരൂ എന്നു് ആതിഥേയൻ നിർബ്ബന്ധിച്ചു. രവി ഒടുവിൽ പാടി. അങ്ങനെ രണ്ടു പരീക്ഷണങ്ങൾ അയാൾ രവിയിൽ പ്രയോഗിച്ചു. പിറേറദിവസം രവിക്കു അയാളുടെ ഒരു എഴുത്തുകിട്ടി. ഒരു പ്രേമലേഖനം. അയാൾക്കു രവിയിൽ പ്രേമം അങ്കുരിച്ചുപോയി എന്നു്. പാവം ഐന്ദ്രജാലികൻ വിചാരിച്ചു രവി ഒരു പെൺകുട്ടിയാണെന്നു്. സത്യേന്ദ്രൻെറ രഹസ്യംപറച്ചിലിൽ അടങ്ങിയിരുന്ന ഉള്ളടക്കം അതായിരുന്നു. രവി ഒരു ബാലിക ആണെന്നു്. പെൺകുട്ടികളെ സ്ക്കൂളിൽ

ആയയ്ക്കുന്ന അപവാദത്തെ പൊതിയാൻ അയാളെ പുരുഷവേഷത്തിൽ അയയ്ക്കുകയാണെന്നു്. ഐന്ദ്രജാലികനെ പററിയ ജാള്യം ഊഹിക്കാവുന്നതാണല്ലോ.

രവീന്ദ്രൻ അന്നു് കുറേശ്ശെ പദ്യങ്ങൾ രചിക്കുമായിരുന്നു. കൈലാസനാഥൻെറ നോട്ടുബുക്കു മുഴുവൻ കവിത കൊണ്ടു നിറഞ്ഞു. തൻെറ ശൈശവകാവ്യങ്ങൾ ഉറച്ചു വായിക്കുവാൻ രവിക്കു സങ്കോചമുണ്ടായില്ല. ശ്രദ്ധിക്കുവാൻ മനസ്സുള്ളവരെ അതു കേൾപ്പിക്കുവാൻ രവി ഉൽസുകനായിരുന്നു. ശബ്ദസുന്ദരങ്ങളായ കവിതകൾക്കു ഭംഗി കൂട്ടുമെന്നു രവിക്കു അറിയാമായിരുന്നു. ഒരിക്കൽ "ദ്വിരേഫം" എന്നൊരുവാക്കു് രവിക്കു കിട്ടി. കൊള്ളാം 'ദ്വിരേഫം' ഒരു സുന്ദരമായ വാക്കു്. രവി അതുചേർത്തു് ഒരു കവിതയും ഉണ്ടാക്കി. അതൊരു സ്നേഹിതനെ വായിച്ചുകേൾപ്പിച്ചു. എന്നാൽ ആ സ്നേഹിതൻ അത്ര ശ്രദ്ധിച്ചില്ല. രവിയ്ക്കു ദ്വേഷ്യംവന്നു. ശോകാത്മകങ്ങളായ വിഷയങ്ങൾ കവിതാസൃഷ്ടിക്കു പററിയതാണെന്നു രവീന്ദ്രൻ മനസ്സിലാക്കിയിരുന്നു. ലോകജീവിതത്തിലെ ദയനീയരംഗങ്ങൾ പശ്ചാത്തലമാക്കി അദ്ദേഹം കവിതകൾ എഴുതി. ദേവേന്ദ്രനാഥടാഗോറിനു മകൻെറ ഈ ശ്രമത്തിൽ സന്തോഷമുണ്ടായി. അതു ഫലപ്രാപ്തിയിൽ എത്തണമെന്നു് അദ്ദേഹം പ്രാർത്ഥിച്ചു. രവിയുടെ വാസനയെപ്പററി ഹെഡ്മാസ്റ്റർ കേട്ടിരുന്നു. ഒരു നിർദ്ദിഷ്ടവിഷയത്തെ അധികരിച്ചു ഒരു കവിത ചമയ്ക്കുവാൻ രവി ഒരുദിവസം നിയുക്തനായി. അടുത്തദിവസംതന്നെ രവി കവിതയുമായി ചെന്നു. അദ്ധ്യാപകൻ കവിതകണ്ടു സന്തോഷിച്ചു. ഉയന്ന ക്ലാസുകളിൽ ആ കവിത വായിച്ചുകേൾപ്പിക്കുവാൻ ഹെഡ്മാസ്റ്റർ രവിയോടു ആജ്ഞാപിച്ചു. രവിയുടെ കവിതയിൽ അദ്ധ്യേതാക്കൾ അതിശയിച്ചു. എന്നാൽ അതു രവിയുടേതായിരിക്കയില്ല എന്നു വിദ്യാർത്ഥികളിൽ പലരും

വാദിച്ചു. അതെതൊരു പുസ്തകത്തിൽനിന്നു പകൎത്തിയതാണെന്നും ആ പുസ്തകം തൻെറ പക്കലുണ്ടെന്നും ഒരു വിരുതൻ നിൎവ്വിശങ്കം ശഠിച്ചു. പക്ഷേ—ആ പുസ്തകം കൊണ്ടുവരണമെന്നു് അയാളെ ആരും നിൎബന്ധിച്ചില്ല. പൊതുവേ സ്കൂൾജീവിതം രവിയ്ക്കു അത്ര രസകരമായിരുന്നില്ല.

രവീന്ദ്രൻെറ ഒരു സഹോദരൻ ആയിടെ വിവാഹിതനായി. ഭ്രാതൃപത്നി കൊച്ചുരവിയോടു സ്നേഹപൂൎവ്വം പെരുമാറി. അവർ പാചകത്തിൽ സമൎത്ഥയായിരുന്നു. ബ്രജേശ്വരൻെറ പാചകത്തിൽ അതൃപ്തി തോന്നിയിരുന്ന രവിയ്ക്കു് ജ്യേഷ്ഠത്തി രുചിപ്രദങ്ങളായ വിഭവങ്ങൾ നൽകി. മിക്കവാറും രണ്ടുപേരും വെടിപറഞ്ഞും രവിയുടെ കവിതകൾ വായിച്ചും സമയം നയിച്ചു. തൻെറ കവിതകളിൽ അഭിരുചി കാണിച്ചിരുന്ന ജ്യേഷ്ഠത്തിയെ രവിക്കു വലിയ ബഹുമാനമായി. ടാഗോറിൻെറ സാഹിത്യശ്രമത്തിൽ ഇവൎക്കു അനിഷേധ്യമായ സ്ഥാനമുണ്ടു്.

താമസിയാതെ അവരുടെ താമസം ഗംഗാതീരത്തുള്ള ഒരു സ്ഥലത്തേക്കു മാററി. സസ്യശ്യാമളമായ ഗംഗാപ്രാന്തവും ഗംഗയിൽ തത്തിക്കളിക്കുന്ന ബോട്ടുകളും രവിയെ ആനന്ദതുന്ദിലനാക്കി. ഗംഗോദകത്തിൻെറ പാവിത്രമായ സൗന്ദൎയ്യവും തീരദ്രുമങ്ങളുടെ ഹരിതവൎണ്ണവും രവിയിൽ വലിയ പരിവൎത്തനമുണ്ടാക്കി. കൂട്ടിൽ അടച്ചിരുന്ന പക്ഷിയെ സ്വാതന്ത്ര്യമാക്കിയാൽ അതു് പ്രകൃതിയുടെ അവ്യാഹതമായ പരപ്പിൽക്കൂടി സ്വച്ഛന്ദം ചിറകടിച്ചു പറക്കുന്നതുപോലെ, ജോറസങ്കോവിൽനിന്നു മോചനംലഭിച്ച രവി ഉന്മേഷവാനായി. പ്രകൃതിസുന്ദരവുമായ ഗംഗാപ്രാന്തത്തിൽ രവി സ്വതന്ത്രനായി സഞ്ചരിച്ചു. പരിസരങ്ങളിലുള്ള ഗ്രാമഭംഗി രവീന്ദ്രനെവളരെ ആകൎഷിച്ചു. കൂട്ടുകാരൊന്നിച്ചു ഗ്രാമങ്ങളിൽ സഞ്ചരിക്കുവാൻ അദ്ദേഹത്തിനു ഉത്സാഹമു

ണ്ടായി. എന്നാൽ ഈ ഉത്സാഹം യഥേഷ്ടം പുരോഗമി ക്കുവാൻ സഹോദരന്മാർ സമ്മതിച്ചില്ല. അകലെ പോ കുവാൻ രവീന്ദ്രനു് അനുവാദമുണ്ടായില്ല.

---

അദ്ധ്യായം ൩

---

## രവീന്ദ്രൻ ഒരു കവി

ടാഗോറിനു പന്ത്രണ്ടു വയസ്സ് ആയി. ഉപനയന കർമ്മം നടന്നു. സോമേന്ദ്രസത്യേന്ദ്രന്മാരുടെയും ഉപന യനം അപ്പോഴാണു നടത്തിയതു്. മഹർഷി ദേവേന്ദ്രനാ ഥൻതന്നെ ആയിരുന്നു പൗരോഹിത്യം വഹിച്ചതു്. ഉപ നയനം പരിശുദ്ധമായ ഒരു കർമ്മമാണു്. ബ്രഹ്മസൂത്രം ധരിച്ചുകഴിഞ്ഞാൽ അയാൾ ബ്രഹ്മജ്ഞാനനിരതനായി. അവിദ്യയിൽനിന്നും വിദ്യയെ തിരിച്ചറിയുവാൻ അന്നുമു തൽ അയാൾ ഉൽസുകനാണു്. സൂത്രം എന്നാൽ ചരടു് എന്നാണർത്ഥം. ബ്രഹ്മസൂത്രം, ബ്രഹ്മാവുമായി മനു ഷ്യനെ യോജിപ്പിക്കുന്ന ചരടാണു്. ബ്രഹ്മം എന്നാൽ ശാശ്വതമായ സത്യം. ജഗത്, മിഥ്യയും ബ്രഹ്മംമാത്രം സത്യവും എന്നാണു് ഹൈന്ദവരുടെ സിദ്ധാന്തം. ആധു നികസയൻസിൻെറ സിദ്ധാന്തവും ഇതിനെ സാധൂകരി ക്കുന്നു. പ്രകൃതിയിൽ കാണുന്ന വസ്തുക്കൾ എല്ലാം നശ്വ രമാണു്. അവയുടെ ഉല്പത്തിക്കു കാരണമായ പരമാണു പ്രപഞ്ചംമാത്രം അനശ്വരം. അതിനു മനുഷ്യൻെറ ബു ദ്ധിക്കോ യുക്തിക്കോ അതീതമായ ചില ശക്തിവിശേഷ ങ്ങൾ ഉണ്ടെന്നു് ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. അ ങ്ങനെയുള്ള അപ്രമേയമായ ശക്തിയെ തപരിപ്പിക്കുന്ന അ നശ്വരപ്രകൃതിയാണു് ബ്രഹ്മം.

ഉപനയനത്തിൻെറ പ്രാരംഭചടങ്ങുകളിൽ ഒന്നു്, ബ്രഹ്മസൂത്രം ധരിക്കുന്ന കുട്ടികൾ മൂന്നുദിവസത്തേയ്ക്കു് ഏകാഗ്രമായ പ്രാർത്ഥനയിൽ കഴിയണമെന്നുള്ളതാണു്. എന്നാൽ അതൊരു സ്വച്ഛന്ദവിക്രീഡയ്ക്കു പററിയ സന്ദർഭമെന്നാണു കുട്ടികൾ കരുതുന്നതു്. ടാഗോർകുട്ടികളും ഈ അവസരം പാഴാക്കിയില്ല. അവർക്കു കഴിയുന്ന കുസൃതികളെല്ലാം അവരും കാണിച്ചു. ഉപനയനാവസരത്തിൽ ശ്രദ്ധാപൂർവ്വം തയാർചെയ്യുന്ന വിശിഷ്ടഭക്ഷ്യങ്ങളാണു് അവർക്കു കൊടുക്കുന്നതു്. ഈ ആഹാരത്തിൻെറ സ്മരണ രവീന്ദ്രനു പലപ്പോഴും ഉണ്ടായിട്ടുണ്ടു്. ഉപനയനസന്ദർഭത്തിൽ ഉപദേശിച്ച 'ഗായത്രി'യുടെ അർത്ഥസംപുഷ്ടി രവിയുടെ കുലീനചിന്തയെ ബഹുദൂരം വ്യാപിപ്പിച്ചിട്ടുണ്ടു്.

കുട്ടികളുടെ ഉപനയനത്തിനുശേഷം ദേവേന്ദ്രനാഥമഹർഷി ഒരു തീർത്ഥയാത്രയ്ക്കു നിശ്ചയിച്ചു. ഹിമാലയം, പുരി, പ്രയാഗ മുതലായ പുണ്യസ്ഥലങ്ങളിൽ അദ്ദേഹം രവിയെക്കൂടികൊണ്ടുപോകാമെന്നു സമ്മതിച്ചു. രവീന്ദ്രൻെറ ഉത്സാഹം വർദ്ധിച്ചു. അതിനു മുൻപു് രവീന്ദ്രൻ തീവണ്ടിയിൽ കയറിയിട്ടില്ല. അദ്ദേഹത്തിൻെറ ശൈശവത്തിൽതന്നെ മഹർഷി ബോൽപുരിക്കു സമീപം കുറെ സ്ഥലം വിലവാങ്ങിയിരുന്നു. വിശ്രമാവസരങ്ങളിൽ ഏകാന്തമായി താമസിക്കുവാൻവേണ്ടി വാങ്ങിയ ഈ സ്ഥലത്തു അദ്ദേഹം ഒരു ആശ്രമം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഇതാണു് വിഖ്യാതമായ ശാന്തിനികേതനം. ശാന്തിയുടെ അഥവാ സമാധാനത്തിൻെറ ആവാസകേന്ദ്രം എന്നാണു് ഇതിൻെറ അർത്ഥം. സത്യേന്ദ്രൻ അച്ഛനൊന്നിച്ചു ശാന്തിനികേതനത്തിൽപോയിട്ടുണ്ടു്. ശാന്തിനികേതനത്തെപ്പററി അയാൾ വളരെ എല്ലാം രവിയെ കേൾപ്പിച്ചിട്ടുണ്ടു്. തീവണ്ടിയാത്രയുടെ അപകടാവസ്ഥയെപ്പററിയും സത്യേന്ദ്രൻ ചമല്ക്കാരസഹിതം രവിയോടു പറഞ്ഞിട്ടുണ്ടു്. അതു

കൊണ്ടു തീവണ്ടിയിൽ സഞ്ചരിക്കുവാൻ രവിക്കു ഭയംതോന്നി. എന്നാൽ ശാന്തിനികേതനത്തിൻെറ മാഹാത്മ്യം അദ്ദേഹത്തെ ആകർഷിച്ചു. ഭയജനകമായ സംഭവങ്ങളുടെ പ്രതീക്ഷയോടുകൂടി രവി തീവണ്ടിസ്റ്റേഷനിൽ ചെന്നു. എന്നാൽ സത്യേന്ദ്രൻ പറഞ്ഞതുപോലെയുള്ള വൈഷമ്യങ്ങൾ ഒന്നും തീവണ്ടിയാത്രയിൽ ഉണ്ടായില്ല. അവർ സുഖമായിത്തന്നെ ശാന്തിനികേതനത്തിൽ ചെന്നെത്തി. ശാന്തിനികേതനത്തിൻെറ രമ്യത രവിയെ വളരെ രസിപ്പിച്ചു. രവിക്കു് ജിജ്ഞാസയുണ്ടാക്കിയ പരിസരങ്ങളുടെ യാഥാർത്ഥ്യം പണ്ഡിതനായ പിതാവു് പറഞ്ഞുകൊടുത്തു. അച്ഛൻ നിർദ്ദേശിച്ചിരുന്ന ജോലികളെല്ലാം രവി ഭംഗിയായിത്തന്നെ സാധിച്ചു. പ്രഭാതസമയം മഹർഷി വളരെ നേരം ധ്യാനത്തിൽകഴിയും. ആ അവസരത്തിൽ അദ്ദേഹം ധരിച്ചിരുന്ന ധവളവസ്ത്രം പവിത്രതയുടെ ലക്ഷണമാണെന്നു് അന്നും രവീന്ദ്രനു് അറിയാമായിരുന്നു. ശാന്തിനികേതനത്തിൽ രണ്ടുവൃക്ഷങ്ങൾ അടുത്തടുത്തു് നിൽപ്പുണ്ടു്. പ്രാതസ്സ്നാനാനന്തരം ധവളവസ്ത്രം ധരിച്ച മഹർഷി ഉഷസ്സിനെനോക്കി ധ്യാനത്തിൽ മുഴുകിയിരുന്നതു് ആ തരുമൂലത്തിലാണു്. അവയുടെ ചുവട്ടിൽ ഇന്നു് ഒരു സ്മാരകശിലകാണാം. പിതാവിൻെറ ഓർമ്മയ്ക്കായി ടാഗോർ സ്ഥാപിച്ച ആ ശിലാഖണ്ഡത്തിൽ ഭക്തോത്തംസമായ മഹർഷിയുടെ ആപ്തവാണികൾ കൊത്തിയിട്ടുണ്ടു്. സകലലോകത്തിനും ആധാരഭൂതമായി സകലകർമ്മത്തിനും സാക്ഷിയായി അപ്രമേയമായി ശോഭിക്കുന്ന മഹച്ഛക്തിയെപ്പററി മഹർഷി പ്രസ്താവിച്ചിരുന്ന ആ വാക്കുകൾ ഇപ്രകാരമാണു്.

"അദ്ദേഹം എൻെറ വിശ്രമജീവിതത്തിൻെറ വിശ്രുതസന്ദേശമാണു്, അഭൗമമായ ആനന്ദത്തിൻെറ പ്രവാഹകേന്ദ്രമാണു്; എൻെറ ആത്മചൈതന്യത്തിൻെറ ഉല്പത്തിസ്ഥാനവുമാണു്."

പിതാവിൻെറ ഈ സന്ദേശം—അദ്ദേഹത്തിൻെറ പ്രശാന്തമായ പ്രയാണമാർഗ്ഗം പുത്രൻെറ ആത്മജ്ഞാനത്തെ വളരെ പ്രചോദിപ്പിച്ചിട്ടുണ്ട്.

ശാന്തിനികേതനത്തിൽനിന്നും മഹർഷി, രവിയൊന്നിച്ച് അമൃതസരസ്സിലേയ്ക്കു പോയി. അവിടെ വിശ്രുതമായ ഒരു 'സിക്കു" ദേവാലയമുണ്ട്. ദേവേന്ദ്രനാഥൻ പുത്രനൊന്നിച്ച് ആ ക്ഷേത്രത്തിൽ ഏതാനും ദിവസം ആരാധനനടത്തി. ബംഗാളിൽനിന്നും ഒരു അപരിചിതൻ ആ ക്ഷേത്രം സന്ദശിച്ചതിൽ സിക്കുകാക്ക് വലിയ ബഹുമാനമുണ്ടായി. സിക്കുകാരുടെ ആരാധനാക്രമം ദേവേന്ദ്രന് അറിയാമായിരുന്നു. ആരാധനാസന്ദർഭങ്ങളിൽ മഹർഷി ഉച്ചരിച്ച മന്ത്രങ്ങൾ സിക്കുകാക്കുമാത്രം പരിചിതങ്ങളായിരുന്നു. ഇതിൽ സിക്കുജനങ്ങൾ അത്ഭുതാധീനരായി. താമസിയാതെ സിക്കുകാർ അദ്ദേഹത്തെ ആദരിച്ചുതുടങ്ങി. ഇതരമതങ്ങളിലെ മഹത്തായ ആദർശങ്ങൾ ഗ്രഹിക്കുവാനും അവയെ ബഹുമാനിക്കുവാനും ടാഗോർ ശീലിച്ചത് പിതാവിൻെറ ഏതാദൃശങ്ങളായ പ്രവൃത്തികളിൽനിന്നും ആയിരുന്നു. വിഭിന്നാദർശങ്ങളും വിഭിന്നങ്ങളായ ജീവിതക്രമങ്ങളും ശീലിച്ച വിവിധസമുദായങ്ങൾക്കു വിശ്വാസത്തിൽ പലപ്പോഴും ഐക്യം കാണുന്നുണ്ട്. ഈ വിശ്വാസൈക്യത്തെ പശ്ചാത്തലമാക്കിക്കൊണ്ട് ഒരുമിച്ചിരുന്നു പ്രാത്ഥിക്കുന്നതു വർഗ്ഗവിദ്വേഷത്തെ ഉന്മൂലനംചെയ്യാനും സാവ്‌ത്രികമായസമുദായമൈത്രിയെ ഉറപ്പിക്കുവാനും ഉതകുന്ന വിശിഷ്ടസന്ദർഭങ്ങളാണെന്നു ടാഗോർ പഠിച്ചു. അമൃതസരസ്സിലെ ക്ഷേത്രദർശനം രവീന്ദ്രനിൽ ഒരു മഹത്തായ ആദർശത്തെ ഉല്പാദിപ്പിച്ചു. പരസ്പരം സ്വീകാര്യങ്ങളായ വിശ്വാസങ്ങൾ അന്യോന്യം പകരണമെന്നുള്ള വിശാലമായ മനോഭാവത്തിലാണ് ശാശ്വതമായ സമുദായമൈത്രി കുടികൊള്ളുന്നതു് എന്നുള്ള ടാഗോർസിദ്ധാന്തം ഇങ്ങനെ ഉണ്ടായിട്ടുള്ളതാണ്.

അമൃതസരസ്സിൽ നിന്നും ദേവേന്ദ്രൻ ഹിമാലയത്തിലേക്ക പോയി. ഹിമാലയൻപ്രദേശത്തുള്ള 'ഡലൌസി'യിൽ അവർ നാലുമാസം താമസിച്ചു. തൂക്കായിക്കിടക്കുന്ന പർവ്വതപ്രദേശങ്ങൾ പൈൻമരങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. അവയുടെ ഇടയിൽക്കൂടി ഹിമാലയത്തിന്റെ വികാരനിർഭരമായ മാഹാത്മ്യം നോക്കിനോക്കി മന്ദമായി സഞ്ചരിക്കുന്നതു് രവീന്ദ്രന്റെ രസകരമായ ജോലിആയിരുന്നു. പിതാവും പുത്രനുംകൂടി പ്രഭാതസഞ്ചാരത്തിനു പുറപ്പെടും. കുറച്ചുകഴിയുമ്പോൾ രവി ക്ഷീണിച്ചുമടങ്ങും. ടാഗോർകുട്ടികളുടെ ലഘുജീവിതം തന്നെയാണു് അവിടെയും രവി ആചരിച്ചുവന്നതു്. പ്രഭാതത്തിലെ മരവിക്കുന്നതണുപ്പിൽപോലും തണുത്തവെള്ളത്തിലാണു് രവീന്ദ്രൻ കുളിച്ചതു്. കുട്ടിക്കാലത്തെ ഈ ശീലം ആരോഗ്യപോഷണത്തിൽ വളരെ സഹായകമായിട്ടുണ്ടെന്നു് ടാഗോർ പ്രസ്താവിക്കുന്നു. ഇംഗ്ലണ്ടിലെ താമസക്കാലത്തും ഒരുദിവസംപോലും അദ്ദേഹം ചൂടുവെള്ളത്തിൽ കുളിച്ചിട്ടില്ല. ഡലൌസിയിൽവച്ചു് ദേവേന്ദ്രനാഥൻ മകനു് ഇംഗ്ലീഷിലും സംസ്കൃതത്തിലും പാഠങ്ങൾ അനുക്രമമായി പറഞ്ഞുകൊടുത്തു. കുമാരൻ പാഠങ്ങൾ സ്വയം വായിച്ചു രസിക്കുവാനാണു് മഹർഷി ശ്രദ്ധിച്ചതു്. ഇക്കാലത്തു് ടാഗോർ മേഘസന്ദേശം ആദ്യമായി വായിച്ചു. ഗ്രാമീണഭാരതത്തിന്റെ പുരാതനങ്ങളായ പല മനോജ്ഞചിത്രങ്ങളും 'മേഘസന്ദേശ'ത്തിലുണ്ടു്. ചേതോമോഹനമായ മഴക്കാലവർണ്ണനയും ആ മഹൽഗ്രന്ഥത്തിലുണ്ടു്. പുരാണഭാരതത്തിന്റെ അന്തഃപുരവിഭൂതികളും, അതുല്യമായ രാജകീയാഡംബരങ്ങളും കാളിദാസൻ സരസമായി വർണ്ണിച്ചിട്ടുണ്ടു്. അവയുടെ ആശയപരപുഷ്ക്കല്യമോ അർത്ഥസംപുഷ്ടിയോ അന്നു് രവീന്ദ്രനു് പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ അമൃതോപമം ഒഴുകിപ്പോകുന്ന ആ കവനവൈഖരിയിൽ കുമാരനായ രവി ആഹ്ലാദപൂർവ്വം നീന്തിക്കുളിച്ചു.

41335

കവിസാൎവ്വഭൗമനായ കാളിദാസരുടെ ഉപമകൾക്കുള്ള സാരസ്യത്തിൽ ആകൃഷ്ടനായി സ്വന്തംഭാവനയെ ഉജ്ജ്വലിപ്പിക്കുവാൻ ആ ചെറുപ്രായത്തിൽത്തന്നെ രവീന്ദ്രനു കഴിഞ്ഞു. ചിന്താസുഭഗങ്ങളായ കാളിദാസവചനങ്ങൾ രവിഹൃദയത്തിൽ ദൃഢമൂലങ്ങളായി. അദ്ദേഹം അനന്തമായ ആനന്ദത്തിനു വിധേയനായി. എപ്പോഴും കാളിദാസകൃതികൾ ആവൎത്തനം ചെയ്യുകയായി രവിയുടെജോലി. ആ കവിസമ്രാട്ടിന്റെ ഏതുകൃതിയും ഒററമൂച്ചിൽ ചൊല്ലിത്തീൎക്കുവാൻ ടാഗോറിനു കഴിഞ്ഞു. ഡലെഹൗസിയിലെ താമസക്കാലത്തു് രവി സാഹിത്യഗ്രന്ഥങ്ങൾ വളരെ വായിച്ചു. ഏതു് പാമരന്റെയും ഭാവനയെ തട്ടിഉണൎത്തുന്ന ഹിമാലയൻ പ്രദേശങ്ങളിൽ അമാനുഷപ്രഭാവനായ കാളിദാസരുടെ കവനങ്ങൾ മുഴുവൻ കാണാതറിയാവുന്ന ബുദ്ധിമാനായ ഒരു കുട്ടി— പണ്ഡിതവൎയ്യനായ പിതാവിന്റെ അവധാനപൂൎവ്വമായ ശിക്ഷണത്തിൽ വളൎത്തപ്പെടുന്ന ഒരു കുട്ടി— കവിയാകാതെ പോകുന്നതെങ്ങനെ?

രാത്രിയിൽ പിതാവും പുത്രനും മുററത്തിരുന്നു് ആകാശത്തേക്കു കണ്ണിമയ്ക്കാതെ നോക്കും. അനന്തമായി വ്യാപിച്ചുകിടക്കുന്ന ആ നീലപ്പരവതാനിയിൽ അനവധി കോടിയായി മിന്നിത്തിളങ്ങുന്ന ജ്യോതിഃസ്ഫുലിംഗങ്ങൾ, പ്രായത്തിനും പാണ്ഡിത്യത്തിനും അനുസരിച്ചു ജിജ്ഞാസകളെയാണു് അച്ഛനിലും മകനിലും അനുനിമിഷം ഉത്പാദിപ്പിച്ചിരുന്നതു്. അപ്പോഴപ്പോൾ രവി ചോദിച്ചുകൊണ്ടിരുന്ന സംശയങ്ങൾ പരിഹരിക്കുവാൻ പിതാവിനുകഴിഞ്ഞു. എന്നാൽ അജ്ഞാതവും അളവററതുമായ തത്വസഞ്ചയങ്ങളെ ഉൾക്കൊള്ളുന്ന ആ ഓരോ ജ്യോതിസ്സും പ്രപഞ്ചശില്പിയുടെ കലാവിധാനത്തിന്റെ വ്യാഖ്യാനസംക്ഷേപം കുറിക്കുന്ന ഓരോ അപൂൎണ്ണലിപികൾ എന്നുമാത്രം കരുതിയാൽമതി. "കുഞ്ഞേ, നോക്കുക, സൂക്ഷിക്കുക, ശ്രദ്ധി

ക്കുക; നീ വളരുംതോറും, നിൻെറ ചിന്ത വികസിക്കും തോറും അവയുടെ രഹസ്യങ്ങൾ നിൻെറ കൺമുൻപിൽ തെളിഞ്ഞു തെളിഞ്ഞു പ്രകാശിക്കും" എന്നു് ആ പുത്രവാത്സല്യം തുളുമ്പുന്ന ഭക്തഹൃദയം രവിയോടുപദേശിച്ചു. ഇങ്ങനെയാണു് ജ്യോതിശ്ശാസ്ത്രത്തെപ്പററി പഠിക്കുവാൻ രവി ഉത്സുകനായതു്. ജ്യോതിശ്ശാസ്ത്രം സയൻസിൻെറ ഒരു വിഭാഗമെന്നോ, നേട്ടമെന്നോ അല്ല രവിക്കു തോന്നിയതു്. പിന്നെയോ, ചിന്താസുന്ദരമായ ഒരു വിശിഷ്ടകാവ്യത്തിൻെറ വിശദവ്യാഖ്യാനമെന്നാണു്. പ്രകൃതിസുഭഗതയുടെ മോഹനതരംഗങ്ങളിൽക്കൂടിയാണു് ടാഗോർകൃതികൾ പ്രത്യക്ഷമാകുന്നതു്. പ്രപഞ്ചമഹാകടാഹത്തിൻെറ ഘടനാമാഹാത്മ്യവും അതിൻെറ ഒരു സൂക്ഷ്മഘടകമായ മനുഷ്യൻെറ ഘടനാവിധാനത്തിലുള്ള സാമ്യാന്തരവും ടാഗോറിൻെറ ആലോചനയെ അതിരുവിട്ടു പറത്തിയിട്ടുണ്ടു്. അദ്ദേഹം വാർദ്ധക്യകാലത്തു് ഒരു മഹത്തായ ജ്യോതിശ്ശാസ്ത്രഗ്രന്ഥം എഴുതി. ആ ഗ്രന്ഥം സുന്ദരമായ കാവ്യമോ, മഹത്തായ ശാസ്ത്രഗ്രന്ഥമോ എന്നു് പണ്ഡിതന്മാർ തന്നെ തീർച്ചപ്പെടുത്തട്ടെ! ദേവേന്ദ്രനാഥമഹർഷി, പുത്രനെ സസ്യശാസ്ത്രം പഠിപ്പിക്കുന്നതിലും നിഷ്കർഷിച്ചു. വൃക്ഷലതാദികളെപ്പററി സൂക്ഷ്മാവലോകനം നടത്തുന്നതിനും അവയുടെ സൃഷ്ടിരഹസ്യങ്ങളെ പ്രകാശിപ്പിക്കുന്നതിനും രവീന്ദ്രനുണ്ടായിരുന്ന സാമർത്ഥ്യം സസ്യശാസ്ത്രവിചക്ഷണന്മാർക്കും അസൂയാജനകമായിരുന്നു.

മററുള്ളവരുടെ ആശയങ്ങൾ കണ്ണുമടച്ചു വിശ്വസിക്കുവാനല്ലാ ദേവേന്ദ്രനാഥമഹർഷി കുഞ്ഞുങ്ങളെ ശീലിപ്പിച്ചതു്. സ്വയം ചിന്തിച്ചു് സ്വീകാര്യങ്ങളായവ പഠിച്ചുകൊള്ളുവാൻ അദ്ദേഹം പുത്രന്മാരെ അഭ്യസിപ്പിച്ചു. അച്ഛൻെറ അഭിപ്രായഗതികളിൽ ചിലപ്പോഴെല്ലാം രവീന്ദ്രനു സംശയമുണ്ടായി. എന്നാൽ അച്ഛൻെറ അഭി

തന്നെ ഭയന്നു് ആവക സംശയങ്ങൾ ഗോപനംചെയ്യാനല്ല രവിയുടെ ഉദ്യമത്തെ ശാസനാപൂർവമാണു് മഹർഷി തടഞ്ഞിരുന്നതു്. പുത്രന്റെ അഭിപ്രായവൈപരീത്യം മനസ്സിലാക്കി തെററിയഭാഗം തിരുത്തുകയോ തനിക്കു തെററിയിട്ടുണ്ടെങ്കിൽ അതു തെററാണെന്നു സമ്മതിച്ചു് അതിനു വിശദമായ വ്യാഖ്യാനം കൊടുക്കുകയോ ചെയ്യുന്നതിൽ ആ അച്ഛൻ ശ്രദ്ധപതിപ്പിച്ചു. എന്റെ മുയലിനു കൊമ്പുണ്ടു്, എന്നു ശഠിക്കുന്ന പിതാക്കന്മാരോ അദ്ധ്യാപകന്മാരോ ദേവേന്ദ്രനാഥനെ മാതൃകയാക്കി സ്വീകരിക്കേണ്ടതാണു്. "അച്ഛൻ ഒരു ശരിയായ സത്യപ്രേമി (lover of truth)ആയിരുന്നു. ഞങ്ങളും അതുപോലെ ആകണമെന്നു് അദ്ദേഹം ആഗ്രഹിച്ചു" എന്നു് ടാഗോർ പറഞ്ഞിട്ടുണ്ടു്. കുട്ടികളുടെ ജിജ്ഞാസയെ മഹർഷി മാനിച്ചിട്ടില്ല. അവരുടെ സ്വതന്ത്രാഭിപ്രായങ്ങൾക്കു വിഘാതവും ഉണ്ടാക്കിയിട്ടില്ല. ജീവിതസംഭവങ്ങളെപ്പററി വ്യക്തമായും വിശദമായും മനസ്സിലാക്കുവാൻ സഹായിച്ചതു് അച്ഛന്റെ ഈ സ്വഭാവവിശേഷമായിരുന്നു എന്നു് ടാഗോർ രേഖപ്പെടുത്തിയിട്ടുണ്ടു്.

രവീന്ദ്രൻ കൽക്കത്തായിൽ എത്തി. ഒരിക്കൽക്കൂടി അദ്ദേഹത്തെ സ്ക്കൂളിൽചേർത്തു. അദ്ദേഹത്തിന്റെ പാഠശാലയുടെ പേർ സെൻറ്സേവിയേഴ്സ് എന്നാണു്. ഈ വിദ്യാലയത്തിലെ കുട്ടികളെയും അദ്ധ്യാപകന്മാരെയും രവിക്കു് ഇഷ്ടമായി. ഫാദർ ഡി. പെനരൻഡാ എന്ന ഒരു അദ്ധ്യാപകനെ ടാഗോർ ഭക്തിപൂർവം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ മുഖത്തിൽ ആത്മശാന്തി പ്രകാശിച്ചുകണ്ടു. ഏതു ജോലിചെയ്യുമ്പോഴും ആ ബഹുമാന്യഗുരുവിന്റെ ഹൃദയം നിശ്ശബ്ദമായ പ്രാർത്ഥനയിൽ ലയിച്ചിരുന്നതുപോലെ തോന്നി. മറെറാരു അദ്ധ്യാപകൻ രവിക്കുമാത്രം വിശേഷാൽ പാഠങ്ങൾ നൽകിയിരുന്നു. രവിയുടെ ധിഷണാശക്തി സാധാരണ പാഠങ്ങൾക്കു് ഉപരിയാണെന്നുകണ്ടു്

പ്രൗഢോങ്ങളായ പാഠങ്ങളാണ് ആ അദ്ധ്യാപകൻ തിരഞ്ഞെടുത്തതു്. ഒരിക്കൽ 'മാക്ബെത്ത്' എന്ന നാടകം തർജ്ജമചെയ്യുവാൻ അദ്ദേഹം രവീന്ദ്രനോടാവശ്യപ്പെട്ടു. മഹാകവി ഷേക്സ്പീയരുടെ ആ പ്രൗഢഗ്രന്ഥം കുമാരനായ രവി അനായാസമായി ബംഗാളിയിലേക്കു പരിഭാഷപ്പെടുത്തി. ആംഗലസാഹിത്യത്തിലെ പൗരാണികഗ്രന്ഥങ്ങൾ വായിക്കണമെന്നു് അദ്ധ്യാപകൻ ടാഗോറിനെ ഉത്സാഹിപ്പിച്ചു. ടാഗോർ ആ ഉപദേശം അക്ഷരംപ്രതി അനുഷ്ഠിച്ചു. എന്നാൽ ബാലൃസിയിലെ താമസക്കാലത്തു് അദ്ദേഹം സ്വാതന്ത്ര്യമായി ആർജ്ജിച്ച വിദ്യാസമ്പത്തു് മേന്മയേറിയതായിരുന്നു എന്നാണ് ടാഗോർ അഭിപ്രായപ്പെടുന്നതു്. സ്വയം പഠനത്തിലാണു് രവീന്ദ്രനു കൂടുതൽ പ്രയോജനമുണ്ടാകുന്നതെന്നു മനസ്സിലാക്കിയ രക്ഷാകർത്താക്കൾ അദ്ദേഹത്തിനു വീട്ടിൽ ഇരുന്നു വായിക്കുവാൻ വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തു

പതിനേഴുവയസ്സുവരെ രവി വീട്ടിൽ ഇരുന്നു പഠിച്ചു. ടാഗോറിൻെറ ജ്യേഷ്ഠസഹോദരന്മാർ ഒരു കലാപോഷകസംഘം രൂപീകരിച്ചിരുന്നു. ഈ സംഘം രവിയുടെ സ്വതന്ത്രപഠനത്തെ വളരെ സഹായിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ ജ്യേഷ്ഠസഹോദരൻ ദ്വിജേന്ദ്രനാഥടാഗോർ ഒരു സ്വതന്ത്ര്യചിന്തകനും വിശാലാശയനുമായിരുന്നു. ബംഗാളിഭാഷയിൽ നല്ല ലേഖനങ്ങൾ എഴുതാൻ ദ്വിജേന്ദ്രനു വശമുണ്ടായിരുന്നു. പണ്ഡിതന്മാരും ഗ്രന്ഥകാരന്മാരും ദ്വിജേന്ദ്രനെ കാണുവാൻ വന്നുകൊണ്ടിരുന്നു ദ്വിജേന്ദ്രനും സ്നേഹിതന്മാരുമായി വേദാന്തരഹസ്യങ്ങളെപ്പറ്റി തീക്ഷ്ണമായ വാദങ്ങളിൽ ഏർപ്പെട്ടുവന്നു ചിലപ്പോൾ ദ്വിജേന്ദ്രൻ ഈമാതിരി വിഷയങ്ങളെ പരാമർശിച്ചു പ്രൗഢങ്ങളായ ലേഖനങ്ങൾ എഴുതുമായിരുന്നു. ഇതൊന്നും രവിക്കു ശരിയായി മനസ്സിലായില്ല. എങ്കിലും ദ്വിജേ

ന്ദ്രന്റെ ലേഖനങ്ങളും കവിതകളും അവിടെങ്ങും പാറിപ്പറന്നിരുന്നതു് രവീന്ദ്രൻ വായിക്കാതെ വിടുകയില്ല. വീട്ടിലുള്ള കുഞ്ഞുങ്ങളെയും സ്ത്രീകളെയും ബലാൽ, കവിതകൾ കേൾപ്പിച്ചു സ്വയം രസിക്കുന്നതു ദ്വിജേന്ദ്രന്റെ പതിവായിരുന്നു. കവിതകൾ വായിച്ച് ഉറച്ചു ചിരിക്കുന്നതു ദ്വിജേന്ദ്രനു രസകരമായ ജോലിയാണു്. തരം കിട്ടുമ്പോഴെല്ലാം ഗംഗയിൽ ചാടി കരണംമറിയുന്നതും ദ്വിജേന്ദ്രനു കൗതുകപ്രദമായിരുന്നു. ജ്യേഷ്ഠന്റെ ഈ സംരംഭങ്ങളിലെല്ലാം രവിയും ഉത്സാഹം കാണിച്ചുവന്നു. ദ്വിജേന്ദ്രന്റെ കവിതാരചനയും പ്രബന്ധങ്ങളും രവിയുടെ വാസനയെ പോഷിപ്പിച്ച പല സംഗതികളിൽ ഒന്നാണു്.

രവിയുടെ അഞ്ചാമത്തെ സഹോദരനായ ജ്യോതിരിന്ദ്രൻ രവിയുടെ ഇഷ്ടതോഴനായിരുന്നു. ജ്യോതിക്കു രവിയെക്കാൾ പന്ത്രണ്ടുവയസ്സു കൂടുതലുണ്ടു്. അദ്ദേഹം ഒരു ദേശാഭിമാനിയും സമുദായപരിഷ്കൎത്താവും ആയിരുന്നു. അപരിഷ്കൃതങ്ങളായ സമുദായാചാരങ്ങളെ ബഹിഷ്കരിക്കുവാൻ ജ്യോതി അശേഷം മടിച്ചില്ല. ജ്യോതിയുടെ ഭാൎയ്യയും ഉല്പതിഷ്ണുവായ ഒരു യുവതി ആയിരുന്നു. ബംഗാളിലെ സ്ത്രീകൾ 'പർദാ' ഉപയോഗിച്ചാണു വീടുകളിൽതന്നെയും കഴിഞ്ഞുകൂടുന്നതു്. എന്നാൽ ഇവർ ആ ആചാരം നിശ്ശേഷം വെടിയുവാൻ ഉത്സാഹമുള്ളവരായിരുന്നു.

ജ്യേഷ്ഠത്തിയുടെ ഈ വിശാലമായ മനഃസ്ഥിതിയിൽ രവിക്കു ബഹുമതി തോന്നി. നൃത്തഗീതാദികലകളിലും ഇവൎക്കു അനിതരസാധാരണമായ സാമൎത്ഥ്യം ഉണ്ടായിരുന്നു. ജ്യോതിക്കു നല്ലതുപോലെ 'പിയാനോ' വായിക്കാനറിയാം. പുതിയ 'ട്യൂൺ' ശരിപ്പെടുത്തി പിയാനോ വായിക്കുന്നതിൽ ജ്യോതിരീന്ദ്രൻ വളരെ താല്പൎയ്യം കാണിച്ചു. ജ്യേഷ്ഠന്റെ ട്യൂൺ അനുസരിച്ചുള്ള പാട്ടുകൾ നിൎമ്മിക്കുന്നതു രവിയാണു്. ജ്യോതിയുടെ സംഗീതകൗതുകം രവീ

ന്ദ്രൻെറ കവിതാവാസനയെ സാരമായി പോഷിപ്പിച്ചു. എന്നും വൈകുന്നേരം ജ്യോതി പിയാനോ വായിക്കുകയും രവി പാടുകയുംചെയ്യും. സംഗീതപ്രിയന്മാരായ പല സുഹൃത്തുക്കളും അവിടെ സമ്മേളിച്ചിരുന്നു.

ഇക്കൂട്ടത്തിൽ ശ്രീകാന്തബാബു എന്നൊരു സംഗീതജ്ഞൻ ഉണ്ടായിരുന്നു. അദ്ദേഹമൊന്നിച്ചു പാടുവാൻ രവി പരിശീലിച്ചുവന്നു. ശ്രീകാന്തനിൽനിന്നു സംഗീതത്തിൻെറ മർമ്മം നല്ലതുപോലെ ഗ്രഹിക്കാൻ സാധിച്ചിട്ടുണ്ടെന്നു് രവീന്ദ്രൻ അഭിമാനിക്കുന്നുണ്ടു്. അവരുടെ സംഗീതസദസ്സിൽ 'അക്ഷയചൗധരി' എന്നൊരു മാന്യൻകൂടി ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ ശാരീരം മോശമായിരുന്നു. എങ്കിലും സംഗീതത്തിൻെറ സാങ്കേതികവശങ്ങൾ അദ്ദേഹം നല്ലതുപോലെ ഗ്രഹിച്ചിരുന്നു. രവിക്കു പതിനാറു വയസ്സുള്ളപ്പോൾ മി. ചൗധരി ഒരു കഥ പറഞ്ഞുകേൾപ്പിച്ചു. ആംഗലകവിയായ 'ചാററർടൻ' പതിനാറുവയസ്സുള്ളപ്പോൾ ഹൃദയമോഹനങ്ങളായ ഗാനങ്ങൾ രചിക്കുമായിരുന്നുഎന്നു്. ആംഗലഭാഷയിലെ പുരാതനഗാനങ്ങളാണെന്നു തോന്നത്തക്കവിധം ഒരു ഗാനമാലിക തയാറാക്കി അദ്ദേഹം പ്രസിദ്ധംചെയ്തു. അതു് ആയിടയിലാണു് കണ്ടുപിടിച്ചതു്. അവ പുരാതനഗാനങ്ങൾതന്നെയെന്നു പണ്ഡിതന്മാർപോലും തെററിദ്ധരിച്ചുപോയി. ഇങ്ങനെയൊരു വിദ്യ ബംഗാളിയിലും പ്രയോഗിക്കണമെന്നു രവീന്ദ്രൻ നിശ്ചയിച്ചു. ബംഗാളിഭാഷയിലെ മദ്ധ്യകാലകൃതികളിൽ മൈഥിലീവൈഷ്ണവകവികൾ രചിച്ചിട്ടുള്ള ഗാനങ്ങളെ അനുകരിച്ചു രവീന്ദ്രനാഥൻ ഒരു ഗാനമാലിക രചിച്ചു. അവ ഭാനുസിംഹൻ എന്ന ഒരു കവിയുടേതാണെന്നും ചില പുരാതനഗ്രന്ഥങ്ങൾ പരിശോധിച്ചപ്പോൾ അവിചാരിതമായി കണ്ടുപിടിച്ചതാണെന്നും രവീന്ദ്രൻ ഉത്ഘോഷിച്ചു. ഈ ഗാനമാലിക പ്രസിദ്ധംചെയ്തപ്പോൾ

അതു ഭാനുസിംഹന്റേതുതന്നെയെന്നു പലരും വിശ്വസിച്ചുപോയി. ഭാനുസിംഹൻ എന്ന ഒരു കവി അങ്ങനെ ബംഗാളിഭാഷയിൽ സുപ്രസിദ്ധനായിത്തീൎന്നു. ഭാനുസിംഹനേയും അദ്ദേഹത്തിന്റെ കൃതികളേയുംപററി ഒരു പണ്ഡിതൻ ഒരു മഹാപ്രബന്ധം എഴുതി അദ്ദേഹം അതൊരു ജൎമ്മൻസൎവ്വകലാശാലയ്ക്കു അയച്ചുകൊടുത്തു. തൽഫലമായി ആ പണ്ഡിതനു ജൎമ്മനിയിൽനിന്നും പി. എച്ച്. ഡി. എന്ന ബിരുദവും ലഭിച്ചു.

അഭ്യസ്തവിദ്യരായ കല്ക്കട്ടാജനങ്ങൾ അന്നു ബംഗാളി ഭാഷയിൽ വളരെ താല്പൎയ്യംകാണിച്ചു. 'ബങ്കിംചന്ദ്രചാററർജി' എന്ന ആഖ്യായികാകാരൻ അന്നു ബംഗാളിഭാഷയിലെ സുപ്രസിദ്ധഗ്രന്ഥകാരൻ ആയിരുന്നു. അദ്ദേഹത്തിന്റെ പല കഥകളും 'വംഗദർശനം' എന്ന മാസികയിൽ ഖണ്ഡശഃ പ്രസിദ്ധംചെയ്തുവന്നു. വംഗദർശനത്തിന്റെ ഓരോ വാല്യവും ഉൽക്കണ്ഠയോടുകൂടിയാണ് ആളുകൾ പ്രതീക്ഷിച്ചതു്. അടുത്ത വാല്യം ടാഗോർ ഭവനത്തിൽ എത്തിയപ്പോൾ അതു വായിക്കുവാൻ ഓരോരുത്തരും തിടുക്കംകൂടി. രവി ഭംഗിയായി വായിക്കുമായിരുന്നു. അതുകൊണ്ടു രവി വായിക്കുവാനും മററുള്ളവർ കേൾക്കുവാനും ഏകകണ്ഠമായി നിശ്ചയിച്ചു. ടാഗോർ അതു മുഴുവൻ ഭംഗിയായി വായിക്കുകയും മററുള്ളവർ ശ്രദ്ധാപൂൎവ്വം കേൾക്കുകയുംചെയ്തു.

ഏതാനുംദിവസംകഴിഞ്ഞു് ജ്യോതി ഒരു മാസിക പുറപ്പെടുവിക്കുവാൻ നിശ്ചയിച്ചു. ബംഗാളിഭാഷയെപ്പററി പ്രതിപാദിക്കുന്ന ആ മാസികയ്ക്കു 'ഭാരതി' എന്നു നാമകരണംചെയ്തു. ദ്വിജേന്ദ്രനാഥൻ അതിന്റെ അധിപരായി. രവി കഥകളും കവിതകളുംകൊണ്ടു ഭാരതിയെ പൂജിച്ചുതുടങ്ങി. അദ്ദേഹം പ്രസാധകസമിതിയിലെ ഒരു അംഗംകൂടി

ആയിരുന്നു. 'ഭാനുസിംഹകൃതികൾ' മുഴുവൻ ഭാരതിയിലാണ് പ്രസിദ്ധപ്പെടുത്തിയത്.

കഥകൾക്കും കവിതകൾക്കും പുറമേ ശ്രദ്ധേയങ്ങളായ പല ലേഖനങ്ങളും 'ടാഗോർ' എഴുതി. യൂറോപ്യൻ സാഹിത്യത്തെപ്പററിയും, ഇററലിയിലെ ചില പ്രസിദ്ധകവികളെപ്പററിയും അദ്ദേഹം ലേഖനങ്ങൾ എഴുതി. സ്വയം പഠിക്കുവാനും ചിന്തിക്കുവാനും 'ടാഗോറി'നുകിട്ടിയസമയം ഇങ്ങനെ വളരെ പ്രയോജനപ്പെട്ടു. അദ്ദേഹം അത്യാർത്തിയോടെ വായന തുടൎന്നു. വിവിധരീതിയിലുള്ള ഗ്രന്ഥങ്ങൾ ആയിരക്കണക്കിനു വായിക്കുകയും, ലോകത്തെപ്പററി കൂടുതൽ വിജ്ഞാനം നേടുകയുമായിരുന്നു രവിയുടെ പ്രധാനകൃത്യം.

ജ്യോതീന്ദ്രൻ നാടകങ്ങൾ എഴുതിത്തുടങ്ങി. ജോറസങ്കോസൗധത്തിന്റെ മുൻഭാഗത്തുതന്നെ അവ അഭിനയിക്കപ്പെട്ടു. രവിയുടെപതിനാറാമത്തെ വയസ്സിൽ അദ്ദേഹം ഇത്തരം നാടകങ്ങളിൽ പ്രധാനഭാഗം അഭിനയിച്ചിട്ടുണ്ടു്. രവിഒരു നല്ല നടനായിരുന്നു. പ്രധാന പാർട്ടുകൾ മാത്രമല്ല, കോമിക്പാട്ടുകളും അഭിനയിക്കുവാൻ അതിവിദഗ്ദ്ധനായിരുന്നു. ജീവിതകാലംമുഴുവൻ നാടകാഭിനയത്തിൽ 'ടാഗോർ' അതിസമൎത്ഥനായിരുന്നു എന്നു് എല്ലാവരും അറിഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്റെ സ്വന്തം നാടകത്തിൽ പ്രധാനഭാഗം എപ്പോഴും അദ്ദേഹംതന്നെ അഭിനയിച്ചുവന്നു. ശാന്തിനികേതനവിദ്യാൎത്ഥികളെ അഭിനയചതുരന്മാരാക്കുവാൻ 'ടാഗോർ' വളരെ നിഷ്കൎഷിച്ചിട്ടുണ്ടു്.

രവീന്ദ്രന്റെ പതിനാലാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ മാതാവു് പരലോകപ്രാപ്തയായി. വ്യഥ എന്നൊരു കാൎയ്യം അതിനുമുൻപു് അദ്ദേഹം അറിഞ്ഞിട്ടില്ല. ഇദംപ്രഥമമായ ഈ വ്യഥ രവിയെ വ്യാകുലചേതസ്സാക്കി. പ്രേതയുടെ ചൈതന്യരഹിതമായ മുഖം കണ്ട

പ്പോൾ, ആ ശാന്തിയുടേയും ത്യാഗത്തിൻേറയും ആവാസ കേന്ദ്രമാണെന്നു രവീന്ദ്രനു തോന്നിപ്പോയി. ലൗകികവിഭൂതിയുടെ ആർഭാടവും തജ്ജന്യമായ അസന്തുഷ്ടിയും ഇനി ആ മുഖത്തെ മലിനമാക്കുകയില്ലെന്നു് അദ്ദേഹം ആശ്വസിച്ചു. ഭാഗ്യവശാൽ സഹോദരിയായ 'സ്വർണ്ണകുമാരി' ദേവിയും സഹോദരഭാര്യയും രവിയെ ആശ്വസിപ്പിക്കുവാൻ അവിടെയുണ്ടായിരുന്നു. 'സ്വർണ്ണകുമാരി'ദേവി ഒടുവിൽ ബംഗാളിലെ ഒരു മികച്ച വിദുഷിയും സുപ്രസിദ്ധയായ ഗ്രന്ഥകർത്രിയുമായിത്തീൎന്നു.

---

അദ്ധ്യായം ൪.

---

## വാസനാദർശനം.

രവീന്ദ്രനു പതിനേഴുവയസ്സായി. അദ്ദേഹത്തെ ഉപരിപഠനത്തിനായി ഇംഗ്ലണ്ടിലയയ്ക്കാൻ തീൎച്ചയാക്കി. ടാഗോറിൻേറ ദ്വിതീയസഹോദരൻ സത്യേന്ദ്രനാഥൻ ഇൻഡ്യൻസിവിൽസർവീസിൽ ഒരു ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ടു. അദ്ദേഹമാണു് ഇൻഡ്യാക്കാരിൽനിന്നും ആദ്യമായി ഐ. സി. എസ്. ജയിച്ചതു്. സത്യേന്ദ്രൻ അന്നു് അഹമ്മദാബാദിൽ നിയമിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിൻേറ ഭാൎയ്യയും കുഞ്ഞുങ്ങളും ഇംഗ്ലണ്ടിൽ ആയിരുന്നു. അതുകൊണ്ടു് ഏതാനുംനാളത്തെ 'ഫർലോ' അവധിയിൽ ഇംഗ്ലണ്ടിൽ പോകണമെന്നായിരുന്നു അദ്ദേഹത്തിൻേറ നിശ്ചയം. ആ അവസരത്തിൽ 'രവി'യെക്കൂടി കൊണ്ടുപോക

ണമെന്നു തീച്ചയാക്കി. അതനുസരിച്ചു രവീന്ദ്രൻ അഹമ്മദാബാദിൽ എത്തി. ഇംഗ്ലീഷുകാരുടെ ആചാരവും ജീവിതക്രമവും കുറഞ്ഞൊന്നു മനസ്സിലാക്കുവാനാണു് രവി അഹമ്മദാബാദിൽ താമസിച്ചതു്. അഹമ്മദാബാദ് ഒരു പുരാതനനഗരമാണു്. ഭാവനയെ ഉദ്ദീപിപ്പിക്കുന്ന പല മനോഹരരംഗങ്ങളും അവിടെക്കാണാം. കൽക്കത്താ ഒരു ആധുനികനഗരമാണു്. കച്ചവടപ്രാധാന്യമേ അതിനുള്ളു. എന്നാൽ ഒരു കവിയുടെ വാസനയെ തളിർപ്പിക്കുന്ന യാതൊന്നും അവിടെ ഇല്ല. ഭാരതത്തിലെ കഴിഞ്ഞ തലമുറകളിൽ തത്തിക്കളിച്ചു നിൽക്കുന്ന വികാരഭത്തുരമായ സംഭവബഹുലതകളും അവയിൽ ഓരോന്നിലും ലയിച്ചുകിടക്കുന്ന ഒരായിരം സ്മരണകളും രവിയുടെ ഹൃദയത്തിൽ ഉദിച്ചുയരുന്നു് അലതല്ലുവാൻ അഹമ്മദാബാദ് തികച്ചും പര്യാപ്തംതന്നെ. മുഗൾസമ്രാട്ടുകളുടെ പ്രാചീനമന്ദിരങ്ങൾ എന്തെന്തുചിന്തകളെയാണു് രവിയിൽ അങ്കുരിപ്പിച്ചതു്. മുഗൾവംശചരിത്രത്തിൻെറ സൗന്ദര്യപൂജയും വിജയസമൃദ്ധിയും ആണു് ആ മഹനീയരംഗങ്ങളിൽ അദ്ദേഹം ദർശിച്ചതു്. മുഗൾവംശശ്രീയുടെ നൃത്തകേളിയിൽ അനവരതം മാറെറാലിക്കൊണ്ടിരുന്ന അന്തഃപുരങ്ങളുടെ വിഭ്രതിവൈശിഷ്ട്യത്തെയാണു് അഹമ്മദാബാദിൽ അവിടവിടെക്കണ്ട രമ്യഹർമ്മ്യങ്ങൾ മൂകമായി വ്യാഖ്യാനിച്ചതു്. സൌന്ദര്യധാമങ്ങളായിരുന്ന മുഗൾരാജകുമാരിമാരുടെ നർമ്മാലാപങ്ങൾക്കു ദൃക്സാക്ഷ്യംവഹിച്ചിരുന്ന മണിസൗധങ്ങളാണു് അവിടെക്കണ്ടതു്. അവരുടെ പ്രണയമസൃണങ്ങളായ മൃദുഭാഷണങ്ങൾ, അവരുടെ ലജ്ജാവിഷ്ടമമായ മുഖാരവിന്ദങ്ങൾ, മദനവൈജയന്തികളായിരുന്ന ആ മൃദപംഗീമണികളുടെ കടാക്ഷവീക്ഷണങ്ങൾ, ഇവയെല്ലാം നിത്യസാക്ഷികളായിരുന്ന മോഹനപ്രാസാദങ്ങളാണു വാസനാസമ്പന്നനായ ആ യുവകവിക്കു് അഹമ്മദാബാദിൽ കാണാൻകഴിഞ്ഞതു്.

സത്യേന്ദ്രന്റെ ആഫീസ് കെട്ടിടംതന്നെയും പ്രാചീനമായ ഒരു മുഗൾകൊട്ടാരത്തിലാണു് സ്ഥാപിച്ചിരുന്നതു്. അതിലെ രാജകീയമായസഭാവേദികളും വിസ്തൃതങ്ങളായ നാടകശാലകളും രവീന്ദ്രന്റെ ഭാവനയെ ഉത്തേജിപ്പിച്ചു. അത്ഭുതകരമായ ആ പ്രാസാദത്തിൽ ചിന്തകൾ ചിതറുന്ന ഹൃദയത്തോടെ രവി ദിവസങ്ങൾ നയിച്ചു. പരിസരങ്ങളിലെ പച്ചപ്പരവതാനി വിരിച്ചപുൽത്തകിടിയും മനോജ്ഞമായ മലർവാടികകളും ധാരാവാഹിയന്ത്രങ്ങൾ നിലകൊണ്ടിരുന്ന നിർദ്ദിഷ്ടസങ്കേതങ്ങളും, അഹോ! അതിൽ വിഹരിച്ചിരുന്ന കളഹംസികളുടെ തിരോധാനത്തിൽ കരൾകലങ്ങി കേഴുക ആയിരിക്കുമോ. "Scepter and crown must tumble down." അതായിരുന്നു ടാഗോറിന്റെ സമാധാനം. അഹമ്മദാബാദിലെ രംഗങ്ങൾ രവീന്ദ്രന്റെ ഹൃദയത്തിൽ സുസ്പഷ്ടമായി പതിഞ്ഞതിന്റെ ഫലമാണു് പില്ക്കാലങ്ങളിൽ അദ്ദേഹം രചിച്ച ഹൃദയാകർഷകമായ Hungry "Stons" എന്ന ആഖ്യാനം. ടാഗോർ അഹമ്മദാബാദിൽ താമസിച്ചിരുന്നതിന സമീപമാണു് മഹാത്മാഗാന്ധിയുടെവിശ്വവിഖ്യാതമായ സബർമതി. ടാഗോർ ഒരിക്കൽ അവിടെ താമസിക്കേണ്ടതായിവന്നു. അന്നു തന്റെ വാസനയെ തെളിപ്പിച്ച അഹമ്മദാബാദു് പോയി കാണുവാൻ അദ്ദേഹം വളരെ നിഷ്കർഷിച്ചു.

അഹമ്മദാബാദിൽനിന്നും രവീന്ദ്രനാഥൻ ബാംബയിലേക്കു പോയി. ഇംഗ്ലീഷ് നല്ലതുപോലെ പരിശീലിക്കുവാൻ ബാംബെവാസം ആദ്ദേഹത്തെ സഹായിച്ചു. 1878 സെപ്തംബർമാസത്തിൽ രവീന്ദ്രൻ സഹോദരനൊന്നിച്ചു് ഇംഗ്ലണ്ടിലേക്കു കപ്പൽ കയറി. സഹോദരഭാര്യയോടും കുട്ടികളോടുമൊന്നിച്ചു് അദ്ദേഹം ഇംഗ്ലണ്ടിൽ താമസിച്ചു. ഈ സമയം അദ്ദേഹം ഒരു ഇംഗ്ലീഷ്സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നു. ഇംഗ്ലീഷുകാരായ കുട്ടികൾ മാത്രമേ

അവിടെ പഠിച്ചിരുന്നുള്ളു. ഇൻഡ്യൻ വിദ്യാർത്ഥിയായ രവി ഇംഗ്ലീഷുകുട്ടികൾക്കു് ഒരു അതിശയകരമായ കാഴ്ചയായിത്തീൎന്നു. അവർ സങ്കോചത്തോടുകൂടി മന്ദം മന്ദം രവിയെ സമീപിക്കും ഒരു ആറഞ്ചോ, കുറെ മിഠായിയോ അയാളുടെ കീശയിൽ ചെലുത്തിയിട്ടു് അവർ ഓടിക്കളയും. കുറച്ചുനാൾ കഴിഞ്ഞു് ലണ്ടൻ സൎവ്വകലാശാലയുടെ ഇംഗ്ലീഷ്സാഹിത്യക്ലാസ്സുകളിൽ രവി ഹാജരായിക്കൊണ്ടിരുന്നു. ഈ അവസരത്തിൽ 'സ്കാട്ടു്' എന്ന ഒരു ഇംഗ്ലീഷ്കുടുംബത്തിലാണു് അദ്ദേഹം താമസിച്ചതു്. മിസിസ്സ് 'സ്കാട്ടു്' അമ്മയെപ്പോലെ രവിയെ ഓമനിച്ചുവന്നു. അദ്ദേഹത്തിന്റെ പഠിത്തത്തിൽ സ്കാട്ടുകുടുംബക്കാർ വളരെ ശ്രദ്ധിച്ചു. അവിടുത്തെ യുവാക്കന്മാരൊന്നിച്ചു രവി സായാഹ്നസമയങ്ങളിൽ പ്രസിദ്ധന്മാരായ ആംഗലസാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങൾ പതിവായി വായിച്ചിരുന്നു. ഇംഗ്ലീഷ്ഭാഷയെപ്പററി ആവശ്യമായ എല്ലാ അറിവും അവിടെവച്ചു് ടാഗോർ സമ്പാദിച്ചു. ഒന്നരവൎഷം രവീന്ദ്രൻ ഇംഗ്ലണ്ടിൽ താമസിക്കുകയുണ്ടായി. എന്നാൽ ഏതെങ്കിലും സ്കൂളിലോ സൎവ്വകലാശാലയിലോ അനുക്രമമായി ഹാജരാകുവാനും ഒരു സൎട്ടിഫിക്കററു സമ്പാദിക്കുവാനും രവി ഉത്സാഹിച്ചില്ല. അദ്ദേഹത്തിനു് അനവധി ഇംഗ്ലീഷുകാരായ സ്നേഹിതന്മാർ ഉണ്ടായിരുന്നു. അവരെയെല്ലാം മരണംവരെ അദ്ദേഹം മറന്നിട്ടില്ല. അവരെപ്പററി സ്നേഹപുരസ്സരം രവീന്ദ്രൻ സംസാരിച്ചിരുന്നു. ടാഗോർ ഇംഗ്ലണ്ടിനെപ്പററി മനസ്സിലാക്കിയതു പുസ്തകങ്ങൾമൂലമല്ല. ഇംഗ്ലീഷുകാരുമായി അടുത്തുള്ള പരിചയംകൊണ്ടാണു്. രവീന്ദ്രനാഥടാഗോർ ഇൻഡ്യയിൽ തിരിച്ചെത്തി. എന്നാൽ നിയമപഠനത്തിനു് അദ്ദേഹത്തെ വീണ്ടും ഇംഗ്ലണ്ടിലയയ്ക്കാൻ തീരുമാനമുണ്ടായി. ഒരുകൊല്ലത്തിനുശേഷം രവീന്ദ്രൻ സ്യാലനൊന്നിച്ചു കല്ക്കത്തായിൽനിന്നും കപ്പൽ കയറി. എന്നാൽ ഉടനെതന്നെ സ്യാലൻ ദീനശയ്യയെ അവലംബിക്കേണ്ടി

വന്നു. അതുകൊണ്ടു് രണ്ടുപേരും മദ്രാസിൽ ഇറങ്ങി തിരിച്ചുപോയി. ഇതിനുശേഷം നിയമപഠനത്തെപ്പററിയുള്ള ആലോചനയേ ഉണ്ടായില്ല. അന്നു് രവിക്കു ഇരുപതു വയസ്സു പ്രായമുണ്ടായിരുന്നു. കിഴക്കൻ ബംഗാളിലുണ്ടായിരുന്ന 'എസ്റ്റേററു'കളുടെ ഭരണം രവിയിൽ നിക്ഷിപ്തമായി.

ഈ ഉദ്യോഗം കൈയേല്ക്കുന്നതിനു മുമ്പു് കല്ക്കട്ടായിൽവച്ചുതന്നെ രവീന്ദ്രനാഥൻ സാഹിത്യപരമായി കുറെനാഠം സമയംനയിച്ചു. 'വാല്മീകിപ്രതിഭ' എന്നൊരുസംഗീതനാടകം അദ്ദേഹം രചിച്ചു. വാല്മീകി, രാമായണകർത്താവായതു് എങ്ങനെയെന്നു് ഈ നാടകത്തിൽ ഭംഗിയായിപ്രതിപാദിക്കുന്നു. വാല്മീകി, കാളിയെ ആരാധിച്ചുവന്ന ഒരു തസ്കരസംഘത്തിൻെറ നേതാവായിരുന്നു. ഒരു ദിവസം വാല്മീകിയുടെ അനുയായികഠം വനത്തിൽവച്ചു് ഒരു യുവതിയെ പിടികൂടി. കാളിക്കു ബലികൊടുക്കുവാനായി അവളെ തസ്കരന്മാർ നായകനായ വാല്മീകിയുടെ സമീപം കൊണ്ടുവന്നു. വാല്മീകിക്കു് അവളുടെ അവസ്ഥയിൽ അൻതാപമുണ്ടായി അവളെ വിട്ടയച്ചു. അനന്തരം അയാഠം അസ്വസ്ഥമാനസനായി വനാന്തരത്തിൽ അലഞ്ഞുനടക്കുമ്പോഠം അയാളുടെ രണ്ടു് അനുചരന്മാർ ഒരു പക്ഷിയെ കൊല്ലുന്നതു കണ്ടു. അയാഠം ഒരിക്കൽക്കൂടി ദയാപരവശനാകുന്നു. ഉടൻ, അയാഠം അറിയാതെതന്നെ രണ്ടു പദ്യങ്ങഠം ഉച്ചരിച്ചുപോകുന്നു. ഈ പദ്യങ്ങളുടെ ഭംഗി അയാളെ അത്ഭുതാധീനനാക്കി. ഈ അവസരത്തിൽ സരസ്വതി അവിടെ പ്രത്യക്ഷപ്പെട്ടു് അയാളെ അനുഗ്രഹിക്കയും തൻെറ കൈയിൽ ഇരുന്ന വീണ വാല്മീകിയ്ക്കു കൊടുക്കുകയുംചെയ്തു. വാല്മീകിയുടെ അനുചരന്മാർ ബന്ധിച്ചുകൊണ്ടുവന്ന യുവതി താൻതന്നെആയിരുന്നുവെന്നും അദ്ദേഹത്തിൽ ലീനമായിരുന്ന കവിതാവാസനയെ പോഷിപ്പിക്കുവാൻവേണ്ടി അങ്ങനെ ചെയ്തതാണെന്നും സരസ്വതി

വാല്മീകിയെ അറിയിച്ചു. ഇതാണ് 'വാല്മീകിപ്രതിഭ' യിലെ പ്രതിപാദനവസ്തു. സജീവമായ രംഗങ്ങളോടുകൂടി വിനോദപ്രചുരമായി നിർമ്മിച്ചിരിക്കുന്ന ഈ നാടകം വളരെ തന്മയത്വമേറിയതാണ്. ഇംഗ്ലണ്ടിലും അയർലണ്ടിലുമുള്ള സംഗീതരീതിയെ അനുകരിച്ച് എഴുതിയിട്ടുള്ള ഇതിലെ സൂക്തങ്ങൾ ശ്രുതിമധുരങ്ങളും ആശയപൗഷ്കല്യങ്ങളുമാണ്. ടാഗോറിന്റെ നവീനരീതിയിലുള്ള ഗാനങ്ങൾ ബംഗാളിഭാഷയ്ക്ക് ഒരു പ്രത്യേകമായ പ്രസ്ഥാനത്തെത്തന്നെ ഉല്പാദിപ്പിച്ചിട്ടുണ്ട്.

ജ്യോതീന്ദ്രനും ഭാര്യയും ഇതിനകം 'ചന്ദ്രനാഗോ'റിലേക്ക താമസം മാററിയിരുന്നു. ചന്ദ്രനാഗോർ കല്ക്കട്ടായിൽനിന്നും ഏതാനും മൈൽ അകലെയായി ഗംഗാതീരത്തുള്ള ഒരു ചെറിയ പട്ടണമാണ്. രവീന്ദ്രനും ജ്യേഷ്ഠനൊന്നിച്ചു താമസിക്കാൻപോയി. ചന്ദ്രനാഗോർ ഒരു മനോഹരമായ ഭൂഭാഗമാണ്. പ്രകൃതിസുന്ദരമായ പ്രദേശങ്ങൾ ടാഗോറിനു ആനന്ദപ്രദമായ വാസസ്ഥലങ്ങൾ ആണല്ലോ. പകൽ മുഴുവൻ രവീന്ദ്രൻ ഗംഗാതീരത്തു കഴിച്ചുകൂട്ടും: സായംകാലമായാൽ, സാന്ധ്യപയോധരങ്ങളുടെ മാറി മാറി വരുന്ന വർണ്ണഭംഗി അദ്ദേഹത്തിൽ വിഭിന്നമായ ചിന്താസുഭഗതയെ ഉത്പാദിപ്പിച്ചുകൊണ്ടിരിക്കും. രാത്രിയിൽ ഗംഗയിലെ ചെറുതരംഗങ്ങളിൽ പ്രതിഫലിച്ചുകാണുന്ന അനവധിസഹസ്രം ജ്യോതിസ്സുകളെ അതിഗഹനവും അപ്രാപ്യവുമായ തത്വരത്നങ്ങളായി രവീന്ദ്രൻ വീക്ഷിക്കും. പ്രഭാതസൂര്യന്റെ കനകപ്രഭ വിതറുന്ന കിരണകന്ദളങ്ങൾ വൃക്ഷരാജികളിൽ ചെഞ്ചായമുതേയ്ക്കുമ്പോൾ ആ യുവകവി ആഹ്ലാദംകൊണ്ടു മതിമറന്നുപോകും. സുരഭിലങ്ങളായ കുസുമസഞ്ചയങ്ങളിൽ മുരണ്ടുമണ്ടി ഝങ്കാരമൂതുന്ന മധുപങ്ങളുടെ ഗാനമാധുരി, രവിഹൃദയത്തെ അമൃതധാരയാൽ അഭിഷേകംചെയ്യും. സുകുമാരങ്ങളായ അന്ന

വധി ഗാനങ്ങളും മററു പദ്യകൃതികളും ഇവിടെവച്ചു രചിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. 'സായാഹ്നഗീതം' എന്ന കാവ്യം ഇങ്ങനെ ഉണ്ടായിട്ടുള്ളതാണ്. ഇതാണ് രവീന്ദ്രൻെറ പേരിനെ വിപുലമാക്കിയതു്. ആയിടയിൽ സുപ്രസിദ്ധനായ ബങ്കിംചന്ദ്രൻ ഒരു വിവാഹത്തിനു ക്ഷണിക്കപ്പെട്ടു. ആതിഥേയൻ ബഹുമാന്യനായ അതിഥിയെ പുഷ്പഹാരം അണിയിച്ചു സ്വീകരിച്ചു. ടാഗോറും ക്ഷണിക്കപ്പെട്ടതനുസരിച്ച് അവിടെ സന്നിഹിതനായി. ബങ്കിംചന്ദ്രൻ ഉടൻതന്നെ ആ മാലയെടുത്തു് ടാഗോറിനെ അണിയിക്കുകയും സുഗന്ധലേപനംകൊണ്ടു് അദ്ദേഹത്തെ പൂജിക്കയുംചെയ്തു. ബങ്കിംചന്ദ്രചാററർജി ആതിഥേയനോടു പറഞ്ഞു:—"സ്നേഹിതാ, വാസ്തവത്തിൽ ടാഗോറാണ് ഈ ബഹുമതി അർഹിക്കുന്നതു്. നിങ്ങൾ അദ്ദേഹത്തിൻെറ 'സായാഹ്നഗീതം' വായിച്ചിട്ടില്ലേ!"

1882-ൽ രവീന്ദ്രനു് ഇരുപത്തൊന്നുവയസ്സു തികഞ്ഞു. അദ്ദേഹത്തിൻെറ പ്രകൃതത്തിന് ആകപ്പാടെ മാററമുണ്ടായി. അന്നു് രവീന്ദ്രൻ കൽക്കത്തായിലെ 'സഡർ' തെരുവിൽ താമസിച്ചിരുന്നു. അദ്ദേഹത്തിൻെറ വസതി കാഴ്ചബംഗ്ലാവിൻ സമീപം ആയിരുന്നു. സഡർ തെരുവു് കിഴക്കുനിന്നും പടിഞ്ഞാറോട്ടു നീണ്ടുകിടക്കുന്നു. കിഴക്കു ഭാഗത്തു വൃക്ഷങ്ങൾ നിബിഡമായി വളർന്നുനില്ക്കുന്നുണ്ടു്. ഒരു ദിവസം രാവിലെ ഏഴരമണിയോടു് വരാന്തയിൽ നിന്നുകൊണ്ടു് രവി ഉദയസൂര്യനെ നോക്കുകയായിരുന്നു. ഭാനുമാൻ മന്ദം ആകാശത്തേക്കുയർന്നു. നിബിഡീകൃതമായ വൃക്ഷശാഖകൾക്കിടയിൽ മനോജ്ഞവും അഭൗമവുമായ ഒരു കോകനദച്ഛവി ചിതറിപ്പരന്നു മുൻപൊരിക്കലും ദർശിക്കാത്ത അതിദിവ്യമായ ഒരു സുഷമാപ്രവാഹം അദ്ദേഹത്തെ ലാക്കാക്കി കുതികൊള്ളുന്നതുപോലെ രവീന്ദ്രനു തോന്നി. സൗന്ദര്യതരംഗങ്ങൾ ചുററിലും അലതല്ലുന്നതും ആഹ്ലാദപടലം

അന്തരീക്ഷത്തിൽ തിങ്ങിക്കൂട്ടുന്നതും അദ്ദേഹം കണ്ടു. അതിദിവ്യമായ ഈ ദർശനം അദ്ദേഹത്തിൻെറ മാനസികഭ്രമം ആയിരുന്നുവോ! മഹാകവികൾക്കു പലപ്പോഴും ഇത്തരം ദർശനങ്ങൾ ഉണ്ടായിട്ടുണ്ടു്. 'കാളറിഡ്ജു്' എന്ന ആംഗ്ലേയകവിയുടെ 'കുബ്ളാഖാൻ' ഇത്തരം ഒരു ദർശനത്തിൽ നിന്നും സംജാതമായ മനോജ്ഞകവനമാണെന്നു് സഹൃദയന്മാക്കു് അറിയാം. സച്ചിന്തകൾക്കും സദാചാരങ്ങൾക്കും വിളനിലമായ ഒരു വിശാലഹൃദയത്തിൻെറ സിദ്ധിയാണു് മഹാകവികളിൽ കാണുന്നതു്. ഹൃദയംതന്നെയും അനുഗ്രഹമായ ശക്തിവിശേഷങ്ങളുടെ പ്രേരകരംഗമാണു്. ശാസ്ത്രത്തിൻെറ യുക്തിക്കും ബുദ്ധിക്കും അതീതമായ പലതും അതിലുണ്ടു്. ആ സ്ഥിതിക്കു് വിശ്വമഹാകവിയായിത്തീന്ന ടാഗോറിൻെറ ദർശനം കേവലം ഭ്രമമെന്നു വിധിക്കേണ്ട ആവശ്യം ഇല്ല. അതുവരെ പ്രപഞ്ചസൗകുമാര്യത്തെ മാംസചക്ഷുസ്സുകൾകൊണ്ടുമാത്രം അനുഭവിച്ചിരുന്ന ആ യുവകവിക്കു് ആത്മചക്ഷുസ്സുകൾ തെളിഞ്ഞു പ്രകാശിച്ചു. ശാശ്വതമായ ആനന്ദം പ്രകൃതിയിലെ വികൃതരംഗങ്ങളിൽപോലും അദ്ദേഹം വ്യക്തമായി കണ്ടു. രണ്ടു ബാലസ്നേഹിതന്മാർ കൈ കോത്തുപിടിച്ചു്, കളിച്ചും ചിരിച്ചും തെരുവിൽക്കൂടി കടന്നുപോയി. അനന്തമായ ആനന്ദത്തിൻെറ രണ്ടു സുന്ദരഘടകങ്ങളാണവർ. ഒരു പശു അതിൻെറ കുട്ടിയുമായി അതിലേ അലസമായി സഞ്ചരിച്ചു. അനന്തമായ ആനന്ദത്തിൻെറ രണ്ടു ഘടകങ്ങളുടെ ഐക്യം, അതാണു് അവയിൽ കണ്ടതു്. ഒരു അമ്മ കുഞ്ഞിനെ മാറോടുചേത്തു് താലോലിച്ചും ചുംബിച്ചും കടന്നുപോയി. ആ അമ്മയുടെ ആനന്ദത്തിനു് ശിശുവിൻെറ കളകളശബ്ദം പ്രതിസന്ദേശമരുളി. അതും ശാശ്വതമായ ആനന്ദത്തിൽനിന്നും പൊട്ടിച്ചുപൊങ്ങിയ മറെറാരു ഘടകംതന്നെ. ലോകത്തു് അതിൻെറ പ്രത്യേകസന്ദേശം അറിയിക്കാത്തതായി ഒന്നുംതന്നെ ഇല്ല. എല്ലാ വസ്തു

വിനും വിഭിന്നമായ ഓരോസന്ദേശം, ഏകലക്ഷ്യത്തിലേക്കു പ്രയാണംചെയ്യുന്ന ഓരോ സന്ദേശം പ്രവചിക്കാനുണ്ടു്. ജീവിതയാഥാത്ഥ്യത്തെ തെളിച്ചുകാട്ടുന്ന, പ്രകൃതിയുടെ നശ്വരഭാവത്തെ നഗ്നഭാഷണംചെയ്യുന്ന ഒരു മഹാദശം— ഏതിലും ഒളിഞ്ഞുകിടപ്പുണ്ടു്. ഈ അസാധാരണമായ അനുഭവം അന്നുതന്നെ ഒരു കവിതയ്ക്കു വിഷയമായി. അദ്ദേഹത്തിനു് അത്ഭുതദശനം നൽകിയ ആ കവിതയ്ക്കു് 'വാസനാദശനം' എന്നാണു പേർ.

അടുത്ത വഷം രവി പശ്ചിമതീരത്തുള്ള 'കാർവാർ' എന്നസ്ഥലത്തു് സ്വച്ഛന്ദനമായി താമസംതുടങ്ങി. വിസ്തീണ്ണമായ ജലരാശിയും അതിൽ അനവരതംആത്തുമറിയുന്ന തിരമാലകളും അദ്ദേഹത്തിനു് ഒരു നവോന്മേഷമുണ്ടാക്കി. അവിടെ അദ്ദേഹം സദാ എഴുത്തിൽജാഗരൂകനായി കാണപ്പെട്ടു. വിശ്രമാവസരങ്ങളിൽ കടൽപ്പുറത്തെ മണൽപരപ്പിൽ ഏകാന്തവിഹാരം നടത്തുക രവിയുടെ പതിവായിരുന്നു. നല്ല ചന്ദ്രികയുള്ള രാത്രികളിൽ ആകാശത്തുനിന്നും പ്രഭാപൂരം ചൊരിയുന്ന അമൃതകിരണനെ നോക്കിക്കൊണ്ടു കടൽതീരത്തുള്ള മണൽപ്പുറത്തു കിടക്കുന്നതു് ടാഗോറിൻെറ ആനന്ദപൂണ്ണമായ ജോലിയായിരുന്നു. കാർവാറിലെ താമസക്കാലത്തു് എഴുതിയ ഏററവും ഹൃദ്യമായ കാവ്യം 'പ്രകൃതിയുടെ പ്രതികാരം' (Natur's Revenge) എന്ന നാടകമാണു്. അതു് ഏതാനുംനാൾ കഴിഞ്ഞു് അദ്ദേഹം ഇംഗ്ലീഷിലേക്കു് പരിഭാഷപ്പെടുത്തി. സുഹൃത്സ്നേഹവും, പ്രകൃതിസൌന്ദര്യവും സത്യപ്രേമികൾക്കു പ്രതിബന്ധമല്ല എന്ന തത്വമാണു് ഇതിൽ ഭാവനംചെയ്തിരിക്കുന്നതു്. സ്നേഹവും സൌന്ദര്യവും പ്രകൃതിയിൽ അന്തർലീനമായ സത്യത്തെ പ്രവചിക്കുന്ന ഭാഷാസരണിയാണെന്നാണു് ഈ കാവ്യത്തിൽ സ്പഷ്ടമായി തെളിയിക്കുന്നതു്.

'സന്ന്യാസി' എന്നപേരിലാണു് ഈ നാടകം ഇംഗ്ലീഷിൽ തജ്ജമചെയ്തിട്ടുള്ളതു്. ഇതിൻെറ ഒന്നാമത്തെരം

ഗത്തിൽ 'സന്ന്യാസി' സകലവിധമായ ലോകബന്ധത്തിൽ നിന്നും നിവൃത്തനായിരിക്കുന്നു. രണ്ടാമത്തെ രംഗത്തിൽ അദ്ദേഹം ഒരു വഴിയരികിൽ പ്രത്യക്ഷമാകുന്നു. നിസ്സഹായയും ഏകാകിനിയുമായ 'വാസന്തി'എന്നബാലിക അവിടെ വന്നുചേരുകയും അവളുടെ അശരണാവസ്ഥയിൽ സന്ന്യാസി ദയാപരവശനാവുകയുംചെയ്യുന്നു. എന്നാൽ താൻ വീണ്ടും ലൗകികബന്ധത്തിൽ കുടുങ്ങിപ്പോകുമെന്നു ഭയന്നു് സന്ന്യാസി വാസന്തിയെ ഉപേക്ഷിച്ചുപോകുന്നു. മൂന്നാമത്തെ രംഗത്തിൽ പ്രകൃതിയുടെ മടിത്തട്ടിൽ വിശ്രമിക്കുന്ന ഒരു മഹാസിദ്ധനായി ഒരു പർവതശൃംഗത്തിൽ അദ്ദേഹം പ്രത്യക്ഷപ്പെടുന്നു. വാസന്തി സന്ന്യാസിയെതേടി അവശയായി അദ്ദേഹത്തെ കണ്ടെത്തുന്നു. 'അച്ഛാ' എന്നു് ഗൽഗദകണ്ഠയായി അദ്ദേഹത്തെ അഭിസംബോധനംചെയ്യുമ്പോഴേക്കും അവൾ ബോധശൂന്യയായി സന്ന്യാസിയുടെ പാദങ്ങളിൽ വീഴുന്നു. അവസാനം ഏകാന്തമായ സന്ന്യാസജീവിതം വെടിഞ്ഞു് വാസന്തിയുടെ വത്സലപിതാവായി അദ്ദേഹം ഒരു ഗ്രാമത്തിൽ സ്ഥിതിചെയ്യുന്നു. അവശരായ ഗ്രാമീണരുടെ ഉദ്ധാരണം മോക്ഷസാധനമായി അദ്ദേഹം കരുതുന്നു. ഇതാണു് സന്ന്യാസി എന്ന നാടകത്തിലെ ആകർഷണീയങ്ങളായ രംഗങ്ങൾ.

1883—അവസാനത്തിൽ രവീന്ദ്രനാഥടാഗോർ മൃണാളിനീദേവിയെ വിവാഹംകഴിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ രവീന്ദ്രനു് ഒരു വലിയ വ്യഥയുണ്ടായി. ജ്യോതിയുടെ ധർമ്മപത്നി പരലോകം പ്രാപിച്ചു. സ്നേഹമയിയായ ആ മഹതിയുടെ മരണം രവിക്കു് മർമ്മഭേദകമായിത്തോന്നി. മാതാവിന്റെ മരണശേഷം അദ്ദേഹത്തെ വാത്സല്യപൂർവം കരുതിയിരുന്നതു് സഹോദരഭാര്യ ആയിരുന്നു. വിവാഹത്തോടുകൂടി രവിയുടെ ജീവിതദശ ഒരു നൂതനഘട്ടത്തിലേക്കു സംക്രമിച്ചു.

## അദ്ധ്യായം 5.

---

### "സോനാർ ബംഗ്ലാ'

വിവാഹശേഷം പതിനഞ്ചുവർഷം രവീന്ദ്രനാഥടാഗോർ ബംഗാളിൽതന്നെ താമസിച്ചു. 1884-നും 1899-നും ഇടയ്ക്ക് അദ്ദേഹം ഒരു തവണ യൂറോപ്പു സന്ദർശിച്ചു. മൂന്നുമാസത്തിനകം ഇൻഡ്യയിൽ തിരിച്ചുവന്നു. ഈ പതിനഞ്ചുവർഷത്തിനകം ടാഗോറിനു് മൂന്നു പുത്രിമാരും രണ്ടുപുത്രന്മാരും ഉണ്ടായി. ഒരു സംതൃപ്തകുടുംബത്തിൻെറ സുഖം എല്ലാത്തരത്തിലും അദ്ദേഹത്തിനു ലഭ്യമായി. ഇതിനിടയിൽ ഒട്ടനവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. സത്യേന്ദ്രനാഥൻെറ ഭാര്യ 'ബാലൻ' എന്നൊരു മാസിക പുറപ്പെടുവിച്ചിരുന്നു. കുട്ടികളുടെ താല്പര്യത്തെ ലാക്കാക്കി പ്രസിദ്ധീകരിച്ചിരുന്ന ഈ മാസികയിൽ രവീന്ദ്രൻെറ കഥകളും കവനങ്ങളും ധാരാളം ഉണ്ടായിരുന്നു. 'ഭാരതി'യും മുടങ്ങാതെ നടന്നുവന്നു. സമയംകഴിയുംതോറും രവിയുടെ യശസ്സും വർദ്ധിച്ചുകൊണ്ടിരുന്നു. രവീന്ദ്രൻെറ കഥകളും കവിതകളും ജനങ്ങൾ ശ്രദ്ധിക്കുവാൻ തുടങ്ങി. പല പൊതുസംരംഭങ്ങളിലും അദ്ദേഹം ഊർജ്ജിതമായി പങ്കെടുത്തു. പൊതുസമ്മതം സിദ്ധിച്ചില്ലെങ്കിലും ന്യായവും നീതിയും ശരിയായി നിറവേററുവാൻ അദ്ദേഹം സധൈര്യം പണി എടുത്തുവന്നു. ഏതു 'കുബേരൻെറയും അനീതിയെ പ്രത്യക്ഷമായി എതിർക്കുവാൻ രവീന്ദ്രൻ മടിച്ചില്ല.

ദേവേന്ദ്രനാഥമഹർഷി ബ്രഹ്മസമാജസ്ഥാപകന്മാരിൽ ഒരാളും അതിൻെറ നേതാവും ആയിരുന്നു. ഈ മഹത്തായ മതസംഘടന ഏക ദൈവസിദ്ധാന്തത്തെയാണു കൈക്കൊ

ണ്ടത്രു്. അവർ വിഗ്രഹാരാധനയ്ക്കു സ്ഥാനം നൽകിയിട്ടില്ല. രവീന്ദ്രൻെറകാലത്തു് ബ്രഹ്മസമാജം മൂന്നു് അവാന്തരവിഭാഗങ്ങളായി പിരിഞ്ഞിരുന്നു. ഇതിൽ ആദിബ്രഹ്മസമാജമാണു് ടാഗോർകുടുംബക്കാർ സ്വീകരിച്ചിരുന്നതു്. രവീന്ദ്രൻ അതിൻെറ സെക്രട്ടറിയായി. അതിൻെറ ആവശ്യത്തിനായി അദ്ദേഹം അനവധി സ്തോത്രങ്ങൾ രചിച്ചു. ഒട്ടുവളരെ പ്രസംഗങ്ങൾ ചെയ്തു. അദ്ദേഹത്തിൻെറ പ്രസംഗം സദസ്യരിൽ രൂഢമൂലമായ വിശ്വാസമുണ്ടാക്കി. കുറേക്കഴിഞ്ഞു് അദ്ദേഹം സമാജത്തിൽനിന്നും വിട്ടുമാറി. ജ്ഞാൻ പാകമായ ഒരു വിത്തായി. സമയമാകുമ്പോൾ അതു് തായ്മരത്തിൽനിന്നും അടന്നുവീഴും. ഒരു നവമായ ജീവാംകുരം അതിൽനിന്നും ഉല്പന്നമാകണം. ഒരു സ്വതന്ത്രവൃക്ഷമായി അതിനു വളരണം. ഇവയായിരുന്നു സമാജത്തിൽനിന്നും മാറിയപ്പോൾ അദ്ദേഹം പറഞ്ഞ വാക്കുകൾ. യഥാർത്ഥസത്യപ്രേമികൾ ഒരു പ്രത്യേകസംഘടനയുടെ ഇടുങ്ങിയ പരിധിയ്ക്കുള്ളിൽ മുട്ടിത്തിരിഞ്ഞാൽപോരാ. മനുഷ്യരാശി എന്ന മഹാസമുദായം ജീവകാരുണ്യത്തിൻെറ തണലിൽ സ്വച്ഛന്ദം സുഖിക്കുന്ന ഒരേഒരു സംഘടനയായി വളരണം. അതാണു് ദൈവനിശ്ചയം. പ്രത്യേകംപ്രത്യേകമായ മതസംഘടന മനുഷ്യനെ യോജിപ്പിക്കുന്നില്ല. പ്രത്യുത ഭിന്നിപ്പിക്കുകയാണു ചെയ്യുന്നതു്. അതുകൊണ്ടു് മതസംഘടനകൾക്കോ സമുദായസംഘടനകൾക്കോ ടാഗോർ വിലനല്കിയിട്ടില്ല. അദ്ദേഹം ഒരിക്കലും ഒരു മതത്തെതാങ്ങി സംസാരിച്ചിട്ടില്ല. 'മനുഷ്യമതം' എന്ന മഹാവിഭാഗത്തിൽ മാത്രമേ മനുഷ്യൻെറ വിജ്ഞാനസമ്പത്തു ദൃശ്യമാകുന്നുള്ളു. വിഭിന്നമതങ്ങൾ മനുഷ്യൻെറ ഹൃദയശുഷ്കതയെ കാണിക്കുന്നു. അജ്ഞതയെ പുലർത്തുന്ന മനുഷ്യൻ വിവേകസമ്പന്നനാണെങ്കിൽ അഭിപ്രായവ്യത്യാസമോ സമുദായഭിന്നതയോ എന്തിനു്! മനുഷ്യൻെറ ജീവിതാവശ്യങ്ങൾക്കും രസാസ്വാദനത്തിനും വ്യത്യാസമില്ല.

പിന്നെന്തിനാണ് അവർ വേറെവേറെ വിട്ടുനില്ക്കുന്നതു്?

പത്തൊൻപതാം നൂററാണ്ടിൽ ബ്രഹ്മസമാജക്കാർ ഹിന്ദുമതത്തെ സ്വതന്ത്രമായി വിമർശിച്ചുവന്നു. ഹിന്ദുക്കളുടെ ചില ആചാരങ്ങൾ നിശ്ശേഷം ബഹിഷ്കരിക്കണമെന്നു് അവർ അഭിപ്രായപ്പെട്ടു. കാലത്തിൻെറ അന്തരാളത്തിൽ സംഭവിച്ച അപചാരങ്ങൾ മതാദർശത്തിൻെറ മാനദണ്ഡമാണെന്നു വിശ്വസിക്കുന്ന യാഥാസ്ഥിതികന്മാർ അന്നു വളരെ ഉണ്ടായിരുന്നു. നല്ലതെന്നുതോന്നുന്ന സകലതും ഏതുമതക്കാരുടേതോ രാജ്യക്കാരുടേതോ ആയാലും അവ സ്വീകാര്യങ്ങളാണെന്നു് ബ്രഹ്മസമാജക്കാർ വിധിച്ചു. യാഥാസ്ഥിതികരായ ഹിന്ദുക്കൾക്കു് അമർഷംകൊണ്ടു. ബ്രഹ്മസമാജക്കാരുടെ ഈ പരിഷ്കാരങ്ങൾ ഹിന്ദുക്കളുടെ പവിത്രതയിൽ പാഴ്കത്തി താഴ്ത്തുമെന്നു് അവർ പരിഭ്രമിച്ചു. ബ്രഹ്മസമാജക്കാൎക്കു് വലിയ എതിരുണ്ടായി. ഹിന്ദുമതം സംപൂർണ്ണവും അതിൻെറ തത്വങ്ങൾ അസ്പൃശ്യങ്ങളുമാണെന്നു് ഹിന്ദുക്കൾ വിശ്വസിച്ചിരുന്നു. ഇന്നത്തെ പാശ്ചാത്യമായ ശാസ്ത്രസമ്പത്തുമുഴുവൻ ഭാരതത്തിലെ മഹർഷീശ്വരന്മാരുടെ നേട്ടങ്ങളാണെന്നു് അവർ ഉൽഘോഷണംചെയ്തു. പാശ്ചാത്യസമ്പ്രദായങ്ങൾ പകൎത്തുന്നതു് മാതൃസ്നേഹരാഹിത്യംകൊണ്ടാണെന്നു് അവർ വാദിച്ചു. ബ്രഹ്മസമാജക്കാരെ എതിൎത്തുകൊണ്ടു് ഒരു പുതിയ ഹിന്ദുസംഘടന ബംഗാളിൽ ഉണ്ടായി. "ന്യൂഹിൻഡൂസ്" എന്നറിയപ്പെടുന്ന ഈ നൂതനപ്രസ്ഥാനത്തിൽ ബങ്കിംചന്ദ്രചാററർജിയെപ്പോലുള്ള പണ്ഡിതാഗ്രേസരന്മാരും ഉൾപ്പെട്ടിരുന്നു. ഇതരമതങ്ങളിലെ സ്വീകാൎയ്യങ്ങളായ ആദൎശങ്ങളെ ബഹുമാനിക്കാത്തതു് 'ഹൈന്ദവധൎമ്മ'ത്തിനു അഭിമാനക്ഷയമാണെന്നു്—വിപുലമായ സനാതനാദൎശത്തിനു് കളങ്കമാണെന്നു്—ടാഗോറും വാദിച്ചു. ഇങ്ങനെ ഈ 'വടംപിടി' ബംഗാളിൽ ശക്തിയായി നടന്നു.

ഒരുദിവസം ആംഗ്ലേയനായ ഒരു ക്രിസ്ത്യൻമിഷനറി കൽക്കട്ടായിലെ തെരുവുകളിൽ മതപ്രഭാഷണം നടത്തുകയായിരുന്നു. അദ്ദേഹം ഭാരതീയസന്ന്യാസിമാരെപ്പോലെ നഗ്നപാദനായിരുന്നു; കാഷായവസ്ത്രം ധരിച്ചിരുന്നു. നവഹിന്ദുപ്രസ്ഥാനക്കാരിൽ ഒരുകൂട്ടം ആളുകൾ ഇതു കേട്ടു. അവിവേകികളും അജ്ഞന്മാരുമായ അവർ വിചാരിച്ചു, മിഷനറിയുടെ ഓരോ വാക്കും ഹിന്ദുമതാദർശത്തിനു നേരെ പ്രയോഗിക്കുന്ന പടിഞ്ഞാറൻതോക്കിലെ ഉണ്ടകളാണെന്നു്. അവർക്ക് അതു സഹിക്കുമോ? അവർ ആ പാവപ്പെട്ട മിഷനറിയെ വളഞ്ഞു. പ്രസംഗം നിറുത്താൻ പറഞ്ഞു. മിഷനറി അതു ശ്രദ്ധിക്കാതെ പ്രസംഗം തുടൎന്നു. അടി, അടിയോടടി. ആ മിഷനറി ബോധംകെട്ടു വീണു. അക്രമികൾ അദ്ദേഹത്തെ വലിച്ചു ഓടയിൽ ഇട്ടിട്ടു ഓടിക്കളഞ്ഞു. ലജ്ജാവഹമായ ഈ ഭീരുത്വം രവീന്ദ്രൻെറ ഹൃദയത്തെ സ്പർശിച്ചു. ഈ അനിഷ്ടസംഭവത്തെ അധികരിച്ചു് അദ്ദേഹം മർമ്മഭേദകമായ ഒരു കവിത രചിച്ചു. 'ധർമ്മപ്രചാർ' എന്ന ആ ലഘുകാവ്യത്തിൽ മിഷനറിയുടെ വിശുദ്ധ വസ്ത്രത്തെയെങ്കിലും ബഹുമാനിക്കാത്ത ആ ധർമ്മഘാതകന്മാരുടെ ഹീനവൃത്തിയെ ടാഗോർ ബീഭത്സമായി ചിത്രീകരിക്കയും കഠിനമായി ഭർത്സിക്കുകയും ചെയ്യുന്നുണ്ടു്. ഹിന്ദുധർമ്മത്തിൻെറ ആദർശത്തെ മലിനമാക്കുന്ന അത്തരം ദുർവൃത്തികളെ അദ്ദേഹം ഭയലേശമെന്യേ അധിക്ഷേപിക്കുന്നു. നൂഹിന്ദുപ്രസ്ഥാനത്തെ എതിൎത്തുകൊണ്ടുള്ള ടാഗോറിൻെറ പ്രവൎത്തനം അദ്ദേഹത്തെപ്പററി പല ദുശ്ശങ്കകൾക്കും കാരണമാക്കി. ബങ്കിംചന്ദ്രൻപോലും ടാഗോറിനെ തെററിദ്ധരിച്ചു. സുപ്രസിദ്ധനായ ആ ഗ്രന്ഥകാരനുമായി വൈരുദ്ധ്യം ഭാവിക്കുന്നതു് ടാഗോറിനു പ്രാണസങ്കടമായിരുന്നു. എങ്കിലും സ്വന്തംആദർശത്തിൽനിന്നും വ്യതിചലിക്കുവാൻ അദ്ദേഹം നിശ്ചയിച്ചില്ല. ബങ്കിംചന്ദ്രചാററർജിയുടെ മരണത്തിനുമുൻപുതന്നെ അദ്ദേഹവും

ടാഗോറുമായി വീണ്ടും സുഹൃത്ഭാവത്തിൽ എത്തിയിരുന്നു.

ടാഗോർ ഒരു തികഞ്ഞ ദേശഭക്തനാണു്. എന്നാൽ സ്വദേശസ്നേഹമെന്നു ഭാവിച്ചു് സ്വസാഹോദൎയ്യത്തെ ഹിംസിക്കുന്ന വിദ്വേഷബുദ്ധിയെ അദ്ദേഹം അതികഠിനം വെറുത്തിരുന്നു. ഭാരതത്തിൻെറ ഭാവശുദ്ധിയെ സംരക്ഷിക്കുന്നതിൽ ടാഗോർ ദത്തശ്രദ്ധനായി വൎത്തിച്ചു. അദ്ദേഹം വിശ്വമഹാകവിയും ലോകപൗരനുമാണെങ്കിലും ബംഗാളിൻെറ പ്രത്യേക സ്വത്താണു്. രവീന്ദ്രനാഥടാഗോറിൻെറ കവിതകൾ ബംഗാളിൻെറ സൗന്ദൎയ്യത്തെ പകൎത്തുന്ന ചിത്രങ്ങളാണു്. ബംഗാളിലെ മഴക്കാലം, വസന്തസുഭഗത ഇവയെല്ലാമാണു് അദ്ദേഹത്തിൻെറ കവിതകളിൽ കാണുന്നതു്. അവിച്ഛിന്നമായൊഴുകുന്ന നിൎമ്മലസരിത്തുകളും പച്ചപ്പട്ടുവിരിച്ച നെൽപ്പാടങ്ങളും, സസ്യലതാസമ്പൂൎണ്ണമായ ഗ്രാമീണ രാമണീയകവും ഒരുഭാഗത്തു നാം കാണുന്ന മോഹനചിത്രങ്ങളാണെങ്കിൽ, മറുഭാഗത്തു് ബംഗാളിലെ ദരിദ്രസങ്കേതങ്ങൾ, പാവപ്പെട്ട ഗ്രാമീണരുടെ അന്തരാത്മാവിൽ ഉദിച്ചുപൊങ്ങുന്ന വിലാപഗാനങ്ങൾ പാറിപ്പറക്കുന്ന വേലസ്ഥലങ്ങൾ മുതലായവ വികാരനിൎഭരമായി കാണിച്ചിട്ടുണ്ടു്. ബംഗാളിലെ വിഭൂതികളെ സ്നേഹിക്കുക, ലാളിക്കുക, കീൎത്തിക്കുക അതാണു് ടാഗോറിൻെറ ലീലാവിശേഷങ്ങൾ. 'സുവൎണ്ണവംഗം' (Sonar Bangla) എന്ന ലഘുകാവ്യം ആണു് അദ്ദേഹത്തിൻെറ ഗ്രാമീണകവനങ്ങളിൽ ഏററവും പ്രചാരമുള്ളതു്. ബംഗാളിൻെറ ഹൃദയാവൎജ്ജകമായ സൗകുമാൎയ്യവും, അതിൽ ലീനചേതസ്സായ കവിയുടെ ആനന്ദാനുഭൂതിയുമാണു ഇതിൽ നിഴലിച്ചുകാണുന്നതു്. ടാഗോറിൻെറ 'സോനാർ ബംഗ്ലാ' വംഗദേശക്കാർ മുഴുവനും ഇന്നു കീൎത്തനംചെയ്യുന്നു. താഴെക്കാണുന്ന വരികൾ സോനാർ ബംഗ്ലായുടെ ചില ഭാഗങ്ങളുടെ ഏകദേശവിവൎത്തനമാണു്—

സുവൎണ്ണവംഗമേ മനോജ്ഞരംഗമേ,
മതിവിമോഹനമഹീവിഭാഗമേ,

എനിക്കുദൈവമില്ലപരമംബികേ
നിനയ്ക്കിൽ നിസ്തുലവിഭവവേശ്മമേ!

പ്രശാന്തസുന്ദരം ഗഗനവീഥിയിൽ,
പ്രസന്നശോഭനം വസന്തകാന്തിയിൽ,

കുസുമരാജിയിൽ, തടവിമന്ദമാ-
യരികിലെത്തിടും മൃദുസമീരണൻ

ഹൃദയവീണയിൽ നിനദം ചേൎക്കവേ
പുളകംപൂണ്ടു ഞാൻ മതിമറന്നുപോം

അഹോ! വിശിഷ്ടമായ് വിരിയും ഫാൽഗുന-
നവ വസന്തത്തിൽ മരന്ദസൂനമേ,

അളികൾമൂളിടും ലതാനികുഞ്ജമേ,
അനന്തമാംസുഖമരുളുംസത്തമേ!

* * * *

ടാഗോർ വംഗദേശത്തിന്റെ സ്തുതിപാഠകൻ മാത്രമായിരുന്നില്ല. പ്രകൃതിസൌന്ദൎയ്യത്തെ ആരാധിക്കുക എന്നുവച്ചാൽ സൎവ്വാന്തൎയ്യാമിയായ ജഗദീശ്വരനെ സേവിക്കുക എന്നാണു് അദ്ദേഹം വിവക്ഷിക്കുന്നതു്. വിവാഹശേഷമുള്ള പതിനഞ്ചുവൎഷക്കാലം വംഗഭാഷയേയും വംഗദേശഗ്രാമങ്ങളെയും പുരോഗമിപ്പിക്കുവാനായിരുന്നു ടാഗോറിന്റെ ശ്രമം. ആയുഷ്കാലം മുഴുവനും ഈ മഹനീയസേവനത്തിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു.

കഴിഞ്ഞ നൂററാണ്ടിന്റെ അവസാനം പാശ്ചാത്യ വിദ്യാഭ്യാസം ചെയ്ത അനവധി ആളുകൾ ബംഗാളിലുണ്ടായിരുന്നു. അവർ സ്വഭാഷയെ വെറുത്തു. വിദേശഭാഷ മാത്രം ഉപയോഗിക്കുന്നതു ഒരു അന്തസ്സാണെന്നു ബംഗാളിലെ കുലീനയുവാക്കന്മാർ മിഥ്യാഭ്രമംകൊണ്ടു പൊതുയോഗങ്ങളിൽ ഇംഗ്ലീഷ് മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. ബംഗാളിഭാഷ ഉപയോഗിക്കുന്നതുതന്നെ അഭിമാനക്ഷയമെന്നു അവർ കരുതിയിരുന്നു. മലയാളികളുടെ ഇടയിലും അടുത്തകാലംവരെ ഈ ദോഷം വ്യക്തമായിക്കണ്ടിരുന്നതാണ്. മലയാളഭാഷ സംസാരിക്കുന്നതു നമ്മുടെ യുവാക്കന്മാർക്ക് ക്ഷീണമായി തോന്നിയിരുന്നു. തിരുവിതാംകൂറിന് പ്രത്യേകമൊരു സർവകലാശാല ഉണ്ടാകുന്നതുവരെ മല്യാളത്തിനു അപ്രധാനമായ ഒരു സ്ഥാനം മാത്രമേ കാളേജുകളിലും നൽകിയിരുന്നുള്ളു.

ബംഗാളിലെ വിദ്യാലയങ്ങളിൽ അദ്ധ്യയനം ഇംഗ്ലീഷിലായിരുന്നു. നാട്ടുഭാഷയ്ക്കു അവിടെ തീരെ വില കല്പിച്ചില്ല. നാട്ടുഭാഷ സംസാരിക്കുന്നതുതന്നെ ലജ്ജാകരമായി ജനങ്ങൾ വിചാരിച്ചുവന്നു. ഈ ലജ്ജയെപ്പററി ടാഗോറിനു ലജ്ജ തോന്നി. സ്കൂളുകളിൽ മാതൃഭാഷയിൽത്തന്നെ അദ്ധ്യയനം നടത്തണമെന്നു് അദ്ദേഹം വാദിച്ചു. മാതൃഭാഷയിൽ അഭ്യസനം നടത്തിയതുകൊണ്ടു് അദ്ദേഹത്തിനുണ്ടായ മേന്മയും മററും മററുള്ളവരെ പറഞ്ഞു മനസ്സിലാക്കുവാൻ ടാഗോർ വളരെ ഉത്സാഹിച്ചു. എഴുതുന്നതും സംസാരിക്കുന്നതും മാതൃഭാഷതന്നെ ആയിരിക്കണമെന്നു് അദ്ദേഹം പ്രസംഗിച്ചു. ടാഗോർ ശൈശവത്തിൽ ഇഷ്ടപ്പെട്ടിരുന്ന ഗാനങ്ങളും ധാത്രികഥകളും ശേഖരിച്ചു ശിശുക്കൾക്കു ഇഷ്ടമായ ഒരു ഗ്രന്ഥാവലിതന്നെ പ്രസാധനം ചെയ്യുകയുണ്ടായി.

അന്നു ബംഗാളിൽ പൊതുവെ ഒരു വാർഷികജയന്തി

കൊണ്ടാടുന്ന പതിവുണ്ടായിരുന്നു ബംഗാാം പ്രാദേശിക മഹാസമ്മേളനം (Bengal Provincial Conference) എന്നായിരുന്നു അതിൻെറ പേർ. ടാഗോർ ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. 1897-ലെ സമ്മേളനത്തിൽ ബംഗാളിഭാഷയിൽതന്നെ ആയിരിക്കണം പ്രസംഗങ്ങൾ എന്നു് രവീന്ദ്രനാഥടാഗോർ നിർബന്ധിച്ചു അംഗങ്ങളെല്ലാം ബംഗാളികൾ ആയതുകൊണ്ടു ഈ അഭിപ്രായം തികച്ചും സ്വീകാര്യമായിരിക്കും എന്നുകൂടി അദ്ദേഹം അറിയിച്ചു. എന്നാൽ പാശ്ചാത്യപരിഷ്കാരപ്രിയന്മാരായ സാമാജികന്മാർ ടാഗോറിൻെറ അഭിപ്രായം സ്വീകാര്യമായിത്തീർന്നില്ല. അവർ ഇംഗ്ലീഷിലാണു പ്രസംഗിച്ചു ശീലിച്ചിട്ടുള്ളതെന്നും അതു മാററുവാൻ വിഷമമാണെന്നും അവർ ശഠിച്ചു. രണ്ടുവർഷം കഴിഞ്ഞിട്ടു് അദ്ധ്യക്ഷപ്രസംഗത്തിൻെറ ഒരു സംക്ഷേപം സദസ്യരെ പറഞ്ഞു മനസ്സിലാക്കേണ്ടതായി വന്നു. ടാഗോർ അതിനായി നിയോഗിക്കപ്പെട്ടു. അദ്ദേഹം മനോഹരമായ ബംഗാളിഭാഷയിൽ അദ്ധ്യക്ഷപ്രസംഗത്തെ സമാഹരിച്ചു സംസാരിച്ചു. ആളുകൾക്കു അതു വളരെ ഇഷ്ടപ്പെട്ടു. അന്നുമുതൽ പ്രസ്തുത സമ്മേളനം ബംഗാളിയിൽതന്നെ നടത്തിത്തുടങ്ങി.

ടാഗോറിൻെറ വളരെനാളത്തെ ശ്രമത്തിൻെറ ഫലമായി പൊതുവേ ബംഗാളിഭാഷതന്നെ സ്വീകരിക്കപ്പെട്ടു. ഹൈസ്കൂൾക്ലാസുകൾ കഴിയുന്നതുവരെ ഇന്നു ബംഗാളിൽ മാതൃഭാഷയിലാണു് അദ്ധ്യയനം തുടരുന്നതു് ഇംഗ്ലീഷിനു ഒരു ഉപഭാഷയുടെ പ്രാധാന്യം മാത്രമേ അവിടെ കല്പിച്ചിട്ടുള്ളു. മിക്ക പൊതുയോഗങ്ങളിലും ബംഗാളിഭാഷ തന്നെയാണു് ഇപ്പോൾ ഉപയോഗിക്കുന്നതു്. കൽക്കത്താ സർവ്വകലാശാലയിൽ ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികൾ മാത്രമേ ഇംഗ്ലീഷ്ഭാഷ ഉപയോഗിച്ചുവരുന്നുള്ളു. എന്നാൽ ബംഗാളികൾ സർവ്വകലാശാലയിലും അനിഷേദ്ധ്യ

മായ പ്രാമാണ്യമുണ്ടു്. ഇപ്പോൾ കൺവൊക്കേഷൻപ്രസംഗങ്ങൾപോലും മാതൃഭാഷയിൽത്തന്നെയാണു നടത്തുന്നതു്. ഇതും ടാഗോറിന്റെ പരിഷ്കാരമാണു്. ഒരിക്കൽ കൺവൊക്കേഷനു് ടാഗോറിനെ ക്ഷണിച്ചു. അദ്ദേഹം ബംഗാളിയിലാണു പ്രസംഗിച്ചതു്. ഇന്നു ബംഗാളിയുവാക്കൾ മാതൃഭാഷ സംസാരിക്കുന്നതിൽ വൈമുഖ്യം ഭാവിക്കാറില്ല. സ്വന്തഭാഷ ഭംഗിയായി എഴുതുവാനും വായിക്കുവാനും കഴിയുന്നതു് അഭിമാനമായിട്ടാണു് ഇന്നു ബംഗാൾ ജനങ്ങൾ കരുതുന്നതു്. ടാഗോറിന്റെ ഈ പരിഷ്കാരം ബംഗാളിൽ മാത്രമല്ലാ പ്രചരിച്ചതു്. മററു രാജ്യങ്ങളിലും ജനങ്ങൾ സ്വഭാഷയ്ക്കു പ്രാധാന്യം നൽകിത്തുടങ്ങി. വിദ്യാഭ്യാസത്തിലും മററു ജീവിതസംരംഭങ്ങളിലും മാതൃഭാഷയ്ക്കു ഗണ്യമായ സ്ഥാനമുണ്ടായി. ദേശീയസേവനത്തിൽ മഹാത്മാഗാന്ധിയുടെ പതിമൂന്നു നിർദ്ദേശങ്ങളിൽ മാതൃഭാഷാസ്നേഹം അതിപ്രധാനമായ ഒന്നാണു്.

വംഗഭാഷാസാഹിത്യത്തിൽ ടാഗോറിന്റെ പരിശ്രമം നാനോന്മുഖമായിരുന്നു. എങ്കിലും എതിർപ്പുകൾ ധാരാളമായി അദ്ദേഹത്തിനു സഹിക്കേണ്ടിവന്നു. ആംഗലഭാഷാഭ്യാസം ചെയ്തവർമാത്രമല്ലാ, വംഗഭാഷാപണ്ഡിതന്മാരായ പൌരാണികസാഹിത്യവിദഗ്ദ്ധന്മാരും അദ്ദേഹത്തെ കഠിനമായി വിമർശിച്ചു. അവർക്കുവേണ്ടിമാത്രം ഒഴിച്ചിട്ടിരുന്നതാണു വംഗഭാഷാസാഹിത്യമെന്നു ഉത്താനബുദ്ധികളായ ആ പണ്ഡിതന്മാർ വിശ്വസിച്ചിരുന്നു. യുവസാഹിത്യകാരന്മാരുടെ നൂതനപ്രസ്ഥാനങ്ങളെയും ശൈലീപ്രയോഗങ്ങളെയും മററും അധിക്ഷേപിക്കുന്ന സാഹിത്യയാഥാസ്ഥിതികന്മാർ എല്ലാഭാഷയിലുമുണ്ടു്. അത്തരം വങ്കത്തങ്ങളിൽനിന്നും ബംഗാളികൾമാത്രം ഒഴിയുന്നതെന്തിനു്? രവീന്ദ്രനാഥടാഗോർ നൂതനരീതിയിൽ കഥകളും കവിതകളും രചിച്ചുതുടങ്ങിയപ്പോൾ സംസാരഭാഷയും ഗ്ര

ന്ഥഭാഷയും തമ്മിൽ വളരെ അന്തരമുണ്ടായിരുന്നു. ഈ ദുഃസ്ഥിതിയും എല്ലാ ഭാരതീയഭാഷകൾക്കും വന്നുകൂടിയിട്ടുണ്ട്. വംഗഭാഷയിലെ സംസാരഭാഷ ഹ്രസ്വവും ലളിതമായ ക്രിയാന്തങ്ങളോടുകൂടിയതുമാണ്. ഇത്തരം ഭാഷ ഗ്രന്ഥരചനയ്ക്കോ പ്രഭാഷണങ്ങൾക്കോ ഉപയോഗിക്കുന്നതു അന്തസ്സിനു പോരാത്തതായി ഒരു തെററിദ്ധാരണ പരക്കെ ബാധിച്ചിരുന്നു. ടാഗോർ ഈ രീതി തീരെ ഇഷ്ടപ്പെട്ടില്ല. ഒരു യഥാർത്ഥചിന്തകനോ പ്രഭാഷകനോ ഗ്രന്ഥകാരനോ ചെയ്യേണ്ടതു സാധാരണന്മാർക്കു രുചിക്കത്തക്കവിധത്തിൽ സാഹിത്യഭാഷയെ ലളിതവും സരസവുമായി പരിഷ്കരിക്കുകയാണ്. വായനക്കാരോ ശ്രോതാക്കളോ ശ്രദ്ധിക്കണമെങ്കിൽ ഉപയോഗിക്കുന്ന ഭാഷ അവരുടേതായിരിക്കണം. അല്ലാതെ പ്രയോക്താവിന്റെ സ്വന്തം വെങ്കലഭാഷ ആകരുതു്.

സംസാരഭാഷ ജീവത്തും സുശക്തവുമാണെന്നു ടാഗോർ മനസ്സിലാക്കി. ഗ്രന്ഥഭാഷ അസ്വാഭാവികവും ചൈതന്യരഹിതവുമാണെന്നു് അദ്ദേഹം കണ്ടുപിടിച്ചു. കഥകളും കവിതകളും നിത്യജീവിതത്തിലെ ഭാഷാശയ്യ ഉപയോഗിച്ചു് അദ്ദേഹം നിർമ്മിച്ചുതുടങ്ങി. അവയെ അനുക്രമമായി ചേർക്കുമ്പോൾ അതിനൊരു പ്രത്യേകസൗന്ദര്യമുണ്ടെന്നു് രവീന്ദ്രനാഥടാഗോർ കണ്ടു. പണ്ഡിതന്മാർക്കു ഇതു ഇഷ്ടപ്പെട്ടില്ല. ജനങ്ങൾ ഇതരസഹായംകൂടാതെ പുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കിയാൽ പണ്ഡിതന്മാർക്കുള്ള മേന്മ എന്താണെന്നു് അവർ സന്ദേഹിച്ചു. അവർക്കു കഴിയുംവിധം അവർ ടാഗോറിനെ അധിക്ഷേപിച്ചു. നോക്കണേ, അറിവില്ലായ്മയുടെ അതിരുകേടു്! സാമാന്യന്മാർക്കു മനസ്സിലാകത്തക്കവിധം ഭാഷ പരിഷ്കരിച്ചതിനു് ഒരു യുവസാഹിത്യകാരനു് അധിക്ഷേപം! സാധാരണക്കാർക്കും സാഹിത്യസൗന്ദര്യം ആസ്വദിക്കുവാൻ ഒരു യുവകവി ചെയ്ത അനുഗ്രഹത്തിനു അദ്ദേഹത്തോടു് അമർഷം!

ത്തും പണ്ഡിതന്മാരിൽനിന്ന്. ഇത്തരം പണ്ഡിതന്മാർ ഇന്നും ജീവിക്കുന്നുണ്ടാവാം! 'സോനാർബംഗ്ലാ'യെപ്പോലെ ലളിതസുന്ദരങ്ങളായ പല കവനങ്ങളും ടാഗോർ രചിച്ചു. അദ്ദേഹത്തിന്റെ പ്രസ്ഥാനം ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു. ടാഗോർകൃതികൾ പാമരന്മാൎക്കുപോലും ഒററനോട്ടത്തിൽ ഗ്രഹിക്കാം. ശബ്ദസുന്ദരമായ അതിലെ ഗാനമാധുൎയ്യം ആൎക്കും ആസ്വാദിക്കാം. സമ്പന്നനും, ദരിദ്രനും, തൊഴിലാളിയും, മുതലാളിയും ഒരുപോലെ'ടാഗോർ' കൃതികൾ കാണാതെ പഠിച്ചു. അവരുടെ വിശ്രമാവസരങ്ങളിൽ അവയിലെ രമ്യരംഗങ്ങൾ അവർ ആവൎത്തിച്ചാവൎത്തിച്ചു് ചൊല്ലിത്തുടങ്ങി. ടാഗോറിന്റെ ഗദ്യരീതി ലളിതമാണു്. അതിലെ വൎണ്ണനകൾ സജീവമാണു്. ക്ലേശിച്ചു മനസ്സിലാക്കേണ്ട വാക്കുകളോ വാചകങ്ങളോ അതിൽ ഇല്ല. നിത്യസംഭാഷണത്തിലെ സാധാരണ പദങ്ങളും നേരമ്പോക്കുകളും അപ്പടി പ്രയോഗിച്ചു ഫലിപ്പിക്കുവാൻ ടാഗോർ വിരുതനാണു്. എല്ലാവൎക്കും അറിയാമെങ്കിലും എല്ലാവൎക്കും കഴിയാത്ത പദപ്രയോഗരീതിയാണു് ടാഗോറിന്റേതു്. ജനങ്ങൾ ആൎത്തിയോടെ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിച്ചുതുടങ്ങി. കഠിനപദങ്ങളൊ, പ്രൗഢമായ പ്രതിപാദനരീതിയൊ ടാഗോർ സ്വീകരിച്ചിരുന്നെങ്കിൽ ആ കവിതാസൗകുമാൎയ്യം പാടെ നശിച്ചുപോകുമായിരുന്നു. ബംഗാളിലെ ആധുനികസാഹിത്യകാരന്മാർ ടാഗോറിനെ അനുകരിച്ചാണു ഗ്രന്ഥങ്ങൾ രചിക്കാറുള്ളതു്. വംഗഭാഷയുടെ ഇന്നത്തെ പദ്യരീതി കുട്ടികൾക്കുപോലും മനസ്സിലാകുന്നതാണു്. ചെറിയ കുഞ്ഞുങ്ങൾപോലും ഇഷ്ടപ്പെടുന്ന അനവധി കവിതകൾ ഇന്നു ബംഗാളിലുണ്ടു്. വംഗഭാഷാസാഹിത്യത്തിന്റെ അത്ഭുതകരമായ ഈ പരിവൎത്തനത്തിനു ടാഗോർതന്നെയാണു കാരണഭൂതൻ.

ജ്യേഷ്ഠസഹോദരനൊന്നിച്ചു ടാഗോർ കുറച്ചുകാലം

'ഷിലൈദാ' എന്ന സ്ഥലത്തു താമസിച്ചു. ഷിലൈദാ ഒരു ഉൾനാടൻപ്രദേശമാണ്. അവിടത്തെ പ്രകൃതിരാമണീയകവും പ്രശാന്തതയും രവീന്ദ്രനാഥനു വളരെ ഹൃദ്യമായിരുന്നു. ഷിലൈദാ എസ്റ്റേററുകളുടെ ഭരണം അദ്ദേഹത്തിൻെറ ജീവിതത്തെ ഒരു പുതിയ സരണിയിലേക്കു മാററി. ബംഗാളിലെ ഗ്രാമീണരുമായി അടുത്തു പരിചയപ്പെടുവാൻ ഇവിടെവച്ചാണു ടാഗോറിനു സാധിച്ചതു്. സമുദായജീവിതത്തിൻെറ വ്യത്യാസംകൊണ്ടുണ്ടാകുന്ന പ്രയാസം ഷിലൈദായിൽ അദ്ദേഹത്തിനു അനുഭവപ്പെട്ടു. ധനാഢ്യന്മാരും വിദ്യാസമ്പന്നന്മാരുമായ ഗ്രാമീണർ മിക്കവാറും പട്ടണങ്ങളിൽ ജീവിച്ചുവന്നു. അതുകൊണ്ടു് അവർ ആർജ്ജിച്ചിട്ടുള്ള സംസ്കാരം ഒരുതരത്തിലും ഗ്രാമീണൎക്കു പ്രയോജനപ്പെട്ടില്ല. ഗ്രാമീണർ എന്നും അപരിഷ്കൃതരായി അവരുടെ ശക്തിഹീനതയിൽ വിഷമിച്ചുതന്നെ കഴിഞ്ഞു. ടാഗോർ നടന്നും വള്ളങ്ങളിൽ കയറിയും 'ഷിലൈദാ'ഗ്രാമം മുഴുവനും ചുററിക്കണ്ടു. അദ്ദേഹം ഗ്രാമീണരുടെ ഉററബന്ധുവായിത്തീൎന്നു. അവരുടെ ആവശ്യങ്ങൾ അടുത്തു മനസ്സിലാക്കുകയും അവരുടെ അധഃപതനത്തിൻെറ ശരിയായ കാരണം കണ്ടുപിടിക്കുകയുംചെയ്യാൻ ടാഗോറിനു സാധിച്ചു.

പ്രാചീനകാലങ്ങളിൽ ബംഗാളിലെ ഗ്രാമങ്ങളുടെ പൊതുതാല്പര്യം ഭൂസ്വത്തുടമസ്ഥന്മാരെ ആശ്രയിച്ചിരുന്നു. ഗ്രാമാധികാരികളും അവർതന്നെ ആയിരുന്നു. ഓരോരുത്തൎക്കും അവരവരുടെ ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ ചുമതലകൾ ഉണ്ടായിരുന്നുതാനും. റോഡുകൾ വെട്ടിക്കുക, ക്ഷേത്രങ്ങൾ നന്നാക്കുക മുതലായ പൊതുക്കാൎയ്യങ്ങൾ അവരാണു നിർവ്വഹിച്ചിരുന്നതു്. കുളങ്ങൾ വൃത്തിയുള്ളതും പരിസരങ്ങൾ ആരോഗ്യപ്രദങ്ങളും ആണോ എന്നു് അവർ ആരാഞ്ഞിരുന്നു. ആശാരി, കൊല്ലൻ മുതലായ തൊഴിലാളികൾ ഗ്രാമങ്ങളിൽതാമസിച്ചുകൊണ്ടു് ധ

നവാനെയും ദരിദ്രനെയും ഒരുപോലെ സേവിച്ചുവന്നു. അന്ന് ഗ്രാമങ്ങൾ സ്വയം സംരക്ഷണത്തിനു പര്യാപ്തങ്ങളായിരുന്നു. ആഹാരം, വസ്ത്രം, താമസസൗകര്യം, വിദ്യാഭ്യാസം, കലാപ്രകടനങ്ങൾ ഇവയെല്ലാം അന്നു ഗ്രാമങ്ങളുടെ കഴിവുകളിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ജന്മിമാർ നഗരങ്ങളുടെ ഐശ്വര്യാഭിവൃദ്ധിയിൽ ആകൃഷ്ടരായി, ഗ്രാമവാസം ഉപേക്ഷിച്ചപ്പോൾ സ്ഥിതിഗതികൾ പാടെ മാറിപ്പോയി. അവക്കു ഗ്രാമങ്ങളെപ്പററി നോക്കേണ്ട കാര്യമേഇല്ലെന്നായി. അവക്കു ഗ്രാമങ്ങളിൽനിന്നു കിട്ടേണ്ട ആദായംമാത്രം കിട്ടിയാൽ മതി എന്നമട്ടായി. ഗ്രാമീണരായ തൊഴിലാളികളുടെ സഹായവും ജന്മിമാക്കു ആവശ്യമില്ലാതായിത്തീന്നു. ഭംഗിയായും ഉറപ്പായുംചെയ്യുന്ന സാമഗ്രികൾ പട്ടണങ്ങളിൽ സുലഭമാണ്. തൊഴിലാളികളും നഗരങ്ങളെ അഭയംപ്രാപിച്ചു. അവക്കു പട്ടണങ്ങളിൽ തൊഴിലുകൾ ലഭിച്ചു. പാവപ്പെട്ട കർഷകൻമാത്രം ഗ്രാമങ്ങളിൽ ഒതുങ്ങി. ഇതിന്റെഎല്ലാംഫലമായി ഗ്രാമങ്ങൾ നാശോന്മുഖങ്ങളായി അനാരോഗ്യസങ്കേതങ്ങളായി. നാഥനില്ലാത്ത ഗ്രാമീണക്കു ഐകമത്യമോ സഹകരണബോധമോ ഇല്ലാതായി. നാൾക്കുനാൾ ഗ്രാമപ്രദേശങ്ങൾ അധഃപതിച്ചുവന്നു.

രവീന്ദ്രനാഥൻ ഇതെല്ലാം വ്യക്തമായിഗ്രഹിച്ചു. ഗ്രാമീണരുടെഉയച്ച്യക്ക് അക്ഷീണയത്നം ആവശ്യമാണെന്ന് അദ്ദേഹംമനസ്സിലാക്കി. ഗ്രാമീണാവശ്യങ്ങൾ അവർതന്നെ ആരാഞ്ഞറിഞ്ഞു നിവ്വഹിക്കണമെന്ന് അദ്ദേഹംഗ്രാമവാസികളെ ഉൽബോധിപ്പിച്ചു. അവക്കു മൂലധനത്തിന്റെ ആവശ്യമില്ല. സംഘടിച്ചുപ്രവത്തിക്കാനുള്ള മനസ്സുമാത്രം മതി. പാടങ്ങളിലും പറമ്പുകളിലും ജോലിത്തിരക്കില്ലാത്തപ്പോൾ അവർ ഏകോപിച്ചു റോഡുകൾ നന്നാക്കുകയും കുളങ്ങൾ വൃത്തിയാക്കുകയും ക്ഷേത്രങ്ങൾ ജീണ്ണോദ്ധാരണംചെയ്യുകയും വേണം. ഇതെല്ലാം രവീന്ദ്രനാഥൻ പറഞ്ഞപ്പോൾ ഗ്രാമീ

ണക്കു് അഹിതമായിത്തോന്നി. അവരുടെ വയ്ക്കോൽ മേഞ്ഞ കുരകൾക്ക അഗ്നിബാധ ഉണ്ടായാൽപോലും അതു കെടുത്തുവാൻ പരസ്പരം സഹായിക്കണമെന്നുള്ള സഹകരണബോധം അവക്കുണ്ടായില്ല. അത്രമേൽ അജ്ഞമായിരുന്നു ഗ്രാമീണരുടെമനോഗതി. ഇതിനുകാരണമായി രണ്ടുകാര്യങ്ങളാണു ടാഗോർ കണ്ടതു്. ഒന്നാമതു ജന്മിമാർ അതൊക്കെ ചെയ്തുകൊള്ളുമെന്നുള്ള വിശ്വാസം. അഥവാ ഗവമ്മെൻറു ഗ്രാമീണാവശ്യങ്ങൾ നിറവേററുമെന്നുള്ള ധാരണ. അവക്കുവേണ്ടി എന്തെങ്കിലും ചെയ്യാനുള്ള കഴിവു ഗ്രാമീണക്കുണ്ടായിരുന്നില്ല. അന്യരുടെ നേതൃത്വമോ ആജ്ഞയോ കൂടാതെ എന്തെങ്കിലും ചെയ്യാൻ അവർ അശക്തന്മാരായിരുന്നു. അവർ അശരണരാണെന്നും അവശന്മാരാണെന്നും സ്വയം ധരിച്ചുപോയി. പഴയജന്മിഭരണം പല പൊതുക്കാര്യങ്ങളും സാധിച്ചുകൊടുത്തിട്ടുണ്ടു്. എന്നാൽ ഗ്രാമീണരെ ശക്തിഹീനന്മാരാക്കി എന്നൊരു വലിയ അപരാധവും അതു വലിച്ചുവച്ചിട്ടുണ്ടു്. രണ്ടാമതായി, ഗ്രാമീണർ അവരുടെ കമ്മത്തെയോ വിധിയേയോ അവലംബിച്ചാണു ജീവിച്ചതു്. ആപത്തുണ്ടായാൽ അതു ദൈവേച്ഛയാണെന്നു് അവർ സമാധാനിച്ചുകൊള്ളും. അല്ലെങ്കിൽ മുജ്ജന്മകൃതമായ പാപത്തിൻെറ ഫലമാണെന്നു സമാധാനിക്കുകയായി. മഹാമാരിയിൽനിന്നോ സ്വയംകൃതങ്ങളായ അനത്ഥങ്ങളിൽനിന്നോ തെററി മാറാൻ പ്രയത്നം ആവശ്യമാണെന്നു് അവക്കു വിചാരമേ ഇല്ല. ഇപ്രകാരമുള്ള ചപലവിശ്വാസങ്ങളിൽനിന്നും ഗ്രാമീണരെ മോചിപ്പിക്കുവാൻ ടാഗോറിനു വളരെ പണിപ്പെടേണ്ടതായിവന്നു. മുസ്ലിംഗ്രാമങ്ങളിൽ ടാഗോറിൻെറ ശ്രമങ്ങൾ അതിവേഗം ഫലപ്രദങ്ങളായി.

ഗ്രാമോദ്ധാരണശ്രമത്തിൽ ആദ്യമുണ്ടായ പരാജയം രവീന്ദ്രനെ ഭീരുവാക്കിയില്ല. ഉപദേശങ്ങളും നിർദ്ദേശങ്ങ

ളുംകൊണ്ടു് ഗ്രാമീണരെ പ്രവൃത്തിനിരതന്മാരാക്കുവാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹം കണ്ടു. സ്വാശ്രയബോധം അവരിൽ അങ്കുരിക്കണമെന്നു ടാഗോറിനു ബോദ്ധ്യമായി. ഗ്രാമീണരുടെ ഇടയിൽ ശരിയായ വിദ്യാഭ്യാസമുണ്ടാകണം. ഗ്രാമീണബാലന്മാരെ ഒരു നൂതനസംഘമായി രൂപീകരിക്കണം. ഗ്രാമോദ്ധാരണത്തിൽ വേണ്ടതു പ്രവർത്തിക്കാനുള്ള പരിശീലനം അവക്കു നൽകണം. സഹകരണബോധം അവരിൽ രൂഢമൂലമാകണം. ഈവക സംഗതികൾ സാധിതപ്രായമാകുന്നതു് അത്ര എളുപ്പമല്ലെന്നു ടാഗോറിനു അറിയാമായിരുന്നു. ഗ്രാമവാസികളുടെ സാമ്പത്തികനില അഭിവൃദ്ധിപ്പെടുകയും നിലവിലിരിക്കുന്ന ഭൂസ്വത്തുടമസ്ഥാവകാശം ഭേദപ്പെടുകയും ചെയ്യാതെ ദാരിദ്ര്യം ഗ്രാമങ്ങളെ വിട്ടുമാറുവാൻ പ്രയാസമാണു്. ഇതിനെല്ലാം സദ്യഃഫലപ്രദങ്ങളായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ അദ്ദേഹം വിഷമിച്ചു. ഇതിന്റെ പരിഹാരമാർഗ്ഗമായിട്ടാണു് ഏതാനും കൊല്ലങ്ങൾകഴിഞ്ഞു് ഒരു ഗ്രാമോദ്ധാരണകേന്ദ്രം അദ്ദേഹം സ്ഥാപിച്ചതു്. വിശ്വവിഖ്യാതമായ ആ ഗ്രാമോദ്ധാരണകേന്ദ്രമാണു് "ശ്രീനികേതനം". ശ്രീനികേതനം സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചപ്പോൾ ടാഗോറിനു് അറുപതുവയസ്സുപ്രായമായി. എന്നാൽ അദ്ദേഹത്തിന്റെ ഉത്സാഹവും പ്രസരിപ്പും മുപ്പതുവയസ്സുള്ള യുവാവിന്റെയും അതിശയിപ്പിക്കുന്നതായിരുന്നു.

അതങ്ങനെ നില്ക്കട്ടെ; ഇതിനകമുള്ള ടാഗോർകൃതികൾ ഗ്രാമജീവിതത്തിന്റെ തനിപ്പകപ്പുകളായിരുന്നു. 'വംഗാവലോകനം' എന്ന ഗ്രന്ഥം ഷിലൈദായിലും മററു ചില ഗ്രാമങ്ങളിലും അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളെ അടിസ്ഥാനമാക്കി അനന്തരവൾക്കെഴുതിയ കത്തുകളുടെ സംഘാതമാണു്. ഇവയിൽ ചിലതു പിൽക്കാലങ്ങളിൽ ചെറുകഥകളായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. 'പോസ്റ്റു്'

മാസ്റ്റർ' എന്ന പ്രസിദ്ധകൃതി ഇതിന്നുദാഹരണമാണ്. ഈ ചെറുകഥകൾ പിന്നീട്ട് ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ടാഗോറിൻെറ ഏററവും നല്ല ചെറുകഥകളുടെ കൂട്ടത്തിൽ ഇവയും ഉൾപ്പെടുന്നു. നഗരവാസികൾക്ക് ഗ്രാമീണരുടെ അഭിവൃദ്ധിയിൽ അഭിലാഷമുണ്ടാകുവാൻ ഇവ പ്രയോജനപ്പെട്ടു.

---

അദ്ധ്യായം ൩.

---

## ഭാരതചൈതന്യത്തിന്
## ഒരു അഭയസങ്കേതം.

രവീന്ദ്രനു നാല്പതുവയസ്സായി. ജീവിതത്തിൻെറ ഒരു പുതിയ ഘട്ടം ആരംഭിച്ചിരിക്കുന്നതായി അദ്ദേഹത്തിനു് അനുഭവപ്പെട്ടു. അദ്ദേഹത്തിൻെറ ഹൃദയത്തിൽ അലതല്ലുന്ന വിചാരങ്ങൾ സാധിതപ്രായമാകാതെ അദ്ദേഹം അസ്വാസ്ഥ്യം അനുഭവിച്ചു. പുതിയ പരീക്ഷണങ്ങൾകൊണ്ടു് ഒരു നൂതനമായ സേവനത്തിനുള്ള ആകാംക്ഷ അദ്ദേഹത്തെ അലട്ടി.

ഈ സമയം അദ്ദേഹം ഒരു സ്തോത്രഗ്രന്ഥം രചിച്ചു. ദൈവമാഹാത്മ്യത്തെ പ്രസ്പഷ്ടമാക്കുന്ന അനവധി ഗാനങ്ങളുടെ സമാഹാരണമായിരുന്നു അതു്. ദേവേന്ദ്രനാഥമഹർഷി ഒരു അഭിവന്ദ്യവയോധികനായിത്തീർന്നിരുന്നു. അദ്ദേഹം സദാ ധ്യാനത്തിലും പ്രാത്ഥനയിലും സമയം നയിച്ചു രവീന്ദ്രൻ പിതൃപാദങ്ങൾക്കു സമീപം ഇരുന്നു തൻെറ സ്തോത്രഗ്രന്ഥം പാരായണംചെയ്തുവന്നു. "നൈ

വേദ്യം" എന്നായിരുന്നു ടാഗോറിന്റെ പുതിയ സ്തോത്രഗ്രന്ഥത്തിന്റെ പേരു്. പുത്രന്റെ ഭക്തിയിൽ മഹർഷി സന്തുഷ്ടനായി. രവീന്ദ്രൻ തന്റെ സ്തോത്രഗ്രന്ഥം പിതൃപാദങ്ങളിൽ സമർപ്പിച്ചു:

"പഴയകാലങ്ങളിൽ ആയിരുന്നെങ്കിൽ ഈ ഗാനങ്ങൾ രാജസദസ്സിൽ ചൊല്ലിക്കേൾപ്പിച്ചു പാരിതോഷികം വാങ്ങാമായിരുന്നു. പക്ഷെ ഇന്നു അതു സാദ്ധ്യമല്ല അതുകൊണ്ടു ഞാൻതന്നെ അതു് സാധിക്കേണ്ടതായിരിക്കുന്നു." ഇത്രയും പറഞ്ഞിട്ടു ഗ്രന്ഥത്തിന്റെ പ്രസാധനത്തിനു് ആവശ്യമായ തുക, മഹർഷി മകനെ ഏല്പിച്ചു. പുസ്തകം പ്രസിദ്ധീകരിച്ചു. രവീന്ദ്രനാഥൻ വീണ്ടും അച്ഛനെ സമീപിച്ചു. പണത്തേക്കാൾ മഹത്തായ ഒരു പാരിതോഷികമാണു് അത്തവണ അദ്ദേഹം ആവശ്യപ്പെട്ടതു്. ശാന്തിനികേതനത്തിലെ ആശ്രമത്തിൽ സ്ഥിരമായി താമസിച്ചുകൊള്ളുവാൻ തന്നെ അനുവദിക്കണമെന്നും, ഒരു വിദ്യാലയം അവിടെ ആരംഭിക്കുവാൻ സഹായിക്കണമെന്നും ആയിരുന്നു രവീന്ദ്രന്റെ അപേക്ഷ. അച്ഛനിൽനിന്നു താൻ ആർജ്ജിച്ചിട്ടുള്ള വിജ്ഞാനസമ്പത്തു പ്രാകിപ്പെടുത്തുവാൻ ഏതാനും ശിഷ്യഗണങ്ങൾ ശാന്തിനികേതനത്തിൽ സംഘടിക്കണമെന്നായിരുന്നു മകന്റെ ആഗ്രഹം. മഹർഷി സന്തോഷസമേതം പുത്രന്റെ ആഗ്രഹം സാധിച്ചുകൊടുത്തു. അങ്ങനെ ശാന്തിനികേതനംവിദ്യാശാല ആരംഭിക്കപ്പെട്ടു.

1901-ൽ രവീന്ദ്രനാഥടാഗോർ കുടുംബസഹിതം ശാന്തിനികേതനത്തിൽ താമസമാക്കി. രവീന്ദ്രനു സുപരിചിതമായ ശാന്തിനികേതനത്തിൽ മഹർഷിയും മൂത്ത പുത്രനും മിക്കവാറും ഉണ്ടായിരിക്കും. അവരുടെ പ്രശാന്തജീവിതത്തിൽ സംബന്ധിക്കുവാൻ ഒട്ടുവളരെ ബഹുമാന്യാതിഥികളും അവിടെവന്നു താമസിക്കും. ശാന്തിനികേതനം

ഒരു രമണീയ സങ്കേതമാണു്. നാലുപുറവും ചക്രവാളത്തിൽ യോജിച്ചു് വിസ്തൃതമായിക്കിടക്കുന്ന കൃഷിസ്ഥലങ്ങളും, ശാദ്വലപ്രദേശങ്ങളും മനോമോഹനമായിരുന്നു. മഹർഷി അവിടെ ഒരു പ്രാർത്ഥനാമന്ദിരം പണികഴിപ്പിച്ചു. ആശ്രമജീവിതം ലഘുവും ആർഭാടരഹിതവും ആയിരുന്നു. സാന്മാർഗ്ഗികമായ വ്യക്തിസ്വാതന്ത്ര്യം അവിടെ അനുവദിച്ചിരുന്നു. "ഇവിടെ അദൃശ്യമായ ഏകദൈവത്തെ ആരാധിക്കുക" എന്നു് ആശ്രമദ്വാരത്തിൽ എഴുതിയിട്ടുണ്ടു്. ഏകാഗ്രമായ ധ്യാനത്തിനു് മൂന്നു കാര്യങ്ങളാണു് അവിടെ അനുഷ്ഠിക്കേണ്ടതു്. വിഗ്രഹങ്ങൾ ഉപയോഗിക്കാതിരിക്കുക, പരദൂഷണംചെയ്യാതിരിക്കുക, തിര്യക്കുകളെപ്പോലും ഹിംസിക്കാതിരിക്കുക ഇവ മൂന്നുമാണു് അനുഷ്ഠേയകൃത്യങ്ങൾ.

ഒരു വിദ്യാലയം സ്ഥാപിക്കാൻ ടാഗോർ ശാന്തിനികേതനംതന്നെ തിരഞ്ഞെടുത്തതു് എന്താണെന്നു നിഷ്പ്രയാസം മനസ്സിലാക്കാം. അദ്ദേഹം കുഞ്ഞുങ്ങളെ ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ കുഞ്ഞുങ്ങളോടൊപ്പം മററു കുട്ടികളെയും ഉത്തമപൗരന്മാരാക്കിത്തീർക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. സ്വതസ്സിദ്ധമായ വാസനാവൈഭവത്തെയും, ആത്മജ്ഞാനാങ്കുരത്തെയും പോഷിപ്പിച്ചു് ശിശുഹൃദയം വിശുദ്ധിയുടെ സങ്കേതങ്ങളാക്കുവാൻ ടാഗോർ താല്പര്യപ്പെട്ടു. വളരെക്കാലമായി യഥാർത്ഥ വിദ്യാഭ്യാസത്തെ പുരോഗമിപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. സ്വന്ത സ്മരണകളും സ്വാനുഭവങ്ങളുംകൊണ്ടു് ഗുണദോഷവിവേചനം ചെയ്വാനുള്ള കഴിവു് ടാഗോറിൽ കുടികൊണ്ടിരുന്നു. ശിശുവായിരുന്നപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്ന അസ്വതന്ത്രത മററു കുട്ടികൾക്കുണ്ടാകരുതെന്നു രവീന്ദ്രൻ കരുതി. ജേററസങ്കോഗൃഹവും സ്കൂൾകെട്ടിടവും അദ്ദേഹത്തിന്റെ സ്വാതന്ത്ര്യം ഹനിച്ച ഇരുമ്പഴികളാണു്; സ്വതന്ത്രമായ ശൈശവഭാവനയെ തടഞ്ഞു മുരടിപ്പിച്ച ജയിൽക്കെട്ടിടങ്ങളാണു്.

ഈ പരതന്ത്രത അനുഭവിക്കാത്ത അഭ്യസനരീതിയിൽ കുറെ കുട്ടികളെ വളൎത്തിവിടണം. ആകാശമണ്ഡലത്തിൽ ഇഷ്ടാനുസരണം ചിറകുവിരിച്ചു പറക്കുന്ന നിഷ്കളങ്കസ്വാതന്ത്ര്യം അദ്ദേഹത്തിൻെറ കുട്ടികൾക്കു് ഉണ്ടാകണം. വികൃതങ്ങളായ പാഠ്യപുസ്തകങ്ങളിലെ മൃതപാഠങ്ങൾ ടാഗോറിനു് അവജ്ഞ ഉണ്ടാക്കിയവയാണു്. പിഞ്ചു ഹൃദയങ്ങൾക്കു് രസഹീനങ്ങളായ പാഠങ്ങൾ പാടില്ലെന്നുള്ള അഭിപ്രായം ടാഗോറിൽ ഒന്നിനൊന്നു ശക്തിപ്പെട്ടുവന്നു. ഇത്തരം പരിശീലനപരിധിയിൽനിന്നും നിശ്ശേഷം വ്യത്യസ്തമായ ഒരു പാഠക്രമപദ്ധതി സൃഷ്ടിച്ചു് കുട്ടികളെ വിദ്യാഭ്യാസംചെയ്യിക്കുവാൻ അദ്ദേഹം കൊതിച്ചു. സംഗീതമാധുര്യം തുളുമ്പുന്ന പാഠങ്ങൾ ഉറക്കെമൊഴിഞ്ഞും പഠിക്കുവാൻ ടാഗോർ ഇഷ്ടപ്പെട്ടതുപോലെ ഹൃദയാകൎഷകങ്ങളായ പാഠങ്ങൾ ജിജ്ഞാസാപൂൎവ്വം സ്വയം പഠിക്കുവാൻ ബാലന്മാൎക്കു് അവസരം നൽകണം. 'റാബിൻസൻക്രൂസോ' മുതലായ കഥകൾ പഠിതാക്കൾക്കു് എത്രമാത്രം രസപ്രദങ്ങളാണു്. അവ പഠിക്കുമ്പോൾതന്നെ ഒരു പൎയ്യടനോത്സാഹവും, പ്രകൃതിസൗന്ദൎയ്യത്തെ ആസ്വദിക്കാനുള്ള തിടുക്കവും അവൎക്കുണ്ടാകുന്നില്ല. ശ്രമരഹിതമായ പരീക്ഷണങ്ങൾ, ഉത്സാഹപൂൎവ്വമുള്ള കളികൾ, ഗാനാലാപങ്ങൾ, നാടകങ്ങൾ എന്നിങ്ങനെയുള്ള വിനോദപഠനങ്ങളിൽ അവർ ഏൎപ്പെടട്ടെ! ക്ഷീണിച്ചു വശാകുന്നതുവരെ അവർ ഉല്ലാസങ്ങൾ ഉണ്ടാക്കിക്കൊള്ളട്ടെ! അങ്ങനെ അവർ സ്വയം കാൎയ്യഗ്രഹണത്തിനു പ്രാപ്തരായിത്തീരട്ടെ! ഇവയൊക്കെയായിരുന്നു ടാഗോറിൻെറ സിദ്ധാന്തങ്ങൾ. പ്രകൃതിയിൽ ജീവിച്ചും, പ്രകൃതിയെ സുഹൃത്താക്കിയും, പ്രകൃതിയിൽ ലയിച്ചും അവർ വിജ്ഞാനോൽസുകരായിക്കൊള്ളട്ടെ! ജോറസങ്കോവിലെ പറമ്പുകളിൽ നിബിഡമായി വളൎന്നുനിന്ന കേരദ്രുമങ്ങൾ അപ്പോഴും അദ്ദേഹം മനോദൎപ്പണത്തിൽ വ്യക്തമായിക്കണ്ടു. അവയുടെ ഹരിതവൎണ്ണം, അവയുടെ മൎമ്മ

രാലാപം, അവയുടെ ആകർഷകത്വം അവയെല്ലാം ടാഗോർ സ്പഷ്ടമായി സ്മരിച്ചു. ആ വൃക്ഷസമൂഹങ്ങൾ അങ്ങനെ ഒന്നിച്ചുനിന്നു് അവയുടെ സൗഭ്രാത്രചിന്തയെ അല്ലേ അനുസ്മരിപ്പിക്കുന്നതു്! അത്തരമൊരു സാഹോദര്യസിദ്ധാന്തം സ്വയം പഠിക്കുവാൻ എല്ലാ വിദ്യാർത്ഥിക്കും കഴിവുണ്ടു്. പരിസരങ്ങൾ അനുയോജ്യമാകണമെന്നേയുള്ളു ശാന്തിനികേതനത്തിൽ ആദ്യത്തെ വർഷം അഞ്ചു കുട്ടികൾ മാത്രമാണുണ്ടായിരുന്നതു്. ഒന്നു് ടാഗോറിൻെറ പുത്രൻതന്നെ ആയിരുന്നു. എന്നാൽ കുറഞ്ഞ കാലത്തിനുള്ളിൽ അവിടെ താമസിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം നൂററിഅൻപതായി: ഇപ്പോൾ ആൺകുട്ടികൾക്കു് പെൺകുട്ടികൾക്കും അവിടെ പ്രത്യേകം താമസസൗകര്യം ഉണ്ടു്. സ്കൂളിലെ എല്ലാ ത്തരം ഉന്മേഷങ്ങളിലും കുട്ടികൾ സ്ത്രീപുരുഷവ്യത്യാസമില്ലാതെ സഹകരിച്ചുപോരുന്നു.

സ്കൂൾ ആരംഭിച്ചപ്പോൾ പുരാണഭാരതത്തിലെ തപോവനങ്ങളാണു് ടാഗോറിൻെറ സ്മരണയിൽ ആവിർഭവിച്ചതു്. അവിടുത്തെ ഗുരുകുലവിദ്യാഭ്യാസത്തിൻെറ മാഹാത്മ്യം അദ്ദേഹത്തെ കുതൂഹലചിത്തനാക്കി. തപോവനവിദ്യാലയങ്ങളിലെ ഗുരുശിഷ്യന്മാർ യഥാർത്ഥ 'സത്യപ്രേമി'കളായിരുന്നു. സത്യദർശനത്തിനുവേണ്ടിയാണു് ശബ്ദമുഖരിതമല്ലാത്ത തപോവനപ്രദേശങ്ങൾ അവർ അഭ്യസനകേന്ദ്രങ്ങളാക്കിയതു്. വിദ്യാർത്ഥികൾ അദ്ധ്യാപകന്മാരൊന്നിച്ചു് ലളിതജീവിതം പരിശീലിച്ചുവന്നു. സമ്പൽസമൃദ്ധിയെക്കാൾ സത്യദർശനത്തെയാണു് അവർ ആഗ്രഹിച്ചതു്. പ്രകൃതിയെ സ്നേഹിക്കുവാനും ജീവരാശികളെ പക്ഷഭേദമെന്യേ ബഹുമാനിക്കുവാനും അവർ അറിഞ്ഞിരുന്നു. ഭൗതികസുഖം ക്ഷണികമാണെന്നും ശാശ്വതാനന്ദം ശ്രമലബ്ധമാണെന്നും ലോകത്തെ ഉൽബോധിപ്പിക്കുകയാണു് ഭാരതത്തിൻെറ കർത്തവ്യമെന്നു് ടാഗോർ ഉറച്ചു. എന്നാൽ

നഗരങ്ങളിൽ താമസിക്കുന്ന ഭാരതീയനേതാക്കൾപോലും ഈ വിശുദ്ധാദർശത്തെ വിസ്മരിക്കുന്നതായി അദ്ദേഹം വ്യസനിച്ചു. ഭൗതികസുഖാവേശം ആത്മജ്ഞാനലക്ഷ്യത്തിൽനിന്നും അവരെ വഴിതെററിക്കുന്നു. മനോജ്ഞങ്ങളായ മന്ദിരങ്ങൾകെട്ടിപ്പടുക്കുവാൻ അവർഉഴറുന്നു. മോട്ടോർ, റേഡിയോ മുതലായ സുഖസൗകര്യങ്ങൾക്കുവേണ്ടി അവർ ബദ്ധപ്പെടുന്നു. ബാലിശവും നശ്വരവുമായ സുഖാനുഭൂതിയ്ക്കു മുമ്പിൽ അവർ നമ്രശിരസ്കരാകുന്നു. ആത്മജ്ഞാനമാണു് ഭാരതത്തിൻെറ ലക്ഷ്യം. സ്വാത്മത്യാഗികളായ മഹർഷീശ്വരന്മാരാണു് നമ്മുടെ മാതൃകാഗുരുക്കന്മാർ. ആർഷഭാരതത്തിൻെറ ആത്മശുദ്ധിയാണു് ഭാരതീയനു് ഹൃദയപ്രചോദനം നല്കേണ്ടതു്. ഇതൊന്നും ഇന്നത്തെ ഭാരതീയനു് ഓർമ്മയില്ല. അവൻ ആർഭാടത്തിൽ കുരുങ്ങിപ്പോയി. ആഢ്യത്വത്തിൽ അമന്നുപോയി. അതോടുകൂടി സമാധാനവും സംതൃപ്തിയും അവനു നഷ്ടപ്പെട്ടു. യഥാർത്ഥ സംതൃപ്തിയുടെ രഹസ്യകാരണം ഭാരതീയൻ ആരായണം. നഗരത്തിലെ നശിച്ച ചിന്തകളും നാറുന്ന ദിവാസ്വപ്നങ്ങളും അസഹ്യപ്പെടുത്താത്ത തപോവനവിദ്യാലയങ്ങൾ ഭാരതത്തിൽ വളരെ ആവശ്യമുണ്ടു്. 'ശാന്തിനികേതനം' അത്തരമൊരു തപോവനവിദ്യാലയമായിരിക്കട്ടെ, എന്നു ടാഗോർ നിശ്ചയിച്ചു. എന്നാൽ അതു് പ്രാചീനതപോവനവിദ്യാലയത്തിൻെറ ശരിപ്പകർപ്പായിരിക്കണമെന്നു് അദ്ദേഹം വിചാരിച്ചില്ല. ആദർശത്തിൽ അതു് പ്രാചീനഗുരുകലാശ്രമത്തെ അനുകരിക്കണം. എന്നാൽ കാലാനുസൃതമായ പരിഷ്കാരവും അതിനുണ്ടായിരിക്കണം. ചുരുക്കത്തിൽ, ഒരു മഹാൻ പറഞ്ഞതുപോലെ 'ശാന്തിനികേതനം' ഭാരതസംസ്കാരത്തിൻെറ പ്രക്ഷേപണമന്ദിരംതന്നെയാണു്.

ശാന്തിനികേതനം ഒരു കവിയുടെ വിദ്യാമന്ദിരമാണു്. അതുകൊണ്ടു് അതു്, കാവ്യാത്മകമായ സൗന്ദ-

വത്തെ ഉൾക്കൊള്ളുന്ന ഒരു വിശ്വവിദ്യാസങ്കേതവുമാണു്. "ശാന്തിനികേതനംതന്നെയും ഒരു കവിതയാണു്" എന്നു ടാഗോർ പറയുന്നുണ്ടു്. അതു കടലാസിലെ കവിത അല്ല. ജീവിതത്തിൽ ആലേഖനം ചെയ്തിരിക്കുന്ന ഒരു കവനതല്ലജമാണു്. "ഗ്രീഷ്മർത്തുവിൽ ഒരു ദിവസം ഞാൻ ഏതാനും ശിഷ്യരുമൊന്നിച്ചുചേർത്തു. ദൃഢവും സുശക്തവുമായി വളർന്നുനിൽക്കുന്ന സാലവൃക്ഷങ്ങളുടെ തണലിൽ ഞങ്ങൾ ചെന്നുചേർന്നു. ഞാൻ ഉടൻതന്നെ ഒരു കവിത രചിച്ചു. പക്ഷെ—അതു പദങ്ങളുടെ സംഘാതമല്ല. അതാണു് 'ശാന്തിനികേതനം"-ഇങ്ങനെയാണു് ആ മഹനീയമായ വിദ്യാകേന്ദ്രത്തിന്റെ ഉൽഘാടനത്തെപ്പററി 'ടാഗോർ' പറയുന്നതു്. ശാന്തിനികേതനത്തിൽ അദ്ധ്യയനം ആരംഭിക്കുന്നതു സംഗീതത്തിലാണു്. മോഹനസൂക്തങ്ങളുടെ ശ്രുതിമധുരമായ തരംഗപരമ്പര പരിസരങ്ങളിലെ പവിത്രതയിൽക്കൂടി അവ്യാഹതമായി ഒഴുകിക്കൊണ്ടിരിക്കും. അദ്ധ്യയനം അവസാനിക്കുന്നതും സംഗീതത്ധരികയുടെ നാദവിശേഷത്തിൽതന്നെ. രവീന്ദ്രനാഥടാഗോർ രചിച്ചിട്ടുള്ള ഗാനങ്ങൾ അദ്ദേഹത്തിന്റെ വിദ്യാർത്ഥികൾക്കു അറിയാം. എല്ലാ ദിവസവും സൂര്യോദയത്തിനുമുമ്പു് ഒരു സംഘം വിദ്യാർത്ഥികൾ പ്രഭാതഗാനം പാടിക്കൊണ്ടു് ആശ്രമത്തിനു പ്രദിക്ഷണംവയ്ക്കുന്ന പതിവുണ്ടു്. ഇതുകേട്ടാണു് മററു വിദ്യാർത്ഥികൾ ഉണരുന്നതു്. ഉദയാസ്തമയങ്ങളുടെ മനോജ്ഞതയെ പരാമർശിച്ചുകൊണ്ടുള്ള സ്തോത്രങ്ങളാണു് കുട്ടികൾ കീർത്തനംചെയ്യുന്നതു്. വസന്തർത്തുവിന്റെ പുഷ്പലതാസംവിധാനവും, കോകിലാലാപങ്ങളും, ഗ്രീഷ്മർത്തുവിന്റെ അത്യുജ്ജ്വലമായ ശക്തിവിശേഷവും, ശിശിരകാലത്തെ തണുപ്പും, ചണ്ഡവാതത്തിന്റെ ഭീകരപ്രകൃതിയും സരളമായി പ്രതിപാദിക്കുന്ന ഗാനവിശേഷങ്ങൾ ശാന്തിനികേതനവിദ്യാർത്ഥികൾ ശ്രവണമധുരമായി പാടും. ഇതുകേട്ടു് പ്രഹൃഷ്ടചേതസ്സായ ബാലാദി

ത്ത്യൻ സുസ്മേരവദനനായി ഉദിച്ചുയൎന്നു് ശാന്തിനികേതനത്തെയും തദ്വാസികളെയും ബഹുസഹസ്രം കരങ്ങളാൽ തഴുകിപ്പുണരും. പ്രസ്തുത വിദ്യാകേന്ദ്രത്തെ ദീൎഘസേവനംചെയ്ത ഒരു മഹാനാണു് ടാഗോറിൻെറ സഹോദരീപുത്രനായ ദിനേന്ദ്രനാഥടാഗോർ. ഇദ്ദേഹം ഒരു വലിയ സംഗീതവിചക്ഷണൻ ആയിരുന്നു. ടാഗോറിൻെറ നവീനരീതിയിലുള്ള സ്തോത്രങ്ങൾ വിദ്യാൎത്ഥികളെ അഭ്യസിപ്പിച്ചതു് ദിനേന്ദ്രനാഥനാണു്. സംഗീതാഭ്യസനത്തോടുകൂടി ത്തന്നെ കവിയുടെ ആദൎശങ്ങളും പ്രകൃതിമാഹാത്മ്യവും ശാന്തിനികേതനവിദ്യാൎത്ഥികൾ ശരിയായി മനസ്സിലാക്കിപ്പോന്നു.

കവിതാനിൎമ്മിതിയിലും ടാഗോർ ശിഷ്യന്മാരെ പ്രോത്സാഹിപ്പിച്ചുവന്നു. ഗ്രാമീണജീവിതത്തെയും പ്രകൃതിസൗന്ദൎയ്യത്തെയും അധികരിച്ചു് അവർ നല്ലനല്ല കവിതകൾ രചിച്ചു. ശാന്തിനികേതനത്തിൽ ഒരു വസന്തോത്സവം ആഘോഷിക്കുക പതിവുണ്ടു്. അതുപോലെ ഓരോ ഋതുക്കളിലും അവിടെ ഉത്സവാഘോഷങ്ങൾ ഉണ്ടാകും. ഗ്രാമീണരുടെ ഉഴവു്, വിത, നടീൽ എന്നിങ്ങനെയുള്ള കൎമ്മങ്ങളും ശാന്തിനികേതനത്തിൽ മംഗളകൎമ്മമായി ആചരിക്കും. ഘോഷയാത്ര, സംഗീതം, നൃത്തം, നാടകം മുതലായവ അന്നത്തെ ആഘോഷത്തിൻെറ ഓരോ ചടങ്ങുകളാണു്. ചിലപ്പോൾ പ്രത്യേകം പ്രഹസനംതന്നെ എഴുതി അഭിനയിക്കാറുണ്ടു്. 'ശാരദോത്സവം' 'ഫൽഗുനി' എന്നീ രണ്ടു നാടകങ്ങളും ഈമാതിരി ആവശ്യങ്ങൾക്കായി പ്രത്യേകം രചിച്ചതാണു്. 'വസന്താ' എന്ന മറെറാരു ഗ്രന്ഥവും ഇങ്ങനെ ഒരു ആവശ്യംപ്രമാണിച്ചു് ടാഗോർ നിൎമ്മിച്ചു. നാടകാഭിനയം വിദ്യാഭ്യാസത്തെ സാരമായി അഭിവൃദ്ധിപ്പെടുത്തുമെന്നു് അദ്ദേഹം ശക്തിയായി വിശ്വസിച്ചിരുന്നു. മിക്കവാറും പ്രതിവൎഷം രണ്ടുമൂന്നു നാടകമെങ്കിലും ശാന്തിനികേതനത്തിൽ കളിക്കാതിരിക്കയില്ല. വിദ്യാൎത്ഥികളുടെ

എണ്ണം കുറവായിരുന്നപ്പോൾ നാടകാഭിനയത്തിൽ പങ്കു കൊള്ളുവാൻ എല്ലാപേക്കും സാധിച്ചിരുന്നു. വേഷവിധാനത്തെപ്പററിയും അഭിനയത്തെപ്പററിയും അഭിപ്രായം പറയാൻ എല്ലാ വിദ്യാത്ഥികൾക്കും അവകാശമുണ്ടു്. ഈ വിമശനപരിചയം അവരുടെ കലാബോധത്തേയും ഭാവനയേയും ഉണത്തുവാൻ തികച്ചും പര്യാപ്തമാണു്. 'പോസ്റ്റ് ആഫീസ്" ശാന്തിനികേതനത്തിലെ ബാലനടന്മാക്കുവേണ്ടിമാത്രം എഴുതിയ മറെറാരു നാടകമാണു്.

ശാന്തിനികേതനം ഏതൊരുദ്ദേശത്തിലാണു സ്ഥാപിച്ചിരിക്കുന്നതെന്നു മനസ്സിലാക്കാൻ പ്രാപ്തിയുള്ള അദ്ധ്യാപകന്മാരെ ലഭിക്കുവാൻ ടാഗോർ വളരെ പണിപ്പെട്ടു. സാഹിത്യം, സയൻസ്, മുതലായ വിഷയങ്ങൾ രസകരമായി പഠിപ്പിക്കുവാൻ എത്രപേക്കാണു സാധിക്കുന്നതു്! നാം അധിവസിക്കുന്ന ലോകവും അതിൽ കാണുന്ന സസ്യലതാദികളും ജന്തുക്കളും പാഠവിഷയങ്ങളായി സ്വീകരിച്ചു അവയെപ്പററിയുള്ള അറിവുകൾ ശരിയായി അദ്ധ്യേതാക്കൾക്കു നൽകുകയാണു യഥാത്ഥവിദ്യാഭ്യാസത്തിൻെറ മാതൃക എന്നു് ടാഗോർ സിദ്ധാന്തിക്കുന്നു. പാഠവിഷയങ്ങളെപ്പററി അദ്ധ്യേതാക്കൾ സ്വയം ജിജ്ഞാസുക്കളായിത്തീന്നാൽ അവയെപ്പററിയുള്ള പൂണ്ണമായ അറിവു അവർ സംഭരിച്ചുകൊള്ളുമെന്നാണു ഗുരുദേവൻെറ വിവക്ഷ. ഒരു കുട്ടി കളിച്ചുകൊണ്ടിരിക്കുമ്പോൾ അതിനാവശ്യമുള്ള ഉപകരണങ്ങൾ സ്വയം നിമ്മിക്കുവാൻ അവൻ എത്രമാത്രം ഉത്സാഹം കാണിക്കുന്നു! ഇതെന്തുകൊണ്ടാണു്! അവൻ അതിൽ ആഹ്ലാദവും തൃപ്തിയും കാണുന്നു. അവൻ അതു സ്വയം തിരഞ്ഞെടുത്ത വിനോദമാണു്. പാഠങ്ങളും അതുപോലെ ആയിരിക്കണം. കളിയും കാര്യവും തമ്മിൽ അന്തരമുണ്ടെന്നു കരുതരുതു്. ബോധനത്തിൽ കളിയുടെ രസം ഉണ്ടാകണം. അതോടുകൂടി കാര്യഗ്രഹണവും കുട്ടി

കൾക്കുണ്ടാകണം. ജീവിതസംരംഭങ്ങളിലെല്ലാം കളിയുടെ രസികത്വവും കാര്യത്തിൻെറ ഗൗരവവും കലന്നിരിക്കണമെന്നാണ ടാഗോർ നിർദ്ദേശിക്കുന്നതു്.

ശാന്തിനികേതനം അവിടുത്തെ അദ്ധ്യേതാക്കളുടെ തറവാടുതന്നെയാണു്. അദ്ധ്യാപകാദ്ധ്യേതാക്കൾ ഒരു കുടുംബത്തിലെ അംഗങ്ങളുമാണു്. അവർ ഒരുമിച്ചു കളിക്കയും ഒന്നിച്ചിരുന്നു ഭക്ഷണംകഴിക്കുകയുംചെയ്യും. ഗുരുദേവനും അവരൊന്നിച്ചുതന്നെയാണ ആഹാരംകഴിക്കുന്നതു്. ടാഗോർ ഒരു വലിയ ആളായിരുന്നതുകൊണ്ടു് സദാ ഗൌരവചിന്തയിൽ മുഴുകിയിരിക്കുമെന്നാണ ചിലക്കു തോന്നാവുന്നതു്. ശാന്തിനികേതനത്തിലെ ഏററവും പ്രായംകുറഞ്ഞ കുട്ടിയെപ്പോലെ വികൃതി കാണിക്കാൻ അദ്ദേഹം വിരുതനായിരുന്നു. കാലുകെട്ടിഓടുക, കഴകുത്തിച്ചാടുക മുതലായ വിനോദങ്ങളിൽ അദ്ദേഹവും പങ്കുകൊണ്ടുവന്നു. വിവാഹിതരായ അദ്ധ്യാപകന്മാർ കുട്ടികളെ വീട്ടിലേക്കു ക്ഷണിക്കുക പതിവായിരുന്നു. അദ്ധ്യാപകപത്നിമാർ സ്വന്തം അമ്മമാരെപ്പോലെയാണ കുട്ടികളോടു പെരുമാറിയതു്. ഓരോ കുട്ടിയിലും അദ്ധ്യാപകൻെറ ശ്രദ്ധ പതിയത്തക്കവണ്ണം ക്ലാസിൽ കുട്ടികളുടെ എണ്ണം പരിമിതമാക്കണമെന്നാണ ടാഗോറിൻെറ നിർദ്ദേശം. വൃക്ഷച്ഛായകളിൽ വട്ടമിട്ടിരുന്നുകൊണ്ടു് അദ്ധ്യേതാക്കൾ അദ്ധ്യയനം നടത്തിവന്നു. ചില കുട്ടികൾ വൃക്ഷങ്ങളിൽ കയറിയിരുന്നു ക്ലാസ്സു് ശ്രദ്ധിക്കാറുണ്ടു്. വിദ്യാലയത്തിലെ കർശന നിയമങ്ങൾമൂലം വിദ്യാത്ഥികൾക്കു വിരസത ഉണ്ടാകാൻ ടാഗോർ ഇടകൊടുത്തിട്ടില്ല.

വൃക്ഷങ്ങളിൽ കയറുകയോ ഇഷ്ടമുള്ള സ്ഥലത്തു സഞ്ചരിക്കുകയോ ചെയ്യുന്ന കുട്ടികളെയും ഗുരുദേവൻ ശാസിച്ചിട്ടില്ല. സ്വതന്ത്രമായ അന്തരീക്ഷത്തിലാണ ശാന്തിനി

കേതനവിദ്യാത്ഥികൾ വളരുന്നതു്. എന്നാൽ തോന്നുന്ന തെല്ലാം കാണിക്കുന്നതു ശരിയായ സ്വാതന്ത്ര്യമെന്നു് അദ്ദേഹം വിധിക്കുന്നില്ല. ഓരോന്നിനുമുള്ള പ്രയാണം അതാതിൻേറതായിരിക്കണമെന്നേയുള്ളു. മററുള്ളവക്കു അഹിതമുണ്ടാക്കുന്ന സ്വാതന്ത്ര്യം ആരും ഇഷ്ടപ്പെടരുതെന്നാണു അദ്ദേഹത്തിൻേറ ഉപദേശം. ശാന്തിനികേതനവിദ്യാത്ഥികളും അത്തരമുള്ള സ്വാതന്ത്ര്യമാണു ശീലിച്ചുവന്നതു്. വിദ്യാലയകാൎയ്യങ്ങൾക്കു നിയമങ്ങൾ ആവശ്യമാണെന്നു വിദ്യാത്ഥികൾക്കറിയാം. ആവക നിയമങ്ങൾ അവർ സ്വയം ആചരിക്കയും പ്രതിവിധികൾ സ്വയമേവ കണ്ടുപിടിക്കുകയും ചെയ്തിരുന്നു. ഒരു പൊതുവായ പ്രതിനിധിസംഘത്തിൻേറ പിൻതുണയോടുകൂടി കുട്ടികൾതന്നെ നിയമപരിപാലനം നടത്തിവന്നു. ശുചിത്വത്തിലും കാൎയ്യപരിപാടിയുടെ ക്രമീകരണത്തിലും ഈ പ്രതിനിധിസംഘം പ്രത്യേകം നിഷ്കർഷിച്ചിരുന്നു, വിനോദങ്ങളിലും വ്യായാമങ്ങളിലുമുള്ള സമിതിതന്നെയാണു മേൽനോട്ടം വഹിച്ചതു്. അതിഥിസൽക്കാരംചെയ്ക, ഭക്ഷണം വിളമ്പുക മുതലായ കാൎയ്യങ്ങളും പ്രതിനിധിസംഘത്തിൻേറ ജോലിയായിരുന്നു.

സ്വയംഭരണബോധവും, സ്വാതന്ത്ര്യചിന്തയും വളത്തുവാനുള്ള ഈമാതിരി പരിശീലനപദ്ധതി ടാഗോറിനു ഇംഗ്ലണ്ടിലും അമേരിക്കയിലുംനിന്നാണു ലഭിച്ചതു്. വിഷമപ്രകൃതമുള്ള കുട്ടികളെപ്പോലും സന്മാർഗ്ഗത്തിലേക്കാനയിക്കുവാൻ പൎയ്യാപ്തമായ ശിക്ഷാക്രമപദ്ധതികൾ വിജയപൂർവ്വം നടത്തിവരുന്ന പല വിദ്യാലയങ്ങളും മേൽപറഞ്ഞ രാജ്യങ്ങളിലുണ്ടു്. അതെല്ലാം ടാഗോർ നല്ലതുപോലെ സൂക്ഷ്മനിരീക്ഷണംചെയ്തു മനസ്സിലാക്കിയിരുന്നു. കളികളിലുള്ള നിയമങ്ങൾ കുട്ടികൾ സ്വയം സൃഷ്ടിച്ചിട്ടുള്ളതാണല്ലൊ. യാതൊരു നിയമപണ്ഡിതനും അത്തരം നിയമങ്ങൾ സൃഷ്ടിച്ചു് കുട്ടികൾക്കുവേണ്ടി കൊടുത്തിട്ടുള്ളതല്ല.

കളിയിൽ തോൽക്കുന്ന കുട്ടി നിർദ്ദിഷ്ടമായ ശിക്ഷയും സ്വയംവിധേയനായിക്കൊള്ളും. അതുപോലെ സ്വയം നിയമങ്ങൾ സൃഷ്ടിച്ച് ശിക്ഷാപരിധിയിൽനിന്നും അകന്നുനില്ക്കുവാനുള്ള ആഗ്രഹം ഓരോ കുട്ടിക്കും ഉണ്ടാകത്തക്ക വ്യവസ്ഥയാണു ടാഗോർ അനുഷ്ഠിച്ചതു്. ആശ്രമത്തിൽ യാതൊരുജന്തുവിനും ഹിംസയുണ്ടാകരുതെന്നുള്ള ദേവേന്ദ്രനാഥമഹർഷിയുടെ ആഗ്രഹം ശരിയായിപരിപാലിച്ചുവന്നു. ജന്തുക്കളിൽ കൃപാവിഷ്ടരാകുവാൻ ടാഗോർ അദ്ദേഹത്തിൻെറ കുട്ടികളെ ശീലിപ്പിച്ചു. വിഭിന്നഭാഷകളും വിവിധാചാരങ്ങളും പരിചയിച്ചിട്ടുള്ള ആളുകളെ ഒരുപോലെ ബഹുമാനിക്കുവാൻ ശാന്തിനികേതനവിദ്യാർത്ഥികൾ തല്പരരാണു്. വിദേശികളായ അദ്ധ്യാപകന്മാർ ശാന്തിനികേതനത്തിലെ അദ്ധ്യാപകസമിതിയിൽ കൂട്ടതലായി പ്രവേശിക്കുന്നതു ടാഗോറിനു വളരെ ഇഷ്ടമായിരുന്നു.

വിദ്യാലയത്തിൽ മതപഠനം അനുവദിച്ചിട്ടില്ല. ചരിത്രസംഭവങ്ങളുടെ സംഘാതമോ പൗരാണികവീരന്മാരുടെ അത്ഭുതവൃത്തികളോ അല്ലാ യഥാർത്ഥ മതമെന്നു ഗുരുദേവൻ വിശ്വസിച്ചു. ദൈവത്തെപ്പററിയുള്ള യഥാർത്ഥ ബോധമാണു് മതം എന്നായിരുന്നു ടാഗോറിൻെറ അഭിപ്രായം. ഈശ്വരനെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ജനങ്ങളുടെ നിരന്തരസാഹചര്യമാണു് കുട്ടികളിലും ഈശ്വരവിശ്വാസം അങ്കുരിപ്പിക്കുന്നതു്. വിശ്വമഹാകവിയായ പരാശക്തി ഭൂമിയിൽ പരത്തുന്ന പ്രഭാപടലം, അദ്ദേഹം സൃഷ്ടിച്ചിട്ടുള്ള സൗന്ദര്യസങ്കേതം ഇവയിലെല്ലാം ദൈവമാഹാത്മ്യം പ്രത്യംഗം സ്ഫുരിക്കുന്നില്ലേ. അതുകൊണ്ടു് ഉദയാസ്തമയങ്ങളിൽ കാൽമണിക്കൂറുവീതം നിശ്ശബ്ദമായിരിക്കുവാൻ ടാഗോർ ശിഷ്യന്മാരെ പരിചയിപ്പിച്ചു. ഈ നിശ്ശബ്ദവേളയിൽ അവർ എന്തു വിചാരിക്കണമെന്നു നിർദ്ദേശിക്കയോ, എന്താണു വിചാരിച്ച

തെന്നു ചോദിക്കുകയോ അദ്ദേഹം ചെയ്തിട്ടില്ല. നിഃമേന അനുസരിക്കുന്ന ഈ നിശ്ശബ്ദത ശാരീരികമായും മാനസികമായും പോഷണം ഉണ്ടാക്കുമെന്നു ഗുരുദേവന് അറിയാമായിരുന്നു. പരിസരങ്ങളുടെ മനോജ്ഞതയിലേക്കു നിശ്ശബ്ദരായ കുട്ടികൾ ആകൃഷ്ടരാകും, അവരുടെ മാനസികാവ്യാപ്തിയെ ആ പരിസരപ്രകൃതി സാരമായി സ്പർശിക്കുകയും ചെയ്യും. ഇതായിരുന്നു അദ്ദേഹത്തിൻെറ അനുമാനം. ഈ നിശ്ശബ്ദതയ്ക്കുശേഷം വിദ്യാർത്ഥികളെല്ലാം ചേൎന്നു ഒരു പ്രാൎത്ഥനാഗാനം ഉച്ചരൊല്ലും. ഈ ഗാനം ഗുരുദേവൻ തന്നെ സംസ്കൃതത്തിൽനിന്നും തേടിപ്പിടിച്ചിട്ടുള്ളതാണു്. ഏതുമതക്കാരനും സാങ്കേതികതടസ്സം പുറപ്പെടുവിക്കാത്ത ആ ഗാനത്തിൻെറ അൎത്ഥം എല്ലാ വിദ്യാൎത്ഥിയും ഗ്രഹിച്ചിരുന്നു.

ശാന്തിനികേതനത്തിലെ ശിക്ഷാക്രമം ടാഗോറിന്നു് സന്തോഷാവഹമായിരുന്നു. എന്നാൽ പ്രാരംഭത്തിൽ അദ്ദേഹം പല വിഷമങ്ങളും അനുഭവിച്ചു. അന്നു് എല്ലാവൎക്കും ഫീസ്സൗജന്യം അനുവദിച്ചിരുന്നു. സാമ്പത്തികവൈഷമ്യം അദ്ദേഹത്തെ വല്ലാതെ ഞെരുക്കി. ഈ വിഷമഘട്ടത്തിൽ ടാഗോറിൻെറ ധൎമ്മപത്നി അവരുടെ ആഭരണങ്ങൾ മുഴുവൻ വിററും ഭൎത്താവിനെ സഹായിച്ചു. 1902 നവംബർമാസത്തിൽ അവർ രോഗാതുരയായി. താമസിയാതെ ആ മഹതി കാലധൎമ്മം പ്രാപിച്ചു. 'സ്മരണ' എന്ന വിലാപകാവ്യം ഈ അത്യാഹിതത്തെ പുരസ്കരിച്ചു് എഴുതിയിട്ടുള്ളതാണു്. ആയിടയിൽ ടാഗോർ അനുഭവിച്ച ദുരന്തദുഃഖം എത്രമേൽ തീക്ഷ്ണമായിരുന്നു എന്നു് സ്മരണയിൽനിന്നും മനസ്സിലാക്കാം. കുറേക്കഴിഞ്ഞു അദ്ദേഹത്തിൻെറ പുത്രി 'രേണുക'യും രോഗബാധിതയായി. രേണുകയെ ചികിത്സാർത്ഥം 'അൽമോറാ'യിലേക്കു കൊണ്ടുപോയി. അക്കാലത്താണു 'ശശികല'യിൽ പല ഭാഗങ്ങളും എഴുതിയതു്.

രേണുകയുടെ സുഖക്കേടു് അടിക്കടി വൎദ്ധിച്ചു. 1903 മേ മാസത്തിൽ വാത്സല്യഭാജനമായ ആ പുത്രിയും ഇഹലോകവാസം വെടിഞ്ഞു. അടുത്തവർഷം മറെറാരുദുഃഖം കൂടി ടാഗോറിനുണ്ടായി. സ്കൂൾ നടത്തിപ്പിൽ അദ്ദേഹത്തെ വളരെ സഹായിച്ച ഒരു യുവകവി ശാന്തനികേതനത്തിൽ ഉണ്ടായിരുന്നു. 'സതീശചന്ദ്രറായി' എന്ന ആ യുവപണ്ഡിതൻ 1904-ൽ മസൂരിബാധയാൽ മരണംപ്രാപിച്ചു. സതീശൻെറ മരണം പുത്രദുഃഖത്തെക്കാൾ ടാഗോറിനു ദുസ്സഹമായിരുന്നു. ഒരു ഉത്തമാദ്ധ്യാപകനായ സതീശൻ ഒരു മഹാകവിയായിത്തീരുമെന്നു് ടാഗോർ ആശിച്ചിരുന്നു. 1905-ൽ എൺപത്തെട്ടാമത്തെ വയസ്സിൽ മഹൎഷി ദേവേന്ദ്രനാഥനും കാലഗതി അടഞ്ഞു. 1907-ൽ ടാഗോറിൻെറ ഇളയപുത്രൻ സമീന്ദ്രനാഥൻ പരലോകം പ്രാപിച്ചു. സമീന്ദ്രനു അന്നു് പതിമൂന്നു വയസ്സേ ഉണ്ടായിരുന്നുള്ളു. ഇങ്ങനെയുള്ള ബന്ധുവിയോഗവ്യഥകൾ ഒത്തുചേൎന്നു് രവീന്ദ്രൻെറ ഹൃദയത്തെ അതികഠിനമായി തപിപ്പിച്ചു. എന്നാൽ ലോകനന്മയ്ക്കായി ജീവാൎപ്പണംചെയ്ത ആ മഹാത്മാവിൻെറ സദുദ്യമങ്ങൾക്കു തടസ്സമുണ്ടാകാതെ സൂക്ഷിക്കുവാനുള്ള ധൈൎയ്യം അദ്ദേഹത്തെ വിട്ടുമാറിയിരുന്നില്ല.

അദ്ധ്യായം ൧

# കവിയും രാഷ്ട്രീയബന്ധവും

ശാന്തിനികേതനം സ്ഥാപിക്കുന്നതിനുമുൻപുതന്നെ ദേശീയസേവനത്തിൽ ടാഗോർ തല്പരനായിരുന്നു. ഇൻഡ്യയിലെ വാണിജ്യവ്യവസായങ്ങൾ ഇൻഡ്യാക്കാരിൽ തന്നെ നിക്ഷിപ്തമായിരിക്കേണ്ടതു് ഇൻഡ്യയുടെ സാമ്പത്തികാഭിവൃദ്ധിയിൽ ഏററവും പ്രധാനമായ കാര്യമാണെന്നു് അദ്ദേഹം വിചാരിച്ചു. സ്വദേശസാധനങ്ങളുടെ മാഹാത്മ്യത്തിൽ ടാഗോറിന് വളരെ മതിപ്പുണ്ടായിരുന്നു. അദ്ദേഹത്തിൻെറ രണ്ടു് അനന്തരവർ കല്ക്കട്ടായ്ക്കുസമീപം ഒരു ജൂട്ട്ഫാക്ടറി സ്ഥാപിച്ചു. ചില സ്നേഹിതന്മാർ കല്ക്കട്ടായിൽ ഒരു 'ഇൻഡ്യൻസ്റ്റോഴ്സും' തുറന്നിരുന്നു. ഈ രണ്ടു സ്വദേശിവ്യവസായത്തെയും ടാഗോർ പ്രോത്സാഹിപ്പിച്ചു. അദ്ദേഹം അതിൻെറ ഒരു പംകുകാരനുമായിരുന്നു. നിർഭാഗ്യവശാൽ ഈ പ്രസ്ഥാനം പരാജയത്തിൽ കലാശിച്ചു. അതുമൂലം 'ടാഗോർ' വലിയ കടക്കാരനായി. ഈ ഋണബാദ്ധ്യത ശാന്തിനികേതനത്തെയും ബാധിച്ചു. അതിൻെറ പ്രാരംഭകാലം കവിയ്ക്കുണ്ടായ വൈഷമ്യം ഇതുമൂലമുണ്ടായതാണു്.

1899-ൽ കൽക്കട്ടാനഗരത്തിൽ വലിയ പ്ലേഗുബാധ ഉണ്ടായി. ടാഗോർ അദ്ദേഹത്തിൻെറ സകല കഴിവുകളും പ്രയോഗിച്ചു് നിവാരണശ്രമങ്ങൾ ചെയ്തു. ദുരിതനിവാരണക്കമ്മെററികൾ രൂപീകരിക്കുവാനും സഹായധനം ശേഖരിക്കുവാനും അദ്ദേഹം അഹന്നിശം ജോലിചെയ്തു. ആയുഷ്കാലം മുഴുവനും ദുഃഖിതന്മാരെ സഹായിക്കുവാൻ അ

ദ്ദേഹം സദാ ഒരുക്കമായിരുന്നു. വെള്ളപ്പൊക്കവും ക്ഷാമവും ബംഗാളിൽ പലപ്പോഴും ഉണ്ടാകും. അത്തരം സന്ദർഭങ്ങളിൽ ബംഗാളിലെ ഓരോ ഗ്രാമത്തിലും എത്തി ഊണും ഉറക്കവും ഉപേക്ഷിച്ചാണു അദ്ദേഹം ജോലിചെയ്തിരുന്നതു്. ബീഹാറിലും, കെററായിലുമുണ്ടായ ഭൂകമ്പം നിരവധിജനങ്ങളെ അശരണരാക്കി. അന്നത്തെ ദുഃസ്ഥിതിയെ പരിഹരിക്കാൻ ടാഗോർചെയ്ത ശ്രമം ഏററവും സ്തുത്യർഹമാണു്. അദ്ദേഹത്തിൻെറ ജീവകാരുണ്യബോധം അതിശക്തമായിരുന്നു. പൊതുസേവനത്തിൽ അദ്ദേഹത്തിൻെറ സാന്നിദ്ധ്യം എവിടെയെല്ലാം ആവശ്യമായിരുന്നുവോ അവിടെ എല്ലാം ആ മഹാത്മാവു് എത്തി അവിശ്രമം പണിയെടുത്തിരുന്നു.

1905-ൽ രവീന്ദ്രനാഥ് 'ബന്തർ' എന്ന പത്രികയുടെ അധിപരായി പ്രധാനമായ പൊതുജനാവശ്യങ്ങളെ പരാമർശിച്ചു് പ്രസ്താവനകൾ പുറപ്പെടുവിക്കുകയായിരുന്നു 'ബന്ത'റിൻെറ ഉദ്ദേശം. രാഷ്ട്രീയവും സാമ്പത്തികവുമായ കുഴപ്പങ്ങളെ അതു ശക്തിയായി ചോദ്യംചെയ്തു. ഇൻഡ്യയിലെ ബ്രിട്ടീഷ് മേധാവിത്വം വിദേശവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാനാണു് നിലകൊള്ളുന്നതെന്നു് ബന്തറിലെ ഒരു ലേഖനത്തിൽ ടാഗോർ നിശിതമായി വിവരിച്ചിരുന്നു. ഇൻഡ്യയിലെ നാട്ടുരാജ്യമേധാവികളെങ്കിലും ഏകോപിച്ചു് ഇൻഡ്യൻവ്യവസായത്തെ സംരക്ഷിക്കുകയും വാണിജ്യത്തെ പോഷിപ്പിക്കയും ചെയ്യണമെന്നു് അദ്ദേഹം സ്പഷ്ടമാക്കി.

അതേവർഷംതന്നെ ബംഗാൾജനങ്ങൾക്കു് ക്ഷോഭമുണ്ടാക്കിയ ഒരു സംഭവം ഇൻഡ്യയിൽ ഉണ്ടായി. ബംഗാളിനെ കിഴക്കേബംഗാളെന്നും പടിഞ്ഞാറെ ബംഗാളെന്നും രണ്ടായി വിഭജിക്കണമെന്നുള്ള കഴ്സൻപ്രഭുവിൻെറ നിർദ്ദേശം വെളിയിൽവന്നു. ജനങ്ങൾ ഏകോപിച്ചു് ഗവ

ണ്മെൻറിനെ എതിൎത്തു. ഗവണ്മെൻറ് തങ്ങളോടു കാണി ക്കുന്ന പ്രത്യക്ഷമായ അവഹേളനമാണിതെന്നു് ബംഗാ ളിലെ ഓരോ വ്യക്തിയും വിചാരിച്ചു. ജനങ്ങൾക്കു മാതൃ ഭൂമിയോടുള്ള ബന്ധവും സ്നേഹവും മനസ്സിലാക്കാൻ പ്രാപ്തി യില്ലാത്ത ബാലിശമായ ഒരു ഗവണ്മെൻറാണു് ഈ നിൎദ്ദേ ശം പുറപ്പെടുവിച്ചതെന്നു് ബംഗാളികൾ ഉച്ചൈസ്തരം ഗൎജ്ജിച്ചു. എവിടെയും പ്രതിഷേധസമ്മേളനങ്ങൾ മുറ യ്ക്കുനടന്നു. 'ബംഗാൾ ഒന്നു'' എന്നുള്ള ദേശീയപ്രക്ഷോഭ ണത്തിൻെറ നായകത്വം 'ടാഗോർ'തന്നെ വഹിച്ചു. ഒന്നി നുപിൻപേ ഒന്നായി കല്ക്കട്ടായിൽ നടന്ന പ്രതിഷേധസ മ്മേളനങ്ങളിൽ അദ്ദേഹം ശക്തിയേറിയ പ്രഭാഷണങ്ങൾ നടത്തി. ജനങ്ങൾ സമ്മേളനങ്ങളിൽ തിങ്ങിക്കൂടി. ടാഗോർ മൎമ്മസ്പൎശികളായ ദേശീയഗാനങ്ങൾ എഴുതി, പൊതുജനങ്ങൾ ആൎത്തിയോടുകൂടി അവ ഹൃദിസ്ഥമാക്കി. അവർ തെരുവുനീളെ ആ ഗാനങ്ങൾ പാടിക്കൊണ്ടു നടന്നു. ഒരു വലിയ ഘോഷയാത്രയെ നയിച്ചുകൊണ്ടു് ടാഗോർ തന്നെ ദേശീയഗാനം പാടിക്കൊണ്ടു് മന്ദ മന്ദം തെരുവീഥിയിൽകൂടി കടന്നുപോയി. ഊൎജ്ജസ്വ ലനായ ആ ദേശഭക്തൻെറ ചൊടിചൊടിപ്പു് രോഗശയ്യ യിൽകിടന്ന വൃദ്ധന്മാരെപ്പോലും ഉന്മേഷവാന്മാരാക്കി. ഒരു പ്രതിഷേധസമ്മേളനത്തിൽ ഒരു മിനിററുകൊണ്ടു് അൻ പതിനായിരം രൂപാ ശേഖരിക്കുവാൻ ടാഗോറിനു സാധി ച്ചു. ഗവൎമ്മെൻറുമായുള്ള പരിപൂൎണ്ണനിസ്സഹകരണമാണു് വിജയത്തിലെത്തുവാൻ എളുപ്പമാൎഗ്ഗമെന്നു് അദ്ദേഹം ജന ങ്ങളെ ഉൽബോധിപ്പിച്ചു. എന്നാൽ നിസ്സഹകരണം യാതൊരു നശീകരണപ്രയോഗത്താലും മലിനമാകരു തെന്നും അദ്ദേഹം ഓൎമ്മിപ്പിച്ചു. ന്യായവും സമാധാനവും പാലിക്കാൻ ആവശ്യമായ ജനകീയസംഘടനകൾ രാജ്യ ക്ഷേമത്തെ എങ്ങനെ ഉറപ്പിക്കുമെന്നു് ടാഗോർ വിശദ മാക്കി. സുദൃഢമായ ജനകീയസംഘടനയ്ക്കുമുൻപിൽ

ഗവണ്മെൻറ് വിവർണ്ണമാകുകയേ തരമുള്ളൂ എന്നാണു് അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചതു്. 'വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടരുതു്'' എന്നൊരു 'ആർഡർ' ഗവണ്മെൻറ് ഉന്നയിച്ചു. അതിനെയും ടാഗോർ എതിർത്തു.

സാമൂഹ്യജീവിതത്തിൽ അടിയുറച്ചുപോയ ദുശ്ശീലങ്ങളെ പെട്ടെന്നു മാററുവാൻ സാദ്ധ്യമല്ല. ദരിദ്രൻെറ ശക്തിഹീനതയിൽ കുബേരൻ സഹായിക്കുക, അവൻെറ പട്ടിണിയിൽ പണക്കാരൻ പരിതപിക്കുക, അതു് ജനഹൃദയം ആകമാനം ആത്മപ്രഭാവം കൈക്കൊള്ളുമ്പോൾ കാണുന്ന മധുരസ്വപ്നമാണു്. രവീന്ദ്രനാഥൻെറ ഹൃദയം ഭൂതദയയുടെ ഉത്ഭവസ്ഥാനമായിരുന്നു. അധഃസ്ഥിതരെ അഭിവൃദ്ധിപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിൻെറ ആമാൻഷികമായ ആദർശം. അതു നടപ്പാക്കുവാൻ അദ്ദേഹം ശ്രമിച്ചു. സുഖാനുഭൂതിയിൽ അഹന്നിശം ആറാടുവാൻ ആഗ്രഹിക്കുന്ന യുവലോകമുണ്ടോ ഇതു സ്വീകരിക്കാൻ . പോകുന്നു! ഏതു മഹാനുഭാവനെയും അധിക്ഷേപിക്കാൻ തുനിയുന്ന അഹങ്കാരബോധമല്ലെ ഇന്നത്തെ ഭൂരിപക്ഷം ചെറുപ്പക്കാരിലും തെളിഞ്ഞുകാണുന്നതു്! അവരുണ്ടോ ടാഗോറിൻെറ ആദർശത്തെ വിലമതിക്കാൻ പോകുന്നു! എന്നാൽ ലോകം എപ്പോഴും സല്കാര്യശ്രവണത്തിൽ ദത്തശ്രദ്ധമാണു്. അതിനുള്ള നിർദ്ദിഷ്ടസമയം സമാഗതമാകണമെന്നേയുള്ളൂ.

ടാഗോറിൻെറ സമുദായോദ്ധാരണ പ്രഭാഷണങ്ങളിൽ യുവാക്കൾ കൗതുകചിത്തരായില്ല. എന്നാൽ മററു ചിലരുടെ ഭീകരപ്രസ്ഥാനത്തിൽ അവർ ദത്തശ്രദ്ധരായി. സ്വരാജ്യസ്ഥാപനത്തിനു് അതാണു പററിയ മാർഗ്ഗമെന്നുള്ള അഭിപ്രായം ആദരണീയമായി. സ്വരാജ്യംലഭിച്ചാൽ സാധുക്കളായ ഗ്രാമീണർക്കുള്ള പ്രയോജനമെന്തെന്നു് അവർ ചിന്തിച്ചില്ല. പൊതുവേ സ്വീകാര്യങ്ങളായ സാമൂഹ്യനിയ

മങ്ങൾ സൃഷ്ടിക്കുവാനോ സംരക്ഷിക്കുവാനോ നായകന്മാക്കുള്ള കഴിവിനെപ്പററി അവർ ആലോചിച്ചില്ല. ഇൻഡ്യയിലെ ഗ്രാമങ്ങളുടെ പ്രശാന്തമായ അഭിവൃദ്ധിയും അതിൻെറ പരിപൂൎണ്ണമായ ഐശ്വൎയ്യവുമാണ് സ്വരാജ്യലബ്ധിയിൽ സ്ഥായിഭാവം കൈക്കൊള്ളുന്നതെന്നു് യുവാക്കൾ ചിന്തിച്ചില്ല. അവക്കു് അക്രമപ്രകടനങ്ങളും അടിപിടികളുമാണു് രസാവഹങ്ങളായ രാഷ്ട്രീയപരിപാടികൾ, ഇതു് ടാഗോർ ഇഷ്ടപ്പെട്ടില്ല. അദ്ദേഹം രാഷ്ട്രീയരംഗത്തുനിന്നും പിൻമാറി. ശാന്തിനികേതനത്തിൻെറ അഭിവൃദ്ധിയിൽ പൂർവ്വാധികം ഊൎജ്ജസ്വലമായി പ്രവൎത്തിച്ചുതുടങ്ങി. യുവജനങ്ങൾ അദ്ദേഹത്തെ ഭർത്സിച്ചു. എന്നാൽ പ്രശംസയ്ക്കു വേണ്ടി പ്രവൎത്തിക്കുന്നവരല്ലല്ലോ മഹത്തുക്കൾ. ടാഗോർ അദ്ദേഹത്തിൻെറ സ്വന്തം ആദൎശങ്ങളെത്തന്നെ അവലംബിച്ചുകൊണ്ടു് പ്രവൎത്തിച്ചുതുടങ്ങി.

ടാഗോറിൻെറ മനോനൈർമല്യത്തെ മലിനമാക്കുന്ന മറെറാരു സംഭവവും ബംഗാളിൽ ഉണ്ടായി. ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ടായി പിരിഞ്ഞു. 1908-ൽ ബംഗാൾപ്രാദേശികമഹാസമ്മേളനത്തിൽ, (Bengal provincial Conference) ടാഗോർ അദ്ധ്യക്ഷനായി. ഹിന്ദുമുസ്ലിം വിഭജനത്തിൽ അദ്ദേഹം വ്യസനപൂർവ്വം സംസാരിച്ചു. രാജ്യസ്നേഹികളായ എല്ലാ യുവാക്കളും ജാതിമതാദിചിന്തവെടിഞ്ഞു് ഏകോപിച്ചു പ്രവൎത്തിക്കാനുള്ള സന്ദൎഭം ഇങ്ങനെ നഷ്ടമാക്കിയതിൽ അദ്ദേഹം ഖേദിച്ചു. വിഭിന്നസമുദായങ്ങൾ ഒന്നിച്ചുചേൎന്നാൽ വിഭിന്നസംസ്കാരത്തിൻെറ വിശിഷ്ടമായ മാധുൎയ്യം അനുഭവിക്കാൻ കഴിയും. വിവിധജാതിപുഷ്പങ്ങളിൽ ഊറുന്ന പൂന്തേൻ ഒരുമിച്ചുചേരുമ്പോൾ ആസ്വാദ്യകരമായ മധുവാണല്ലോ ലഭിക്കുന്നതു്. ഇൻഡ്യൻ ഗ്രാമങ്ങളുടെ ഉദ്ധാരണത്തിൽ കലൎപ്പില്ലാത്ത സാഹോദൎയ്യബോധത്തോടുകൂടി യുവജനങ്ങൾ ജാതിചിന്ത വെടിഞ്ഞു

പ്രവൎത്തിക്കണമെന്നു് അദ്ദേഹം ഉള്ളഴിഞ്ഞു യാചിച്ചു. ഗ്രാമങ്ങൾ അഭിവൃദ്ധങ്ങളാകാതെ ഇൻഡ്യ സ്വാതന്ത്ര്യമാവുകയില്ലെന്നു് അദ്ദേഹം ആവൎത്തിച്ചുപറഞ്ഞു. ഹിന്ദുക്കളുടെയും മുസ്ലിങ്ങളുടെയും പൊതുതാല്പൎയ്യം ഗ്രാമങ്ങളിലാണു് സ്ഥിതിചെയ്യുന്നതു്. മതമേതായാലും ജാതി ഏന്തായാലും മനുഷ്യൻെറ ജീവിതാവശ്യങ്ങൾക്കു വ്യത്യാസമില്ല. മനുഷ്യൻ സൃഷ്ടിച്ച ആചാരങ്ങൾക്കു മാത്രമേ വ്യത്യാസമുള്ളു. ഈ ബോധം ഹിന്ദുക്കളും മുസ്ലിങ്ങളും തമ്മിൽ അന്തരമുണ്ടെന്നുള്ള വിചാരത്തെ ഹനിക്കണം. ഇതാണു് ആ സമ്മേളനത്തിൽ ഗുരുദേവൻ നൽകിയ സന്ദേശം.

ബംഗാളിലെ ജനങ്ങളിൽ ഏറിയക്രമം മുസ്ലിങ്ങളും ഹിന്ദുക്കളുമാണു്. ടാഗോർ ഒരു ഹിന്ദുകുടുംബത്തിൽ ജനിച്ചതുകൊണ്ടു് ഹിന്ദുവെന്നാണല്ലോ. വിചാരിക്കേണ്ടതു്. എന്നാൽ അദ്ദേഹത്തിനു് അത്തരമൊരു ചിന്തയേ ഉണ്ടായില്ല. മുസ്ലീങ്ങളോടു് അനുഭാവപൂൎവ്വം പെരുമാറണമെന്നു് അദ്ദേഹം സദാ ഹിന്ദുക്കളെ ഉപദേശിച്ചിരുന്നു. മുസ്ലീങ്ങൾ ഇൻഡ്യയ്ക്കു നൽകിയിട്ടുള്ള വിശിഷ്ടസമ്പത്തുകളെപ്പററി അദ്ദേഹം ഹിന്ദുക്കളെ അനുസ്മരിപ്പിച്ചു. "മുസ്ലീങ്ങൾ വിദേശത്തുനിന്നും വെറുതെയല്ലാ ഇവിടെ വന്നുചേൎന്നതു്. അവരുടെ വിജ്ഞാനസമ്പത്തും, ചിന്താഗതിയും അത്ഭുതകരമായ മതസ്വാതന്ത്ര്യവുമായിട്ടാണു് അവർ ഇവിടെ എത്തിയതു്. നമ്മുടെ സംഗീതം, കൊത്തുപണി, ചിത്രരചന, സാഹിത്യം മുതലായ ലളിതകലകളിൽ മുസ്ലീമിൻെറ സംഭാവനകൾ ധാരാളമായി ലയിച്ചുചേൎന്നിട്ടുണ്ടു്.

മഹത്തായ മതപരിഷ്കാരങ്ങൾ മുസ്ലീങ്ങളുടെ ഇടയിൽ നടന്നിട്ടുണ്ടു്. മഹാനുഭാവന്മാരായ മഹൎഷിവൎയ്യന്മാർ അവരുടെ ഇടയിൽ ജീവിച്ചിട്ടുണ്ടു്......പക്ഷേ നാം ഹിന്ദുക്കൾ അവരെ എപ്പോഴും വിദേശികൾ എന്നു

കരുതുന്നു. നാം അന്യോന്യം ബഹുമാനിച്ചിട്ടില്ല, സഹായിച്ചിട്ടില്ല, പരസ്പരം തിരിച്ചറിയുവാൻപോലും ശ്രമിച്ചിട്ടില്ല." ഇവയാണു് ഹിന്ദുമുസ്‌ലീംസംഘടനയെപ്പററി അദ്ദേഹം ബംഗാൾ ഹിന്ദുക്കളെ ഉൽബോധിപ്പിച്ച ആ പ്രഭാഷണസംഗ്രഹം.

ഹിന്ദുമുസ്‌ലിം മൈത്രിക്കുവേണ്ടി ശ്രമിച്ചവരോട്ട് അദ്ദേഹത്തിനുള്ള അപേക്ഷ ആത്മാത്ഥമായ പ്രവൎത്തനം മാത്രമേ ഫലവത്തായി തീരുകയുള്ളു എന്നാണു്. പരസ്പരം വ്യത്യാസമില്ലെന്നു ഭാവിച്ചാൽമാത്രം പോരാ; ഹൃദയത്തിൻെറ അടിത്തട്ടിൽനിന്നും മുളച്ചുയരുന്ന യഥാൎത്ഥബഹുമാനം രണ്ടുകൂട്ടൎക്കുംവേണം. ഒരു ഭിത്തിയിലുള്ള വിടവിൽ ചായം തേച്ചിട്ടു് അവിടെ വിടവില്ലെന്നു ഭാവിക്കുന്നതുപോലെ ഹിന്ദുക്കളും മുസ്‌ലിങ്ങളുമായുള്ള വ്യത്യാസത്തെ ബാഹ്യമായ പെരുമാററംകൊണ്ടുമാത്രം മറയ്ക്കുന്നതു സമുദായമൈത്രിയെ കുറേക്കൂടി ശിഥിലമാക്കുകയേ ഉള്ളു. പരമാൎത്ഥം മനസ്സിലാക്കാതെ കുബുദ്ധികൾ ഉണ്ടാക്കുന്ന കെട്ടുകഥകളിൽ വിശ്വസിച്ചു വിപ്ലവോൽസുകരായി ബഹളം കൂട്ടുന്നവരോട്ടു് ടാഗോറിനു് അനുഭാവമുണ്ടായിരുന്നില്ല. അസഹിഷ്ണുത തോന്നിയിട്ടുള്ള കേൾവികളിൽപോലും അവധാനപൂൎവ്വം ചിന്തിക്കാതെ അദ്ദേഹം അഭിപ്രായം പറഞ്ഞിട്ടില്ല. സ്ഥിതിഗതികളുടെ യാഥാൎത്ഥ്യം കണ്ടുപിടിക്കാനായിരുന്നു അദ്ദേഹം ശ്രമിച്ചിരുന്നതു്. സുപ്രസിദ്ധ ഗ്രീക്കുകവിയായ 'സൊഫോക്ലെ'സിനെപ്പററി 'ആർനോൾഡ്' പറയുന്ന അഭിപ്രായം ടാഗോറിനെ സംബന്ധിച്ചും നമുക്കുപയോഗിക്കാം. "അദ്ദേഹം ജീവിതയാഥാൎത്ഥ്യങ്ങളെ അനുക്രമമായും പരിപൂൎണ്ണമായും ദർശിച്ചിരുന്നു."

അദ്ധ്യായം ൯

---

## ടാഗോർ ലോകമഹാകവി,

1911-ൽ ടാഗോറിന്നു അൻപതുവയസ്സ് തികഞ്ഞു. 1908-മുതലാണു് അദ്ദേഹം ഏററവും നല്ല കൃതികൾ എഴുതിയിട്ടുള്ളതു്. ബംഗാളിഭാഷയിൽ അദ്ദേഹം രചിച്ചിട്ടുള്ള മനോജ്ഞങ്ങളായ പദ്യകൃതികൾ എല്ലാം ഇംഗ്ലീഷിലേയ്ക്കു പരിഭാഷപ്പെടുത്തി. അവയെല്ലാംകൂട്ടിച്ചേർത്തതാണു് വിശ്വവിഖ്യാതമായ 'ഗീതാഞ്ജലി'. ശാന്തിനികേതനത്തിലെ ആവശ്യത്തിനായി എഴുതിയ 'ശാരദോത്സവം' എന്ന നാടകവും, 'പ്രായശ്ചിത്തം' എന്ന മറെറാരു നാടകവും ഇക്കാലത്താണു് നിമ്മിച്ചതു്. 'പ്രായശ്ചിത്ത'ത്തിൽ 'ധനഞ്ജയൻ' എന്നൊരു കഥാപാത്രമുണ്ടു്. അയാൾ ഒരു ശിവഭക്തനാണു്. ബംഗാളിലെ സന്യാസിമാർ അക്കാലത്തുപയോഗിച്ചിരുന്നതുപോലെയുള്ള ലളിതസുന്ദരങ്ങളായ പ്രാത്ഥനാഗീതങ്ങളാൽ ആ സാധുഭക്തൻ ജനഹൃദയത്തെ ആകർഷിച്ചിരുന്നു. അക്രമരാഹിത്യമാണു് ധനഞ്ജയന്റെ ആദശം. അന്നു മഹാത്മജിയുടെ അക്രമരാഹിത്യസിദ്ധാന്തത്തെപ്പററി ഇന്ത്യാക്കാർ കേൾക്കകപോലും ചെയ്തിട്ടില്ല. എന്നാൽ ഗാന്ധിജിയുടെ സിദ്ധാന്തവും ധനഞ്ജയന്റെ അഹിംസാതത്വവുമായി വളരെ സാദൃശ്യം കാണുന്നുണ്ടു്. 1910-ൽ ശാന്തിനികേതനത്തിൽ ഈ നാടകം അഭിനയിച്ചപ്പോൾ ടാഗോർതന്നെയാണു് ധനഞ്ജയന്റെഭാഗം സ്വീകരിച്ചിരുന്നതു്. 'എന്റെ സ്മരണകൾ' എന്ന ഗ്രന്ഥവും ഇക്കാലത്തെഴുതിയതാണു്. നാടകാഭിനയംമൂലം ശാന്തിനികേതനവിദ്യാത്ഥികൾ മററുവിദ്യാത്ഥികളേക്കാൾ വളരെ പുരോ

ഗമിച്ചിട്ടുണ്ടു്. ഗുരുദേവൻെറ വിശാലാശയങ്ങൾ മനസ്സി ലാക്കുവാൻ ക്ലേശസംപൂൎണ്ണമായ അദ്ധ്യയനം നടത്തേണ്ട ആവശ്യം അവൎക്കുണ്ടായിട്ടില്ല.

ടാഗോറിൻെറ അമ്പതാമത്തെ ജന്മദിനാഘോഷ ത്തിൽ ശാന്തിനികേതനം കൃത്യാന്തരബഹുലമായിരുന്നു. ഗീതങ്ങൾ, കലാപ്രദൎശനങ്ങൾ എന്നിവയാൽ അവിട മെങ്ങും സജീവമായികാണപ്പെട്ടു. ഗുരുദേവൻ സാരമേറിയ ഉപദേശങ്ങൾകൊണ്ടു് ശിഷ്യസമൂഹത്തെ അനുഗ്രഹിച്ചു. ഓരോ ജന്മദിനത്തിലും ഓരോ പുതുവത്സരത്തിലേക്കാണു നാം പ്രവേശിക്കുന്നതെന്നും 'നവംനവങ്ങളായ സൽക്കാൎയ്യ ങ്ങൾകൊണ്ടു് ആ പുതുവത്സരത്തിൽ നാം ലോകസേവനം ചെയ്യണമെന്നും അദ്ദേഹം ഉപദേശിക്കുന്നു. ബംഗാളിൻെറ പല ഭാഗങ്ങളിലും ഈ ജന്മൎക്ഷദിനം കൊണ്ടാടി. ബം ഗാൾ സാഹിത്യസമാജത്തിൻെറ ആഭിമുഖ്യത്തിൽ കല്ക്കട്ടാ ടൗൺഹാളിൽ ഒരു മഹായോഗം കൂടി. ബഹുസഹസ്രം ജനങ്ങൾ തടിച്ചുകൂടിയിരുന്ന ആ മഹാസമ്മേളനത്തിൽ വച്ചു് പൊതുജനങ്ങൾ അദ്ദേഹത്തിനു് ഒരു മംഗളോപ ഹാരം സമ്മാനിച്ചു.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ ബ്രഹ്മസമാജത്തി ൻെറ വാൎഷികജയന്തിആയി. ടാഗോർ ഈ അവസര ത്തിൽ സന്നിഹിതനായിരുന്നു. അദ്ദേഹത്തിൻെറ സുപ്ര സിദ്ധമായ 'ജനഗനമന' എന്നുള്ള മോഹനഗാനം അന്നാ ണു് ആദ്യമായി പാടിയതു്. അടുത്ത രണ്ടുമാസക്കാലം ടാഗോർ സാഹിത്യശ്രമത്തിൽ മുഴുകിയിരുന്നു. ഉടൻത ന്നെ യൂറോപ്പു സന്ദൎശിക്കുവാനും അദ്ദേഹം ഒരുക്കങ്ങൾ ചെയ്തു. എന്നാൽ അനാരോഗ്യം അതിനു സമ്മതിച്ചില്ല. അദ്ദേഹം വിശ്രമാൎത്ഥം 'ഷിലൈദാ'യിൽപോയി. അവി ടെ നദീതീരത്തുള്ള പ്രശാന്തവസതിയിൽ ഏതാനും ആഴ്ച കൾ വിശ്രമിച്ചപ്പോൾ വീണ്ടും ഗുരുദേവൻ ആരോഗ്യവാ

നായി. ഈ വിശ്രമസങ്കേതത്തിൽവച്ച് അദ്ദേഹത്തിൻെറ ചില കവിതകൾ ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തുകയായിരുന്നു അദ്ദേഹം ചെയ്തതു്. അതിൻെറ അനന്തരഫലത്തെപ്പററി അദ്ദേഹത്തിനു വലിയ പ്രതീക്ഷകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. താമസിയാതെ അദ്ദേഹം യൂറോപ്പിലേക്കു തിരിച്ചു. യാത്രാമദ്ധ്യേ കപ്പലിലും പരിഭാഷ തുടൎന്നു. അതു് അപ്പോൾ പ്രസിദ്ധംചെയ്യണമെന്നു് അദ്ദേഹം വിചാരിച്ചില്ല.

1912 മേമാസത്തിൽ ടാഗോർ ഇംഗ്ലണ്ടിൽ എത്തി. 'വില്യം റോതൻസ്റ്റീൻ' എന്നൊരു സ്നേഹിതൻ അദ്ദേഹത്തിനു് ഇംഗ്ലണ്ടിലുണ്ടായിരുന്നു. അദ്ദേഹം ഒരു നല്ല കലാകാരനും സഹൃദയനും ആയിരുന്നു. റോതൻസ്റ്റീൻ ഒരിക്കൽ ഇന്ത്യയിൽ വന്നിട്ടുണ്ടു്. അന്നു് ആ ആംഗ്ലേയകലാകാരൻ ജോറസങ്കോറിൽ വന്നു് ടാഗോറിനെ കണ്ടു. രണ്ടുസ്നേഹിതന്മാരും ഇംഗ്ലണ്ടിൽവച്ചു കണ്ടുമുട്ടി. അവർ അതുവരെ ചെയ്തിട്ടുള്ള പരിശ്രമങ്ങളെപ്പററി പരസ്പരം സംസാരിച്ചു. ടാഗോർകൃതികൾ എന്തെങ്കിലും ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ടോ എന്നു് റോതൻസ്റ്റീൻ ചോദിച്ചു. ടാഗോർ കൈവശമുണ്ടായിരുന്ന പരിഭാഷ സ്നേഹിതനെ കാണിച്ചു. ആ പരിഭാഷയാണു് മുൻസൂചിപ്പിച്ച "ഗീതാഞ്ജലി". ഗീതാഞ്ജലി വായിച്ചപ്പോൾ വില്യം റോതൻസ്റ്റീൻ ആശ്ചര്യപരതന്ത്രനായി. ടാഗോറിനോടു് അവാച്യമായ ആദരവുണ്ടായ ആ സുഹൃത്തു് ഇപ്രകാരം പറഞ്ഞു:—"ഇതു ലോകം പൊതുവേ അറിയേണ്ടതാണു്. ഇതിൽ നിക്ഷിപ്തമായിരിക്കുന്ന അമൂല്യസമ്പത്തു് ലോകൎക്കാകമാനം അനുഭവിക്കാനുള്ളതാണു്." രവീന്ദ്രനാഥൻ ഭാരതീയരുടെമാത്രം സ്വത്തല്ലെന്നും അദ്ദേഹം ലോകത്തിൻെറ പൊതുസ്വത്താണെന്നും ആ കലാരസികൻ നിശ്ചയിച്ചു. മനുഷ്യസ്നേഹിയായ ആ മഹാകവിയുടെ സ്നേഹി

തനാകാൻ സാധിച്ച മഹാഭാഗ്യത്തെ റോത്ൻസ്റ്റീൻ ആവോളവും പുകഴ്ത്തി. അദ്ദേഹം ഡബ്ള്യൂ. ബി. യീററ്സ്. എന്ന ഐറിഷ് കവിയെ ഗീതാഞ്ജലി മുഴുവൻ വായിച്ചു കേൾപ്പിച്ചു. യീററ്സാകട്ടെ 'ടാഗോർ' അനുഗൃഹീതനായ ഒരു മഹാകവിതന്നെ എന്നു മുക്തകണ്ഠം സമ്മതിച്ചു. റോതൻസ്റ്റീൻ അനവധി ആംഗ്ലേയകവികളെയും ഗ്രന്ഥകാരന്മാരെയും ക്ഷണിച്ചുവരുത്തി ഒരു മഹായോഗം നടത്തി. യീററ്സ് ഉത്സാഹത്തോടെ ഗീതാഞ്ജലി വായിച്ചു. സദസ്സ് നിശ്ശബ്ദമായി. കവിതാപാരായണം അവസാനിച്ചിട്ടും സദസ്സ് പ്രശാന്തമായിരുന്നു. രവീന്ദ്രന് ഹൃദയം നിഷ്പന്ദമായി. അവിടെ കൂടിയിരുന്ന പണ്ഡിതന്മാൎക്ക് ഗീതാഞ്ജലി രസകരമായിത്തീൎന്നില്ല എന്ന് അദ്ദേഹം വിഷാദിച്ചു. എന്നാൽ ആ നിശ്ശബ്ദത ഗീതാഞ്ജലിയെപ്പററിയും തത്കൎത്താവിനെപ്പററിയും സദസ്യൎക്കുണ്ടായ ആദരാതിശയങ്ങളെ സൂചിപ്പിക്കുന്നതാണെന്നു ടാഗോർ ക്ഷണേന മനസ്സിലാക്കി.

അവിടെ കൂടിയിരുന്ന പണ്ഡിതന്മാരിൽ ചിലർ ടാഗോറിൻെറ ആജന്മസുഹൃത്തുക്കളായി ഭവിച്ചു. അവരിൽ ഒരാൾ സുപ്രസിദ്ധമായ 'Everyman library' യിലെ പത്രാധിപരായിരുന്ന 'ഏൎണസ്റ്റ് റൈ' എന്ന സാഹിത്യകാരനാണ്. മറെറാരാൾ ഭാരതബന്ധുവായ സി. എഫ്. ആൻഡ്രൂസായിരുന്നു. കവിതാശ്രവണത്തിൽ ഏൎപ്പെട്ടിരുന്ന ആൻഡ്രൂസ് ടാഗോറിൻെറ ഉത്തമസുഹൃത്താകുവാൻ കൊതിച്ചു സദസ്സ് പിരിഞ്ഞിട്ടും ആൻഡ്രൂസ് പോയില്ല. അദ്ദേഹം ടാഗോറിൻെറ കരംഗ്രഹിച്ചുകൊണ്ടു് വെളിയിൽ ഇറങ്ങി. അതിനെപ്പററി ആൻഡ്രൂസിൻെറ മരണസമയം മഹാകവി ഇങ്ങനെ പ്രസ്താവിച്ചു. "വിജനവും വിസ്തൃതവുമായ 'ഹാംപ്സ്റ്റഡ്ഹീ'ത്തിൽക്കൂടി ഞാൻകടന്നുപോയി. രാത്രി ചന്ദ്രൻെറ പ്രേമരശ്മിയിൽ മുഴുകിയിരുന്നു. ആൻഡ്രൂസ് എന്നെ അനുഗമിച്ചു. ആ രാത്രിയുടെ നിശ്ശബ്ദതയിൽ

KOTTAYAM

ആ സുഹൃത്തിൻെറ ഹൃദയം ഗീതാഞ്ജലിയെപ്പററിയുള്ള ചിന്തകൊണ്ടു നിറഞ്ഞിരുന്നു. അദ്ദേഹത്തിൻെറ ഈശ്വരസ്നേഹം ഒരു സ്നേഹപ്രവാഹത്തിൽക്കൂടി ആ മഹാനെ എന്നിലേക്കു നയിച്ചു. എൻെറയും അദ്ദേഹത്തിൻെറയും ജീവിതം ഒരുമിച്ചു നയിച്ചിരുന്ന ആ നിമ്മലസരിത്തു് ഞങ്ങളെ വേർപെടുത്തുമെന്നു് അന്നു ഞാൻ സ്വപ്നത്തിൽ പോലും കരുതിയില്ല".

പ്രഥമദർശനം മുതൽ സി. എഫ്. ആൻഡ്രൂസ് ടാഗോറിൻെറ ആത്മസ്നേഹിതനായി. ശാന്തിനികേതനത്തിലെ സഹപ്രവത്തനത്തിൽ ആൻഡ്രൂസിൻെറ സേവനം അമൂല്യമാണു്. അദ്ദേഹം എവിടെ ആയിരുന്നാലും അദ്ദേഹത്തിൻെറ വസതി ശാന്തിനികേതനംതന്നെ. മഹാകവിയോടുള്ള അദ്ദേഹത്തിൻെറ സ്നേഹബന്ധം രണ്ടുപേരുടെയും ജീവിതത്തെ ധന്യമാക്കിയിരുന്നു.

1912-നു മുമ്പു് ടാഗോറിൻെറ നാമധേയം ഇംഗ്ലണ്ടിൽ അറിയപ്പെട്ടിരുന്നില്ല. റോതൻസ്റ്റീനിലെ വിരുന്നു സദസ്സിനുശേഷം അദ്ദേഹത്തിൻെറ പേരു് സുപ്രസിദ്ധമായി. പേരെടുത്ത ഗ്രന്ഥകാരന്മാർ അഹമഹമികയാ മഹാകവിക്കു വിരുന്നുകൾ നൽകി. ഗീതാഞ്ജലി ഇംഗ്ലണ്ടിൽതന്നെ പ്രസിദ്ധീകരിച്ചു. ടാഗോറിൻെറ സുഹൃത്സമിതി വിപുലമായി. അദ്ദേഹം ലോകത്തോടു് ഒരു നൂതനസന്ദേശം പ്രവചിക്കുകയാണെന്നു് അവർ ഏകാത്മനാ വിശ്വസിച്ചു.

1912-നും 13-നും മദ്ധ്യേ ടാഗോർ അമേരിക്കൻ ഐക്യനാടുകൾ സന്ദർശിച്ചു. ഷിക്കാഗോ, ഹാർവാർഡ് മുതലായ സവ്വകലാശാലകളിൽ അദ്ദേഹം അനവധിപ്രസംഗങ്ങൾ നടത്തി. ഇൻഡ്യയുടെ പ്രാചീനസംസ്കാരത്തെ തെളിയിക്കുന്ന ആ പ്രസംഗങ്ങൾ ശ്രവിക്കുവാൻ അമേരി

ക്കർ അത്യന്തം ശ്രദ്ധാപതിപ്പിച്ചു. ആധുനികലോകത്തോട് പുരാതനഭാരതത്തിന്റെ ആദർശങ്ങളെ പ്രഭാഷിക്കുകയാണ് ശാന്തിനികേതനത്തിന്റെ ഉദ്ദേശമെന്ന് ടാഗോർ വിശദപ്പെടുത്തി. ബാഹ്യമായ ആഡംബരരാഹിത്യവും ആന്തരമായ ജ്ഞാനസമ്പത്തുമാണ് ഇൻഡ്യയുടെ സമ്പത്തുകളെന്ന് മഹാകവി വ്യക്തമാക്കി. വർണ്ണവ്യത്യാസംകൊണ്ട് അമേരിക്കരിൽ കണ്ടിരുന്ന സഹോദരവിദ്വേഷത്തെയും അദ്ദേഹം സ്പർശിക്കാതിരുന്നില്ല. നീഗ്രോവർഗ്ഗക്കാരെ പതിതരായി ഗണിച്ചിരുന്ന സവർണ്ണരുടെ മലിനമനോഭാവത്തെപ്പററി അദ്ദേഹം വ്യസനിച്ചു. ഇതേഅവസരത്തിൽ ഇൻഡ്യയിലെ അവശജനങ്ങളെപ്പററിയും അദ്ദേഹം വിശദവിവരങ്ങൾ നൽകി. ഹാർവാർഡിലെ പ്രസംഗങ്ങൾ ഒരു ഗ്രന്ഥമായിത്തന്നെ പ്രസിദ്ധപ്പെടുത്തി. സാധനാ(സത്യവിജ്ഞപ്തി The Realisation of Truth)എന്ന ആ ഗദ്യഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ പദ്യകാവ്യങ്ങൾക്കു വിഷയമായ ദീനാനുകമ്പയാണ് സവിശേഷം സ്ഫുരിക്കുന്നത്. അമേരിക്കയിൽനിന്നു ടാഗോർ ഇംഗ്ലണ്ടിലെത്തി. കുറച്ചുനാൾ അവിടെ താമസിച്ചശേഷം 1913-ൽ അദ്ദേഹം സ്വദേശത്തേക്കു മടങ്ങി. ആ വർഷം നവംബർമാസത്തിൽ ടാഗോറിനു "നോബൽപ്രൈസ്" സമ്മാനിക്കപ്പെട്ടു. ഒരു സ്വീഡിഷ് വിശ്വാസസമിതിയുടെ ആഭിമുഖ്യത്തിലാണ് ഈ മഹത്തായ പാരിതോഷികം നൽകപ്പെട്ടത്. ഒരു വ്യക്തിയുടെ മഹനീയസേവനത്തിന് പൊതുസമ്മതപ്രകാരം നൽകുന്ന ഏററവും വലിയ സംഭാവനയാണ് നോബൽ പ്രൈസ്. ടാഗോറിന്റെ സാഹിത്യസേവനത്തെ അഭിനന്ദിച്ചു നൽകിയ ഈ വൻപിച്ച സമ്മാനം, അതിനുമുമ്പ് യൂറോപ്പുകാരനല്ലാത്ത ഒരാൾക്കു ലഭിച്ചിട്ടില്ല. ഒരു ഭാരതീയമഹാകവിക്ക് ഇദംപ്രഥമമായി ലഭിച്ച ഈ പ്രശസ്തബഹുമതിയിൽ ഇന്ത്യാക്കാർക്കുണ്ടായ ആനന്ദം അവർണ്ണനീയമായിരുന്നു. അചഞ്ചലഹൃദയനായ മഹാകവിത

ന്നെയും ആനന്ദാധീനനായിപ്പോയി. നോബൽപ്രൈസിൽ നിന്നും ലഭിക്കുന്ന ധനം ശാന്തിനികേതനത്തിനുവേണ്ടി വിനിയോഗിക്കാമല്ലോ എന്നു വിചാരിച്ചാണു് ഗുരുദേവൻ സന്തോഷിച്ചതു്. അസൂയാലുക്കളായ ചില വിമർശകന്മാരുടെ പുകഞ്ഞ ദൃഷ്ടി അവിടെയും പതിക്കാതിരുന്നില്ല. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ വായിക്കുകയോ ആദർശങ്ങൾ ഗ്രഹിക്കുകയോ ചെയ്തിട്ടില്ലാത്ത ചില ഭാരതീയർ സമ്മാനം ലഭിച്ചതുകൊണ്ടുമാത്രം മഹാകവിയെ സ്തുതിച്ചു. ഈ സ്തുതിപാഠകന്മാരുടെ അന്തസ്സാരശൂന്യതയിൽ അദ്ദേഹം ലജ്ജാവിഷ്ടനായി.

1913-ഡിസംബർമാസത്തിൽ കൽക്കത്താ സർവ്വകലാശാലയിൽനിന്നും മഹാകവിക്കു് ഡി. ലിററ്. ബിരുദം നൽകി. 1915-ൽ അദ്ദേഹത്തിൻെറ സാഹിത്യസേവനത്തെ പുരസ്കരിച്ചു് അധീശഗവമ്മെൻറിൽനിന്നും സർ. എന്ന ബഹുമതിയും ഗുരുദേവനു ലഭിച്ചു. ഗീതാഞ്ജലി അദ്ദേഹത്തെ അഖിലലോകപ്രശസ്തനാക്കി. അന്നുമുതൽ മഹാകവിയുടെ ഗ്രന്ഥങ്ങൾ ജനങ്ങൾ ആകമാനം ശ്രദ്ധാപൂർവ്വം വായിച്ചുതുടങ്ങി.

അദ്ധ്യായം ൯

---

## മഹായുദ്ധത്തിന്റെ പ്രാരംഭലക്ഷണങ്ങൾ

യൂറോപ്പുപര്യടനം ടാഗോറിന്നു കൗതുകകരമായിരുന്നു. അദ്ദേഹം ഇംഗ്ലണ്ടിൽ എത്തി. മഹാകവിയുടെ ആശയങ്ങൾ ഗ്രഹിച്ചിരുന്ന ഇംഗ്ലീഷുകാർ അദ്ദേഹത്തിന്നു വൻപിച്ച സ്വീകരണങ്ങൾ നൽകി. യൂറോപ്പുകാർ എപ്പോഴും സൽകാര്യങ്ങളെ അഭിനന്ദിക്കുന്നതിൽ വിശാലഹൃദയത്വം കാണിക്കാറുണ്ട്. അവരുടെ ഇടയിലുള്ള പണ്ഡിതന്മാർ നിഷ്പക്ഷബുദ്ധികളാണ്. വർഗ്ഗഭേദമോ ദേശവ്യത്യാസമോ ഗണിക്കാതെ പാണ്ഡിത്യത്തേയും പാടവത്തേയും അവർ വിലമതിക്കുന്നു. മഹാകവിക്കു ലഭിച്ച അനുമോദനങ്ങളിൽ അദ്ദേഹം പ്രഹൃഷ്ടചേതസ്സായി, ഒരു മഹായോഗിയുടെ ഹൃദയലാഘവം അനുഭവിച്ചു. എന്നാൽ ഒരു കാര്യം അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചു. പാശ്ചാത്യപരിഷ്കാരം മാർഗ്ഗഭ്രമണം ചെയ്തിരുന്നതായി അദ്ദേഹം കണ്ടു. യൂറോപ്യൻ ഗവമ്മെൻറുകൾ ധനത്തിലും ലോകസുഖത്തിലും അത്യധികം ആകൃഷ്ടരായിരുന്നു. നീതിക്കും ന്യായത്തിനും വേണ്ടി നിലകൊള്ളുന്നതിനേക്കാൾ സ്വരക്ഷയ്ക്കുവേണ്ടി വെമ്പുകയാണ് അവർ ചെയ്തിരുന്നത്. യൂറോപ്യൻ സമുദായങ്ങളെല്ലാം പരസ്പരം സംശയാലുക്കളായിരുന്നു. അവർ അന്യോന്യം വെറുക്കുകയും ഭയപ്പെടുകയും ചെയ്തു. ഓരോ യൂറോപ്യൻ രാജ്യവും, സേനാവിഭാഗങ്ങളും നാവികോപകരണങ്ങളും ബദ്ധപ്പെട്ടു സജ്ജീകരിക്കുന്നതിൽ സംഭ്രമം കാണിച്ചുവന്നു. ഭയം, അസൂയ, അക്രമം ഇവയുടെ നടനരംഗമായി നാടെങ്ങും പരിവർത്തനം ചെയ്യപ്പെട്ടു. അവയെല്ലാം നാശോന്മുഖമായ സംസ്കാരവിഭ്രുതികളെന്നു മഹാക

വിക്കതോന്നി. ആസന്നമായ അത്യാപത്തിന്റെ സവ്ലക്ഷണങ്ങളും തെളിഞ്ഞുകണ്ടു.

ലോകസമുദായം സമ്പന്നവും സംതൃപ്തവുമാകണമെങ്കിൽ യഥാർത്ഥസ്നേഹവും സഹകരണബോധവും പരക്കെ ഉണ്ടാകണം. ചരിത്രം പേരുകളും തീയതികളുംചേർത്ത് അർത്ഥരഹിതമായി പൂരിപ്പിച്ചിട്ടുള്ളതല്ല. മനുഷ്യജീവിതത്തിന്റെ പ്രയാണഗതിയെ സവിസ്തരം പ്രതിപാദിക്കുന്ന സാമൂദായികസംഭവങ്ങളാണവയിൽ കാണുന്നതു്. മനുഷ്യൻ പ്രവൃത്തിനിരതനായതെങ്ങനെയെന്നും, കുറേശ്ശകുറേശ്ശയായും കൂട്ടംകൂട്ടമായും ജീവിതതടസ്സങ്ങളെ അവൻ അതിലംഘിച്ചതെങ്ങനെയെന്നും ചരിത്രം പഠിപ്പിക്കുന്നു. ആദ്യം കുടുംബങ്ങളായും, പിന്നീടു ചെറിയ സംഘങ്ങളായും, ഒടുവിൽ വിസ്തൃതമായ സമുദായവിഭാഗങ്ങളായും മനുഷ്യൻ ജീവിച്ചു. ഭാരതചരിത്രം വിദേശീയാക്രമണങ്ങളുടെ ഒരു ആഖ്യാനഗ്രന്ഥമാണു്. പക്ഷെ വിദേശികളുടെ ഓരോ പുതിയ വിഭാഗവും ക്രമേണ ഇൻഡ്യൻജനതയായി രൂപാന്തരപ്പെട്ടു. മററുള്ളവരുമായി സമാധാനപരമായ ജീവിതഗതി അവലംബിക്കുകയും ചെയ്തു. ഇങ്ങനെ എല്ലാം ചരിത്രവും അടുത്ത ഘട്ടത്തിന്റെ പ്രാരംഭസൂചനകളാണു് നൽകുന്നതു്. ഓരോ സമുദായവിഭാഗവും മനുഷ്യരാശിയാകുന്ന മഹാകുടുംബത്തിൽ പ്രശാന്തമായി ലയിച്ചുചേരുവാൻ കാലം വളരെക്കഴിയേണ്ടതായിട്ടുണ്ടു്. ജാതികൾക്കും സമുദായങ്ങൾക്കും അതതിന്റെ പ്രത്യേകമായ വാസനാവൈഭവമുണ്ടു്. എന്നാൽ അതു പരസ്പരം പോരാടുവാനല്ല. സാർവത്രികമായ സൗഖ്യസമാധാനങ്ങൾക്കുവേണ്ടി ഓരോരുത്തരും നൽകേണ്ട പാരിതോഷികഘടകങ്ങളാണവ. മനുഷ്യരാശി സ്വാതന്ത്ര്യവും വ്യാപ്തവുമായ ഒരു സവ്സാഹോദര്യത്തിലേക്കാണു് പ്രയാണം ചെയ്യേണ്ടതു്. ആ സവ്സാഹോദര്യസ്ഥാപനത്തിൽ ഓരോന്നും അതിന്റെ പ്രത്യേ

ക്കമായ കഴിവും വാസനയും വേണ്ടവിധം പ്രയോഗിക്കണം. അങ്ങനെ ഏകീകൃതമായ നന്മയുടേയും സൗഭ്രാത്രത്തിൻേറയും ഒരു മഹാകടാഹമായിട്ടാണ് ഈ മഹീഭാഗം പരിലസിക്കേണ്ടതു്.

എന്നാൽ മനുഷ്യനെ ശരിയായ മാർഗ്ഗം കാണിച്ചു് അതിൽക്കൂടിതന്നെ സഞ്ചരിക്കണമെന്നു് അവനെ ഉൽബോധിപ്പിക്കേണ്ടതെങ്ങനെ? മനുഷ്യരാശിക്കു ഈ സമാധാനസരണി കാണിച്ചുകൊടുക്കേണ്ടതു് ഇൻഡ്യയുടെ ചുമതലയാണെന്നു് മഹാകവി നിശ്ചയിച്ചു. വ്യത്യസ്തഭാഷയും വിഭിന്നാചാരവും, വിഭിന്നമായ മതബോധവും ശീലിച്ചു് ഇൻഡ്യൻജനത പല തലമുറകളായി ഇവിടെ കഴിയുന്നുണ്ടു്. പൗരാണികകാലംമുതല്ക്കേ ഇൻഡ്യയുടെ സഹായഹസ്തം പാശ്ചാത്യരാജ്യങ്ങളിലും പൗരസ്ത്യരാജ്യങ്ങളിലും വ്യാപിച്ചിട്ടുണ്ടു്. ഇൻഡ്യ വിഭിന്നസമുദായങ്ങളുടെ സമ്മേളനരംഗമാണു്, വിഭിന്നാചാരങ്ങളുടെ സങ്കേതസ്ഥാനമാണു്; വിഭിന്നവിശ്വാസങ്ങളുടെ സുന്ദരവേശ്മവുമാണു്. ജ്ഞാനവും സമാധാനവും അവിടെക്കാണാം. സുഖവും സംതൃപ്തിയും അവിടെ കൈവരിക്കാം. പക്ഷേ അതിനും സമയവും പ്രയത്നവും ആവശ്യമുണ്ടു്.

അഖിലലോകസാഹോദര്യസ്ഥാപനത്തിൽ ശാന്തിനികേതനത്തിനു വളരെ പങ്കുണ്ടെന്നു് ടാഗോർ തീർച്ചയാക്കി. 1913 ഒക്ടോബറിൽ ഗുരുദേവൻ ആൻഡ്രൂസിനു് ഒരു കത്തെഴുതി. "നമ്മുടെ കുട്ടികൾക്കു് ഏററവും വ്യാപ്തമായ അഭ്യസനം നല്കണം. സാർവ്വത്രികമായ താല്പര്യങ്ങളെ പരിരക്ഷിക്കുവാൻ അവർ പരിശീലിക്കണം." 1914-ൽ ആൻഡ്രൂസ് പിയേഴ്സൻഒന്നിച്ചു് ശാന്തിനികേതനത്തിൽ എത്തി. അവർ മഹാകവിയുടെ സർവ്വസാഹോദര്യസിദ്ധാന്തത്തെ പ്രചരിപ്പിക്കുവാൻ അക്ഷീണയത്നം ചെയ്തുതുടങ്ങി. ശാന്തിനികേതനത്തിലെ പൗരസ്ത്യപാശ്ചാത്യ

മൈത്രി തൻെറ ആദർശത്തിൻെറ പരിപൂർണ്ണവിജയത്തിൻെറ സൂചനയാണെന്നു ടാഗോർ വിശ്വസിച്ചു. 1915-ൽ തെക്കേആഫ്രിക്കയിലെ ഇൻഡ്യാക്കാരുമായി അദ്ദേഹം ഒരു സൗഹൃത്ബന്ധം സ്ഥാപിച്ചു. മഹാത്മജി അവിടെ സ്ഥാപിച്ചിരുന്ന 'ഫോനിക്സ്' വിദ്യാലയത്തിൽനിന്നും ഏതാനും വിദ്യാർത്ഥികൾ ശാന്തിനികേതനത്തിൽ വന്നുചേർന്നു. ശാന്തിനികേതനത്തിലെ താമസം അവർക്കു വളരെ സുഖപ്രദമായിരുന്നു. മഹാത്മാഗാന്ധിയും ശാന്തിനികേതനത്തിൽ എത്തി. ഭാരതത്തിലെ രണ്ടു അഭിവന്ദ്യ നേതാക്കന്മാർ അവിടെ സമ്മേളിച്ചു. ശാന്തിനികേതനം മഹാത്മജിയുടേയും മഹാകവിയുടെയും വിശുദ്ധാദർശങ്ങളുടെ കേന്ദ്രസ്ഥാനമായി. മഹാപ്രസ്ഥാനങ്ങളുടെ മാധുര്യവും അന്തർഭാവവും ലോകത്തിൻെറ നാനാഭാഗത്തുനിന്നും ശാന്തിനികേതനത്തിലേക്കു പ്രവഹിച്ചുതുടങ്ങി.

ടാഗോർ ദീർഘദർശനം ചെയ്തിരുന്ന മഹാവിപത്തു് 1914-ൽ യൂറോപ്പിൽ പതിച്ചു. മഹായുദ്ധം അതിൻെറ സകലവിധമായ സംഹാരശക്തിയോടുകൂടി രംഗപ്രവേശം ചെയ്തു. ആസ്ഥ്യവും വ്യസനചോദിതവുമായ ലോകം രവീന്ദ്രനാഥൻെറ ജീവകാരുണ്യബോധത്തേയും, സ്വാതന്ത്ര്യവിശ്വാസത്തേയും പരുഷമായി വീക്ഷിച്ചു. എന്നാൽ അദ്ദേഹത്തിൻെറ വിശ്വാസം ദുർബലമായില്ല. തന്നെ അഭിമുഖീകരിക്കുന്ന വിഷമപ്രശ്നങ്ങൾക്കു് പൂർവാധികം ശക്തിയോടെ അദ്ദേഹം സമാധാനം ആരാഞ്ഞു. സ്വാതന്ത്ര്യം—അതിൻെറ ശരിയായ അർത്ഥംഎന്തു്? മനുഷ്യനു് ശാശ്വതസൗഖ്യം നല്കുന്ന പ്രവൃത്തിപദ്ധതി ഏതു്? ആത്മാർത്ഥവും അനശ്വരവുമായ സേവനം. പ്രവൃത്തികളിൽ ആത്മാർത്ഥതയും സത്യവും അഭിന്നമായി കലർന്നിരിക്കണം. ആദർശപ്രസംഗത്തിനു് അർത്ഥമില്ല. ഇതായിരുന്നു അദ്ദേഹത്തിൻെറ ചിന്താഗതി. ഈ തത്വം ഭംഗിയേറിയ ഒരു കവിതയിൽ അദ്ദേഹം പ്രതിപാദിക്കുന്നുണ്ടു്.

"എന്റെ കൈയിൽ പ്രകാശവും പേറിക്കൊണ്ടു സഞ്ചരിക്കണമെന്നല്ലാ ഞാൻ ആഗ്രഹിക്കുന്നതു്. ആന്തരമായ പ്രകാശം എന്നിൽനിന്നും ബഹിഃസ്ഫുരിക്കണം. അതാണു് എന്റെ പ്രാർത്ഥന." ടാഗോറിന്റെ സ്വാതന്ത്ര്യബോധം ഗഹനവും സുശക്തവുമായിരുന്നു. വിദ്യാലയത്തിലെ സഹപ്രവത്തകന്മാർ അദ്ദേഹത്തിൽനിന്നും ഭിന്നാഭിപ്രായക്കാരായിരിക്കുമ്പോഴും അവരെ സ്വതന്ത്രമാൎഗ്ഗങ്ങളിൽക്കൂടി സ്വച്ഛന്ദം ചരിക്കുവാൻ അദ്ദേഹം അനുവദിച്ചിരുന്നു. "ആദർശങ്ങളെയും ആശയങ്ങളെയും ശ്വാസംമുട്ടിക്കണമെന്നു് എന്റെ സഹപ്രവത്തകന്മാരെ ഞാൻ നിർബന്ധിക്കുകയില്ല. മറ്റൊരാളിന്റെ ആഗ്രഹത്തിനും അഭിപ്രായത്തിനും അടിമകളായി അധഃപതിക്കുവാൻ അവരെ ഞാൻ വിട്ടുകൊടുക്കുകയില്ല. അതാണു് എനിക്കു ചെയ്യുവാനുള്ള മഹാകാൎയ്യം" എന്നാണു് ടാഗോർ പറയുന്നതു്.

മഹായുദ്ധത്തിന്റെ പ്രാരംഭത്തിൽ 'ബാലക' എന്നു് ഒരു മനോഹരകാവ്യം അദ്ദേഹം രചിച്ചു. ലോകത്തിലെ ദാരുണരംഗങ്ങളിൽ മനമുരുകിയാണു് ഇതിലെ പലഭാഗങ്ങളും അദ്ദേഹം എഴുതിയിട്ടുള്ളതു്. ആധുനികഗവേഷണങ്ങൾ വെളിപ്പെടുത്തിയിട്ടുള്ള അജ്ഞാതരഹസ്യങ്ങളെയും അത്ഭുതകരങ്ങളായ ജീവിതസംഭവങ്ങളെയും അഭിമുഖീകരിക്കുന്നതാണു് ചില ഭാഗങ്ങൾ. 'ന്യായശാസനം' എന്ന ഭാഗംതന്നെ എടുത്തുനോക്കുക. മനുഷ്യരുടെ ദുഷ്പ്രവൃത്തിയുടെ ഫലമായി ദൈവികമായുണ്ടാകുന്ന ശിക്ഷയാണു് മഹായുദ്ധങ്ങൾ എന്നു് സാധാരണക്കാർ വിശ്വസിക്കുന്നു. ജനങ്ങൾ അവധാനപൂർവ്വം ചിന്തിക്കാതെ ഉപരിപ്ലവമായി പുറപ്പെടുവിക്കുന്ന ഈ മാതിരി അഭിപ്രായങ്ങളെ 'ന്യായശാസന'ത്തിൽ വിമർശിക്കുന്നു.

മഹാകവിയുടെ ഹൃദയം പരുഷചിന്ത നിറഞ്ഞതായിരുന്നില്ല. ശോകാത്മകങ്ങളായ സംഭവങ്ങളെമാത്രമല്ലാ

അദ്ദേഹം അവലോകനംചെയ്യുന്നു. മനുഷ്യൻ ദുരയും ദുർവ്വൃത്തിയുംകൊണ്ടു് സ്വയം കഷ്ടതകൾ സൃഷ്ടിക്കുന്നു. ദാരുണസംഭവങ്ങൾ മാറിമാറി രംഗപ്രവേശംചെയ്യുന്നു. മോഹനരംഗങ്ങളെല്ലാം ബലിസ്ഥലങ്ങളായി ഭീകരരൂപം അവലംബിക്കുന്നു. അജ്ഞാനതിമിരത്താൽ അന്ധമായ ശുഷ്കഹൃദയം സ്വയം നിർമ്മിച്ച ഹോമകുണ്ഡത്തിൽ പിടഞ്ഞു മരിക്കുന്നു. എന്നാൽ മഞ്ഞും മഴയും മാർത്താണ്ഡദേവനും മാരുതനും അവരുടെ മഹനീയസംഭാവനകളാൽ ഭൂമിയെ സുകുമാരഗാത്രിയാക്കുന്നു. നവവസന്തത്തിൻെറ മോഹനസന്ദേശവുംകൊണ്ടു് വൃക്ഷലതാദികൾ തളിർത്തും മൊട്ടിട്ടും പരിലസിക്കുന്നു. സുരഭിലങ്ങളായ സുന്ദരകുസുമങ്ങൾ പ്രകൃതിയെ പുളകച്ചാർത്തണിയിക്കുന്നു. The cycle of spring (വസന്തമണ്ഡലം) എന്ന ഇംഗ്ലീഷ്നാടകത്തിൽ മഹാകവിയുടെ ഈ സുകുമാരാശയം സുപ്രസന്നമായി പ്രകാശിക്കുന്നുണ്ടു്. 'ഫൽഗുനി'യുടെ ഇംഗ്ലീഷ്വിവർത്തനം 1915-ലെ വസന്തർത്തുവിൽ ശാന്തിനികേതനത്തിൽ അഭിനയിച്ചു. ഇങ്ങനെയാണു് ടാഗോർ തൻെറ ലോകസന്ദേശത്തെ പ്രക്ഷേപിക്കുന്നതു്. വികാരതന്തുരമായ കവിഹൃദയം അത്തരത്തിലാണു വിശ്രാന്തിയനുഭവിക്കുന്നതു്. 'ഫൽഗുനി' യുടെ ഇംഗ്ലീഷ്വിവർത്തനമേ വംഗഭാഷാനഭിജ്ഞന്മാൎക്കു രസിക്കാൻ കഴിവുള്ളൂ. വായനക്കാരെ ഒരു വിനോദസരിത്തിൽക്കൂടി മന്ദമന്ദം മുന്നോട്ടു കൊണ്ടുപോവുകയാണു് ഫൽഗുനിയുടെ പ്രത്യേകത. 1916-ൽ ബംഗാൾക്ഷാമനിവാരണക്കമ്മറ്റിയുടെ ധനശേഖരാർത്ഥം ഈ നാടകം കൽക്കട്ടായിൽവച്ചു് അഭിനയിക്കയുണ്ടായി. ടാഗോറിൻെറ അഭിനയചാതുരിയും സംഗീതമാധുര്യവും അന്നു് പ്രേക്ഷകന്മാരെ അത്ഭുതാധീനരാക്കി.

1916-നും 17-നും മദ്ധ്യേ മഹാകവി ജപ്പാനിലും അമേരിക്കൻഐക്യനാടുകളിലും സഞ്ചരിച്ചു. 'ജപ്പാനിൽ

അദ്ദേഹത്തിന്ന വൻപിച്ച സ്വീകരണങ്ങൾ ലഭിച്ചു. പൗരസ്ത്യരാജ്യങ്ങളിലെ ഒരു സഹോദരസമുദായത്തിലുൾപ്പെട്ട പ്രശസ്തവ്യക്തിയെന്നനിലയിൽ ജപ്പാൻകാർ അദ്ദേഹത്തെ കൂടുതൽ ബഹുമാനിച്ചു. മഹായോഗങ്ങൾ പലതും അദ്ദേഹത്തിന്റെ ആഭിമുഖ്യത്തിൽ സമ്മേളിച്ചു. വർഗ്ഗീയവിദ്വേഷത്തിന്റെ അനാശാസ്യതയെപ്പററി ഉൽബോധജനകങ്ങളായ പ്രസംഗങ്ങളാണു മഹാകവി നടത്തിയത്. ജപ്പാൻകാർ കലാരസികന്മാരാണ്. പ്രകൃതിസൗന്ദര്യത്തെ ആസ്വദിക്കുന്നതിൽ അവൎക്കു പ്രശംസനീയമായ പാടവമുണ്ട്. കവികളും കലാരസികന്മാരുമായ നിരവധി സുഹൃത്തുക്കൾ അദ്ദേഹത്തിനുണ്ടായി. ജപ്പാൻജനതയുടെ വീരവൃത്തികൾ അവരുടെ പ്രകൃതിസൗന്ദര്യാരാധനയിൽനിന്നും ഉത്ഭൂതമാണെന്നും അവ ഭാരതീയനും മാർഗ്ഗദർശകങ്ങളാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഇന്ത്യയ്ക്കു വെറും മുനിവൃത്തിയല്ലാ ആവശ്യമെന്നും ജപ്പാൻകാരുടെ ആത്മീയബോധത്തിൽനിന്നുണ്ടാകുന്ന വീരചൈതന്യമാണു വേണ്ടതെന്നും ടാഗോർ നിർദ്ദേശിച്ചു.

ജപ്പാൻജനതയുടെ ഉന്മേഷവും ധൈൎയ്യവും മഹാകവിക്കു സന്തോഷാവഹമായിരുന്നു. എന്നാൽ അവിടുത്തെ ഗവൺമെൻറ് അവലംബിച്ചിരുന്ന നയം അനാശാസ്യമായി അദ്ദേഹത്തിനു തോന്നി. ചൈനയുടെ നേരേ ജപ്പാൻ കാണിച്ചിരുന്ന അഹിതമനോഭാവത്തെ ടാഗോർ അനുമോദിച്ചില്ല; അവരുടെ യുദ്ധോദ്യമം അദ്ദേഹം വെറുത്തു. ദിവസവും ദ്വന്ദ്വയുദ്ധത്തിൽ ഏൎപ്പെട്ടു പരസ്പരം മരണംവരിച്ച രണ്ടു യുദ്ധവീരന്മാരുടെ ശവകുടീരത്തിൽ കൊത്തിവയ്ക്കുവാൻ ഒരു ചരമലിഖിതം രചിക്കണമെന്നു ചില ജപ്പാൻനേതാക്കൾ ടാഗോറിനോടപേക്ഷിച്ചു. സൽകാൎയ്യനിൎവ്വഹണത്തിനു ദൈവംനൽകിയ മനുഷ്യജന്മത്തെ മൃഗീയമായി നശിപ്പിച്ചുകളഞ്ഞ ആ യോദ്ധാക്കളിൽ അദ്ദേഹത്തിനു സഹതാപമുണ്ടായി. അദ്ദേഹം ഇങ്ങനെ എഴുതി.

"They hated and killed, and men praised them But, God in shame hastened to hide its memory- under the green trees."

ടോക്കിയോ സർവ്വകലാശാലയിൽ ടാഗോർ ഒരു പ്രസംഗപരമ്പര നടത്തി. 'ദേശീയബോധം', അതായിരുന്നു അദ്ദേഹം തിരഞ്ഞെടുത്ത വിഷയം. ദേശീയമനോഭാവത്താൽ മനുഷ്യൻ കാണിക്കുന്ന അനിഷ്ടവൃത്തികളെപ്പററി അദ്ദേഹം തുറന്നു പ്രസ്താവിച്ചു. യാന്ത്രികമായ ഭരണക്രമം ഒരു രാജ്യത്തെയും അഭിവൃദ്ധമാക്കുകയില്ല. അശരണന്മാരിൽ അനുഭാവമില്ലാത്ത ഗവണ്മെൻറാണു് ഇന്നത്തേതെന്നു് അവർ വിചാരിച്ചുപോകുന്നു. പാവങ്ങൾ നശിക്കുകയോ ജീവിക്കുകയോ ചെയ്യുന്നതിൽ ഗവണ്മെൻറിനു നോട്ടമില്ല. ഓരോ രാജ്യവും ആർഭാടകേന്ദ്രങ്ങളാകണമെന്നേ ഗവണ്മെൻറിനു വിചാരമുള്ളു. അന്യരുടെ അവകാശത്തിൽ ആസ്ഥ്യം ഭാവിക്കാനാണു് സ്വജനങ്ങളെ ഓരോ ഗവണ്മെൻറും പഠിപ്പിക്കുന്നതു്. ജയത്തിനോ സമ്പത്തിനോ നൽകുന്ന പ്രാധാന്യത്തെക്കാൾ ന്യായവും നീതിയും സ്ഥാപിക്കുവാനാണു് യഥാർത്ഥഗവണ്മെൻറു് ഉത്സാഹിക്കേണ്ടതു്. സമുദായോന്നമനത്തിനല്ലാതെ സാമാന്യജനങ്ങളുടെ ഉയർച്ചയ്ക്കു് ഇന്നത്തെ ഭരണസമിതികൾ ശ്രദ്ധിക്കുന്നില്ല. ജപ്പാനിലെ പാവപ്പെട്ട തൊഴിലാളികൾക്കു് വേലക്കൂടുതലും കൂലിക്കുറവുമാണു് അനുഭവിച്ചിരുന്നതു്. തൊഴിലാളികളുടെ വൃത്തിഹീനമായ താമസസ്ഥലങ്ങളും മഹാകവിയുടെ വിമർശനത്തിനു വിഷയമായി. ടോക്കിയോ സർവ്വകലാശാലയിലെ യുവവിദ്യാർത്ഥികളിൽ ടാഗോറിൻെറ പ്രഭാഷണങ്ങൾ വലിയ പരിവർത്തനമുണ്ടാക്കി. അഹിതമായ പരമാർത്ഥങ്ങളെ വെളിച്ചത്തു കൊണ്ടുവരികയാണു് ഒരു സ്നേഹിതൻെറ കടമയെന്നു് മഹാകവി ജപ്പാൻകാരെ ഓർമ്മിപ്പിച്ചു. ഏതു സമുദായസ്നേഹിയോടും ഇതുതന്നെ

പറയുവാനാണ് അദ്ദേഹം ആഗ്രഹിച്ചതു്. ടാഗോറിന്റെ സ്വാതന്ത്ര്യബോധവും സ്വാഭിമാനചിന്തയും ജപ്പാനിൽ അദ്ദേഹത്തിന്റെ പ്രസിദ്ധിയെ സാരമായി സ്പർശിച്ചു. ജപ്പാൻഗവണ്മെൻറ് മഹാകവിയിൽ കാണിച്ച ബഹുമതി പിൻവലിച്ചുവത്രെ.

യുദ്ധകാലം മുഴുവനും ടാഗോർ ഇൻഡ്യയിൽതന്നെ താമസിച്ചു. ഇക്കാലത്തു് അദ്ദേഹത്തിന്റെ സാഹിത്യശ്രമം ഊർജ്ജസ്വലമായിരുന്നു. മാതൃഭാഷയിൽതന്നെ അദ്ധ്യയനം നടത്തേണ്ട ആവശ്യകതയെപ്പററി അപ്പോഴും അദ്ദേഹം ശക്തിപൂർവ്വം വാദിച്ചുകൊണ്ടിരുന്നു. ഇതിന്റെ ഫലമായിട്ടാണു് Parrot's training എന്ന രസകരമായ കാവ്യം ഉണ്ടായതു്. സ്വതന്ത്രമായി സഞ്ചരിച്ചിരുന്ന ഒരു തത്തയെ ഒരു കനകക്കൂട്ടിലടച്ചു് ചിറകുകൾ വെട്ടി, കാലുകൾ ബന്ധിച്ചു് കുറെ പുസ്തകങ്ങൾ കൊടുത്തു് അതിനെ പഠിക്കുവാൻ ഞെരുക്കുന്നതാണു് കഥാവസ്തു. പുസ്തകത്തിലെ ഓരോ വാക്കും അതിനെ അടിച്ചും ഇടിച്ചും പഠിപ്പിക്കുന്നു. ഒടുവിൽ അതു ചത്തുവീഴുന്നു. അതോടുകൂടി അതിന്റെ വിദ്യാഭ്യാസം പൂർത്തിയായതായി അദ്ധ്യാപകൻ സന്തോഷിക്കുകയുംചെയ്യുന്നു.

ശുദ്ധമായ ബംഗാളിഭാഷയിൽ ലളിതമായി എഴുതുവാൻ ശ്രമിക്കുന്ന സാഹിത്യകാരന്മാരെ അദ്ദേഹം വളരെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടു്. ടാഗോറിന്റെ വാസസ്ഥാനം അനവധി സാഹിതീഭക്തന്മാരുടെ സമ്മേളനരംഗമായിരുന്നു. അദ്ദേഹം ഇൻഡ്യൻനാഷണൽകാൺഗ്രസ്സിന്റെ ഒരു സജീവപ്രവർത്തകനായിത്തീർന്നു. മനോജ്ഞങ്ങളായ ദേശീയഗാനങ്ങളാൽ അനവധി ആളുകളെ അദ്ദേഹം കാൺഗ്രസ്സിലേക്കാകർഷിച്ചു. 1918-ൽ ടാഗോറിന്റെ സീമന്തപുത്രി പരലോകപ്രാപ്തയായി. എന്നാൽ ഏതു മഹാദുഃഖത്തിലും ശാന്തിനികേതനത്തിലെ കാര്യങ്ങൾക്കു വിഘ്നം

തമുണ്ടായിട്ടില്ല. ഭാരതം ഒരു ലോകസന്ദേശത്തെ പ്രവചിക്കേണ്ടതെങ്ങനെ എന്നായി അദ്ദേഹത്തിൻെറ ചിന്ത. ഒരു അഖിലലോകകലാലയം സ്ഥാപിക്കുവാൻ ഗുരുദേവൻ ബദ്ധപ്പെട്ടു. അതിൻെറ മഹത്തായ രൂപം അദ്ദേഹം സദാ ദർശിച്ചുകൊണ്ടിരുന്നു. 918 അവസാനത്തിനുമുമ്പുതന്നെ ശാന്തിനികേതനത്തിൽ ഒരു മഹാകലാലയത്തിൻെറ ശിലാസ്ഥാപനകർമ്മം നടന്നു. ഇതത്രേ വിശ്വവിഖ്യാതമായ 'വിശ്വഭാരതി.' 1919 ജൂലൈമാസത്തിൽ മാത്രമേ വിശ്വഭാരതിയുടെ പണി ആരംഭിച്ചുള്ളു. വിശ്വഭാരതിയുടെ ആരംഭത്തിനുമുമ്പുതന്നെ, ഇൻഡ്യയിൽ നടന്ന ഒരു ദാരുണസംഭവം ടാഗോറിനെ ലോകദൃഷ്ടിയിൽ കുറേക്കൂടി ആരാദ്ധ്യനാക്കി.

1919 ഏപ്രിൽമാസം 13-ാംതീയതി ഇൻഡ്യാചരിത്രത്തിലെ മർമ്മഭേദകമായ മാരകരംഗമാണു്. ആർഷഭാരതത്തിൻെറ ആത്മസന്തതികളെ ഒരുമിച്ചുകൂട്ടി ആംഗ്ലേയഭരണകൂടത്തിൻെറ അജ്ഞതമായ ആഹൂതികുണ്ഡത്തിൽ ആളിക്കത്തിയ എരിതീയിൽ എരിച്ചുകളഞ്ഞ ആ ദുർദ്ദിവസത്തെ സൃഷ്ടിച്ചുകൊണ്ടു് ഭാസ്കരദേവൻ അന്നും ഉദയം ചെയ്തു. അമൃതസരസ്സിൽവച്ചു നടന്ന ആ ദുസ്സംഭവത്തെപ്പററി -- ജിലിയൻവാലായിലെ കൂട്ടക്കൊലയെപ്പററി -- കേട്ടിട്ടില്ലാത്തവർ, കരൾ കലങ്ങി വിലപിക്കാത്തവർ, കണ്ണുനീരിൽ കുളിക്കാത്തവർ, ഭൂമണ്ഡലത്തിലെ ഒഴിഞ്ഞ കോണുകളിൽപോലും കാണുമെന്നു തോന്നുന്നില്ല. മാതൃഭൂമിയുടെ പാരതന്ത്ര്യത്തിൽ ഉൽക്കണ്ഠാകുലരായിക്കൂടിയിരുന്ന നിരായുധരും നിസ്സഹായരും നിരപരാധികളുമായ ജനതതിയുടെ നേർക്കു് തുരുതുരാ വെടിവയ്ക്കുവാൻ ജനറൽ ഡെയർ സൈന്യങ്ങൾക്കു് അനുവാദം നൽകി. ആകാശത്തിൻെറ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു്, ഭാരതത്തിൻെറ പവിത്രതയെ ധ്വംസിച്ചുകൊണ്ടു് ചടചടായമാനമായ കൂട്ടവെടി അവിടെങ്ങും മുഴങ്ങി. നിരാശ്രയരായ അൻവധി ഭാരത

സന്താനങ്ങൾ ആ വിദേശീയമുഷ്കരതപത്തിൻെറ അടയമായ് ഞെരുക്കിൽപ്പെട്ടു ചതഞ്ഞു് നിശ്ശേഷ്ടമായ മാംസപിണ്ഡങ്ങളായി. പാവനചരിതയായ സ്വന്തം ജനനിയുടെ വിശുദ്ധോത്സംഗംതന്നെ അവക്കു ബലിവേദിയായി ഭവിച്ചു.

പഞ്ചാബിലും 'മാർഷൽ'നിയമം നടപ്പാക്കിയിരുന്നു. ഈ വൃത്താന്തമെല്ലാം രഹസ്യമായി സൂക്ഷിച്ചിരുന്നു. ഈ ദയനീയസംഭവത്തിൻെറ പ്രതിധ്വനി അന്തരിക്ഷത്തെ ഭേദിച്ചുകൊണ്ടു് മഹാകവിയുടെ ശ്രവണത്തിലും പതിച്ചു. ഗവണ്മെൻറിൻെറ ലജ്ജാവഹമായ ഈ മനോഭാവത്തിൽ അദ്ദേഹത്തിനു ജുഗുപ്സയും വിദ്വേഷവും ഉണ്ടായി. ടാഗോർ ഉടൻതന്നെ കൽക്കട്ടായിലെത്തി ഒരു വമ്പിച്ച പ്രതിഷേധമാചരിക്കണമെന്നു് നേതാക്കളെ ഉൽബോധിപ്പിച്ചു. താൻതന്നെ പൊതുയോഗത്തിൽ അദ്ധ്യക്ഷനാകാമെന്നു് അദ്ദേഹം അവരെ അറിയിച്ചു. പക്ഷെ മരണം ഭയാനകമാണു്. നേതാക്കൾ പ്രതിഷേധത്തിനു മുതിന്നില്ല. അതുകൊണ്ടു് ഏകനായിത്തന്നെ പ്രതിഷേധം ആചരിക്കാമെന്നു് ആ മഹാത്മാവു തീരുമാനിച്ചു. മേമാസം 30-ാം തീയതി അദ്ദേഹം വൈസ്രായിക്കു് ഒരു കത്തെഴുതി.

(സർ സ്ഥാനം ഉപേക്ഷിച്ചുകൊണ്ടു് വൈസ്രായിയായിരുന്ന ചെംസ്ഫോർഡ്പ്രഭുവിനു് അയച്ച കത്തു്.)

"ചില പ്രാദേശികാസ്വാസ്ഥ്യങ്ങളെ അമർത്തുവാൻ വേണ്ടി പഞ്ചാബിലെ ഗവണ്മെൻറ് എടുത്ത നടപടികളുടെ വമ്പിച്ച നിഷ്ഠുരത ഇന്ത്യയിൽ ബ്രിട്ടീഷ് പ്രജകളെന്നനിലയിലുള്ള ഞങ്ങളുടെ നിസ്സഹായാവസ്ഥയെ തീവ്രമായ ഒരു ഞെട്ടലോടെ, ഞങ്ങൾക്കു വെളിവാക്കിത്തന്നിരിക്കുന്നു. ഭാഗ്യഹീനരായ ജനങ്ങളുടെ മേൽ ചുമത്തപ്പെട്ട ശിക്ഷകളുടെ അളവററ കാഠിന്യവും അവ നടപ്പിൽവരു

ത്തിയവിധവും പരിഷ്കൃതഗവർമ്മെൻറുകളുടെ ചരിത്രത്തിൽ, പ്രാചീനവും അർവാചീനവുമായ ചില ഉദാഹരണങ്ങളൊഴിച്ചാൽ, അതുല്യമാണെന്നു ഞങ്ങൾക്കു ബോധപ്പെട്ടിരിക്കുന്നു. നിരായുധരും നിവൃത്തിമാർഗ്ഗമില്ലാത്തവരുമായ ഒരു ജനതയുടെ നേരെയാണു്, മനുഷ്യജീവിതത്തെ നശിപ്പിക്കുന്നതിൽ ഭീകരവ്യഗ്രതയുടെ പാരമ്യം പ്രാപിച്ച സംഘടനയോടുകൂടിയ ഒരു ശക്തി ഇങ്ങനെ പെരുമാറിയതെന്നോർക്കുമ്പോൾ, അതിന്നു രാഷ്ട്രീയമായ നയോപായമോ നീതിയുടെ കണികപോലുമോ അവകാശപ്പെടാൻ സാധിക്കയില്ലെന്നു് ഞങ്ങൾ ശക്തിയുക്തം പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. പഞ്ചാബിൽ, ഞങ്ങളുടെ സഹോദരന്മാർ അനുഭവിച്ച യാതനകളുടേയും അവമാനങ്ങളുടേയും വിവരണം നിരോധത്തിൻെറ നിശ്ശബ്ദതയിലൂടെ ഇററിററിറങ്ങി ഇന്ത്യയുടെ ഓരോ മൂക്കിലും എത്തിക്കഴിഞ്ഞു. ഞങ്ങളുടെ നാട്ടുകാരുടെ ഹൃദയത്തിൽനിന്നും ഉദിച്ചുയൎന്ന സാർവ്വത്രികമായ അമർഷത്തിൻെറ വേദനയെ ഭരണകർത്താക്കൾ അവഗണിക്കയാണു ചെയ്തതു്. ഒരു നല്ല പാഠം പഠിപ്പിച്ചു എന്നു വിചാരിച്ചു് അവർ ഒരുപക്ഷെ സ്വയം അഭിനന്ദിക്കുന്നുണ്ടായിരിക്കാം. ഈ ഹൃദയശൂന്യതയെ മിക്ക ആംഗ്ലോ—ഇന്ത്യൻപത്രങ്ങളും വാഴ്ത്തിപ്പാടി. അവയിൽ ചിലതു്, ഞങ്ങളുടെ വേദനയെ അപഹസിക്കാനുള്ള ക്രൂരതപോലും കാണിച്ചു. കഷ്ടപ്പെടുന്നവർക്കു പ്രതിനിധീഭവിക്കുന്ന പൊതുജിഹ്വകളുടെ വേദനാജന്യമായ മുറവിളികളും അഭിപ്രായപ്രകടനങ്ങളും ഒന്നൊഴിയാതെ അടിച്ചമർത്തുന്നതിൽ ഹൃദയശൂന്യമായ ശ്രദ്ധ ചെലുത്തിയിരുന്ന അധികാരസ്ഥാനങ്ങളാകട്ടെ, ഇതിനെ തെല്ലെങ്കിലും തടയാൻ സന്നദ്ധമായതുമില്ല. ഞങ്ങളുടെ അഭ്യർത്ഥനകൾ പാഴിലായെന്നു്, സ്വന്തം കായികശക്തിക്കും ധാർമ്മികപാരമ്പര്യത്തിനും അനുരൂപമായ ഔദാര്യം കാണിക്കാൻ പ്രയാസമില്ലാത്ത ഞങ്ങളുടെ ഗവർമ്മെണ്ടിൽ രാജ്യതന്ത്രജ്ഞതയുടെ മഹനീയദൃഷ്ടി

അന്ധമായിപ്പോയെന്നും, മനസ്സിലായപ്പോൾ എനിക്ക് എന്റെ രാജ്യത്തിനു ചെയ്യാൻ കഴിയുന്ന ഏറ്റവും എളിയസേവനം, ഭയത്തിന്റെ മൂകമായ വേദനയിൽ അമ്പരന്നിരിക്കുന്ന ലക്ഷക്കണക്കിലുള്ള എന്റെ നാട്ടുകാരുടെ പ്രതിഷേധത്തെ പ്രകടിപ്പിക്കുന്നതുകൊണ്ടുണ്ടാകുന്ന സകലബുദ്ധിമുട്ടുകളും ഏറ്റെടുക്കുക എന്നുള്ളതാകുന്നു. അവമതിയുടെ പൊരുത്തമില്ലാത്ത പശ്ചാത്തലത്തിൽ, കീർത്തിമുദ്രകൾ ഞങ്ങളുടെ ലജ്ജാഭാരത്തെ തെളിയിച്ചുകാട്ടുന്ന ഒരവസരം വന്നെത്തിയിരിക്കുന്നു. നിസ്സാരതയുടെ പേരിൽ മനുഷ്യോചിതമല്ലാത്ത അധഃപതനം സഹിക്കേണ്ടിയിരിക്കുന്ന എന്റെ നാട്ടുകാരുടെ അരികേ, എല്ലാം പ്രത്യേകബഹുമതികളേയും നീക്കിവെച്ച്, നിൽക്കുവാനാണു ഞാനിപ്പോൾ ആഗ്രഹിക്കുന്നത്. അങ്ങയുടെ മുൻഗാമി മൂഖേന—അദ്ദേഹത്തിന്റെ ഹൃദയവിശാലതയെ ഞാനിന്നും സബഹുമാനം സ്മരിക്കുന്നുണ്ട്—ചക്രവർത്തിമഹാരാജാവ് എനിക്കു നൽകിയ സർ ബഹുമതിയിൽനിന്നു് എന്നെ ഒഴിവാക്കേണമെന്നു വിനയത്തോടും സങ്കടത്തോടുംകൂടി അങ്ങയോടപേക്ഷിക്കാൻ എന്നെ നിർബന്ധിക്കുന്ന കാരണങ്ങൾ ഇവയെല്ലാമാണു്."

ബീഭത്സമായ ഭീരുത്വം കൈക്കൊള്ളുന്ന ഒരു ഗവണ്മെൻറിന്റെ ബഹുമതിമുദ്ര തനിക്ക് ആവശ്യമില്ലെന്നു് ആ കത്തിൽ മഹാകവി വിശദീകരിച്ചിരുന്നു. അനവധി ഭാരതീയരെ മൃഗപ്രായന്മാരായി കരുതുമ്പോൾ ഒരു ഭാരതീയനായ താൻ അങ്ങനെയുള്ള ഗവണ്മെൻറിന്റെ ബഹുമാനം എന്തിനാണു സ്വീകരിക്കുന്നത്. വിശേഷാൽയോഗ്യത ഒന്നുമില്ലാത്ത ഒരു പാവപ്പെട്ടവനായി കഴിയാനാണു തനിക്കാഗ്രഹം എന്നു വ്യാകുലചേതസ്സായി അദ്ദേഹം വൈസ്രോയിയെ ഗ്രഹിപ്പിച്ചു. പിന്നീടൊരിക്കലും 'സർ' എന്നുള്ള ബഹുമതി അദ്ദേഹം ഉപയോഗിച്ചിട്ടില്ല.

ഈ പ്രതിഷേധപ്രകടനത്തിൽ ഒരു സ്വദേശാഭിമാനിയെപ്പോലെയോ രാഷ്ട്രീയനേതാവിനെപ്പോലെയോ അല്ലാ 'ടാഗോർ' നിലകൊണ്ടതു്. ഈ ദുസ്സംഭവത്തിൽ ഇൻഡ്യയ്ക്കാകമാനമുണ്ടായ മനോവ്യഥയെയാണു് അദ്ദേഹം രേഖപ്പെടുത്തിയതു്. ഭൃതദയയുടെനേർക്ക് കാണിച്ച അപചാരകലുഷമായ അപമര്യാദയെയാണു് അദ്ദേഹം ചോദ്യംചെയ്തതു്. അദ്ദേഹം ഇൻഡ്യയെപ്പോലെ ഇംഗ്ലണ്ടിനേയും സ്നേഹിച്ചു. അദ്ദേഹത്തിൻെറ ആത്മസുഹൃത്തുക്കളായി അനേകം ഇംഗ്ലീഷുകാർ ഉണ്ടായിരുന്നു. രണ്ടുകൂട്ടരും തമ്മിലുള്ള തുല്യമായ സഹകരണം രണ്ടു രാജ്യത്തിനും അനുഗ്രഹഹേതുകമായിരിക്കുമെന്നു ടാഗോർ വിശ്വസിച്ചു. ഇൻഡ്യാക്കാരോടൊ ഇംഗ്ലീഷുകാരോടൊ കാണിക്കുന്ന അനീതിക്കു വ്യത്യാസമില്ലെന്നാണു മഹാകവി പ്രസ്താവിക്കുന്നതു്.

---

അദ്ധ്യായം ൧൦

---

## വിശ്വഭാരതി

വിശ്വഭാരതി എന്നാൽ എന്തു്? അതു മഹാകവിയുടെ, ശാന്തിനികേതനത്തിലുള്ള സർവരാഷ്ട്രവിജ്ഞാനസങ്കേതമാണു്. University എന്ന വാക്കിനു സർവകലാശാലയെന്നു് അർത്ഥം പറഞ്ഞാൽ പോരാ. * മി. മാർജൊറി സൈക്ൿസ് പറയുംപോലെ "University in its true sense is a place of universal knowledge or word

---

* വിശ്വഭാരതിയിലെ ഒരു പ്രൊഫസ്സർ.

culture'' യൂനിവേഴ്സിററി ഒരു വിശ്വവിജ്ഞാനസങ്കേതമാണു്. വിശ്വസംസ്കാരത്തിൻെറ പ്രവചനകേന്ദ്രവുമാണു്. വിശ്വഭാരതി എന്നാൽ വിശ്വസന്ദേശം എന്നു് അൎത്ഥം. വിശ്വത്തിനു ഭാരതത്തോടുള്ള ഐക്യം അഥവാ ഭാരതത്തിനു വിശ്വത്തോടുള്ള ഐക്യം എന്നു അർത്ഥംവരുന്ന വിശ്വഭാരതൈക്യം എന്നും വ്യാപ്തമായ ഒരു അൎത്ഥവിവക്ഷ അതിനുണ്ടു്. അതിൻെറ ആദർശം ലോകം ഒരേ ഒരു കേന്ദ്രത്തിൽ സംഘടിക്കട്ടെ എന്നാണു്.

1919-ലെ മഹായുദ്ധത്തിനു ശേഷമാണു് വിശ്വഭാരതി സ്ഥാപിച്ചതു്. ഈ 'മഹാസ്ഥാപനത്തിനു ഗുരുദേവനെ പ്രേരിപ്പിച്ച സംഗതി എന്താണെന്നു് അദ്ദേഹം തന്നെ വിവരിച്ചിട്ടുണ്ടു്. ശാന്തിനികേതനം ക്രമാനുഗതമായി അഭിവൃദ്ധി പ്രാപിച്ചുവന്നു. അപ്പോൾ മഹാകവിയുടെ ഹൃദയത്തിൽ ചില നവീനചിന്തകൾ അങ്കുരിച്ചു് അലതല്ലിത്തുടങ്ങി. വിശാലമായ ലോകത്തിലെ സംഭവബഹുലതയിലും സമുദായവൈവിധ്യത്തിലും അടങ്ങിയിരിക്കുന്ന വിജ്ഞാനനിധികൾ അദ്ദേഹത്തെ ആകൎഷിച്ചു. പരിമിതമായ പരിധികളിൽ ഒതുങ്ങുന്ന കലാസൌന്ദൎയ്യത്തെയും സാമൂഹ്യസംസ്കാരത്തെയും അതിശയിക്കുന്ന ഒരു വിദ്യാസങ്കേതം ആവശ്യമാണെന്നു അദ്ദേഹം തീൎച്ചപ്പെടുത്തി. അതിൻെറ പ്രക്ഷേപണകേന്ദ്രം ഭാരതമായിരിക്കട്ടെ എന്നും ആ മഹാത്മാവു് തീരുമാനിച്ചു.

ഭാരതസാഹിത്യചരിത്രത്തിലെ സ്മരണീയാദ്ധ്യായങ്ങൾ അദ്ദേഹം ഓൎത്തു. നളന്ദ, തക്ഷശില മുതലായ പുരാതന വിദ്യാപീഠങ്ങളുടെ അപ്രമേയപ്രഭാവം മഹാകവിയെ പുളകംകൊള്ളിച്ചു. ബൃഹസ്പതിതുല്യന്മാരായ ആൎയ്യസന്താനങ്ങളെ പോററിപ്പുലൎത്തിയ ആ സരസ്വതീനികേ

ങ്ങൾ ഭാരതത്തിന്റെ അഭിമാനപതാകകളായിരുന്നു. അവയുടെസ്ഥാനത്ത് ഇന്നു പൊന്തിക്കാണുന്ന പാശ്ചാത്യ കലാശാലകളുടെ അപൂർണ്ണത ഒരു ദേശാഭിമാനിയെ തീർച്ചയായും വേദനിപ്പിക്കാതിരിക്കയില്ല. അതുകൊണ്ടു് അഖിലലോകസംസ്കാരത്തെ ഉൾക്കൊള്ളുന്ന ഒരു ദേശീയവിദ്യാകേന്ദ്രം ആധുനികഭാരതത്തിനുണ്ടായിരിക്കണമെന്ന് ഗുരുദേവൻ വിചാരിച്ചതു തികച്ചും സ്വാഗതാർഹമാണു്. പൗരസ്ത്യകലകളുടെ വിഭിന്നോപാധികൾക്കും പൗരസ്ത്യസംസ്കാരത്തിന്റെ സംരക്ഷണത്തിനും അതൊരു മാതൃകാനിലയനം ആയിരിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. സർവ്വസാഹോദര്യവും ദേശീയസഹകരണവും വിശ്വഭാരതിയിലെ പാഠക്രമപദ്ധതിയുടെ ആന്തരതത്വമായിരിക്കണം. ഭാരതകലാസമ്പത്തുകളും, ശാസ്ത്രനിക്ഷേപങ്ങളും വിശ്വഭാരതീസന്താനങ്ങളെ നിർമ്മതസംബുദ്ധികളായ പണ്ഡിതാഗ്രണികളായി പരിവർത്തനംചെയ്യിക്കണം. ഈ ഉദ്ദേശമാണു വിശ്വഭാരതിയുടെ സ്ഥാപനത്തിൽ ഗുരുദേവനെ പ്രേരിപ്പിച്ചതു്. സി. എഫ്. ആൻഡ്രൂസ്, പിയേഴ്സൻ എന്നീ ഭാരതബന്ധുക്കൾ വിശ്വഭാരതിക്കുവേണ്ടി അക്ഷീണയത്നം ചെയ്തു. ഭാരതത്തിന്റെ ആത്മപ്രഭാവത്തെ പുനർജീവിപ്പിക്കുവാൻ ആംഗ്ലേയപണ്ഡിതന്മാർ ചെയ്യുന്ന വിലയേറിയ സഹായങ്ങൾക്കു നാം അവരോടു സർവ്വാത്മനാ കടപ്പെട്ടിരിക്കുന്നു. ആംഗ്ലേയസംസർഗ്ഗത്തിൽ ഇൻഡ്യയ്ക്കുണ്ടായിട്ടുള്ള അമൂല്യങ്ങളായ നേട്ടങ്ങളെപ്പററി മഹാകവി സ്മരിക്കുന്നുണ്ടു്. ആര്യന്മാർമുതൽ ഇങ്ങോട്ടുള്ള വിജിഗീഷുക്കളുടെ ഹൃദയപ്രകാശനമാണു ഭാരതത്തിന്റെ സമ്പത്തെന്നു് അദ്ദേഹം അനുസ്മരിക്കുന്നു. അമൃതസരസ്സിലെ വെടിവയ്പിനെത്തുടർന്നുള്ള പ്രക്ഷോഭണത്തിലുംഇക്കാര്യംഅദ്ദേഹം ഓർമ്മിക്കാതിരുന്നിട്ടില്ല. ഭൗതികശക്തി ആത്മശക്തിയുടെ ബഹിഃസ്ഫുരണമാണെന്നും അതു വെറും മൃഗീയമായ പ്രചോദനമല്ലെന്നും ടാഗോർ സ്വജനങ്ങളെ ധരിപ്പിച്ചു.

1920-ൽ മഹാകവി വീണ്ടും പാശ്ചാത്യപര്യടനം നടത്തി. വൻപിച്ച സ്വീകരണങ്ങൾ എവിടെയും ലഭിച്ചു. പൊതുജനങ്ങൾ അദ്ദേഹത്തിൽ കാണിച്ച സന്മനോഭാവം ഒരു വലിയ ചുമതലാബോധത്തെ അദ്ദേഹത്തിൽ അങ്കുരിപ്പിച്ചു ജാതിക്കോ ദേശത്തിനോ ഉപരിയായുള്ള ഒരു മൈത്രീബന്ധം പാശ്ചാത്യപൌരസ്ത്യരാജ്യങ്ങൾക്കുണ്ടാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഈ ആഗ്രഹം സാദ്ധ്യതയിൽ എത്തിച്ചേരുവാൻ അദ്ദേഹത്തിന്റെ അന്തരാത്മാവു ധൃതിപ്പെട്ടു. ഇതും വിശ്വഭാരതിയുടെ സ്ഥാപനത്തിൽ അദ്ദേഹത്തെ അതിശക്തിയായി പ്രേരിപ്പിച്ചു.

ഇൻഡ്യയിലെ സമുദായചരിത്രം, സാഹിത്യം, സംഗീതം, കൊത്തുപണി, ആലേഖനം മുതലായവ കലാസൌകുമാര്യത്തിന്റെ മഹാകോശങ്ങളാണ്. ഇതരരാജ്യങ്ങൾക്കും ഈവക കലാസമ്പത്തുകൾ ഉണ്ട്. അവയിലും അതതിന്റെ സൌന്ദര്യം സവിശേഷം പ്രകാശിക്കുന്നുണ്ട്. ഇന്നത്തെ മനുഷ്യൻ ലോകത്തിന്റെ വിവിധഭാഗങ്ങളും ഒററ നൊടിക്കുള്ളിൽ കുതിച്ചുപായുന്നവനാണ്. അവന്റെ ജീവിതതൃഷ്ണ അത്രമേൽ തീക്ഷ്ണമാണ്. ഗവേഷണങ്ങൾ അവനെ അതിന പ്രാപ്തനാക്കിയിട്ടുണ്ട്. അവൻ പ്രയാണംചെയ്യുന്ന പ്രദേശങ്ങളിലെ പ്രകൃതിവിഭവങ്ങളോ, മനോജ്ഞമന്ദിരങ്ങളോ, കലാകേന്ദ്രങ്ങളോ അവനെ ആകർഷിക്കാതിരിക്കയില്ല. ഇന്ന് ലോകത്ത് ഒന്നും ഒരാളുടെയും സ്വന്തമല്ല. എല്ലാം, എല്ലാവൎക്കും. അതാണിന്നത്തെ ജീവിതക്രമം. ഇന്നു നാം കഴിക്കുന്ന ആഹാരം, നാം ധരിക്കുന്ന വസ്ത്രം, നാം സംസാരിക്കുന്ന ഭാഷ, നാം ആസ്വദിക്കുന്ന സൌന്ദര്യം ഇവയൊന്നും ഒന്നിൽനിന്നുമാത്രമുണ്ടാകുന്നതല്ല. എല്ലാ ആചാരങ്ങളിൽനിന്നും, എല്ലാ ചിന്തകളിൽനിന്നും, എല്ലാ വിഭവങ്ങളിൽനിന്നും, വേണ്ടുന്നതും വേണ്ടാത്തതും കൂട്ടിയിളക്കി രുചിക്കുന്നതെല്ലാം കഴിക്കുന്നവനാണ് ഇന്ന

ത്തെ മനുഷ്യൻ. ആ സ്ഥിതിക്ക് ദേശീയമോ ജാതീയമോ ആയ വ്യത്യസ്തചിന്തയ്ക്ക് എന്താണു സ്ഥാനമുള്ളത്! അതുകൊണ്ട് ഇന്നത്തെ യുവാവിനു് ആവശ്യമായ വിദ്യാഭ്യാസം ഒരു അഖിലലോകതാല്പര്യത്തെ അവലംബിക്കുന്ന പാഠക്രമങ്ങളിൽനിന്നും സംജാതമാകണം. അതേസമയം പ്രാചീനഭാരതത്തിന്റെ സംസ്കാരപഠനം അവന്റെ അതിപ്രധാനമായ വിഷയവും ആയിരിക്കണം.

വിശ്വഭാരതിയിലെ അഭ്യസനരീതി മേൽപ്രസ്താവിച്ച ആദർശത്തെ ലാക്കാക്കി ക്രമീകരിച്ചിട്ടുള്ളതാണു്. ജപ്പാൻ, ചൈന, മലയാ, തൈലൻഡ്, ജാവാ, സുമാട്രാ മുതലായ പൗരസ്ത്യരാജ്യങ്ങളിലെ മനോഹരമായ കലാവിധാനം അവിടത്തെ ചിത്രശാലയിൽ കാണാൻ കഴിയും. സംഗീതകലാലയത്തിൽ ത്യാഗരാജകീർത്തനങ്ങളും ഹിന്ദിഗാനങ്ങളും അഭ്യസിക്കുന്നുണ്ട്. ഉറുദു്, അറബിക്, മറാത്തി, ഗുജറാത്തി, ബംഗാളി എന്നീ ഭാഷകളിലെ മനോജ്ഞങ്ങളായ കവനങ്ങൾ ചേതോമോഹനമായി പാടുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന യുവപണ്ഡിതന്മാർ അവിടത്തെ സഭാവേദിയെ അലങ്കരിക്കുക പതിവാണു്. നർത്തനശാലയിൽ തിരുവിതാംകൂറിലെ കഥകളിയും മണിപ്പൂരിലെ നൃത്തവും അഭ്യസിപ്പിക്കുന്നു. ഇൻഡ്യയിലും വിദേശത്തുമുള്ള സാമൂഹ്യപാരമ്പര്യത്തെ നിതരാം പ്രസ്ഫുരിപ്പിക്കുന്ന വിശേഷപ്പെട്ട കൊത്തുപണികൾ കാണികളെ അതിശയിപ്പിക്കുമാറു് വിശ്വഭാരതീസൗധങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്. വിവിധദേശങ്ങളിൽനിന്നും വന്നുചേർന്നിട്ടുള്ള വിദ്യാർത്ഥികൾ ഈ പ്രദർശനശാലകളിൽ ഒന്നിച്ചുകൂടും. അവർ അവരുടെ വിജ്ഞാനകോശങ്ങളെ പരസ്പരം കൈമാററം ചെയ്യുന്നതു് മറെറങ്ങും കാണാൻ കഴിയാത്ത ഒരു സ്വര്‍ഗ്ഗീയസംഭവമാണു്. ആനന്ദസാഗരത്തിൽ മുങ്ങിപ്പൊങ്ങി വിജ്ഞാനസാമ്രാജ്യത്തിൽ വിഹരിക്കുന്ന വിശ്വഭാരതീസ

ഞാനങ്ങൾ പരമഭാഗ്യവാന്മാർതന്നെ. പുരാണഭാരതത്തിന്റെ സംസ്കാരമഹിമാവിനെ ഉൾക്കൊള്ളുന്ന അനവധി മഹാഗ്രന്ഥങ്ങൾ വിശ്വഭാരതിയിലെ ഗ്രന്ഥശാലകളിൽ അടുക്കിവച്ചിട്ടുണ്ട്. പെർഷ്യൻ സാഹിത്യത്തിലെയും ഇസ്ലാമികസാഹിത്യത്തിലെയും അമൂല്യസമ്പത്തുകളും അവിടെ സഞ്ചയിച്ചിട്ടുണ്ട്. വിവിധദേശങ്ങളിൽനിന്നും സന്ദർശകന്മാരായി വരുന്ന സാഹിത്യാചാര്യന്മാർ, സംഗീതസമ്രാട്ടുകൾ, വൈണികവിചക്ഷണന്മാർ, മീമാംസാപണ്ഡിതന്മാർ, താർക്കികവിദഗ്ദ്ധന്മാർ, വൈയാകരണപടുക്കൾ, യോഗസൂത്രവിജ്ഞാനികൾ, ചരിത്രനിഷ്ണാതന്മാർ, ശാസ്ത്രനിരതന്മാർ മുതലായവർ എപ്പോഴും വിശ്വഭാരതിയിൽ ഉണ്ടായിരിക്കും. അവരുടെ കഴിവുകൾ വിശ്വഭാരതിയിൽ പ്രകടിപ്പിക്കാതെ വിട്ടുമാറുവാൻ അവർക്ക് സാദ്ധ്യമല്ല. സിലോൺ, ബർമ്മാ, മലയാ, ടിബററ്, ചൈനാ, ജപ്പാൻ മുതലായ പൗരസ്ത്യദേശങ്ങളിൽനിന്നും വരുന്ന സഞ്ചാരികളുടെ എണ്ണം വളരെ കൂടുതലാണ്. പുരാതനസംസ്കാരത്തിനു പ്രസിദ്ധിപെററ ചൈനായെപ്പററി പഠിക്കുവാൻ വിശ്വഭാരതിയിൽ ഒരു 'ചീനഭവൻ' സ്ഥാപിച്ചിട്ടുണ്ട്. 1921-ൽ പ്രൊഫസ്സർ സിൽവെയിൽലെവി എന്ന ഒരു പൗരസ്ത്യഭാഷാപണ്ഡിതൻ ടാഗോറിനെ സന്ദർശിച്ചു. മതപഠനത്തിന്റെ മൂലസ്ഥാനമായ ടിബററുദേശത്തെപ്പററി വിജ്ഞാനോൽസുകനായ ഈ മഹാൻ വിലയേറിയ സഹായങ്ങൾ വിശ്വഭാരതിക്കു ചെയ്തിട്ടുണ്ട്.

വിശ്വഭാരതിയിലെ അദ്ധ്യേതാക്കൾ ജാതിയേയോ മതത്തേയോ അധികരിച്ചു സംസാരിക്കാറില്ല. മതവിശ്വാസത്തെ പരാമർശിക്കുന്ന പരീക്ഷാനിയമങ്ങളും അവിടെ ഇല്ല. ഹൈന്ദവർ, മുസ്ലീങ്ങൾ, സിക്കുകാർ, പാഴ്സികൾ, ബുദ്ധമതക്കാർ, ക്രിസ്ത്യാനികൾ, ജൂതന്മാർ എന്നിങ്ങനെയുള്ള വിവിധമതക്കാർ അവിടെ അദ്ധ്യാപകാദ്ധ്യേതാക്കളാ

യുണ്ട്. അമേരിക്കർ, ഇംഗ്ലീഷുകാർ, പോളണ്ടുകാർ, ചൈനാക്കാർ, ജപ്പാൻകാർ എന്നിങ്ങനെ വിവിധദേശക്കാരും അവിടെയുണ്ട്. മനുഷ്യൻെറ ജീവിതാവശ്യങ്ങൾ അഭേദങ്ങളായതുകൊണ്ട് അല്പമാത്രവ്യത്യാസംകൊണ്ടുപോലും അപചാരകലുഷമല്ലാത്ത അകളങ്കസ്നേഹം ഒന്നുമാത്രമാണ് വിശ്വഭാരതി ആദൎശമായി കൈക്കൊണ്ടിട്ടുള്ളതു്. വിവിധദേശങ്ങളിലെ വിജ്ഞാനസ്രോതസ്സുകളുടെ സമ്മേളനരംഗമാണ് വിശ്വഭാരതി. എല്ലാ രാജ്യക്കാരും മതക്കാരും അവരവരുടെ വിശ്വാസങ്ങളെ അന്യോന്യം പകൎന്നു സകല മതസിദ്ധാന്തങ്ങളെയും ഏകീഭവിപ്പിച്ച്, സകല രാജ്യവിജ്ഞാനത്തെയും യോജിപ്പിച്ച് മഹത്തായ ഒരു വിദ്യാപീഠമാക്കിത്തീൎത്തിരിക്കുന്ന വിശ്വഭാരതിയോട് സാദൃശ്യം പറയാൻ വിശ്വഭാരതിമാത്രമേ ഉണ്ടായിട്ടുള്ളു. എല്ലാം മതാചാൎയ്യന്മാരുടെയും ജയന്തി അവിടെ ആഘോഷിക്കുക പതിവുണ്ട്. എല്ലാ വിദ്യാൎത്ഥികളും അതെല്ലാം അവിടെ കൂടുന്ന പതിവുണ്ട്. കലാപ്രകടനങ്ങൾ, നാടകങ്ങൾ എന്നിവ അന്ന് പ്രദൎശിപ്പിക്കപ്പെടും. എല്ലാവരും അന്നു് അതിൽ പങ്കുകൊള്ളും.

1921 ഡിസംബർ 22-ാംതീയതിയാണ് വിശ്വഭാരതിയുടെ ഉൽഘാടനം നടന്നതു്. ഉൽഘാടനവേളയിൽ ഗുരുദേവൻ ഇങ്ങനെ പ്രസംഗിച്ചു. "കഴിഞ്ഞ കാലങ്ങളിൽ ലോകം ഇന്നത്തെപ്പോലെയുള്ള പരസ്പരബന്ധത്തിൽ അമൎന്നിരുന്നില്ല. മനുഷ്യൻെറ പ്രയാണം സമാധാനവും വിഷമപൂൎണ്ണവുമായിരുന്നു. ഓരോ സമുദായവും അതിൻെറ പരിധികളുള്ളിൽ സ്വന്തം ആദൎശവുമായി മാത്രം കഴിഞ്ഞുകൂടി. അതാണു വലുതും മഹത്തരവും എന്നു് ഓരോരുത്തരുംകരുതി. അത്രമാത്രമായിരുന്നു മറെറാന്നിനെപ്പററിയുള്ള അവരുടെ അറിവു്. ഇന്നു മനുഷ്യർതമ്മിൽ വളരെ അടുത്തിട്ടുണ്ട്. ഒരുദിവസത്തെ പ്രയാണംകൊണ്ടു് വ്യത്യ

സ്ഥമായ ഭാഷ, വേഷം, ആചാരം ഇവയിൽക്കൂടി അവൻ കുതിച്ചുപായുകയായി. അവയിലെല്ലാം സുകുമാരങ്ങളായ പലതും അവനെ ആകർഷിക്കുകയായി. അവയെ സ്നേഹിക്കുവാൻ അവൻെറ ഹൃദയം വെമ്പുക ആയി.......ഞാൻ ഇതാ വിശ്വഭാരതി സ്ഥാപിച്ചിരിക്കുന്നു. വിഭിന്നവർഗ്ഗത്തിലും വിഭിന്നാദർശത്തിലും ജീവിക്കുന്നവർ ഒരുമിച്ചു കഴിയുവാൻ പരിശീലിക്കുന്ന വിദ്യാപീഠമാണിതു്. അപ്രകാരമൊരു മഹാകാര്യം സാധിക്കാൻ ഇതു തുലോം നിസ്സാരമായ ഒരു സംരംഭമല്ലേ എന്നു നിങ്ങൾ സന്ദേഹിക്കാം. സാരമില്ല. പ്രാരംഭത്തിലുള്ള ലാഘിമ എന്നെ ഭയപ്പെടുത്തുന്നില്ല എല്ലാ വലിയ ആശയങ്ങളും ജനിക്കുമ്പോൾ മനുഷ്യനെപ്പോലെ ചെറുതായിരിക്കും. വിശ്വഭാരതി ഒരു വലിയ ആശയമാണു്. അതു ജീവിക്കുന്നെങ്കിൽ എല്ലാ ജീവരാശിയെപ്പോലെയും വളൎന്നുകൊള്ളും."

അവിടെ കൂടിയിരുന്നവർ ഈ പ്രഭാഷണം നിശ്ശബ്ദം ശ്രവിച്ചു. പലൎക്കും ബാഷ്പോദ്ഗമമുണ്ടായി. ഗുരുദേവനുതന്നെയും കണ്ഠവൈക്ലബ്യമുണ്ടാകാതിരുന്നില്ല. സകല സദാചാരങ്ങൾക്കും ആദർശങ്ങൾക്കും സച്ചിന്തകൾക്കും അധിഷ്ഠാനമായ വിശ്വപ്രേമത്തിൻെറ സത്തയെ ഇങ്ങനെ ഉള്ളംകയ്യിൽ ഒതുക്കി എന്നെന്നും ഗീതാപ്രക്ഷേപണം നടത്താൻ സ്ഥാപിച്ച വിശ്വൈകമോഹനമായ 'വിശ്വഭാരതി' എങ്ങനെ ജീവിക്കാതിരിക്കും! എങ്ങനെ വളരാതിരിക്കും! അതിൻെറ മഹാസന്ദേശം അലയാഴികളെയും അതിലംഘിച്ചു് ദ്വീപാന്തരങ്ങളിൽപോലും വ്യാപിച്ചിട്ടുണ്ടു്.

---

## അദ്ധ്യായം ൧൧.

---

# ശ്രീനികേതനം

ഷിലൈഡായിലും മററുമുള്ള ഭൂസ്വത്തുക്കളുടെ ഭരണം ഏറെറടുത്തതുമുതൽ ബംഗാളിലെ ഗ്രാമപ്രദേശങ്ങളുടെ ശോച്യാവസ്ഥയിൽ ടാഗോറിൻെറ ശ്രദ്ധ പതിഞ്ഞു. ഗ്രാമീണർ സ്വതന്ത്രരും സമ്പന്നരുമാകുന്നതുവരെ ആ രാജ്യത്തിനു യഥാർത്ഥസ്വാതന്ത്ര്യം ഉണ്ടാവുകയില്ലെന്നു് അദ്ദേഹം മനസ്സിലാക്കി. ഇൻഡ്യയിലെ ഗ്രാമീണർ നിസ്സഹായരും അശരണരുമാണെന്നു സ്വയം കരുതിയിരുന്നു. ഈ പാരതന്ത്ര്യബോധം ഗ്രാമീണരിൽനിന്നും നിഷ്കാസിതമാകണം. അതിനുവേണ്ടി പ്രയത്നിക്കുകയാണു് താൻ ഇൻഡ്യയ്ക്കു ചെയ്യുന്ന മഹനീയസേവനം എന്നു് മഹാകവി ചിന്തിച്ചു. ഗ്രാമീണനു സ്വന്തമായി ഉയരാനുള്ള പ്രാപ്തി ഉണ്ടെന്നു് അവനു മനസ്സിലാകേണ്ട കാലം അതിക്രമിച്ചുപോയി. പക്ഷേ ഇതൊരു വിഷമമേറിയ ഉദ്യമമാണെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. ഗ്രാമോദ്ധാരണസംരംഭത്തിൽ വിജയിക്കുവാൻ ക്ഷമയും സ്ഥിരോത്സാഹവുംമാത്രം പോരാ. ഗ്രാമപ്രദേശങ്ങളെപ്പററിയുള്ള ശരിയായ അറിവും ഗ്രാമോദ്ധാരകനു് ഉണ്ടായിരിക്കേണ്ടതാവശ്യമാണു്.

ഗ്രാമപ്രദേശങ്ങളെപ്പററി ശരിയായ അറിവു സമ്പാദിക്കുകയും ഗ്രാമീണാവശ്യങ്ങൾക്കു പരിഹാരമാർഗ്ഗമുണ്ടാക്കുകയുമാണു് ഒരു സർവകലാശാലയുടെ പ്രവർത്തനങ്ങളിൽ ഏററവും പ്രധാനമെന്നു് ഗുരുദേവൻ നിശ്ചയിച്ചു. ഇൻഡ്യയുടെ ഭൂരിഭാഗവും ഗ്രാമപ്രദേശങ്ങളാണു്. അതുകൊണ്ടു് ഇൻഡ്യൻതാല്പര്യങ്ങളെ സംരക്ഷിക്കണമെന്നു വിചാ

രമുള്ള ഒരു ഭാരതീയകലാശാല ഗ്രാമപ്രദേശങ്ങളുമായി അടുത്തു ബന്ധമുള്ളതായിരിക്കണം വിശ്വഭാരതിയിലെ അഭ്യസനപരിപാടിയിൽ ഗ്രാമപഠനവും ഗ്രാമോദ്ധാരണവും അതിപ്രധാനമായ കാൎയ്യങ്ങളാണ്. ടാഗോറിന്റെ സീമന്തപുത്രൻ രതീന്ദ്രനാഥൻ ഇക്കാൎയ്യത്തിൽ പ്രത്യേകം നിയുക്തനായിരുന്നു. അദ്ദേഹം അമേരിക്കൻ ഐക്യനാടുകളിൽ താമസിച്ച് കാർഷികസംഗതികൾ നല്ലതുപോലെ പഠിച്ചിരുന്നു. ഇതുപോലെ സാങ്കേതികപരിജ്ഞാനമുള്ളവർ ഉത്സാഹമായി പ്രവൎത്തിക്കേണ്ടതു് ഗ്രാമോദ്ധാരണത്തിനു വളരെ ആവശ്യമായ സംഗതിയാണ്. അങ്ങനെയുള്ളവർ ഗ്രാമോദ്ധാരണസംരംഭത്തിൽ ഏൎപ്പെട്ടാൽ കാൎയ്യം ഒന്നുകൂടി വഷളാവുകയേയുള്ളു എന്നു ടാഗോർ അഭിപ്രായപ്പെടുന്നു.

ശാന്തിനികേതനത്തിനു ചുററും ബംഗാളികളുടെ ഗ്രാമങ്ങൾ മാത്രമല്ലാ ഉണ്ടായിരുന്നതു്. ബംഗാളിലെ ആചാരങ്ങളിൽനിന്നും വളരെ വ്യത്യസ്തമായ ആചാരങ്ങളും ഭാഷയും ഉപയോഗിച്ചിരുന്ന ജനങ്ങൾ അധിവസിക്കുന്ന ഗ്രാമങ്ങളും ധാരാളമായിരുന്നു. ശന്തൽവൎഗ്ഗക്കാർ എന്നറിയപ്പെട്ടിരുന്ന ഒരുകൂട്ടർ ശാന്തിനികേതനത്തിനു ചുററും ഉണ്ടായിരുന്നു. അവർ ധീരന്മാരും, ശക്തന്മാരും, സ്വഭാവശുദ്ധിയുള്ളവരും ആയിരുന്നു. ദേവേന്ദ്രനാഥമഹർഷി ആദ്യം അവിടെ വരുമ്പോൾ അവിടെ അടിക്കടി കൂട്ടായ്മകവൎച്ചകൾ ഉണ്ടായിക്കൊണ്ടിരുന്നു. എന്നാൽ കാലക്രമം കൊണ്ടു് അതിനു വളരെ കുറവുണ്ടായി. ജനങ്ങൾ പരിശ്രമിച്ചു കഴിയുവാൻ പഠിച്ചിരുന്നു. മഹാകവിക്കു് 'ശന്തൽ'ജാതിക്കാരിൽ കൂടുതൽ പ്രതിപത്തി തോന്നി. 1913-ൽ ടാഗോർ ഇംഗ്ലണ്ടിലായിരുന്നപ്പോൾ 'സുരുൾ' ഗ്രാമത്തിനുസമീപം അദ്ദേഹം ഒരു വലിയ വീടു വിലയ്ക്കു വാങ്ങി. ഇതു ശാന്തിനികേതനത്തിൽനിന്നും രണ്ടുമൈൽ

PUBLIC LIBRARY

അകലെയായിരുന്നു. ഗ്രാമോദ്ധാരണശ്രമങ്ങൾക്ക് ഈ വീടുതന്നെ സങ്കേതമാക്കി. ടാഗോറിൻെറ മകൻ ഇതിൻെറ മേൽനോട്ടം വഹിച്ചു. 1921-ൽ മി. എൽ. കെ. എമിസ്റ്റ് എന്ന ഒരു ഇംഗ്ലീഷുകാരൻ വിശ്വഭാരതിയുടെ സ്റ്റാഫിൽ ഒരു അംഗമായി. ഗ്രാമോദ്ധാരണവകുപ്പിൻെറ മേൽനോട്ടം അതിൽ പ്രത്യേകവൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്ന എമിസ്ററുതന്നെയാണു നിർവ്വഹിച്ചതു്. ഇദ്ദേഹം ഇംഗ്ലണ്ടിലും അമേരിക്കയിലും വളരെനാൾ ഗ്രാമോദ്ധാരണശ്രമങ്ങളിൽ കഴിഞ്ഞിട്ടുള്ള ആളാണു്. 1922 ഫെബ്രുവരി 6-ാം തീയതി സുരുൾ ഒരു ഗ്രാമോദ്ധാരണകേന്ദ്രമായി ഉൽഘാടനംചെയ്യപ്പെട്ടു. ഇതാണു് 'ശ്രീനികേതനം'. ഗ്രാമങ്ങൾ ഐശ്വര്യസങ്കേതങ്ങളാകണമെന്നുള്ള ഗുരുനാഥൻെറ ആഗ്രഹമാണു് അതിനു ശ്രീനികേതനം എന്നു പേരിടുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്.

വിശ്വഭാരതിയുടെ മററു വകുപ്പുകളെപ്പോലെ 'ശ്രീനികേതനവും' വളൎന്നുവന്നു. അന്നത്തെ ശ്രീനികേതനസൗധം, ഇന്നു് ആഫീസുകൾക്കും ഗ്രന്ഥശാലയ്ക്കും മാത്രമാണു ഉപയോഗിക്കുന്നതു്. ഒരുഭാഗത്തു ശ്രീനികേതനജോലിക്കാരും കുടുംബങ്ങളും അധിവസിക്കുന്ന കെട്ടിടങ്ങളാണു്. മറുഭാഗത്തു വിസ്തൃതമായ ഒരു പാടമുണ്ടു്. മേൽത്തരം വിളവുകളെ ഉല്പാദിപ്പിക്കുന്ന ഈ കൃഷിസ്ഥലം സമീപപ്രദേശങ്ങളിലെ കർഷകന്മാൎക്കു ഒരു മാതൃകയായിട്ടാണിരിക്കുന്നതു്. ശ്രീനികേതനപരിസരങ്ങളിലെ മണ്ണു് അത്ര ഫലപുഷ്ടിയുള്ളതല്ല. ആണ്ടുതോറുമുള്ള വർഷസമയങ്ങളിൽ ഭൂമിയുടെ മുകൾപ്പരപ്പിലുള്ള മണ്ണു മുഴുവൻ വെള്ളംകുത്തിയെടുത്തു കൊണ്ടുപോവുക പതിവാണു്. അതു കൊണ്ടു വീണ്ടും അവിടെ കൃഷിക്കനുരൂപമായവിധം മണ്ണുണ്ടാക്കുവാൻ വളരെ പണിപ്പെടേണ്ടതായുണ്ടു്. ശ്രീനികേതനത്തിൽ ഒരു വലിയ ഗോശാലയും ഒരു വിസ്തൃത

മായ പുൽത്തകിടിയുമുണ്ടു്. വിശിഷ്ടഫലങ്ങളെ ഉല്പാദിപ്പിക്കുന്ന ഫലവൃക്ഷങ്ങൾനിറഞ്ഞ ഒരു തോട്ടവും, ശ്രീനികേതനത്തിലുണ്ടു്. ഗ്രാമീണക്ക് നല്ലഇനം തൈകൾ നിസ്സാരവിലയ്ക്കു കൊടുക്കുവാൻ അവിടെ വേണ്ട ഇടപാടുകൾ ചെയ്തിട്ടുണ്ടു്.

ആരോഗ്യസംരക്ഷണത്തിനുള്ള ഏപ്പാടുകൾ വേണ്ടവിധം ശ്രീനികേതനത്തിൽ ചെയ്തിരിക്കുന്നു. ഗ്രാമങ്ങളിലെ ആരോഗ്യസഹകരണസംഘങ്ങളാണു് ഈ ജോലികൾ നിവ്വഹിക്കുന്നതു്. ഓരോ കുടുംബവും ഒരു ചെറിയ ഫീസുവീതം സംഘത്തിനു നൽകുന്നു. ഈ തുകകൊണ്ടു് ഒരു ഡാക്ടക്ക് ശമ്പളംകൊടുക്കുകയും അദ്ദേഹം ഗ്രാമാതിത്തിക്കുള്ളിൽതന്നെ താമസിക്കുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്കയും ചെയ്തിട്ടുണ്ടു്. ഡാക്ടരുടെ താമസസ്ഥലത്തിനോടനുബന്ധിച്ചു് ഒരു ആശുപത്രി സ്ഥാപിച്ചിരിക്കുന്നു. അവിടെ മരുന്നുകൾക്കു തുച്ഛമായ വിലകൊടുത്താൽ മതിയാകും. ഡാക്ടർ മുറയ്ക്കു വീടുകളിൽചെന്നു ജനങ്ങളുടെ ആരോഗ്യത്തെപ്പററി അന്വേഷണം നടത്തണമെന്നുണ്ടു്. ഒരു രോഗിയെ സന്ദശിക്കുവാൻ ഒരു ചെറിയ ഫീസ് ചുമത്തിയിരിക്കുന്നു. ഇതു സംഘത്തിന്റെ പൊതുമുതലിനോടു കൂട്ടിച്ചേക്കുകയാണുചെയ്യുന്നതു്. കൊതുക് മുതലായ ക്ഷുദ്രജീവികളെ നശിപ്പിക്കുവാനും ആരോഗ്യവകുപ്പുകാർ വളരെ നിഷ്കർഷിക്കുന്നുണ്ടു്. ശ്രീനികേതനം സ്ഥാപിക്കുന്നതിനുമുൻപു്, അവിടത്തെ ഗ്രാമവാസികൾക്കു പിടിപെട്ടിരുന്നതുപോലെയുള്ള രോഗങ്ങൾ അതിനുശേഷം ഉണ്ടായിട്ടില്ല. വൈദ്യസഹായത്തിനു ചെലവാകുന്ന തുകയും താരതമ്യേന വളരെ കുറവാണു്. മലേറിയാപ്രതിരോധനത്തിൽ ഡാക്ടർ ഹാരിടിംബ്രസ് എന്ന ഒരു അമേരിക്കൻഭിഷക്കാണു് ഏപ്പെട്ടിരുന്നതു്. അദ്ദേഹം പത്നീസമേതനായി ശ്രീനികേതനത്തിൽ താമസമായിരുന്നു.

പൊതുജനാരോഗ്യസംരക്ഷണത്തിനു ഗ്രാമീണരുടെ
സഹകരണവും കാര്യബോധവും വളരെ ആവശ്യമാണ്.
ഒരുവർഷം രോഗബാധ ഉണ്ടായില്ല എന്നകാരണത്താൽ
ആ വർഷം ആരോഗ്യസംരക്ഷണത്തിനു ധനസംഭാവന
ചെയ്യുകയില്ല എന്നു ശഠിക്കുന്ന വിചാരശൂന്യത ഗ്രാമീണ
ർക്കുണ്ടാകരുതു്. ശ്രീനികേതനത്തിന്റെ പ്രാരംഭകാലങ്ങ
ളിൽ ഗ്രാമീണരുടെ ഈ അജ്ഞമായ വിശ്വാസം മഹാക
വിയെ വളരെ വിഷമിപ്പിച്ചിരുന്നു. പരസ്പരസഹായവും
സഹകരണവും ഗ്രാമീണർ പ്രദർശിപ്പിച്ചില്ലെങ്കിൽ ഏതു
മഹാനുഭാവന്റെ ശ്രമവും പരാജയത്തിൽ കലാശിക്കുക
യേ നിവൃത്തിയുള്ളു. അതുകൊണ്ടു് ഗ്രാമീണർക്കാവശ്യമായ
വിദ്യാഭ്യാസം നൽകുന്നതിനു ശ്രീനികേതനത്തിൽ ഒരു പ്ര
ത്യേകവകുപ്പുണ്ടു്. അവർ ഗ്രാമീണവിദ്യാഭ്യാസത്തിൽ ഗ
വമ്മെന്റിനെ വളരെ സഹായിക്കുന്നു. ഗ്രാമങ്ങളിലെ
പാഠശാലകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുമായി
സൗഹൃൽബന്ധത്തിൽ കഴിയുവാനും അവർക്കു വേണ്ടതു സ
ഹായംചെയ്യുവാനും ശ്രീനികേതനം എപ്പോഴും ഒരുക്ക
മാണ്. ശ്രീനികേതനത്തിൽ ഒരു 'ട്രെയിനിംഗുസ്കൂൾ' ത
ന്നെ ഉണ്ടു്. ഗ്രാമോദ്ധാരണപരമായ പരിശീലനമാണ്
അവിടെ നൽകുന്നതു്.

ശ്രീനികേതനത്തിൽ ഒരു സ്കൗട്ടുസംഘം ഉണ്ടു്. അ
വരുടെ ഉപയോഗത്തിന് മഹാകവി അനവധി സങ്കീർത്ത
നങ്ങൾ എഴുതിയിട്ടുണ്ടു്. പരോപകാരം ചെയ്യാനുള്ള സ
ന്നദ്ധതയെപ്പററി വാഗ്ദാനം ചെയ്യുകയാണ് ആ ഗീതങ്ങൾ
മൂലം അവർ സാധിക്കുന്നതു്. ആപൽഘട്ടങ്ങളിൽ ഗ്രാമ
വാസികളെ സഹായിക്കുവാൻ ഇവർ സദാ ഉൽസുകരായി
രിക്കുന്നു. ഔഷധവീര്യമുള്ള ചെടികളെ പരീക്ഷിച്ചു മന
സ്സിലാക്കുവാനും അവയെ വച്ചുപിടിപ്പിക്കുവാനും ഈ കുട്ടി
കൾ ബദ്ധശ്രദ്ധരായി പ്രവർത്തിക്കുന്നു. ഗ്രാമീണരുടെ രോ

ഗബൊാധയെപ്പററി ഡാക്ടരെ അറിയിക്കുവാനും ആശുപ ത്രിയിൽനിന്നും മരുന്നുവാങ്ങി രോഗികൾക്കു കൊടുക്കുവാനും സ്കൗട്ട് സദാ ജാഗരൂകമാണു്. വൃത്തിഹീനമായ സ്ഥല ങ്ങൾ ശുദ്ധിയാക്കുക, സസ്യങ്ങൾ വച്ചുപിടിപ്പിച്ചു് അവ യുടെ പോഷകവീര്യത്തെപ്പററി സൂക്ഷിച്ചു മനസ്സിലാക്കുക മുതലായ കാര്യങ്ങളിൽ ശ്രീനികേതനത്തിലെ സ്കൗട്ടുകൾക്കു പ്രത്യേകമായ പാടവമുണ്ടു്. അവർ വീടുതോറും സസ്യ ങ്ങൾ വച്ചുപിടിപ്പിക്കുന്നു അവക്കു് ഗ്രാമത്തിൽ പൊ തുവേ ഒരു സസ്യാരാമമുണ്ടു്. അതിൽനിന്നും കിട്ടുന്ന ആ ദായംകൊണ്ടു് അവർ പുസ്തകം, പെൻസിൽ മുതലായ സാധനങ്ങൾ വാങ്ങാറുണ്ടു്. സ്കൗട്ടുസംഘം പല വിനോദ പ്രകടനങ്ങളിലും ഏപ്പെടുന്നു. വിനോദവേളകളിൽത്തന്നെ അന്യക്കും തങ്ങൾക്കും പൊതുവേ പ്രയോജനപ്പെടുന്ന സം ഗതികളിലാണു് അവർ ഏപ്പെടുന്നതു്. ശ്രീനികേതന ത്തിൻെറ ആവിർഭാവത്തോടുകൂടി പരിസരങ്ങളിലുള്ള ഗ്രാമ ങ്ങൾക്കു് ഒരു നവോന്മേഷം ഉണ്ടായിട്ടുണ്ടു്.

ഗ്രാമീണവിദ്യാലയങ്ങൾ പ്രായേണ പ്രാഥമികവിദ്യാ ലയങ്ങളാണു്. എന്നാൽ ബുദ്ധിമാന്മാരായ വിദ്യാത്ഥിക ൾക്കു പ്രോത്സാഹനം നൽകി, അവരെ ഉപരിവിദ്യാഭ്യാസം നൽകി ഗ്രാമാധിനാഥന്മാരാക്കിത്തീക്കണമെന്നു് ഗുരുദേ വനു് ആഗ്രഹമുണ്ടായി. അതിനാൽ ശ്രീനികേതനത്തിൽ ഒരു കേന്ദ്രവിദ്യാലയം ഏപ്പെടുത്തിയിരിക്കുന്നു എട്ടോ ഒൻപതോ വയസ്സുള്ള വിദ്യാത്ഥിക്കു് അവിടെ ചേരാം. പ തിനഞ്ചോ പതിനാറോ വയസ്സുവരെ അവർ അവിടെ താ മസിക്കുന്നു. ബങ്കാൾ ചരിത്രം, സാഹിത്യം, ജീവചരിത്ര ങ്ങൾ, ആധുനികസംഭവങ്ങളെപ്പററിയുള്ള വിമർശനങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളിൽ അവർ പരിചിതന്മാരാ കുന്നു. സയൻസു്, കണക്കു് മുതലായ വിഷയങ്ങളും പ ഠിക്കേണ്ടതായുണ്ടു്. സസ്യസംരക്ഷണം, നെയ്ത്തു്, കൊ

ത്തുപണി തുടങ്ങി ജീവിതാവശ്യങ്ങളെ സംരക്ഷിക്കുന്ന വിദ്യാഭ്യാസവും അതോടുകൂടിത്തന്നെ അവക്കു ലഭിക്കുന്നു. പബ്ളിക്പരീക്ഷകൾ അവിടെ ഇല്ല.

വിദ്യാഭ്യാസശേഷവും യുവാക്കൾക്കു പുസ്തകപാരായണത്തിലുള്ള അഭിനിവേശം കുറഞ്ഞുപോകാതെ ശ്രീനികേതനം വളരെ ശ്രദ്ധിക്കുന്നു. വീട്ടിൽ ഇരുന്നുതന്നെ ഗ്രന്ഥപാരായണം നടത്തുന്നവക്കു് യോഗ്യതാനുസരണം ജൂനിയർ, ഇൻററമീഡിയററു്, അഡ്വാൻസ്ഡു് എന്നു് മൂന്നുതരം സർട്ടിഫിക്കററുകൾ നൽകുവാൻ വ്യവസ്ഥചെയ്തിട്ടുണ്ടു്. ഇതിനു് ഉപയുക്തമായ ഗ്രന്ഥങ്ങൾ പലതും ടാഗോർ തന്നെ രചിച്ചു. ലളിതഭാഷയിൽ എഴുതിയിട്ടുള്ള ലേഖനങ്ങൾ ചേത്തു് ശ്രീനികേതനത്തിൽനിന്നും ഒരു മാസിക പുറപ്പെടുവിച്ചുതുടങ്ങി. പൊതുതാല്പൎയ്യത്തെ പരാമശിക്കുന്ന സാമാന്യലേഖനങ്ങളും ഗ്രാമീണതാല്പൎയ്യങ്ങളെ പരാമശിക്കുന്ന വിശേഷാൽ ലേഖനങ്ങളും എല്ലാ പതിപ്പുകളിലും ഉണ്ടായിരിക്കും. പ്രായപൂത്തിയായവരെ വിദ്യാഭ്യാസംചെയ്യിക്കുന്നതിൽ ഈ പ്രസ്ഥാനം വളരെ പ്രയോജകീഭവിച്ചിട്ടുണ്ടു്.

ശ്രീനികേതനത്തിൻെറ ഒരു പ്രധാനവകുപ്പു് 'ശില്പഭവന'മാണു്. വിദ്യാത്ഥികളെ അവരവക്കു വാസനയുള്ള തൊഴിലുകളിൽ വിദഗ്ദ്ധന്മാരാക്കുകയാണു് ശില്പഭവനം ചെയ്യുന്നതു്. ഗൃഹനിമ്മാണത്തിനാവശ്യമായ കതകു്, ജനാല മുതലായവയും കസേര, കട്ടിൽ, മേശ മുതലായ അകസാമാനങ്ങളും അവിടെ ചെയ്യുന്നുണ്ടു്. നെയ്ത്തു്, ബയൻറിംഗുജോലി, തോൽവ്യവസായം, കപ്പു്, ഭരണി, സാസർ മുതലായവയുടെ നിമ്മാണം എന്നിങ്ങനെ വിവിധരീതിയിലുള്ള തൊഴിലുകൾ അവിടെ അഭ്യസിക്കുന്നു. ശാന്തിനികേതനത്തിലെ ചിത്രകാരന്മാരുടെ മേൽനോട്ടത്തിൽ

ശില്പഭവനസാധനങ്ങൾക്കു വണ്ണപ്പകിട്ടു നൽകി വില്പനയ്ക്കു യോഗ്യമാക്കിത്തീർക്കുന്നുണ്ടു്. കല്ക്കട്ടായിലുള്ള ഒരു വില്പനശാലയിലാണു് ശില്പഭവനസാധനങ്ങൾ വില്ക്കുവാൻ വ്യവസ്ഥചെയ്തിട്ടുള്ളതു്. വില്ക്കാൻ കൊള്ളാവുന്ന സാധനങ്ങൾ നിർമ്മിക്കുവാൻതക്ക വൈദഗ്ദ്ധ്യം സമ്പാദിച്ചുകഴിഞ്ഞാൽ വിദ്യാർത്ഥികൾക്കു് ശമ്പളം കൊടുത്തുതുടങ്ങും.

ഗ്രാമങ്ങളിൽ ക്ഷാമബാധ ഉണ്ടാകുമ്പോൾ ശ്രീനികേതനവും ഗവമ്മെൻറുമായി ചേർന്നു് ക്ഷാമനിവാരണത്തിനു് വേണ്ട പദ്ധതികൾ തയ്യാറാക്കുന്നു. ക്ലേശരഹിതവും സമ്പന്നവുമായ ജീവിതം കൈവരിക്കുവാനുള്ള സകല ഏർപ്പാടുകളും ഗുരുദേവൻ ഗ്രാമവാസികൾക്കുവേണ്ടി ചെയ്തിട്ടുണ്ടു്. തത്ഫലമായി ആനന്ദപ്രദമായ ജീവിതമാണു് അവർ നയിച്ചതു്. പാരതന്ത്ര്യബോധമില്ലാതെ ജീവിതലാഘവം അനുഭവിക്കയാണു് യഥാർത്ഥത്തിൽ സ്വാരാജ്യലക്ഷ്മി എന്നു് മഹാകവി അനുസ്മരിപ്പിക്കുന്നു. ഇൻഡ്യയിലെ ബഹുലക്ഷം ഗ്രാമങ്ങൾ സ്വയംകൃതമായ ഋണബാദ്ധ്യതയാലും ജീവിതവൈഷമ്യങ്ങളാലും അസ്വാതന്ത്ര്യമാണു്. ഈ ദുഃസ്ഥിതി മാറിയാൽ ഭാരതം സ്വാതന്ത്ര്യമായി. ഗ്രാമങ്ങൾ എത്രമാത്രം പുരോഗമിക്കുമോ ഇൻഡ്യ അത്രമാത്രം സ്വാതന്ത്ര്യമാകും. ഗ്രാമങ്ങളുടെ സൗഭാഗ്യമാണു് ഇൻഡ്യയുടെ ഉയച്ച. ഇൻഡ്യയിലെ ഏതു ഗ്രാമവും ഒരു ശ്രീനികേതനമാകുവാൻ ഗുരുദേവൻെറ ഹൃദയം വെമ്പുകയായിരുന്നു.

---

അദ്ധ്യായം ൧൨

---

## ഗുരുദേവൻ ഒരു കാഥികൻ

കഴിഞ്ഞ ലോകമഹായുദ്ധത്തിനു ശേഷമാണു് അഖിലലോകതാല്പര്യത്തെ ആധാരമാക്കിക്കൊണ്ടു ടാഗോർ ഒരു യൂനിവേഴ്സിററി സ്ഥാപിക്കുന്നതു്. ഇൻഡ്യയുടെ ദേശീയപ്രസ്ഥാനത്തിൽ അദ്ദേഹം കൗതുകം കാണിച്ചതു് ഇന്ത്യാചരിത്രത്തിലെ ഒരു വിഷമപൂർണ്ണമായ ഘട്ടത്തിലാണു്. ഗ്രാമോദ്ധാരണശ്രമങ്ങൾക്കു പ്രതികൂലമായ എല്ലാവൈഷമ്യങ്ങളും കേന്ദ്രീകരിച്ചിരുന്ന ആ സന്ദർഭം അദ്ദേഹത്തെ അധൈര്യപ്പെടുത്തിയില്ല. വിശ്വഭാരതിയുടെയും ശാന്തിനികേതനത്തിന്റെയും ബഹുമുഖങ്ങളായ കാര്യപരിപാടികളിൽ ചിലതുമാത്രംമതി ഒരു സാധാരണക്കാരനെ അസ്തശക്തനാക്കുവാൻ. അതോടുചേർന്നു്, അതിദുർഘടമായ ഗ്രാമോദ്ധാരണം, ശ്രീനികേതനത്തിന്റെ തിങ്ങിവിങ്ങിയ പ്രവർത്തനങ്ങൾ, ഒരു ദേശഭക്തന്റെ തികഞ്ഞ ദേശീയസേവനം, ഗ്രന്ഥരചനയും ഭാഷാപരിഷ്കരണവും, എന്നുവേണ്ടാ—മാനവസമുദായത്തെ ഉദ്ധരിക്കുവാനുള്ള അനവനിമിഷപ്രവർത്തനം, തലപുകഞ്ഞ ചിന്ത, ഇവയെല്ലാംകൂടി തിങ്ങിഞെരുങ്ങി കുടികൊള്ളുവാനുള്ള വ്യാപ്തഹൃദയം ഒരു മനുഷ്യന്റെ ഭൗതികശരീരത്തിൽ ഉണ്ടാകുമോ എന്നു വിചാരിക്കുവാൻകൂടി നമുക്കാർക്കും കഴിവില്ല. എന്നാൽ ആ അറുപതാംവയസ്സിലും അമാനുഷപ്രഭാവനായ ഗുരുദേവനു് ഇതിലൊന്നും ക്ഷീണം തോന്നിയില്ല. ഈ അവസരത്തിൽ എഴുത്തും തർജ്ജമയും പ്രസാധനവും മുറയ്ക്കു നടന്നുകൊണ്ടിരുന്നു. ഇംഗ്ലണ്ടിലും അമേരിക്കയിലും ടാഗോർകൃതികൾ പ്രസിദ്ധീകൃതങ്ങളായി. പല യൂറോപ്യൻഭാഷകളിലേക്കും

അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തി. 1923-ൽ വിശ്വഭാരതിയിൽനിന്നും മൂന്നുമാസംകൂടുമ്പോൾ പ്രസിദ്ധീകരിക്കുന്ന ഒരു മാസിക പുറപ്പെടുവിച്ചുതുടങ്ങി. വിശ്വഭാരതിയുടെ പ്രവത്തനം, ഉദ്ദേശ്യം മുതലായവയെ അധികരിച്ചുള്ള വിശിഷ്ടലേഖനങ്ങൾ ഈ മഹാഗ്രന്ഥത്തിൽ ഉണ്ടായിരിക്കും. ഇൻഡ്യയിലേയും ഏഷ്യയിലേയും ലോകത്തിൻെറ വിഭിന്നഭാഗങ്ങളിലേയും സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന ചിന്താസുഭഗങ്ങളായ ലേഖനങ്ങളും വിമർശനങ്ങളും ഇതിൽ സുലഭമാണു്. മഹാകവിതന്നെയായിരുന്നു പ്രാരംഭത്തിൽ ഇതിൻെറ ആധിപത്യം വഹിച്ചിരുന്നതു്. അദ്ദേഹത്തിൻെറ മരണംവരെ ഈ മാസികയുടെ ഓരോ പതിപ്പിലും ഒരു കഥയോ കവിതയോ ഗുരുദേവൻ എഴുതാതിരുന്നിട്ടില്ല. അദ്ദേഹം എവിടെയായിരുന്നാലും ശാന്തിനികേതനത്തോടുള്ള അടുത്ത ബന്ധം ഉപേക്ഷിച്ചിരുന്നില്ല. വിദേശരാജ്യങ്ങളിൽനിന്നും ശാന്തിനികേതനത്തിൽ താമസിച്ചിരുന്ന സി. എഫ്. ആൻഡ്രൂസിനയച്ച കത്തുകൾ 'ഒരു സുഹൃത്തിനയച്ച കത്തുകൾ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ആ ഗ്രന്ഥത്തിൽ ആലോചനാമൃതങ്ങളായ പല പ്രതിപാദനങ്ങളുണ്ടു്; അവിസ്മരണീയങ്ങളായ വിമർശനങ്ങളുമുണ്ടു്. എന്നാൽ ഇതിനെല്ലാം ഉപരിയായി ആ കത്തുകളിൽ കാണുന്ന വിനോദപ്രവാഹമാണു് മറക്കാൻ കഴിയാത്തതു്.

മഹാകവിയ്ക്കു രസകരമായ ഒരു കഥയുണ്ടു്. ഒരു പഴയകഥ. അതു് അദ്ദേഹം പലപ്പോഴും പറയും. അതിൽ ലയിച്ചുകിടക്കുന്ന ആന്തരാത്ഥം ആലോചിച്ചാലോചിച്ചു ഗുരുദേവൻ രസിക്കും. ആ കഥ ഇങ്ങനെയാണു്. "ഒരിക്കൽ ഒരു പല്ലി കരഞ്ഞുകൊണ്ടു ബ്രഹ്മാവിൻെറ അടുക്കൽ പോയി. എന്തിനു കരയുന്നെന്നു ബ്രഹ്മാവു ചോദിച്ചു. എല്ലാ ജന്തുക്കളും തരംകിട്ടിയാൽ എന്നെ പിടിച്ചുതിന്നും.

ഞാൻ എല്ലാവരുടേയും ഭക്ഷണം! ഇതെന്തുകഷ്ടം!" പല്ലി വ്യസനോദീരണംചെയ്തു. "മകനേ! നിന്നെക്കണ്ടാൽ പിടിച്ചുതിന്നണമെന്നു് എനിക്കുംകൂടി തോന്നിപ്പോകുന്നു. ഇതെന്തുകഷ്ടം!" ബ്രഹ്മാവു പ്രതിവചിച്ചു. ടാഗോറിൻെറ ഒരു ആഖ്യായിക ഫ്രഞ്ചുഭാഷയിൽ പരിഭാഷപ്പെടുത്തി. പരിഭാഷകൻ ആഖ്യായികയുടെ ആമുഖത്തിൽ പ്രസ്തുത കഥകൂടി ഉദ്ധരിച്ചിട്ടുണ്ടു്. ടാഗോറിൻെറ വേദാന്തസൂക്തങ്ങളും മതഗാഥകളും വായിച്ചിട്ടുള്ള ഫ്രഞ്ചുകാർ അദ്ദേഹം കേവലം ഒരു മനുഷ്യനാണെന്നു വിശ്വസിക്കാൻ മടിയ്ക്കും എന്നു് ആ പരിഭാഷകൻ രേഖപ്പെടുത്തുന്നു. ശരിയാണു്. 'നരച്ചുവളന്നു്' മാറിൽതൊട്ടുന്ന താടിമീശയും ആ ദീർഘകായവും അതിദിവ്യമായ ഒരു ചൈതന്യത്തിൻെറ പ്രകാശനങ്ങളാണെന്നു് ആക്കും തോന്നിപ്പോകും. ആ ദീപ്രനയനങ്ങൾ ഒരു അമാനുഷശക്തിയുടെ രശ്മിവിശേഷങ്ങളെ പ്രസ്ഫുരിപ്പിക്കുകയാണെന്നു പ്രഥമദർശനത്തിൽ ആരും വിശ്വസിച്ചുപോകും. അദ്ദേഹം ഒരു ദിവ്യനായ പ്രവാചകനാണെന്നു ഫ്രഞ്ചുകാർ കൊണ്ടാടി. ഭാരതീയചിന്തകന്മാരും, മഹർഷീശ്വരന്മാരും വലിയ വിനോദരസികന്മാരാണെന്നു നമ്മുടെ ഫ്രഞ്ചുഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. സാമാന്യജീവിതത്തെപ്പററി ടാഗോറിൻെറ വീക്ഷണം എങ്ങനെയെന്നു് അറിയാൻ കഴിവുള്ളവക്കേ അദ്ദേഹത്തിൻെറ വിനോദത്തിൽ ആസ്വാദ്യത ഉണ്ടാവുകയുള്ളു. ഇതിനു മഹാകവിയുടെ ഗ്രന്ഥങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.

ടാഗോറിൻെറ മധുരങ്ങളായ ചെറുകഥകളിൽപലതും അദ്ദേഹത്തിൻെറ ശൈശവസ്മരണകളുടെ പ്രകാശനങ്ങളാണു്. 'അസ്ഥിപഞ്ജരം' എന്നൊരു ചെറുകഥ അദ്ദേഹം എഴുതിയിട്ടുണ്ടു്. സ്കൂൾമുറിയിൽ ശരീരശാസ്ത്രം പഠിപ്പിക്കുവാൻ ഒരു അസ്ഥിപഞ്ജരം സൂക്ഷിച്ചിരുന്നു. മനുഷ്യശരീരത്തിലെ പലതരം എല്ലുകളുടെ ചേരും പ്രവത്തനവും

അതിൽനിന്നും ടാഗോർ പഠിച്ചു. എന്നാൽ കേവലം ഒരു ഉപകരണമായി ശേഷിച്ചിരുന്ന ആ അസ്ഥികൂടത്തിൻെറ ഉടമസ്ഥനെപ്പററിയായിരുന്നു ടാഗോറിൻെറ ചിന്ത. മനോഹരമായ ആകൃതിലാവണ്യംകൊണ്ടു് ആരിലെല്ലാം കൗതുകമുണ്ടാക്കിയിട്ടുള്ള യുവത്വത്തിൻെറ ജീർണ്ണാവശിഷ്ടമാണതു്: ഉണർവും ഊർജ്ജസ്വലതയും നിറഞ്ഞ സുശക്തമായ ഒരു ശരീരത്തിന് ആകൃതിയും ബലവുംകൊടുത്തു് എന്തെന്തു കാര്യപരിപാടികൾ ആ അസ്ഥിപഞ്ജരം സാധിച്ചുകഴിഞ്ഞിട്ടുണ്ടു്. പ്രകൃതിസുന്ദരങ്ങളായ ഏതേതു ഭൂഭാഗങ്ങളുടെ മനോജ്ഞതയെ ആസ്വദിച്ചു് ആനന്ദാധീനമായ ഒരു ശരീരത്തെയായിരിക്കാം അതു നയിച്ചിരുന്നതു്! ആ സാധനപാഠത്തിൽനിന്നും ഇത്തരമുള്ള ചിന്തകളാണു ടാഗോറിന്നു കിട്ടിയതു്. ആ ചിന്ത വളൎന്നുവളൎന്നു് ആ അസ്ഥിപഞ്ജരത്തെ സദാ അദ്ദേഹത്തിൻെറ കണ്ണിൽനിന്നും മറയാതാക്കി. ടാഗോറിൻെറ ഭാവനയിൽ അതു് ബീഭത്സമായ അസ്ഥിയായി നിന്നില്ല മാംസചർമ്മങ്ങൾകൊണ്ടു് പരിവേഷ്ടിതമായ ഒരു കൊഴുത്തുരുണ്ട രൂപമായി അതു മാറി. അതിമനോഹരിയായ ഒരു തരുണി, കാരുണ്യം തുളുമ്പുന്ന മോഹനാക്ഷികൾ, യൗവ്വനത്തിൻെറ തുടുതുടുപ്പിൽ വിജൃംഭിതസുകുമാരങ്ങളായ അവയവവിഭാഗങ്ങൾ, ആ സുകുമാരി അദ്ദേഹത്തോടു പറയുന്നു, അവളാണു് അതിൻെറ ഉടമസ്ഥഎന്നു്. ആ മനോഹരി രസകരമായ അവളുടെ ജീവചരിത്രം ടാഗോറിനെ കേൾപ്പിക്കുന്നു. പഞ്ചാബു മുതലായ സ്ഥലങ്ങളിൽനിന്നും അച്ഛനൊന്നിച്ചു വന്നിരുന്ന ശിഷ്യന്മാർ അദ്ദേഹത്തെ എങ്ങനെ ആകർഷിച്ചിരുന്നുഎന്നു് 'എൻെറ ശൈശവസ്മരണകളിൽ' പറയുന്നുണ്ടു്. 'കാബൂലിവാലാ'യിൽ പ്രകാശിക്കുന്നതും ഈ ശിശുപ്രേമകഥകൾതന്നെയാണു്.

ടാഗോറിൻെറ കഥകളുടെ വിഷയങ്ങൾ ലഘുവും സംഭവങ്ങൾ വിരളങ്ങളുമാണു്. നാഗരികനോ ഗ്രാമീ

ണനോ ആയ ഒരു വ്യക്തിയെ അദ്ദേഹത്തിൻെറ വർണ്ണനയ്ക്കു വിഷയമാക്കുന്നു. അകൃത്രിമമായ സ്വാഭാവികതയുടെ മധുരിമയിൽക്കൂടി കവി വായനക്കാരെ ആകർഷിച്ചുകൊണ്ടു സ്വച്ഛന്ദം മുന്നോട്ടു പോകുന്നു. ഏററവും സാധാരണമായ നിത്യസംഭവംപോലും നിസർഗ്ഗസുന്ദരമായ വർണ്ണനാവൈശിഷ്ട്യംകൊണ്ടു് ഹൃദ്യമായിത്തീരുന്നു. ടാഗോറിൻെറ പ്രതിപാദനം സരളവും സരസവുമാണു്. അദ്ദേഹത്തിനുണ്ടായ അസാധാരണമായ ദർശനം അദ്ദേഹത്തിൽ ഒരു അത്ഭുതകരമായ കഴിവുണ്ടാക്കി. രമണീയമായ ഭാഷ, ചിന്താസുന്ദരമായ പ്രതിപാദനം, നിസർഗ്ഗമധുരമായ വർണ്ണനാവൈശിഷ്ട്യം എന്നിവ അദ്ദേഹത്തിനു ലഭിച്ചതു് ആ ദർശനത്തിൻെറ ശക്തികൊണ്ടാണു്. വിനോദം അദ്ദേഹത്തിനു ഒരു പ്രത്യേകതയാണു്. ഒരു പുതിയ കഥ രചിച്ചുകഴിഞ്ഞാൽ അതു ശാന്തിനികേതനത്തിലെ അദ്ധ്യാപകാദ്ധ്യേതാക്കളെ വായിച്ചുകേൾപ്പിക്കും. അതിലെ ഓരോ തമാശയ്ക്കും ഒരായിരം ചിരിവീതമല്ലാ അവിടെ മുഴങ്ങുന്നതു്. തിളങ്ങുന്ന കണ്ണുകളോടുകൂടി ഒരു വാക്കും തെററാതെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ശ്രോതാക്കളെ മഹാകവി, അദ്ദേഹത്തിൻെറ കളകണ്ഠമാധുരിയിൽക്കൂടി പ്രവഹിച്ചിരുന്ന കഥാപാരായണത്തിൽ എത്രമേൽ സന്തുഷ്ടചിത്തരാക്കിയിരുന്നുവെന്നു പറഞ്ഞറിയിക്കാവുന്നതല്ല.

ടാഗോറിൻെറ ചെറുകഥകളും നോവലുകളും മൊത്തമായെടുത്തുനോക്കുന്നപക്ഷം ബംഗാളിലെ ഗൃഹജീവിതത്തിലെ മനോജ്ഞചിത്രങ്ങളാണു നാം കാണുന്നതു്. കഴിഞ്ഞ ശതാബ്ദത്തിലുണ്ടായ സാമുദായികവ്യതിയാനങ്ങളും അവയിൽ പ്രകടമായിക്കാണുന്നുണ്ടു്. അദ്ദേഹത്തിൻെറ നോവലുകളിൽ വിപുലമായതു 'ഗോറാ' എന്ന ഗ്രന്ഥമാണു് ടാഗോർ യുവാവായിരുന്നപ്പോൾ കല്ക്കട്ടായിലെ സമുദായരീതിയാണു് ഗോറായിൽ കാണുന്നതു്.

ഗോറാ ഇതിലെ നായകനാണ്. അയാളുടെ അച്ഛനമ്മമാർ ഇംഗ്ലീഷുകാരാണ്. 1857-ലെ ശിപായിലഹളയിൽ അവർ വധിക്കപ്പെട്ടു. ഗോറാ നിരാശ്രയനായ ഒരു കുട്ടിയായിത്തീൻ. അയാളിൽ അനുകമ്പ തോന്നിയ ഒരു ഹിന്ദുകുടുംബം ആ കുട്ടിയെ വളർത്തി. അയാളുടെ അച്ഛനമ്മമാർ ആ വീട്ടിലെ നായകനും നായികയുമാണെന്നു വിശ്വസിച്ചുകൊണ്ട് ഗോറാ വളൻവന്നു. നവ്യഹിന്ദുപ്രസ്ഥാനത്തിൽ ഉൾപ്പെട്ട ആ ഹിന്ദുകുടുംബത്തിൻെറ കുലീനചിന്തകളും ഉന്നതാശയങ്ങളും നായകനിൽ കാണുന്നുണ്ട്. അയാൾ ഒരു തികഞ്ഞ ത്യാഗിയാണ്. പാശ്ചാത്യപരിഷ്കാരത്തിൽ മുഴുകിക്കഴിയുന്ന ഒരു ബ്രഹ്മസമാജകുടുംബവുമായി അയാൾ സ്നേഹബന്ധത്തിൽ ഏൎപ്പെടുന്നു. അവരുടെ ആചാരങ്ങളിലുള്ള വെറുപ്പും ഭക്തനായ ഗൃഹനാഥനോടുള്ള ബഹുമാനവും ഗോറായെ അസ്വാസ്ഥനാക്കുന്നു. അതേസമയം അവിടുള്ള അഭ്യസ്തവിദ്യകളായ യുവതികളുമായി അയാൾ ഗാഢമായ മൈത്രിയിൽ വൎത്തിക്കുന്നു. ഇങ്ങനെ അന്നത്തെ ബംഗാളിൻെറ സമുദായഗതിയെ സരസമായി വൎണ്ണിക്കുന്ന ആ നോവൽ സഹൃദയന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായിട്ടുണ്ട്.

ഗുരുദേവൻെറ ഏററവും പ്രധാനപ്പെട്ട നോവൽ "The home and the world" (വീട്ടിലും പുറത്തും) എന്ന ഗ്രന്ഥമാണ്. ഇതിൽ വിചാരശൂന്യരായ ചില ദേശാഭിമാനികളുടെ അവിവേകംമൂലം സാധുക്കൾക്കുണ്ടാകുന്ന കഷ്ടതകളെ ഹൃദ്യമായി വൎണ്ണിക്കുന്നു. യഥാൎത്ഥമായ ദേശാഭിമാനം എങ്ങനെയാണ് പ്രത്യക്ഷമാകേണ്ടതെന്ന് ഈ നോവലിൽ ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട്. "Four-Chapter" (ചതുരദ്ധ്യായി) എന്ന മറെറാരുകഥയും അക്കാലത്തെ ചില പ്രധാന രാഷ്ട്രീയരംഗങ്ങളെ വിശദമാക്കുന്നു. The Wreck (നൗഭംഗം) "അത്യാഹിതം" എന്ന മറെറാരു

കഥയും അന്നത്തെ ഗൃഹജീവിതത്തെ ചിത്രീകരിക്കുന്നുണ്ട്.

ഗദ്യത്തിൽമാത്രമല്ലാ പദ്യത്തിലും ടാഗോർ അനവധി ചെറുകഥകൾ എഴുതിയിട്ടുണ്ട്. ഇൻഡ്യാചരിത്രത്തിലെ പല സ്മരണീയരംഗങ്ങളും ശോകാന്തസംഭവങ്ങളും അദ്ദേഹത്തിൻെറ കഥകൾക്കു വിഷയീഭവിച്ചിരിക്കുന്നു. ബൗദ്ധപുരാണങ്ങൾ ഇതിവൃത്തമാക്കി സ്വീകരിച്ചുകൊണ്ടു പല കഥകളും ഗുരുദേവൻ രചിച്ചിട്ടുണ്ട്. 'ചണ്ഡാലിക' 'ശ്യാമ' മുതലായവ ഇതിനുദാഹരണങ്ങളാണ്. ആധുനികസംഭവങ്ങളും ധാരാളമായി അദ്ദേഹത്തിൻെറകഥകൾക്കു വിഷയീഭവിച്ചിട്ടുണ്ട്. 'സമുദ്രതരംഗം' (Sea Waves) എന്ന ഹൃദ്യമായ കഥ ഇതിനുദാഹരണമാണ്.

1919-നുശേഷം മഹാകവിയുടെ ജിവിതം യാത്രകളിലും കൃത്യാന്തരബഹുലമായ മററു സംരംഭങ്ങളിലും മുഴുകിയിരുന്നു. അപ്പോഴും പരിസരങ്ങളിൽ കാണുന്ന പ്രകൃതിസുഭഗതകൾ അദ്ദേഹത്തിൻെറകവിതയ്ക്കോ കഥകൾക്കോ വിഷയമായിരുന്നു. ശാന്തിനികേതനത്തിനു സമീപമുള്ള ചെറുനദിയേയും മിഡ്നൈപ്പൂരിലെ പത്മാനദിയേയും താരതമ്യപ്പെടുത്തിക്കൊണ്ട് ചേതോമോഹനമായ ഒരു കഥ ഇക്കാലത്തു നിർമ്മിക്കുകയുണ്ടായി. കൂലിവേലക്കാരിയായ ഒരു ഗ്രാമീണബാലികയുടെ കഷ്ടതയിലും സ്വതഃസിദ്ധമായി പ്രകാശിക്കുന്ന സംതൃപ്തിയെപ്പററി മറെറാരു കവിതയും ഇതിനിടയിൽ നിർമ്മിക്കുന്നു. മറെറാന്ന് ഒരു പാവപ്പെട്ട കൃഷകനെപ്പററിയാണ്. പൊടിനിറഞ്ഞ റോഡിൽക്കൂടി ചന്തയിലേക്കു പോകുന്ന അയാളുടെ ചിത്രത്തിൽ മനുഷ്യൻെറ എളിയ ജിവിതരീതിയിൽ കാണുന്ന മാധുര്യമാണു നമുക്കു അനുഭവപ്പെടുന്നതു്. ഗുരുദേവൻ ഒരു ഗഹനചിന്തകനും, മഹാഗുരുവും, തികഞ്ഞ ദേശാഭിമാനിയുമായ

പ്രകൃതിനിരീക്ഷകനായിരുന്നു. ആ വിശാലഹൃദയം എപ്പോഴും കരുണാർദ്രമാണ്. കലാകാരനും മഹാകവിയുമായിരുന്ന ആ മഹാത്മാവിൻെറ പ്രേമഗാനങ്ങൾ നിർവ്വാണസൂക്തങ്ങൾതന്നെ, സംശയമില്ല.

---

അദ്ധ്യായം ൧൩.

---

## നാടകങ്ങളും അഭിനയവും

നടനകലയ്ക്കു മഹാകവി നൽകിയിട്ടുള്ള അമൂല്യസമ്പത്തുകളെപ്പററി ചിലതെല്ലാം പ്രസ്താവിക്കാതെ അദ്ദേഹത്തിൻെറ ജീവചരിത്രം പരിപൂർണ്ണമാകുന്നതല്ല. ജോറസങ്കോസൗധത്തിൻെറ വരാന്തയിൽനിന്നുകൊണ്ടു് അതിഥികളെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചിരുന്ന രവീന്ദ്രൻ ഓരോരുത്തരുടേയും ഭാവവ്യത്യാസത്തെയും അതിൽ നിഴലിക്കുന്ന സ്വഭാവരീതികളെയും വിശദമായി നിരീക്ഷിച്ചിരുന്നു. ജ്യേഷ്ഠഭ്രാതാക്കൾചേന്നു നാടകംകളിക്കുന്നതു് അദ്ദേഹം ഒളിച്ചുനിന്നു കണ്ടിട്ടുണ്ടു്. നായിക ദുഃഖിതയാകുന്നതും നായകൻ സാന്ത്വനോക്തികളാൽ ആശ്വസിപ്പിക്കുന്നതും രവീന്ദ്രഹൃദയത്തിൽ പല പരിവത്തനങ്ങളും ഉണ്ടാക്കിയിട്ടുണ്ടു്. ഇപ്രകാരമുള്ള ശൈശവാനുഭവങ്ങളുടെ സ്മരണയാണു് അദ്ദേഹത്തെ ഒരു നാടകകൃത്താക്കിയതു്.

കൗമാരത്തിൽ എത്തിയതോടുകൂടി സഹോദരന്മാരുടെ നാടകംകളിയിൽ രവീന്ദ്രനും പങ്കെടുത്തു. കുറേക്കൂടി

കഴിഞ്ഞപ്പോൾ അദ്ദേഹം നാടകങ്ങൾ എഴുതിത്തുടങ്ങി. പതിനാറുവയസ്സുള്ളപ്പോൾ രവീന്ദ്രൻ ഒരു നല്ല നടനായിത്തീൎന്നു. നല്ല നടനെന്നുപറഞ്ഞാൽ നമ്മുടെ ഓൎമ്മയിൽ കടന്നുകൂടുന്ന ഇക്കാലത്തെ നടനെന്നു ധരിച്ചുകൂടാ. സംഭവത്തിൻെറ യഥാൎത്ഥപ്രതീതി പ്രേക്ഷകരിൽ ഉളവായി അവർ പരിസരങ്ങളെപ്പോലും മറന്നിരിക്കണം. രവീന്ദ്രൻ ഇതു തികച്ചും സാധിച്ചു. പത്തൊൻപതാമത്തെ വയസ്സിലാണു് അദ്ദേഹം 'വാല്മീകിപ്രതിഭ' എഴുതുന്നതു്.

ടാഗോറിൻെറ നാടകങ്ങളിൽ കാണുന്ന സംഭാഷണവും അഭിനയവും ഇംഗ്ലീഷ്നാടകങ്ങളിലേതുപോലെയാണു്. മററുചിലതിൽ സംഗീതം, നൃത്തം എന്നിവയിൽക്കൂടിയാണു് കഥാഗതി പുരോഗമിക്കുന്നതു്. ചോദ്യോത്തരങ്ങൾ വളരെ കുറവായിരിക്കുകയോ ചിലപ്പോൾ തീരെ ഇല്ലാതിരിക്കുകയോ ചെയ്യുന്നു. കഥാപാത്രങ്ങളുടെ സംഭാഷണം അത്യാവശ്യമായിരിക്കുന്ന ചില സന്ദൎഭങ്ങളിൽപോലും സംഗീതത്തിൻെറ ഹൃദ്യമായ സാന്നിദ്ധ്യംകൊണ്ടാണു് കഥയെ പോഷിപ്പിക്കുന്നതു്. രവീന്ദ്രനാഥ് എപ്പോഴും അദ്ദേഹത്തിൻെറ നാടകത്തിനു നവോന്മേഷം കൊടുത്തിരുന്നു. അദ്ദേഹത്തിൻെറ ജീവിതകാലത്തു് അഭിനയിച്ചിട്ടുള്ള നാടകങ്ങൾ ഓരോ തവണയും ഒരു പുതുമയോടുകൂടിയാണു പ്രത്യക്ഷപ്പെട്ടിരുന്നതു്.

ടാഗോറിൻെറ നാട്യഗ്രന്ഥങ്ങളിൽ ഏററവും തന്മയത്വമുള്ളതു് 1922-ൽ എഴുതിയ 'മുക്തധാര'യാണു്. അധീശഗവണ്മെൻറിൻെറ സ്വാൎത്ഥതാബുദ്ധിമൂലം കാണിക്കുന്ന കുത്സിതവൃത്തികളിൽ കുടുങ്ങി വൈഷമ്യമനുഭവിക്കുന്ന ഒരു സാമന്തരാജ്യത്തിൻെറ ദയനീയചിത്രമാണു് 'മുക്തധാര'യിൽ കാണുന്നതു്. നീതിക്കും ന്യായത്തിനുംവേണ്ടി ജീവാൎപ്പണംചെയ്തിട്ടുള്ള സാമന്തരാജ്യപ്രജകളുടെ മാതൃകാജീവിത

മാണ് ഇതിൽ സ്പഷ്ടമായിക്കാണുന്ന സജീവരംഗങ്ങൾ. അക്രമരാഹിത്യവും അഹിംസയും ഉപദേശിക്കുന്ന ഈ നാടകത്തിലെ രംഗങ്ങൾ വളരെ രസകരമായി ക്രമീകരിച്ചിട്ടുണ്ട്. അധീശരാജ്യത്തെ അദ്ധ്യാപകന്മാർ വിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്ന സ്വദേശപ്രതിപത്തി, സാമന്തരാജ്യക്കാരിൽ കാണിക്കുന്ന പ്രഭുത്വമനോഭാവം ഇവയെല്ലാം ഇതിൽ ഭംഗിയായി കാണാം. അവർ ധരിക്കുന്നതു ശരിയും, അവർ പ്രവർത്തിക്കുന്നതുമാത്രം ന്യായവും ആണെന്നു ചപലവിശ്വാസം കൈക്കൊള്ളുന്ന അവിടുത്തെ അദ്ധ്യാപകന്മാരുടെ വിവേകശൂന്യമായ പാണ്ഡിത്യത്തെ ടാഗോർ കർശനമായി അവഹേളിക്കുന്നു. അധീശരാജ്യത്തെ ഓരോ വ്യക്തിയും സാമന്തരാജ്യത്തെ രാജാവാണെന്നു ഭാവിച്ചു നടക്കുന്ന രംഗങ്ങൾ വളരെ രസകരങ്ങളാണ്. ഇതെല്ലാം ന്യായബോധത്തോടും സന്മാർഗ്ഗനിഷ്ഠയോടുംകൂടി സഹിക്കുന്ന സാമന്തജനങ്ങളുടെ ആദർശപൂർണ്ണമായ ജീവിതത്തിന്റെ മാഹാത്മ്യം മുക്തധാരയിൽ കാണാം. അഭിനയരാസികത്വത്തിനും, സംഗീതമാധുരിക്കും, മനോരഞ്ജകമായ പശ്ചാത്തലസൃഷ്ടിക്കും മകുടോദാഹരണമായ ഈ നാടകം പണ്ഡിതന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്.

ഗുരുദേവന്റെ ഏററവും രസകരമായ നാടകമാണ് 'നടീപൂജ' (The dancing girl's worship) 1927-ലാണ് ഈ നാടകം എഴുതിയതു്. അതു കൽക്കട്ടായിൽ പ്രദർശിപ്പിച്ചു. കൽക്കട്ടാനഗരത്തിലെ ഉന്നതകുടുംബങ്ങളിൽ ജനിച്ച പെൺകുട്ടികൾപോലും ഈ നാടകത്തിൽ അഭിനയിക്കുകയുണ്ടായി. ചിലർ ഇതിനെപ്പററി ദുരഭിപ്രായങ്ങൾ പുറപ്പെടുവിക്കുക ഉണ്ടായി. കുലീനകുടുംബങ്ങളിലെ യുവതികൾ കലാപ്രകടനങ്ങളിൽ പങ്കെടുക്കുന്നതു് ആക്ഷേപാർഹമാണെന്നാണു പലരുടേയും വിശ്വാസം. കുലീനചിന്തകളോടുകൂടി കലാപ്രകടനങ്ങളിൽ ഭാഗഭാക്കുകളാകു

ന്നതു ഒരിക്കലും ആക്ഷേപാർഹമല്ല. കല ജീവസംസ്കാരത്തിനുവേണ്ടി ദുരുപയോഗപ്പെടുത്തുന്ന ഉത്താനബുദ്ധികളുടെ ആവിർഭാവമാണു് ഈ അഭിപ്രായത്തിനു് ഇടവരുത്തിയതു്. ഭാരതീയരുടെ സുകുമാരകലകളിൽ അതിപ്രധാനമായ 'നൃത്ത'ത്തിനു് അതർഹിക്കുന്ന പ്രാധാന്യം നല്കണമെന്നാണു ടാഗോറിൻെറ നിർദ്ദേശം. ഇന്നു് എല്ലാ ഭാരതരാജ്യങ്ങളിലും ഈ അഭിപ്രായത്തിനു വലിയ മാഹാത്മ്യം കൽപ്പിച്ചിട്ടുണ്ടു്. നടീപൂജയിലെ നൃത്തം പവിത്രവും ഈശ്വരഭക്തിയെ അങ്കുരിപ്പിക്കുന്നതുമാണു്.

നടീപൂജയുടെ ഇതിവൃത്തം ഒരു ബൌദ്ധപുരാണകഥയിൽനിന്നും സ്വീകരിച്ചിട്ടുള്ളതാണു്. കഥ നടക്കുന്നതു മഗധരാജ്യത്താണു്. രാജകീയോദ്യാനത്തിലെ അശോകച്ഛായയിൽ ഭഗവാൻ തഥാഗതൻ മതപ്രഭാഷണംനടത്തുന്നു. ആ പ്രഭാഷണസുധയുടെ മാഹാത്മ്യത്താൽ രാജാവു ബുദ്ധമതാശ്ലേഷംചെയ്യുന്നു. അദ്ദേഹത്തിൻെറ മകൻ ബുദ്ധഭിക്ഷുവായിത്തീരുന്നു. പക്ഷേ മറെറാരുമകൻ, ഒരു കൂട്ടം ഹിന്ദുക്കളെ സംഘടിപ്പിച്ചുകൊണ്ടു പിതാവിനോടു സിംഹാസനം ആവശ്യപ്പെടുന്നു. രാജാവു വൈമനസ്യം ഭാവിക്കാതെ സിംഹാസനം ആ മകനെ ഏല്പിച്ചിട്ടു വാനപ്രസ്ഥനായി. രാജ്ഞി ഭർത്തൃവിയോഗത്താലും പുത്രവിയോഗത്താലും ദുഃഖിതയായി രാജധാനിയിലും കഴിയുന്നു. ഹിന്ദുമതവിശ്വാസിയായ അജാതശത്രു രാജാധികാരം ഉപയോഗിച്ചു് ബുദ്ധമതപ്രചരണത്തെ തടയുന്നു. എന്നാൽ എന്തുമാത്രം ക്ലേശം സഹിച്ചും ബുദ്ധമതാനുയായികൾ സ്വന്തം ആദർശത്തെ സംരക്ഷിക്കുവാൻ മടിക്കുന്നില്ല. ഒരു ബുദ്ധഭിക്ഷു മഗധരാജ്യത്തെ കൊട്ടാരത്തിൽ ഭിക്ഷയ്ക്കു ചെല്ലുമ്പോൾ 'ശ്രീമതി' എന്ന നർത്തകി അദ്ദേഹത്തിനു ഭിക്ഷനൽകുന്നു. 'ശ്രീമതി! നിങ്ങളുടെ പാരിതോഷികം ഭഗവാൻ ആവശ്യപ്പെടുന്നു'. ഭിക്ഷു ശ്രീമതിയെ അറിയി

ച്ചു. 'എന്തൊരു പാരിതോഷികം!' അവൾ ചോദിച്ചു. "ഭഗവാൻെറ പൂജാകമ്മം മംഗളമാക്കിത്തീക്കുവാൻ നിങ്ങളുടെ പവിത്രമായ നൎത്തനം, "അതാണു പാരിതോഷികം" ഭിക്ഷു പ്രതിവചിച്ചു. ശ്രീമതി ഭഗവാൻ ബുദ്ധൻെറ പൂജാസന്ദൎഭത്തിൽ നൃത്തംചെയ്യാൻ സന്നദ്ധയായി. എന്നാൽ അജാതശത്രു അവളെ തടയുകയും ഹിന്ദുക്ഷേത്രത്തിൻെറ വിഗ്രഹവേദിയിൽ നൃത്തംചെയ്യാൻ ആജ്ഞാപിക്കുകയും ചെയ്യുന്നു. ശ്രീമതി ഒരു ബുദ്ധഭിക്ഷുകിയെപ്പോലെ വേഷംധരിച്ചു. അതിനു മുകളിലായി നൎത്തകിയുടെ വേഷഭൂഷാദികൾ അണിഞ്ഞു. വിഗ്രഹവേദിയിൽ നൃത്തംചെയ്തുകൊണ്ടിരുന്ന 'ശ്രീമതി' ബൌദ്ധഗാനങ്ങൾ പാടിക്കൊണ്ടു വേഷഭൂഷാദികൾ ഒന്നൊന്നായി അഴിച്ചെറിയുവാൻ തുടങ്ങി. രാജാവു കോപാവിഷ്ടനായി. "ഇനിയും നീ ബുദ്ധമതഗാനങ്ങൾ ഉച്ചരിച്ചുപോയാൽ നിൻെറ തലയററു ദൂരെത്തെറിക്കും, നീ തിരസ്കരിച്ച ആഭരണങ്ങൾ എനിക്കു തോന്നിയിട്ടുള്ള ഹിന്ദുമതവിദ്വേഷത്തിൻെറ പ്രത്യക്ഷമായ പ്രകടനങ്ങൾ!" അദ്ദേഹം ഉഗ്രസ്വരത്തിൽ ഗജ്ജിച്ചു. പക്ഷേ—ശ്രീമതി ഒടുവിൽ ബുദ്ധഭിക്ഷുകിയായി രൂപാന്തരപ്പെട്ടു. അവൾ തൊഴുകൈയോടെ രാജാവിനെനോക്കി മന്ദസ്മിതം തൂകി. താൻ ആചരിക്കുന്ന മതത്തോടു കേവലം ഒരു വിലാസിനികാണിച്ച അപരാധത്തിൻെറ ഫലം അവൾ അനുഭവിക്കട്ടെ എന്നു രാജാവു വിധിച്ചു. അദ്ദേഹം അവിടെനിന്നും നിഷ്ക്രമിക്കുന്നതിനു മുമ്പുതന്നെ 'ശ്രീമതി'യുടെ ശിരസ്സു് യോദ്ധാക്കളുടെ വെട്ടേററു ദൂരെ തെറിച്ചു.

'ചിത്രാംഗദ' എന്ന മറെറാരു നാടകവും പ്രാധാന്യമൎഹിക്കുന്നതാണു്. ഇതിൽ സംഗീതവും നൃത്തവുംകൊണ്ടാണു കഥാഗതി തുടരുന്നതു്. അജ്ജുനൻെറ തീൎത്ഥയാത്രയിൽ 'ചിത്രാംഗദ'രാജകുമാരി അദ്ദേഹത്തിൽ അനുരക്തയാകുന്നതാണു കഥാവസ്തു. ടാഗോർ എഴുതിയിട്ടുള്ള നാട

കങ്ങൾ എല്ലാം ശാന്തിനികേതനത്തിൽ അഭിനയിച്ചിട്ടുണ്ട്. വായനശാലയുടെ മുൻഭാഗത്തുള്ള വരാന്തയാണു സ്റ്റേജിനു് ഉപയോഗിക്കുന്നതു്. സദസ്യർ പരവതാനിയിലോ പുൽത്തകിടിയിലോ ഇരിക്കുന്നു. പക്കമേളക്കാർ ഒരുവശത്തും നൃത്തമേളക്കാർ മറുവശത്തും ഇരിക്കും. കർട്ടൻ ഉപയോഗിക്കാറില്ല. സമയമാകുമ്പോൾ സ്റ്റേജ് ദീപങ്ങളാൽ പ്രകാശിപ്പിക്കപ്പെട്ടും അഭിനയവും തുടങ്ങും. നാടകരചനയിലെപ്പോലെ അഭിനയത്തിലും രംഗവിധാനത്തിലും സ്വാഭാവികതയാണു് കഥയ്ക്കു ജീവൻനൽകുന്നതു്. ഗുരുദേവന്റെ നാടകങ്ങൾക്കെന്നല്ല, എല്ലാകൃതികൾക്കും ഉള്ള മേന്മയും അതുതന്നെയാണു്.

---

## അദ്ധ്യായം ൧൫

---

## ലോകപൌരൻ

1920-മുതൽ ഗുരുദേവൻ ലോകംചുററി സഞ്ചരിച്ചു. അദ്ദേഹം അപ്പോൾ യുവാവായിരുന്നില്ല. സംഭവബഹുലമായ അറുപതു വർഷങ്ങൾ ആ മഹാനുഭാവൻ തരണം ചെയ്തു. പലരും ആ വാൎദ്ധക്യദശയിൽ പ്രവൎത്തനവിമുഖന്മാരായി വിശ്രമിക്കുകയാണു പതിവു്. എന്നാൽ ടാഗോർ ഒരിക്കലും അങ്ങനെ വിശ്രമിക്കുകയില്ല. അദ്ദേഹത്തിനു പലതും പ്രവൎത്തിക്കാനുണ്ടു്. അദ്ദേഹത്തിന്റെ സഞ്ചാരവേളകൾ ക്ലേശസംപൂൎണ്ണങ്ങളായിരുന്നു. ടാഗോറിന്റെ സന്ദർശനസ്ഥലങ്ങളിൽ ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. കൃത്യം

ന്തരബഹുഫലമായ കാര്യപരിപാടികളെക്കൊണ്ടും സൽക്കാരങ്ങളെക്കൊണ്ടും അദ്ദേഹത്തിൻെറ സന്ദർശനങ്ങൾ വിശ്രമരഹിതമായി ഭവിച്ചു. അനവധി പ്രസംഗപീഠങ്ങളിൽ പ്രത്യക്ഷപ്പെടേണ്ട ആവശ്യം ഗുരുദേവനുണ്ടായി. ഇതെല്ലാം അദ്ദേഹത്തിനു സന്തോഷാവഹങ്ങളായിരുന്നു. എന്നാൽ ഇംഗ്ലണ്ടിലും അമേരിക്കയിലുമുള്ള ചില പത്രങ്ങൾ അദ്ദേഹത്തെ രൂക്ഷമായി വിമർശിച്ചു. അദ്ദേഹത്തിൻെറ ആദർശങ്ങളെ ബഹുജനസമക്ഷം തെററിദ്ധരിപ്പിക്കുവാൻ അവർ ഭഗീരഥപ്രയത്നം ചെയ്തു. ഈ എതിർപ്പ് മഹാകവിയെ അസ്വസ്ഥമാനസനാക്കി. താൻ ഒരു പ്രസിദ്ധനാണെന്നുള്ള കഥയേ മറന്നു്, ശാന്തിനികേതനത്തിൽ സ്വസ്ഥമായി താമസിച്ചുകളയാം എന്നുപോലും അദ്ദേഹത്തിനു തോന്നിപ്പോയി.

എന്നാൽ എന്തിനാണു് അദ്ദേഹം ദേശസഞ്ചാരം ചെയ്യുന്നതെന്നു നിങ്ങൾ ചോദിച്ചേക്കാം. അദ്ദേഹം വിശ്വഭാരതിക്കുവേണ്ടിയാണു പ്രയത്നിച്ചതു്. അതിനായിട്ടാണു അദ്ദേഹം സഞ്ചരിച്ചതു്. വിശ്വഭാരതിയോടു അനുഭാവമുള്ള പണ്ഡിതന്മാരെ കണ്ടെത്തുവാൻ മഹാകവി ആഗ്രഹിച്ചു. അതിനുവേണ്ടി പ്രവർത്തിക്കുവാൻ സന്മനസ്സുള്ളവരെ ലഭിക്കുവാനും ഗുരുദേവനു് ആകാംക്ഷയുണ്ടായി. വിശ്വഭാരതിയുടെ ആവശ്യനിർവഹണത്തിനുള്ള ധനവും സമ്പാദിക്കേണ്ടതായിവന്നു. അതുകൊണ്ടു വിശ്രമകാംക്ഷ അദ്ദേഹം ഉപേക്ഷിച്ചു. വിദൂരദേശങ്ങളിലും ഭാരതത്തിൻെറ വിഭിന്നഭാഗങ്ങളിലും അദ്ദേഹം സഞ്ചരിച്ചു.

1920-നും 1932-നും ഇടയ്ക്കു് 1931-ൽ മാത്രമേ അദ്ദേഹം സഞ്ചരിക്കാതിരുന്നിട്ടുള്ളു. 1920-ൽ അദ്ദേഹം ഇൻഡ്യയുടെ പശ്ചിമഭാഗങ്ങളിൽ സഞ്ചരിച്ചു. അനന്തരം പതിനാലുമാസക്കാലം ഇംഗ്ലണ്ടിലും അമേരിക്കൻ ഐക്യനാടുകളിലും കഴിച്ചുകൂട്ടി, 1922-ൽ തെക്കേ ഇൻഡ്യയിലും

സിലോണിലും പോയി, **1923-ൽ** സിൻഡിലും, കത്ത്യവാറിലും, ആസാമിലും, പശ്ചിമഭാരതത്തിലെ നാട്ടുരാജ്യങ്ങളിലും സഞ്ചരിച്ചു. 1924-ൽ ചൈനായും ജപ്പാൻ ദ്വീപുകളും സന്ദർശിച്ചു. അതിനുശേഷം തെക്കേ അമേരിക്കയിലും ഇററലിയിലും അദ്ദേഹം സന്ദർശനങ്ങൾ നടത്തി... 1926-ൽ വീണ്ടും ഇററലിയിൽ ഒരു ദീർഘസഞ്ചാരംചെയ്തു. അനന്തരം സ്വിററ്സർലണ്ട്, നാവേ, ഡെന്മാർക്ക്, ജമ്മനി, സെക്കോസ്ലോവാക്യാ, ബാൾക്കാൻ പ്രദേശങ്ങൾ, ഗ്രീസ്, ഈജിപ്ത് എന്നീ സ്ഥലങ്ങളിൽ അദ്ദേഹം സഞ്ചാരംനടത്തി. 1927-ൽ ഐക്യസംസ്ഥാനങ്ങളും മദ്ധ്യഇൻഡ്യയും സന്ദർശിച്ചു അവിടെനിന്നും മലയാ, നെതർലണ്ട്, ഈസ്റ്റിൻഡീസ്, തൈലണ്ട് മുതലായ രാജ്യങ്ങൾ ചുററി. 1928-ൽ ഒരിക്കൽക്കൂടി തെക്കേഇൻഡ്യയും സിലോണും സന്ദർശിച്ചു. 1929-ൽ പസിഫിക്‌വഴി ക്യാനഡാ, ജപ്പാൻ, ഫ്രഞ്ച്, ഇൻഡോചൈനാ എന്നീ പ്രദേശങ്ങളിൽ സഞ്ചരിച്ചു. 1930-ൽ അദ്ദേഹം ബറോഡായിലേക്കു ക്ഷണിക്കപ്പെട്ടു. അവിടെനിന്നും യൂറോപ്പിലെത്തി. ഫ്രാൻസ്, ഇംഗ്ലണ്ട്, ജമ്മനി, ഡെന്മാർക്ക്, റഷ്യാ എന്നീ രാജ്യങ്ങളിൽക്കൂടി ഐക്യനാടുകളിൽ ഏത്തി. അവസാനമായി പെഷ്യയിലേക്ക് അദ്ദേഹം ആകാശസഞ്ചാരംചെയ്തു. അവിടെ ഷാ ചക്രവത്തിയുടെ അതിഥിയായി മഹാകവി താമസിച്ചു. തിരിച്ചുള്ള യാത്രയിൽ അദ്ദേഹം ഇറാക്കും സന്ദർശിച്ചു.

1933-മുതൽ 36-വരെ ശാന്തിനികേതനത്തിലെ ഒരു സംഘം നടന്മാരുമായി അദ്ദേഹം ഇൻഡ്യയുടെ വിവിധഭാഗങ്ങൾ ചുററിസഞ്ചരിച്ചു. വിശ്വഭാരതിക്കുവേണ്ടിയുള്ള ഈ ധനസമ്പാദനശ്രമത്തിൽ അവർ അനവധി നാടകങ്ങൾ അഭിനയിച്ചു. അന്നു മഹാകവിയ്ക്കു എഴുപത്തഞ്ചുവയസ്സു പ്രായമുണ്ടായിരുന്നു. ഈ യാത്രയിൽ,

ബാംബേ, ആന്ധ്രദേശം, മദ്രാസ്, സിലോൺ, ഐക്യ സംസ്ഥാനങ്ങൾ, പഞ്ചാബ്, ബീഹാർ എന്നീ സ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചു. 1936-ൽ ഡൽഹിയിൽവച്ച് മഹാത്മാഗാന്ധി ടാഗോറിനെ കണ്ടെത്തി. വയോധികനായ മഹാകവി ഇങ്ങനെ വിശ്വഭാരതിക്കുവേണ്ടി അവിശ്രമം സഞ്ചരിക്കുന്നതിൽ ഭാരതീയക്ക് അനുഭാവമില്ലല്ലോ എന്ന് ഗാന്ധിജിയ്ക്കു ലജ്ജതോന്നി. ടാഗോർ ബുദ്ധിമുട്ടില്ലാതെ ശാന്തിനികേതനത്തിലേക്കു മടങ്ങട്ടെ എന്നു കരുതി ഒരു അജ്ഞാതമിത്രത്തെക്കൊണ്ട് ഗാന്ധിജി വിശ്വഭാരതിക്കുവേണ്ടി അറുപതിനായിരം രൂപാ സംഭാവനചെയ്യിച്ചു. 1939-ൽ ടാഗോർ ഒറീസ്സായിൽ എത്തി. അവിടുത്തെ ഗവമ്മെൻറ് അദ്ദേഹത്തെ ബഹുമാനപുരസ്സരം സ്വീകരിച്ച് 'പുരി'യിൽ ഒരു മനോഹരമായ കൊട്ടാരത്തിൽ താമസിപ്പിച്ചു. ഈ യാത്രകൾക്കുപുറമേ ബംഗാളിൽത്തന്നെ മഹാകവി ചുററിസഞ്ചരിക്കുകയുണ്ടായി.

1920-ലെ യൂറോപ്യൻ സന്ദർശനത്തിൽ മഹാകവിയെ അളവററു ദുഃഖിപ്പിച്ച ചില സംഗതികളുണ്ട്. ഇംഗ്ലണ്ടിൽ അദ്ദേഹത്തിന് അർഹിക്കുന്ന പ്രശസ്തി ലഭിച്ചില്ല. അമൃതസരസ്സിലെ കൂട്ടക്കൊലകഴിഞ്ഞ കാലമാണിത്. ഇംഗ്ലീഷുകാർ അദ്ദേഹത്തെ സ്വീകരിക്കുവാൻ വൈമനസ്യം പ്രദർശിപ്പിച്ചു. ജനറൽ ഡെയറുടെ അവിവേകത്തെയും മററു ഇൻഡ്യൻ പ്രശ്നത്തെയും സംബന്ധിക്കുന്ന വാദപ്രതിവാദങ്ങൾ പാർലമെൻറിൽ നടക്കുന്നുണ്ടായിരുന്നു. ടാഗോർ അവയിൽ ചില പ്രസംഗങ്ങൾ നേരിട്ടു ശ്രവിച്ചു. ഇംഗ്ലണ്ട് സ്വന്തം താല്പര്യങ്ങളെമാത്രമേ കരുതുന്നുള്ളു എന്നും ഇൻഡ്യയുടെ അവകാശങ്ങളെ സംരക്ഷിക്കുവാൻ ഇംഗ്ലണ്ടിൽ യാതൊരു ഉത്സാഹവും കാണിക്കുന്നില്ല എന്നും മഹാകവി മനസ്സിലാക്കി. ബ്രിട്ടനോട് ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടാൽ ഫലമില്ലെന്നും, പാരതന്ത്ര്യത്തെ ഉച്ചാ

ടിക്കുവാൻ പ്രയത്നംമാത്രമേ ഉപകരിക്കൂ എന്നും അദ്ദേഹം ഇൻഡ്യൻജനതയെ ഉത്ബോധിപ്പിച്ചുകൊണ്ടു് സ്നേഹിതന്മാക്കു കത്തെഴുതി.

അമൃതസരസ്സിലെ വെടിവയ്പിനെ പ്രതിഷേധിച്ചതിൽ മഹാകവിയെ പലരും എതിർത്തു. യുദ്ധത്തെപ്പററി അദ്ദേഹം അവജ്ഞ രേഖപ്പെടുത്തിയതും പലക്കും രസിച്ചില്ല. ഗുരുദേവൻ ഫ്റാൻസിൽ എത്തി. മഹായുദ്ധം അവശേഷിപ്പിച്ച ദയനീയരംഗങ്ങൾപലതും ഫ്റാൻസിൽ കാണാമായിരുന്നു. തകർന്നുവീണ കെട്ടിടങ്ങളുടെയും നശിച്ചുകിടന്ന കൃഷിസ്ഥലങ്ങളുടെയും ശോചനീയമായ അവസ്ഥ അദ്ദേഹത്തിൻെറ ചിന്തയ്ക്കു വിഷയമായി. ഭീകരമായ നരമേധത്താൽ ഹ്രസ്വായുസ്സുകളായ അനവധിലക്ഷം വീരയോദ്ധാക്കളുടെ ശ്മശാനവാടങ്ങൾ ഗുരുദേവൻ ദശിച്ചു. അനവധി ശവകുടീരങ്ങൾ അതിനുള്ളിൽ നിക്ഷിപ്തമായ ഭൗതികാവശിഷ്ടങ്ങളുടെ ദയനീയചരിത്രം മൂകമായി ആഖ്യാനംചെയ്തിരുന്നു. ലോകത്തിനു് അമൂല്യസേവനം നൽകേണ്ട യുവാക്കൾ വിചാരശൂന്യതയുടെ പൈശാചികഹോമത്തിൽ കരിഞ്ഞുപോയി. ബുദ്ധിനശിച്ച ഒരു ഭീഷണവേതാളമാണു് മഹായുദ്ധം. രക്തതൃഷ്ണയാൽ ആത്തുമദിക്കുന്ന കരാളരാക്ഷസിയാണു് മഹായുദ്ധം. സുകുമാരവും കുലീനവുമായ മനുഷ്യജീവിതത്തിൻെറ സാന്മാഗ്ഗികവും, സംതൃപ്തവുമായ പ്രശാന്തജീവിതത്തിൻെറ രക്തയക്ഷിയാണു മഹായുദ്ധം. ഈ കഷ്ടപ്പാടുകളെല്ലാം ക്ഷമയോടെ സഹിച്ച ജനങ്ങളെ മഹാകവി ബഹുമാനിച്ചു. അവരെ പലരെയും അദ്ദേഹം നേരിട്ടു പരിചയപ്പെട്ടു. ഉപയോഗശൂന്യവും, ആന്ധ്യവുമായ കൊലപാതകസംരംഭത്തിൽ ധൈര്യം കാണിച്ച മനോഭാവം ഗുരുദേവൻ ഭയാനകമായി തോന്നി. യുദ്ധംകൊണ്ടു് ന്യായവും നീതിയും പാലിക്കാമെന്നുള്ള അജ്ഞമായ ബോധം യഥാത്ഥസ്വാതന്ത്ര്യത്തിൻെറ ആജന്മശത്രുവാണെന്നു് അദ്ദേഹം ഉറച്ചു.

ഫ്റാൻസിൽനിന്നും ടാഗോർ ജർമ്മനിയിലേക്കു പോയി. 1921-ൽ, ജർമ്മനി ഒരു തോല്പിക്കപ്പെട്ട രാജ്യം ആയിരുന്നു. അതിദയനീയമായ ക്ഷാമം ആ രാജ്യത്തെ അനവരതം അലട്ടിക്കൊണ്ടിരുന്നു. ദാരിദ്ര്യത്തിലും മററു ജീവിതക്ലേശങ്ങളിലും എരിപൊരികൊള്ളുന്ന ജർമ്മനിയുടെ മേൽ വിജയികൾ ദുർഭരമായ കപ്പം ചുമത്തിയിരുന്നു. അതു കൊടുക്കുവാനുള്ള കഴിവുകേടിൽ അവിടുത്തെ രാജ്യലക്ഷ്മി ഹൃദയം നൊന്തു പിടയുകയായിരുന്നു. ഒരു രാജ്യവും ജർമ്മനിയുടെ കഷ്ടപ്പാടിൽ സഹതാപം കാണിക്കുവാൻ ധൈര്യപ്പെട്ടില്ല. നിരപരാധികളായ സാധാരണജനങ്ങളുടേയും, ശക്തിഹീനരും രോഗാതുരരുമായ കുഞ്ഞുങ്ങളുടെയും കഷ്ടതയിൽ കരൾകലങ്ങിയ മഹാകവി എഴുതി "ജർമ്മനി തീർച്ചയായും സഹായം അർഹിക്കുന്നു" എന്നു്. യുദ്ധം വരുത്തിവച്ച ദുസ്ഥിതിക്കു് ഔദാര്യവും, മഹാമനസ്കതയും, മാപ്പുമാണു പ്രത്യൌഷധങ്ങൾ എന്നു് അദ്ദേഹം ഗ്രഹിച്ചു. എന്നാൽ ഫ്റാൻസിലെയും ബ്രിട്ടനിലെയും ആളുകൾ ജർമ്മനിയെ കുററപ്പെടുത്തി. ക്ഷമിക്കുവാനും സഹായിക്കുവാനും സാദ്ധ്യമല്ലെന്നു അവർ ശഠിച്ചു. അന്നു് ജർമ്മനിക്കു് സഹായം ലഭിച്ചിരുന്നെങ്കിൽ, ഒരുകാലവും നാസിസിദ്ധാന്തത്തെ ആ രാജ്യം ശ്രദ്ധിക്കുമായിരുന്നില്ല. ലോകം മറെറാരുയുദ്ധത്തിൻെറ ദാരുണാനുഭവങ്ങളിൽനിന്നും മോചിക്കപ്പെടുകയും ചെയ്യുമായിരുന്നു. ടാഗോറും മററു പണ്ഡിതന്മാരും വിലപിച്ചതു വൃഥാവിലത്രെ. അവരുടെ അഭിപ്രായമുണ്ടോ അമർഷംകൊണ്ടു അധികാരികൾ ശ്രദ്ധിക്കാൻപോകുന്നു!

ജർമ്മൻസന്ദർശനത്തിൽ മഹാകവിയ്ക്കു ഹൃദയസ്പൃക്കായ മറെറാരുസംഗതികൂടി ഇവിടെ പ്രസ്താവിക്കേണ്ടതായുണ്ടു്. രണ്ടു ജർമ്മൻകുമാരിമാർ പുഷ്പങ്ങളുമായി അദ്ദേഹത്തെ എതിരേൽക്കുവാൻ വന്നു. അവരിൽ ഒരുവൾ

പറഞ്ഞു "ഞാൻ ഇൻഡ്യയെ സ്നേഹിക്കുന്നു" എന്നു്. "നിങ്ങൾ എന്തുകൊണ്ടാണു ഇൻഡ്യയെ സ്നേഹിക്കുന്നു എന്നുപറഞ്ഞതു്" മഹാകവി ചോദിച്ചു. "നിങ്ങൾ, ഇൻഡ്യാക്കാർ ദൈവത്തെ സ്നേഹിക്കുന്നു" അവൾ ഉത്തരം പറഞ്ഞു. ശരിയാണു്. ഒരു രാജ്യം സ്വയം സ്നേഹിക്കുന്നതിനെക്കാൾ ദൈവത്തെ സ്നേഹിക്കണം. അപ്പോൾ മാത്രമേ അവൎക്കു മനുഷ്യസ്നേഹവും ഉണ്ടാവുകയുള്ളു. മഹാകവി ഈ കഥ പലപ്പോഴും പറഞ്ഞിട്ടുണ്ടു്.

1924-ൽ മഹാകവി ചൈനാ സന്ദൎശിച്ചപ്പോൾ അദ്ദേഹത്തിനു പറയത്തക്ക സ്വീകരണങ്ങളൊന്നും അവിടെ ലഭിച്ചില്ല. യുവാക്കന്മാരായ ചൈനാക്കാർ ഇംഗ്ലണ്ടിലും അമേരിക്കയിലുമായിരുന്നു ഉപരിപഠനം നടത്തിയിരുന്നതു്. പാശ്ചാത്യപരിഷ്കാരം അപ്പടി പകൎത്തുന്നതിൽ അവർ സദാ ജാഗരൂകരായിരുന്നു. ഇവരിൽ ഭൂരിഭാഗവും തികഞ്ഞ 'കമ്മ്യൂണിസ്ററു'കളും ആയിരുന്നു. ടാഗോറിനെപ്പററി അവർ കേട്ടിരുന്നു. അദ്ദേഹത്തിൻെറ 'പഴഞ്ചൻ'ആദൎശങ്ങൾ അവൎക്കു പിടിച്ചില്ല. പക്ഷേ ഗുരുദേവൻെറ പ്രസംഗങ്ങൾ കേട്ടതോടുകൂടി അവൎക്കു അദ്ദേഹത്തെ വളരെ ബഹുമാനമായി. അനവധി യുവസ്നേഹിതന്മാർ അദ്ദേഹത്തിനുണ്ടായി. ഡാക്ടർ ഹ്യൂഷാ, ഡാ. ലിയാൻചിക്യൂഓ എന്നി ചൈനീസ്പണ്ഡിതന്മാർ ടാഗോറിൻെറ ആത്മസുഹൃത്തുക്കളായി. അവർ അദ്ദേഹത്തെ വേണ്ടവിധം ഉപചരിച്ചു. അന്നുമുതൽ ചൈനാക്കാരായ വിദ്യാൎത്ഥികൾ ശാന്തിനികേതനത്തിൽ വന്നുതുടങ്ങി.

1926-ൽ ടാഗോർ ഇററലി സന്ദർശിച്ചപ്പോൾ ഇററാലിയൻഗവൺമെൻറു് അദ്ദേഹത്തെ സമുചിതമാംവണ്ണം സൽക്കരിച്ചു. ഇററലിയിലെ സകല മഹാന്മാരെയും അവിടുത്തെ ഗവൺമെൻറു വിളിച്ചുകൂട്ടി ടാഗോറിനെ ബഹുമാ

നിച്ചു. ഇററലിയിലെ രാജാവു് മഹാമനസ്കനും അതിഥി സൽക്കാരത്തിൽ ഉൽസ്സുകനുമാണെന്നു മഹാകവി മനസ്സിലാക്കി. അദ്ദേഹം മുസ്സോളിനിയെ കണ്ടു. മുസ്സോളിനി ടാഗോറിൻെറ കൃതികളുടെ എല്ലാം ഇററാലിയൻപരിഭാഷകളും വായിച്ചിട്ടുണ്ടെന്നു ഗുരുദേവനെ അറിയിച്ചു. ഇററലിയിലെ ദീർഘചിന്തകനായ 'ബെൻഡെറെറാ—ക്രോസു' മായി ടാഗോർ പരിചയപ്പെട്ടു. ഇററലിയിലെ സ്കൂൾക്കുട്ടികൾ അദ്ദേഹത്തെ ബഹുമാനിച്ച വിധം ടാഗോർ മരണപര്യന്തം സ്മരിച്ചിരുന്നു. റോമിലെ വിദ്യാൎത്ഥികൾ അദ്ദേഹത്തിൻെറ ആഭിമുഖ്യത്തിൽ അവരുടെ വാർഷികസമ്മേളനം നടത്തി. ആയിരം കുട്ടികൾചേൎന്നു് ഒരു സ്വാഗതഗാനംപാടിയാണു് അദ്ദേഹത്തെ സ്വീകരിച്ചതു്. അദ്ദേഹത്തെപ്പററിയുള്ള ഉപന്യാസങ്ങൾ അടങ്ങിയിരുന്ന നോട്ടുബുക്കുകൾ അനവധിയായി അദ്ദേഹത്തിനു സമൎപ്പിച്ചു. ചില കുട്ടികൾ അവരുടെ നോട്ടുബുക്കുകളിൽ അദ്ദേഹത്തിൻെറ ചിത്രം ഭംഗിയായി വരച്ചിരുന്നു. അമൂല്യങ്ങളായ ഈ പാരിതോഷികങ്ങൾ മരണംവരെ അദ്ദേഹം സൂക്ഷിച്ചിരുന്നു. ഇററലിയിലെ കുട്ടികളാണു് അദ്ദേഹം സഞ്ചരിച്ചിട്ടുള്ള എല്ലാരാജ്യങ്ങളിലെയും അത്ഭുതസാധനങ്ങളെക്കാൾ അദ്ദേഹത്തെ ആകർഷിച്ചതു്. അവരെപ്പററി സംസാരിക്കുന്നതുതന്നെ അദ്ദേഹത്തിനു വളരെ ഇഷ്ടമായിരുന്നു.

അന്നു് മുസ്സോളിനിയുടെ കീഴിലുള്ള 'ഫസിസ്റ്റ്'കക്ഷിതന്നെയായിരുന്നു ഇററലിയെ ഭരിച്ചിരുന്നതു്. ഫസിസത്തെപ്പററിയുള്ള മഹാകവിയുടെ അഭിപ്രായം അറിയാൻ പത്രപ്രതിനിധികൾ അദ്ദേഹത്തെ സമീപിച്ചു. ഇററാലിയൻഭാഷ അദ്ദേഹത്തിനു വശമില്ലാതിരുന്നതിനാൽ സംഭാഷണത്തിൽ അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു. ഇററലിക്കാരുടെ ചിന്തകൾ അദ്ദേഹത്തിനു പരിചിതങ്ങളല്ലാത്തതുകൊണ്ടു് അവരുടെ ഗവണ്മെൻറിനെപ്പററി പറയാൻ

തന്നിക്കു പ്രാപ്തിപോരെന്നു് അദ്ദേഹം പത്രപ്രതിനിധികളോടു മറുപടിപറഞ്ഞു. ഭൗതികമായ സുഖാനുഭൂതി ഒരു രാജ്യത്തെ മഹത്തരമാക്കുകയില്ലെന്നും ആത്മജ്ഞാനംകൊണ്ടുമാത്രമേ മനുഷ്യനു ശാശ്വതസമാധാനം സ്ഥാപിക്കുവാൻ സാധിക്കുകയുള്ളുഎന്നും അദ്ദേഹം ഇററാലിയൻജനതയെ ഉപദേശിച്ചു. ഇററലിയിൽനിന്നും തിരിച്ചു് ടാഗോർ സ്വിററ്സർലണ്ടിൽ വന്നുചേർന്നു. ഇററാലിയൻഭാഷ അറിയാവുന്ന ഏതാനും സുഹൃത്തുക്കളൊന്നിച്ചാണു് അവിടെ അദ്ദേഹം താമസിച്ചതു്. ഇററലിയിലെ വൎത്തമാനപ്പത്രങ്ങൾ ഐകകണ്ഠ്യേന പറയുന്നതു് ടാഗോർ ഫസിസ്ററുപ്രസ്ഥാനത്തെ അനുകൂലിക്കുന്നു എന്നാണെന്നു് സ്വിററ്സർല്യണ്ടിലെ സ്നേഹിതന്മാർ അദ്ദേഹത്തെ അറിയിച്ചു. ഫസിസ്ററുകളുടെ അനീതിയെപ്പററിയും അദ്ദേഹം മനസ്സിലാക്കി. അവരുടെ അക്രമപ്രവൃത്തികളെപ്പററി ദൃക്സാക്ഷിയായ ഒരു മഹതി ചില വിവരങ്ങൾ നൽകി. ഇതെല്ലാം കേട്ടപ്പോൾ അദ്ദേഹം സംഭ്രമിച്ചുപോയി. അദ്ദേഹത്തിൻെറ അഭിപ്രായമെന്നുംപറഞ്ഞു് സ്വാഭിപ്രായങ്ങൾ റിപ്പോൎട്ടുചെയ്ത പത്രപ്രവൎത്തകന്മാരെ അദ്ദേഹം വെറുത്തു. അദ്ദേഹം 'മാഞ്ചെസ്റ്റർഗാർഡിയൻ' എന്ന ഇംഗ്ലീഷുപത്രത്തിനു പരമാൎത്ഥങ്ങൾ വിശദീകരിച്ചുകൊണ്ടു് ഒരു കത്തെഴുതി. ലോകത്തിൽ എവിടെയായാലും അനീതിയേയും അക്രമത്തേയും അനുകൂലിക്കുവാൻ താൻ ശക്തനല്ലെന്നു അദ്ദേഹം ഈ ലേഖനത്തിൽ പ്രസ്താവിക്കുന്നു. ഈ കത്തുകണ്ട ഇററാലിയൻപത്രങ്ങൾ മഹാകവിയോടു വളരെ ക്ഷോഭിച്ചു.

ജൎമ്മനിയിലും ബാൾക്കാൻസിലുമുള്ള അനന്തരയാത്ര വളരെ സുഖകരമായിരുന്നു. ഈ യാത്രയെപ്പററി അദ്ദേഹത്തിൻെറ 'റഷ്യൻകത്തുക'ളിൽ വിവരിച്ചിട്ടുണ്ടു്. സോവിയററ്-റിപ്പബ്ലിക്കൻ ഭരണസമിതിയുടെ പുരോഗമനം

ടാഗോറിനു അതിശയനീയമായിരുന്നു. പത്തുവഷത്തിനകം, ആരോഗ്യപരമായും, സാമ്പത്തികമായും റഷ്യയ്ക്കുണ്ടായ അഭിവൃദ്ധി അദ്ദേഹത്തെ സന്തുഷ്ടനാക്കി. എല്ലാ ബാലികാബാലന്മാക്കും ശരിയായ വിദ്യാഭ്യാസം നൽകുന്നതിൽ റഷ്യകാണിച്ചിരുന്ന ഉത്സാഹം ടാഗോറിനെ ആഹ്ലാദിപ്പിച്ചു. തൊഴിൽപരമായ പരിശീലനവും അനന്തരമുള്ള ജീവനലബ്ധിയും റഷ്യയിൽ എല്ലാവക്കും സുസാദ്ധ്യമാണു്. ഈ സൗകയ്യം നൽകുന്നതിൽ ഗവണ്മെൻറു കാണിച്ചിരുന്ന ബുദ്ധിപൂർവ്വകമായ ക്രമീകരണങ്ങളിൽ അദ്ദേഹം ബഹുമാനം പ്രദർശിപ്പിച്ചു. ഇൻഡ്യയ്ക്കും അത്തരം പുരോഗമനപരമായ വ്യവസ്ഥകൾ ഉണ്ടായിക്കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു. റഷ്യയിൽ ടാഗോറിനു ഹിതമാകാത്ത ഒരു കായ്യമേ ഉണ്ടായിരുന്നുള്ളു. അതു് അദ്ദേഹം തുറന്നുപറയാൻ മടിച്ചില്ല. ന്യൂനപക്ഷക്കാരുടെ രാഷ്ട്രീയാഭിപ്രായത്തെ കരബലംകൊണ്ടു് അടിച്ചമത്തുന്ന "കമ്മ്യൂണിസ്റ്റു്" നയം റഷ്യയിൽ നിലവിലിരുന്നു. അതിനെപ്പററി അദ്ദേഹം തൻെറ റഷ്യൻസുഹൃത്തുക്കളെ ഓമ്മിപ്പിച്ചു. "വിദ്യാഭ്യാസത്തിനുവേണ്ടി നിങ്ങൾ ചെയ്യുന്ന തീവ്രയത്നം തികച്ചും അഭിനന്ദനാഹമാണു്. സാമുദായികശത്രുക്കളെയും സാമൂഹ്യാധഃപതനത്തെയും ഉന്മൂലനം ചെയ്യാൻ വിദ്യാഭ്യാസത്തിനേ കഴിവുള്ളു എന്ന മഹാസിദ്ധാന്തം നിങ്ങൾ ശരിയായി പഠിച്ചിട്ടുണ്ടു്. പക്ഷേ, ഞാൻ ചോദിക്കട്ടെ—നിങ്ങളുടെ ആദർശങ്ങൾ ഒരു സേവനത്തിനുവേണ്ടിയാണോ നിങ്ങൾ പരിപാലിക്കുന്നതു്? നിങ്ങളുടെ അഭിപ്രായങ്ങളെ ആദരിക്കാത്തവരോടു് വിദ്വേഷബുദ്ധി ഉണ്ടാവാൻ, നിങ്ങൾ പരിശീലിപ്പിക്കുന്ന വിദ്യാത്ഥികളെ നിങ്ങൾ എങ്ങനെഎങ്കിലും പ്രേരിപ്പിക്കുന്നുണ്ടോ? നിങ്ങൾ ഒരു മഹൽസേവനത്തിനാണു് ഒരുങ്ങിയിറങ്ങിയിരിക്കുന്നതു്. അതുകൊണ്ടു് നിങ്ങളുടെ മനസ്സും മഹത്തായിരിക്കണം. നിങ്ങളുടെ ദയാബുദ്ധിയിലും നിങ്ങളുടെ

വിവേചനാബോധത്തിലും, ക്ഷമയിലും—എല്ലാററിലും നിങ്ങൾ മഹത്തുക്കളായിരിക്കണം" ഇതാണു ടാഗോർ റഷ്യൻജനതയ്ക്കു നൽകിയ സന്ദേശം.

രവീന്ദ്രനാഥ്, ആസ്ത്രേലിയായോ, ന്യൂസിലാൻഡോ സന്ദർശിച്ചിട്ടില്ല. ഈജിപ്ത് ഒഴികെയുള്ള ആഫ്റിക്കൻരാജ്യങ്ങളും അദ്ദേഹം കണ്ടിട്ടില്ല. അദ്ദേഹത്തിന്റെ പേരിന്റെ അന്വർത്ഥതയിൽ മഹാകവി പലപ്പോഴും രസിക്കാറുണ്ട്. രവി, എല്ലാരാജ്യങ്ങളിലും പക്ഷഭേദമെന്യേ പ്രകാശിക്കുന്നതുപോലെ അദ്ദേഹവും പാശ്ചാത്യപൗരസ്ത്യരാജ്യങ്ങളിലെ പൊതുസുഹൃത്താണ്. രവിയുടെ ഗോപ്രസരം വ്യാപിച്ചിട്ടുള്ള ദിക്കിലെല്ലാം 'രവി'യുടെ ഗോപ്രസരവും വ്യാപിച്ചിട്ടുണ്ട്. "ഞാൻ മരിക്കുന്നതിനുമുൻപ് ലോകത്തിന്റെ ഏതുഭാഗവും എന്റെ വസതിയായിക്കാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു് ഒരു കത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നു. മഹാകവിയുടെ എൺപതാമത്തെ ജന്മദിനത്തിൽ 'ത്രിപുര'ത്തിലെ മഹാരാജാവ് "ഭാരതഭാസ്കരൻ" എന്ന അന്വർത്ഥമായ നാമധേയം അദ്ദേഹത്തിനു നൽകി. ഭാരതസൂര്യൻ എന്ന ആ സംജ്ഞ അർത്ഥവത്താണെങ്കിലും അദ്ദേഹം ലോകഭാസ്കരനായിരുന്നു. അദ്ദേഹത്തിന്റെ മഹനീയാദർശം അഖിലലോകസാഹോദര്യമാണ്. അതിൽ ഉൾക്കൊള്ളാത്ത മഹനീയസംഗതികൾ ഒന്നുമില്ല. ടാഗോറിനു് ലോകത്തിന്റെ മിക്കഭാഗങ്ങളിലും സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ലോകത്തിന്റെ ഏതുകോണിലും താമസിക്കുന്ന അജ്ഞാതവ്യക്തികൾപോലും അദ്ദേഹത്തെ ആദരിച്ചുപോന്നു.

അദ്ധ്യായം ൧൭

---

# അവസാനവർഷങ്ങൾ

1931-ൽ മഹാകവിയുടെ എഴുപതാമത്തെ ജന്മദിനം ആഘോഷപൂർവ്വം കൊണ്ടാടി. ശാന്തിനികേതനത്തിൽ മാത്രമല്ലാ ഇൻഡ്യയുടെ പലഭാഗങ്ങളിലും ഈ ജന്മർക്ഷദിനം ആഹ്ലാദപൂർവ്വം ആചരിച്ചു. കൽക്കട്ടായിലെ പൗരന്മാർ അദ്ദേഹത്തിന് ഒരു അമൂല്യമായ പാരിതോഷികം നൽകി. ലോകത്തുള്ള പ്രശസ്തപണ്ഡിതന്മാരുടെ വിജ്ഞേയങ്ങളായ ലേഖനങ്ങൾ, ടാഗോറിന്റെ നാനാമുഖമായ സേവനങ്ങളെ അധികരിച്ചെഴുതിയിട്ടുള്ളവ—ഒരുമിച്ചുചേർത്ത് ഒരു സ്മാരകഗ്രന്ഥം അദ്ദേഹത്തിനു സമർപ്പിച്ചു. 1931-ഡിസംബർമാസത്തിലാണ് ടാഗോർജയന്തി ആഘോഷിക്കപ്പെട്ടതു്. 1932-ജനുവരിയിലും ആഘോഷങ്ങൾ തുടരണമെന്നു കൽക്കട്ടാവാസികൾ തീർച്ചയാക്കി.

എന്നാൽ ഈ സന്തോഷപ്രകടനം ഉടൻതന്നെ നിറുത്തേണ്ടതായിവന്നു. ലണ്ടനിലെ സൗഹാർദ്ദസമ്മേളനം (Round table Conference) കഴിഞ്ഞു് ഇൻഡ്യയിൽ എത്തിയ ഗാന്ധിജിയെ ജനുവരി അഞ്ചാംതീയതി ബന്ധനസ്ഥനാക്കി. ഈ വർത്തമാനംകേട്ട് മഹാകവി സ്തബ്ധഹൃദയനായി. എല്ലാ ആഘോഷപരിപാടികളും നിറുത്തി ദുഃഖമാചരിക്കുവാൻ അദ്ദേഹം കൽക്കട്ടാവാസികളോടു അപേക്ഷിച്ചു. ഒരു പുതിയ സമാരംഭത്തിലേക്കു പ്രവേശിക്കണമെന്നു് ഇൻഡ്യയോടും ഇംഗ്ലണ്ടിനോടും അപേക്ഷിച്ചുകൊണ്ടു് ഒരു സുപ്രസിദ്ധമായ ലേഖനം ഗുരുദേവൻ 'ലണ്ടൻ ടൈംസി'നു് എഴുതിഅയച്ചു. പരസ്പരം മനസ്സിലാക്കുകയും

വിശ്വസിക്കയും ചെയ്യണമെന്നു് ഈ ലേഖനത്തിൽ അദ്ദേഹം വ്യക്തമാക്കിയിരുന്നു. കഴിഞ്ഞ കാര്യങ്ങൾ മറന്നിട്ടു് സൗഹാർദ്ദചിന്തയിൽ ഇൻഡ്യയും ഇംഗ്ലണ്ടുംഎത്തിച്ചേരണമെന്നു് അദ്ദേഹം യാചിച്ചു. എന്നാൽ അദ്ദേഹത്തിൻെറ ലേഖനം തെററിദ്ധരിക്കപ്പെട്ടു.

വർഗ്ഗീയചിന്തയെ പിൻതാങ്ങുന്ന പ്രാതിനിധ്യബോധത്തിൽ ഗവണ്മെൻറു കാണിച്ചിരുന്ന അനുഭാവത്തെ പ്രതിഷേധിച്ചുകൊണ്ടു് ഗാന്ധിജി നിരാഹാരവ്രതം ആരംഭിച്ചു. ടാഗോർ ഗാന്ധിജിയെപ്പററി ഉൽക്കണ്ഠാകുലനായി. എന്നാൽ വർഗ്ഗീയൈക്യം ആത്മാഹുതിചെയ്തും സ്ഥാപിക്കേണ്ടതാണെന്നു ഗുരുദേവൻ സമാധാനിച്ചു. അതുകൊണ്ടു നിരാഹാരവ്രതം നിറുത്തണമെന്നു് ആ ബഹുമാന്യമിത്രത്തോടു് അപേക്ഷിക്കുവാൻ ടാഗോർ ധൈര്യപ്പെട്ടില്ല. ടാഗോർ പൂനായിൽ എത്തി. ഗാന്ധിജി നിരാഹാരവ്രതം സമാപിപ്പിക്കുമ്പോൾ ടാഗോർ 'യെർവാദാ'യിൽ ഉണ്ടായിരുന്നു.

ഇക്കാലങ്ങളിൽ മഹാകവി തീക്ഷ്ണമായ ഏകാന്തത അനുഭവിച്ചിരുന്നു. അദ്ദേഹത്തിൻെറ പല സുഹൃത്തുക്കളും മരിച്ചു. ഒരാൾ ഒഴികെ എല്ലാ സഹോദരങ്ങളും കാലഗതി പ്രാപിച്ചു. ഭാര്യയും മൂന്നുകുട്ടികളും മരിച്ചുപോയിരുന്നു. ഒരു പുത്രനും പുത്രിയും അദ്ദേഹമൊന്നിച്ചുണ്ടായിരുന്നു. ഒരു ദൗഹിത്രനും ദൗഹിത്രിയും അദ്ദേഹത്തിൻെറ കണ്ണിലുണ്ണികളായിരുന്നു. ദൗഹിത്രൻ സുന്ദരനായ ഒരു യുവാവായി. അദ്ദേഹത്തെ ഉപരിപഠനത്തിനായി ജമ്മനിയിൽ അയച്ചു. വിദേശപരിശീലനങ്ങൾക്കുശേഷം ആ ദൗഹിത്രനു് വിശ്വഭാരതിയുടെ ഭരണത്തിൽ പ്രധാനമായ ഭാഗം നൽകണമെന്നു ഗുരുദേവൻ നിശ്ചയിച്ചിരുന്നു. പക്ഷെ 1932-ൽജമ്മനിയിൽവച്ചു് ആ യുവാവും പരലോകം പ്രാപിച്ചു. ശാന്തിനികേതനത്തിൻെറ വിജയകരമായ പ്രവർത്തനത്തിൽ

മഹാകവിയെ വേണ്ടവിധം സഹായിച്ച 'പിയേഴ്സൺ' എന്ന പണ്ഡിതനും കാലഗതിയടഞ്ഞു. 1935-ൽ മഹാകവിയുടെ അനന്തിരവനും ഒരു യുവകവിയുമായ ദിനേന്ദ്രനാഥനും ഇഹലോകവാസം വെടിഞ്ഞു. സി. എഫ്. ആൻഡ്രൂസും മററു ചിലരും മാത്രം അദ്ദേഹത്തിൻെറ സ്നേഹിതന്മാരായി ശേഷിച്ചു.

മഹാകവിയുടെ വാദ്ധക്യദശയിൽ നാനാദിക്കുകളിൽനിന്നും പലവിധമായ ബഹുമതികൾ അദ്ദേഹത്തിൽ ചൊരിഞ്ഞുകൊണ്ടിരുന്നു. ആരോഗ്യം അല്പമെങ്കിലും അനുവദിക്കുന്നതുവരെ പൊതുയോഗങ്ങളിൽ സംബന്ധിക്കുവാനും പ്രസംഗിക്കുവാനും അദ്ദേഹം മടിച്ചിട്ടില്ല. ഇപ്പോഴത്തെ മഹായുദ്ധത്തിൻെറ നിഴലും ദിവസേന കറുത്തിരുണ്ടു വർദ്ധിച്ചുതുടങ്ങി. അപ്പോഴും ഭൗതികാവേശജന്യമായ രക്തച്ചൊരിച്ചിൽ ഉപേക്ഷിക്കണമെന്നു മനമുരുകി അദ്ദേഹം പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. 1936-ൽ ബ്രസ്സൽസിൽവച്ചു ലോകസമാധാനസമ്മേളനം (World Peace Congress) നടന്നു. ഒരു സന്ദേശം അയയ്ക്കണമെന്നു ഭാരവാഹികൾ മഹാകവിയെ അറിയിച്ചു. "ശക്തൻെറ ദുരാഗ്രഹവും അശക്തൻെറ അധൈര്യവും അസ്തമിക്കുന്നതുവരെ നമുക്കു സമാധാനമില്ല" എന്നായിരുന്നു ഗുരുദേവൻെറ സന്ദേശം.

1937-ൽ കൽക്കത്താസർവ്വകലാശാലയുടെ കൺവൊക്കേഷൻപ്രസംഗത്തിനു ടാഗോർ ക്ഷണിക്കപ്പെട്ടു. ഔദ്യോഗികമേധാവിത്വം ഇല്ലാത്ത ഒരാളെ കൺവൊക്കേഷൻ പ്രസംഗത്തിനു ക്ഷണിക്കുക ഒരു അപൂർവ്വസംഭവമാണു്. ഗുരുദേവൻെറപ്രസംഗം ബംഗാളിയിലായിരുന്നു. അതും സർവ്വകലാശാലകളുടെ ചരിത്രത്തിൽ പുത്തരിതന്നെയാണു്. ഇക്കാലത്തെല്ലാം ഗ്രന്ഥനിർമ്മിതിയിലും ഗാനങ്ങൾ രചിക്കുന്നതിലും അദ്ദേഹം തല്പരനായിരുന്നു. ചിത്രമെഴുത്തിലും ഇതിനകം അനിതരസാധാരണമായ പാടവം ഗുരുദേവൻ

സമ്പാദിച്ചിരുന്നു. അദ്ദേഹത്തിൻെറ ചിത്രങ്ങൾ യൂറോപ്യൻരാജ്യങ്ങളിലെ പല പ്രദർശനങ്ങളിലും പ്രശംസയെ അർഹിച്ചിട്ടുണ്ടു്.

ഗുരുദേവൻെറ അവസാനവർഷങ്ങൾ സഞ്ചാരത്തിനു പററിയവയായിരുന്നില്ല. അദ്ദേഹം അസ്വസ്ഥശരീരനായിരുന്നു. എങ്കിലും ഗുരുദേവനു വിശ്രമം കുറവായിരുന്നു. വിശ്വഭാരതിയുടെ അഭ്യുദയപരിപാടികളിൽ അദ്ദേഹം സ്വപ്നസുഖമനുഭവിച്ചിരുന്ന രണ്ടു കാര്യങ്ങൾ ആയിടയ്ക്കു നിർവ്വഹിക്കയുണ്ടായി. ഒന്നു് അവിടുത്തെ 'ചീനഭവൻ'. 1937-ൽ ഇതിൻെറ ഉൽഘാടനം നടന്നു. ചീനഭാഷാസാഹിത്യഗവേഷണത്തിനും, അനേകശതവർഷങ്ങളിലായി ചൈനാസാമ്രാജ്യം സഞ്ചയിച്ചിട്ടുള്ള സംസ്കാരപഠനത്തിനും ഉപകരിക്കുന്ന ഈ മഹാസ്ഥാപനം ടാഗോറിൻെറ ആഗ്രഹങ്ങളിൽ പ്രാധാന്യമർഹിച്ചിരുന്നു. രണ്ടാമതായി ഒരു 'ഹിന്ദി'മന്ദിരം. 1939-ജനുവരിമാസത്തിൽ പണ്ഡിററു് ജവഹരിലാൽനെഹ്രു ഇതിൻെറ ഉൽഘാടനവും സമംഗളം നിർവ്വഹിച്ചു.

ഇതിനിടയിൽ ഗുരുദേവൻ ചിലപ്പോഴെല്ലാം രോഗബാധിതനായിത്തീർന്നിട്ടുണ്ടു്. 'വിശ്വപരിചയം' എന്ന ഗ്രന്ഥം ഇക്കാലത്താണു രചിച്ചതു്. ഇതു് സയൻസിനെപ്പററി സാമാന്യജ്ഞാനം നൽകുവാൻ ഉപകരിക്കുന്ന ഒരു മഹാഗ്രന്ഥമാണു്. ശാസ്ത്രീയഗവേഷണങ്ങൾ മഹാകവിക്കു രസകരമായ സംഗതികളാണു്. പ്രപഞ്ചചരിത്രത്തെയും അതിൻെറ രഹസ്യങ്ങളെയും ആരാഞ്ഞറിയാൻ അദ്ദേഹം സദാ ജിജ്ഞാസുവായിരുന്നു. ഭൂമിയുടെ പരിണാമദശകളെയും, സൂര്യചന്ദ്രന്മാരുടെയും നക്ഷത്രാദികളുടെയും ഉത്ഭവനാശാദികളെയുംപററി ആലോചിച്ചാലോചിച്ചു മഹാകവി പലപ്പോഴും നിദ്രാവിഹീനനായിട്ടുണ്ടു്. ഇതിലെല്ലാം വിശ്വശില്പിയുടെ അത്ഭുതകരമായ കരകൗശലം

അദ്ദേഹം പ്രത്യക്ഷമായി ദർശിച്ചിരുന്നു. ശാസ്ത്രജ്ഞാനത്തിൻെറ പരിണതഫലങ്ങളായ അത്ഭുതചിത്രങ്ങൾ പലതും ഗുരുദേവൻെറ കവനങ്ങളിൽ കാണാം. സയൻസും സാഹിത്യവുംതമ്മിൽ അശേഷം ബന്ധമില്ലെന്നു ശഠിക്കുന്നവരുണ്ടു്. ഇവയുടെ അഭേദ്യമായ ബന്ധം ഗുരുനാഥൻ തെളിയിച്ചിട്ടുണ്ടു്. കീററ്സ് എന്ന ആംഗലകവി പറയുമ്പോലെ "Beauty is truth, truth beauty" എന്നു ടാഗോർ സമർത്ഥിക്കുന്നു. സയൻസും ശാസ്ത്രവും വിജ്ഞാനത്തിൻെറ രണ്ടു ശാഖകളാണു്. തായ്ത്തടി ഒന്നുതന്നെ. കവിയുടെയും ശാസ്ത്രജ്ഞൻെറയും ഉദ്ദേശം ഒന്നാണു്. അവരുടെ പ്രയാണലക്ഷ്യവും ഒന്നുതന്നെ. വ്യത്യസ്തമാർഗ്ഗങ്ങളിൽക്കൂടി അവർ സഞ്ചരിക്കുന്നു എന്നേയുള്ളു. രണ്ടുപേരും ഒരേ കേന്ദ്രത്തിൽ സംഘടിക്കുന്നു. കവി പ്രപഞ്ചരഹസ്യത്തെ ആരാഞ്ഞറിഞ്ഞു് അതിൻെറ സൗകുമാര്യത്തെ വാഗ്രൂപേണ പ്രവഹിപ്പിക്കുന്നു. നശ്വരമായ ജീവിതവൈവിധ്യത്തെ സ്വാഭാവികമായി വർണ്ണിച്ചു് അനശ്വരമായ സത്യത്തെ അഥവാ ജീവിതയാഥാർത്ഥ്യത്തെ കവി സ്പഷ്ടമാക്കുന്നു. ശാസ്ത്രജ്ഞനും ഇതുതന്നെ ചെയ്യുന്നു. പക്ഷേ ശാസ്ത്രജ്ഞൻ കുറേക്കൂടി ഗൗരവചിന്തകൾക്കധീനനാണു്. അദ്ദേഹം കവിയെപ്പോലെ മനോജ്ഞമായ പ്രകൃതിസൗന്ദര്യത്താൽ ആകൃഷ്ടനായി സുന്ദരവേശ്മങ്ങളിലും, ലതാനികുഞ്ജങ്ങളിലും, മലർവനികയിലും, മരുഭൂവിലും, നദീപ്രാന്തത്തിലും, സമുദ്രവിസ്തൃതിയിലും, ഗംഭീരവനങ്ങളിലും, ഗഗനവീഥിയിലും ഒരുപോലെ ആഹ്ലാദഗാനംപൊഴിച്ചു് ആടിപ്പാടി സഞ്ചരിക്കുന്നില്ല. പ്രകൃതിവിഭവങ്ങളേയും അതിലെ മൂർത്താമൂർത്തപദാർത്ഥങ്ങളെയും വിഘടനംചെയ്തു് അവയെ അണുക്കളും പരമാണുക്കളുമായി അവശേഷിപ്പിക്കുന്നു. അതിൻെറ അവിഭക്തമായ സൂക്ഷ്മബിന്ദുവിൽ എത്തുന്നതുവരെ—അതുതന്നെയാണു പ്രപഞ്ചസൃഷ്ടിയിൽ വൈവിധ്യംവഹിക്കുന്ന രൂപവിധാനങ്ങളുടെ നിദാനസ്ഥാനമെന്നു

കണ്ടുപിടിക്കുന്നതുവരെ— ശാസ്ത്രജ്ഞൻ അഹോരാത്രം നിർന്നിമേഷനായി ഗവേഷണം തുടരും. അവിടെയും ആ മഹാജ്ഞാനിയെ കുഴയ്ക്കുന്ന ഒരു ശക്തിവിശേഷം നില കൊള്ളുന്നതായി അദ്ദേഹം ദർശിക്കുന്നു. 'പ്രോട്ടോൺ' എന്നുപറയുന്ന കേന്ദ്രത്തിനുചുററും അതിവേഗം ചുററിത്തിരിയുന്ന അനവധി 'ഇലക്ട്രോൺസു' ഒരു സൂക്ഷ്മബിന്ദുവിലുണ്ടു്. ഇലക്ട്രോൺസിനെ ചലിപ്പിച്ചതെന്താണു്. അതു് ഇലക്ട്രിക്ശക്തിയുടെ ഒരു പ്രചോദനം എന്നു ശാസ്ത്രജ്ഞൻ വിധിക്കും. ശക്തിയുടെ പ്രചോദനം. മഹാത്മാവായ ശങ്കരൻ പറയുന്നു. 'ശക്തിയുടെ ഭ്രൂക്ഷേപമാണു്" ആദ്യം നിശ്ചലമായിരുന്ന പരമാണു പ്രപഞ്ചത്തിൽ ഒരു സ്പന്ദനമുണ്ടാക്കിയതെന്നു്. പരമാണുക്കളായി അനന്തവിസ്തൃതമായി നിശ്ചലമായി വ്യാപിച്ചിരുന്ന മൂലപ്രകൃതിയിൽ ആദ്യം ഒരു ചലനം, അഥവാ സ്പന്ദനം (Vibration) ഉണ്ടായി എന്നു" ശാസ്ത്രജ്ഞനും സമ്മതിക്കുന്നു. അതിനപ്പുറം അദ്ദേഹത്തിനും അറിഞ്ഞുകൂടാ. എത്ര മഹാജ്ഞാനിക്കും അജ്ഞാതവും അജ്ഞേയവുമായ പലതും പ്രപഞ്ചത്തിലുണ്ടു്. ഈ പരമാർത്ഥം ഗുരുദേവൻ സുവ്യക്തമാക്കിയിട്ടുണ്ടു്.

1938-ൽ അദ്ദേഹം അനവധി പദ്യകൃതികൾ രചിച്ചു. 'ചണ്ഡാലിക' എന്ന നാടകത്തിനു ഒട്ടനേകം ഗീതങ്ങളും എഴുതിച്ചേർത്തു. 'വംഗഭാഷാപ്രവേശിക' (An Introduction to the Bengalilanguage) എന്ന ഗ്രന്ഥവും ഇതിനിടയിലാണു മഹാകവി എഴുതുന്നതു്. വംഗഭാഷ സുകുമാരമായി രചിക്കുവാനുള്ള പദ്ധതികളാണു് ജീവിതകാലംമുഴുവൻ അദ്ദേഹംനിർദ്ദേശിച്ചിരുന്നതു്. യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിൽ ടാഗോർ ബദ്ധശ്രദ്ധനായിരുന്നു. 1939-ൽ ആധുനികവംഗഭാഷാഗദ്യത്തിൻെറ ജനയിതാവായ 'ഈശ്വരചന്ദ്രവിദ്യാസാഗ'

റുടെ ശതാഭിഷേകംപ്രമാണിച്ച് മഹാകവി 'മിഡ്നാപ്പൂരിൽ' എത്തി. 1939-ൽ വളരെനാളത്തെ സ്വദേശവാസത്തിനുശേഷം സി. എഫ്. ആൻഡ്രൂസ് ശാന്തിനികേതനത്തിൽ തിരിച്ചെത്തി. ഒരുമാസംകഴിഞ്ഞപ്പോൾ അദ്ദേഹം രോഗപീഡിതനായി. ചികിത്സാൎത്ഥം ആൻഡ്രൂസ് കൽക്കട്ടായിലേക്കു മാററപ്പെട്ടു. 1940 ഏപ്രിൽ അഞ്ചാംതിയതി അദ്ദേഹം പരേതനായി. ഈ അഭിവന്ദ്യസുഹൃത്തിന്റെ വേർപാടു മഹാകവിക്കു് എത്രമേൽ ഹൃദയസ്പൃശിയായിരിക്കണം!

1940-ലെ വേനൽക്കാലം ഒരു തമോഘട്ടമായിരുന്നു. ഡെൻമാൎക്ക്, നാൎവ്വേ, ഹാളണ്ടു്, ബൽജിയം, ഫ്റാൻസു് മുതലായ യൂറോപ്യൻരാജ്യങ്ങളുടെ അത്യാഹിതവാൎത്ത ഇൻഡ്യയിൽ എത്തി. അവിടങ്ങളിലെല്ലാം മഹാകവിക്കു സ്നേഹിതന്മാർ ഉണ്ടായിരുന്നു. അവരുടെ അവസ്ഥയെപ്പററി ഗുരുദേവൻ ഉൽക്കണ്ഠാവിവശനായി. ചൈനയിൽനിന്നും നിരപരാധികളുടെ കഷ്ടതകളെക്കുറിക്കുന്ന കത്തുകളും വന്നുകൊണ്ടിരുന്നു. ലോകസമാധാനത്തെ ഭഞ്ജിക്കുന്ന ദുഷ്കൎമ്മങ്ങൾ, അവയുടെ പൈശാചികവിക്രിയകൾ, ഇവയെല്ലാം ഗുരുദേവന്റെ പ്രശാന്തചിന്തകളെ വ്രണപ്പെടുത്തി.

1940 ആഗസ്റ്റിൽ ആക്സ്ഫോർഡ്സൎവ്വകലാശാലക്കാർ അദ്ദേഹത്തിനു ഡി ലിററ്. (Dr. of literature) ബിരുദംനൽകി. ഈ ബഹുമതികൎമ്മം ശാന്തിനികേതനത്തിൽ കൊണ്ടാടി. സർ, മാറിസ്ഗായർ, സർ, എസ്സ്. രാധാകൃഷ്ണൻ എന്നീ പണ്ഡിതവൎയ്യന്മാരുടെ ആഭിമുഖ്യത്തിലാണു അന്നത്തെ ചടങ്ങുകൾ നിൎവ്വഹിച്ചതു്. സമ്മേളനപ്രസംഗം ലാററിൻഭാഷയിൽ ആയിരുന്നു സർ മാറിസ്സ് നടത്തിയതു്. ടാഗോർ സംസ്കൃതത്തിൽ മറുപടി പറഞ്ഞു. പൗരസ്ത്യഭാഷാവിജ്ഞാനവും പാശ്ചാത്യഭാഷാവിജ്ഞാന

KOTTAYAM

വും രണ്ടു മഹാസരിത്തുകളായി ഒഴുകി വിശ്വഭാരതിയിൽ സംയോജിച്ചു. പാശ്ചാത്യപൌരസ്ത്യസംസ്കാരങ്ങളുടെ സമ്മേളനരംഗമായ വിശ്വഭാരതിയുടെ അന്നത്തെ ധന്യത ഗുരുദേവനിൽ പുളകംകൊള്ളിച്ചു. ഈദൃശമായ മൈത്രീബന്ധം അന്യൂനമായി തുടരണമെന്നുള്ള അഭിലാഷത്തിൻെറ അടയാളമാണു് മഹാവിജ്ഞാനസങ്കേതമായ വിശ്വഭാരതി. ആ സമ്മേളനദിവസം വിശ്വഭാരതീചരിത്രത്തിൽ അവിസ്മരണീയമായി ഗുരുദേവൻ കണക്കാക്കി.

ദിവസങ്ങൾ ചിലതുകഴിഞ്ഞു. മഹാകവി രോഗാതുരനായി. ഇടയ്ക്കിടയ്ക്കു സുഖമുണ്ടാകും. എങ്കിലും മിക്കവാറും ശയ്യയിൽത്തന്നെ. അപ്പോഴും ഗ്രന്ഥരചനയിൽ ആ ക്ഷീണിച്ച കൈകൾ ഊർജ്ജസ്വലമായി പ്രവൎത്തിച്ചുകൊണ്ടിരുന്നു. എഴുതാൻ കഴിവില്ലാത്തപ്പോൾ ശിഷ്യന്മാരെക്കൊണ്ടു് എഴുതിച്ചുവന്നു. അദ്ദേഹത്തിൻെറ ഓരോ വാക്കും അവർ അവധാനപൂർവ്വം ശ്രദ്ധിച്ചു.

1941-ൽ ഗുരുദേവൻെറ എൺപതാമത്തെ ജന്മദിനം ആഘോഷിക്കപ്പെട്ടു. തത്സംബന്ധമായ യോഗത്തിൽ അദ്ദേഹം സന്നിഹിതനായി. അല്പനേരം ഗുരുദേവൻ മധുരമായി പ്രസംഗിച്ചു. ആ പ്രസംഗങ്ങൾക്കു മാധുൎയ്യമേറുള്ളൂ. അന്നത്തെ സന്ദേശം വിശ്വഭാരതിമാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഭാരതം മുഴുവനും ടാഗോർജയന്തി കൊണ്ടാടി. അനുമോദനകത്തുകളും മംഗളാശംസകളും ലോകത്തിൻെറ നാനാഭാഗത്തുനിന്നും ഇടവിടാതെ വന്നുകൊണ്ടിരുന്നു. ടാഗോർജയന്തി പുരസ്കരിച്ചു മാസികയുടെ ഒരു വിശേഷാൽപതിപ്പു പ്രസിദ്ധപ്പെടുത്തി. മഹാകവിയുടെ ജീവിതസംരംഭങ്ങളെപ്പററിയും മഹൽസേവനങ്ങളെ സംബന്ധിച്ചും വിജ്ഞേയങ്ങളായ ലേഖനങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു.

ക്രമേണ ഗുരുദേവനു ക്ഷീണംവൎദ്ധിച്ചു. മിക്കവാറും പനി മാറാതെ ഉപദ്രവിച്ചുകൊണ്ടിരുന്നു. വേനൽകാലം മുഴുവനും ശിഷ്യന്മാരും സുഹൃത്തുക്കളും അദ്ദേഹത്തെ പരിചരിച്ചു. അദ്ദേഹത്തെ കൽക്കട്ടായിലേക്കു മാററണമെന്നു തീരുമാനിച്ചു. ജൂലൈമാസത്തിലെ ഒരു പ്രഭാതം. ശാന്തിനികേതനവാസികൾ വ്യസനാക്രാന്തരായി ഗേററിൽ തിങ്ങിക്കൂടി. നിശ്ശബ്ദരോദനത്താൽ അവിടത്തെ ശിഷ്യഗണങ്ങൾ പ്രശാന്തരായി കണ്ണുനീർവാൎത്തു. രോഗിയായ ഗുരുദേവനെ വഹിച്ചുകൊണ്ടു് ഒരു കാർ, മന്ദമന്ദം ഗേററുകടന്നു മുന്നോട്ടുപോയി. ശിഷ്യന്മാർ ആശ്രമഗാനം മധുരമായി പാടിക്കൊണ്ടിരുന്നു. കൽക്കട്ടായിൽവച്ചു കഴിവുള്ള ചികിത്സകളും പരിചര്യകളും ചെയ്തു. അതെല്ലാം വിഫലമായി. 1941-ആഗസ്റ്റ് ഏഴാംതീയതി ജോറസങ്കോവിലെ പ്രാചീനവസതിയിൽവച്ചു് ഗുരുദേവൻെറ പരിപാവനമായ ആത്മാവു് അനന്തതയിൽ ലയിച്ചു. അന്നു സായാഹ്നത്തിൽ വിശുദ്ധഗംഗയുടെ തീരപ്രദേശത്തുള്ള 'നിന്തോല' ശ്മശാനവാടത്തിൽ അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടം സംസ്കരിക്കപ്പെട്ടു.

എല്ലാവരേയുംപോലെ തനിക്കും കടന്നുപോകേണ്ട മരണകവാടത്തെപ്പററി മഹാകവി ഇങ്ങനെ പറയുന്നു. "ഈ വിയോഗവേളയിൽ സുഹൃത്തുക്കളെ, എനിക്കു ഭാവുകം ആശംസിക്കുക. ആകാശം സുപ്രസന്നമായ ഉഷഃപ്രഭയാൽ തുടിച്ചുകാണുന്നു. എൻെറ വഴി മനോജ്ഞമായി തെളിഞ്ഞിരിക്കുന്നു. എനിക്കു് അവിടെ എന്തുചെയ്യാനുണ്ടെന്നു ചോദിക്കരുതേ, ഞാൻ രിക്തഹസ്തനായി യാത്ര ആരംഭിക്കുന്നു. ഇപ്പോഴും എൻെറ ഹൃദയം പ്രതീക്ഷാസമ്പൂൎണ്ണമാണു്".

"എന്താണതു്. ഞാൻ ഇഹലോകത്തെ സ്നേഹിക്കുന്നു. മരണത്തെയും അതുപോലെ സ്നേഹിക്കണമെന്നു് എനിക്കറിയാം".

പോസ്റ്റാഫീസ് എന്ന ഗ്രന്ഥത്തിന്റെ അവസാനം ചേൎക്കുവാൻ മഹാകവി ഒരു സന്ദേശഗാനം എഴുതിയിട്ടുണ്ടു്. എന്നാൽ അതു അഭിനയിക്കുവാൻ സാധിച്ചില്ല. മഹാകവിയുടെ അഭിലാഷത്തെ ആദരിച്ചു് സംസ്കാരകൎമ്മം പ്രമാണിച്ചു് ശാന്തിനികേതനത്തിൽ ആ സന്ദേശം പാരായണം ചെയ്കയുണ്ടായി.

"ഇതാ പുരോഭുവി കാണുന്നേറവും
പ്രശാന്തമാം സിന്ധു
ഇതുതാൻ ശാശ്വതസൌഖ്യമണയ്ക്കും
മഹാൎണ്ണവം മഹിതം. 1

നയിക്ക നൌകകൾ,ആടിപ്പാടി-
ത്തുഴഞ്ഞുപോയീടാം
മാരകബന്ധം വിട്ടത്തി വേഗം
മുന്നോട്ടാഞ്ഞീടാം. 2

അനന്തവിശ്വം ബദ്ധാമോദം
കരങ്ങൾ നൽകട്ടെ!
കനിഞ്ഞു നമ്മെത്തഴുകിത്തഴുകി-
പ്പുണൎന്നുകൊള്ളട്ടെ. 3

ഭയം തരിമ്പും കലരാതെവനും
സ്മരിച്ചുകൊള്ളട്ടെ,
ഹൃദന്തരംഗേയജ്ഞേയമതാം
മഹാപ്രഭാവത്തെ. 4

---

## മഹാകവിയുടെ അവസാന കത്ത്

(ഇന്ത്യാക്കാരുടെ യുദ്ധനയത്തെ ആക്ഷേപിച്ചുകൊണ്ടു് മിസ്. റാത്ത്ബോൺ പുറപ്പെടുവിച്ച ഒരു പ്രത്യക്ഷപത്രത്തിനു്, 80-ാമത്തെ വയസ്സിൽ രോഗശയ്യയിൽ കിടന്നുകൊണ്ടു്, മഹാകവി നൽകിയ മറുപടി. അദ്ദേഹത്തിന്റെ അവസാനത്തെ പൊതുപ്രസ്താവന ഇതായിരുന്നു.)

"മിസ്. റാത്ത്ബോൺ ഇന്ത്യാക്കാൎക്കയച്ച പ്രത്യക്ഷപത്രം എന്നെ കഠിനമായി വേദനിപ്പിച്ചിരിക്കുന്നു. ഞാൻ മിസ്. റാത്ത്ബോണിനെ അറിയില്ലെങ്കിലും, അവർ 'സദുദ്ദേശമുള്ള' സാധാരണക്കാരനായ ബ്രിട്ടീഷുകാരന്റെ മനഃസ്ഥിതിയുടെ പ്രാതിനിധ്യമാണു വഹിക്കുന്നതെന്നു ഞാൻ കരുതുന്നു. അവരുടെ കത്തു് ഒട്ടധികവും ജവഹരിലാലിനെ അഭിസംബോധനം ചെയ്തുകൊണ്ടുള്ളതാണു്. സ്വാതന്ത്ര്യസമരത്തിലെ മഹാമനസ്കനായ ആ യോദ്ധാവു്, കാരാഗൃഹത്തിന്റെ ഇരുമ്പഴികൾക്കുള്ളിൽ മിസ്. റാത്ത്ബോണിന്റെ നാട്ടുകാരാൽ നിശ്ശബ്ദനാക്കപ്പെട്ടിരുന്നില്ലെങ്കിൽ, ഈ അനാവശ്യമായ ബുദ്ധ്യുപദേശത്തിനു് അദ്ദേഹം ഉചിതവും ഉജ്ജ്വലവുമായ മറുപടി നൽകുമായിരുന്നു. അദ്ദേഹം മൗനം അവലംബിക്കാൻ നിർബ്ബദ്ധനായതുകൊണ്ടു് ഈ രോഗശയ്യയിൽ കിടന്നുപോലും നിഷേധിക്കുന്നതു് എന്റെ കൎത്തവ്യമായി വന്നിരിക്കുന്നു.

നമ്മുടെ മനസ്സാക്ഷിയോടുള്ള അവിവേകവും ധിക്കാരവും തുളുമ്പുന്ന, ഇത്തരമൊരു വെല്ലുവിളികൊണ്ടു് ഈ

ന്ത്രീ സ്വന്തം നാട്ടുകാൎക്കുതന്നെ ഒരപകൃതിയാണു ചെയ്തിട്ടുള്ളതു്. ഇംഗ്ലീഷുകാരുടെ ചിന്താധാരയിൽ മുഴുകിക്കിടന്നിട്ടും, നാം നമ്മുടെ ഭാഗ്യംകെട്ട രാജ്യത്തിന്റെ ക്ഷേമത്തെപ്പററി ആലോചിച്ചുപോകുന്നതു് കൃതഘ്നതയായിക്കരുതി അവർ നമ്മോടു മുഷിയുന്നു. പാശ്ചാത്യസംസ്കാരത്തിന്റെ ഉത്തമപാരമ്പര്യത്തിന്റെ പ്രതിനിധിയെന്ന നിലയിൽ ആംഗ്ലേയചിന്താഗതി നമുക്കു ധാരാളം വിജ്ഞാനം നൽകിയിട്ടുണ്ടു്. എന്നാൽ ഇതുകൊണ്ടു നേട്ടമുണ്ടായിട്ടുള്ള നമ്മുടെ നാട്ടുകാർ, നമ്മെ വിദ്യാവിഹീനരാക്കാനുള്ള ഔദ്യോഗിക ബ്രിട്ടീഷ് പരിശ്രമങ്ങളെ അവഗണിച്ചുകൊണ്ടാണു് ആ നില പ്രാപിച്ചിട്ടുള്ളതെന്നു് ഞാൻ പറഞ്ഞുവെയ്ക്കട്ടെ. നമുക്കു മററുവല്ല യൂറോപ്യൻഭാഷയിലൂടെയും പാശ്ചാത്യരുടെ ജ്ഞാനസമ്പത്തുമായി പരിചയപ്പെടാമായിരുന്നു. ലോകത്തിലെ വിവിധജനതകളും തങ്ങൾക്കു സംസ്കാരമുണ്ടായിക്കിട്ടാൻവേണ്ടി ബ്രിട്ടീഷുകാരുടെ വരവും കാത്തിരുന്നുവോ? നമ്മുടെ മിത്രങ്ങളാണെന്നു പറയുന്ന ഇംഗ്ലീഷ്കാർ നമ്മെ വിദ്യാസമ്പന്നരാക്കിയിരുന്നില്ലെങ്കിൽ നാം ഇന്നും പഴയ അന്ധകാരയുഗത്തിലായിരിക്കുമെന്നു അവർ വിചാരിക്കുന്നുണ്ടെങ്കിൽ, അതു് ഉദ്ധതവും അയഥാൎത്ഥവുമായ ആത്മസംതൃപ്തികൊള്ളലായിരിക്കും. ഇന്ത്യയിൽ ബ്രിട്ടീഷ് ഔദ്യോഗികമാൎഗ്ഗങ്ങൾമുഖേന സ്ക്കൂളുകളിലുള്ള നമ്മുടെ കുട്ടികൾക്കു ഇംഗ്ലീഷുകാരുടെ വിചാരസമുച്ചയത്തിന്റെ ഉത്തമാംശങ്ങളല്ല, പ്രത്യുത അതിന്റെ ചണ്ടിയും ചവറുമാണു ലഭിച്ചിട്ടുള്ളതു്. സ്വകീയസംസ്കാരമാകുന്ന മധുരഭോജ്യത്തെ ആസ്വദിക്കുവാനുള്ള സന്ദൎഭമോ അവൎക്കു നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സംസ്കാരം സമ്പാദിക്കുവാൻ ഇംഗ്ലീഷുഭാഷമുഖേന മാത്രമേ ഇന്ത്യക്കാൎക്കു സാധിക്കൂ എന്നുവെയ്ക്കുക. എന്നാൽതന്നെയും 1931-ലെ കണക്കുപ്രകാരം, രണ്ടുനൂററാണ്ടിലെ ബ്രിട്ടീഷുഭരണത്തിനുശേഷവും ഇന്ത്യയിൽ ഏതാണ്ടു് ഒരു ശതമാ

നം ആളുകൾക്കു മാത്രമേ ഇംഗ്ലീഷ് ഭാഷയിൽ പരിചയമുണ്ടായിട്ടുള്ളു. റഷ്യയിലാകട്ടെ 1931-ലെ കണക്കുപ്രകാരം പതിനഞ്ചുകൊല്ലത്തെ സോവിയററുഭരണംകൊണ്ടു്, 98 ശതമാനം കുട്ടികൾക്കു വിദ്യാഭ്യാസമുണ്ടാക്കുവാൻ സാധിച്ചിരിക്കുന്നു. റഷ്യാക്കാൎക്കു അനുകൂലമായ ഒരു കൈപ്പിഴപററിപ്പോകാനിടയില്ലാത്ത ഒരു പ്രസിദ്ധീകരണമായ 'സ്റ്റേററ്സ്മാൻ' ഇയർബുക്കിൽ നിന്നാണു് ഞാൻ ഈ കണക്കുകൾ ശേഖരിച്ചിട്ടുള്ളതു്.

എന്നാൽ സംസ്കാരമെന്നു പറയപ്പെടുന്ന വസ്തുവേക്കാൾ കൂടുതൽ അത്യാവശ്യമായിട്ടുള്ളതു് ജീവസന്ധാരണത്തിനുള്ള ചില പ്രാഥമികസൗകൎയ്യങ്ങളാണു്. അതിന്മേൽ മാത്രമാണല്ലോ സംസ്കാരസൗധം കെട്ടിപ്പൊക്കുവാൻ സാധിക്കുക. 'നമ്മുടെ രാഷ്ട്രത്തിന്റെ പുനസ്സംഘടിയുടെ ചരടുകൾ മുറുകെപ്പിടിച്ചു് നമ്മുടെ നാട്ടിലെ പ്രകൃതിവിഭവങ്ങൾ ചൂഷണംചെയ്തുപോരുന്ന ബ്രിട്ടീഷുകാർ എന്തൊന്നാണു് നമ്മുടെ നാട്ടിനുവേണ്ടി ചെയ്തിട്ടുള്ളതു്'; ഞാൻ ചുററുപാടും നോക്കുമ്പോൾ കാണുന്നതു്, ആഹാരത്തിനു നിലവിളിക്കുന്ന, പട്ടിണികൊണ്ടു് അരണ്ടുപോയ മനുഷ്യശരീരങ്ങളെയാണു്. കുടിക്കാൻ കുറച്ചുതുള്ളി വെള്ളം കിട്ടുന്നതിന്നുവേണ്ടി ഗ്രാമങ്ങളിലെ സ്ത്രീകൾ മണ്ണുമാന്തുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ഇൻഡ്യയിലെ ഗ്രാമങ്ങളിൽ സ്കൂളുകളേക്കാളും കൂടുതൽ ദുർല്ലഭമായിട്ടുള്ളതു് കിണറുകളാണു്. ഇന്നു് ഇംഗ്ലണ്ടിലെ ആളുകളും പട്ടിണി വിപത്തോടു് അടുത്തിരിക്കുന്നുവെന്നു് എനിക്കറിയാം. എനിക്കവരോടു് സഹഭാവമുണ്ടു്. എന്നാൽ ഇംഗ്ലണ്ടിന്റെ തീരങ്ങളിലേക്കു് ഭക്ഷണസാധനങ്ങളും വഹിച്ചുകൊണ്ടുപോകുന്ന കപ്പലുകളുടെ രക്ഷയ്ക്കു ബ്രിട്ടീഷ് നാവികസൈന്യത്തിന്റെ മുഴുവൻ ശക്തിയും ഉപയോഗിക്കുന്നതായി കാണുകയും നമ്മുടെ നാട്ടുകാർ അയൽജില്ലയിൽ നിന്നു് ഒരുവണ്ടി അരിപോലും കൊണ്ടുവന്നു കൊടുക്കാൻ

ആളില്ലാതെ വിശപ്പുകൊണ്ടു് ഒടുങ്ങുന്നതായിക്കണ്ട കാഴ്ച സ്മരിക്കുകയും ചെയ്യുമ്പോൾ, എനിക്കു ഇംഗ്ലണ്ടിലെ ബ്രിട്ടീഷുകാരേയും ഇൻഡ്യയിലെ ബ്രിട്ടീഷ്കാരേയും താരതമ്യപ്പെടുത്താതിരിപ്പാൻ നിവൃത്തിയില്ല.

നമുക്കു ഭക്ഷണമുണ്ടാക്കിത്തരുന്നതിലല്ലെങ്കിൽ, നിയമവും സമാധാനവും പാലിച്ചുവരുന്നതിലെങ്കിലും നമുക്കു ബ്രിട്ടീഷുകാരോടു കൃതജ്ഞരായിരിപ്പാൻ സാധിക്കുമോ? അനേകം ഇൻഡ്യാക്കാർ ഘാതകൻെറ കൈകൊണ്ടു കൊല്ലപ്പെടുകയും സ്വത്തുക്കൾ കൊള്ളയടിക്കപ്പെടുകയും നമ്മുടെ സ്ത്രീകൾ അപമാനിതരാകയുംചെയ്യുമ്പോൾ,ബ്രിട്ടൻെറ പ്രബലഹസ്തംഇളകുന്നതായിപ്പോലുംഞാൻകാണുന്നില്ല. നമ്മുടെ ഗൃഹകാര്യങ്ങൾ ശരിപ്പെടുത്തുന്നതിൽ നമുക്കുള്ള അപ്രാപ്തിയെ പഴിച്ചുകൊണ്ടു്, അവർ കടലിന്നപ്പുറത്തുനിന്നു് ഒച്ചക്കൂട്ടുകമാത്രമേ ചെയ്യുന്നുള്ളു. സുസജ്ജിതരായ യോദ്ധാക്കൾപോലും ശത്രുവിൻെറ മികച്ച ശക്തിക്കു കീഴടങ്ങിയതായി ചരിത്രത്തിൽ ഒട്ടധികം ഉദാഹരണങ്ങൾ കാണാം. ഇന്നത്തെ യുദ്ധത്തിൽതന്നെ ബ്രിട്ടീഷ്-ഫ്രഞ്ചു്-ഗ്രീക്കു പട്ടാളക്കാരിൽ ഏററവും ധീരന്മാരായവർകൂടി ശത്രുവിൻെറ മികച്ച ആയുധശക്തിക്കു വഴങ്ങി പോർക്കളംവിട്ടു പോകേണ്ടിവന്നിട്ടുണ്ടു്. എന്നിരിയ്ക്കെ, ആയുധമില്ലാത്ത സാധുക്കളായ കൃഷകന്മാർ ആയുധധാരികളായ തെമ്മാടികളെക്കൊണ്ടു പൊറുതികെട്ടു്; കരയുന്ന കൊച്ചുപൈതങ്ങളേയും എടുത്തു ഓടുമ്പോൾ, ബ്രിട്ടീഷുദ്യോഗസ്ഥന്മാർ ആ സാധുക്കളുടെ ഭീരുത്വത്തിൻെറ നേരെ ഒരുപക്ഷെ അവജ്ഞാഗർഭമായ മന്ദഹാസം പൊഴിക്കുന്നുണ്ടായിരിക്കണം. ഇംഗ്ലണ്ടിൽ ഓരോ ബ്രിട്ടീഷുകാരനും ശത്രുവിൽനിന്നും സ്വന്തം വീടും കുടിയും രക്ഷിക്കാൻ ആയുധം ധരിച്ചിരിക്കുന്നു. ഇൻഡ്യയിലാവട്ടെ, ലാത്തിപരിശീലനംപോലും നിയമശാസനംകൊണ്ടു വിരോധിച്ചിരിക്കുന്നു.

നമ്മുടെ ആളുകളെ എന്നെന്നേയ്ക്കും ഭീരുക്കളാക്കിത്താഴ്ത്തുവാനും ആയുധധാരികളായ യജമാനന്മാരുടെ കരുണയ്ക്കു വിധേയരാക്കി നിർത്തുവാനുംവേണ്ടി മനഃപൂർവ്വം അവരെ നിരായുധരാക്കുകയും അവരുടെ പൗരുഷം നശിപ്പിക്കയും ചെയ്തിരിക്കുന്നു. 'തങ്ങളുടെ ലോകാധികാരിത്വത്തെ ചോദ്യംചെയ്തതുകൊണ്ടുമാത്രം ബ്രിട്ടീഷുകാർ നാസികളെ വെറുക്കുന്നു. മിസ് റാത്ത്ബോണാകട്ടെ, നമ്മുടെ കൈകളെ അടിമച്ചങ്ങലയിൽ വരിഞ്ഞിട്ട് അതേ കൈകളെ നാം അടിമകളെപ്പോലെ ചുംബിച്ചുകൊള്ളണമെന്നു പ്രതീക്ഷിക്കയാണ് ചെയ്യുന്നതു്. ഒരു ഗവണ്മെന്റിനെ അതിന്റെ വക്താവിന്റെ നാട്യങ്ങൾകൊണ്ടല്ല അളക്കേണ്ടതു്, പ്രജകളുടെ ക്ഷേമത്തിനു് അവർ ചെയ്യുന്ന ഫലപ്രദമായ പ്രവൃത്തികൾകൊണ്ടാണു്.

ബ്രിട്ടീഷുകാരെ വിദേശികൾ എന്ന നിലയ്ക്കു മാത്രമല്ല നാം സ്വാഗതംചെയ്യാതിരിക്കുന്നതു്. നമ്മുടെ ക്ഷേമത്തെ കാക്കുന്ന ട്രസ്റ്റികളാണെന്നു നടിച്ചുംകൊണ്ടു് തങ്ങളിൽ അർപ്പിക്കപ്പെട്ട വിശ്വാസത്തെ വഞ്ചിച്ചു് ഇംഗ്ലണ്ടിലെ കുറെ മുതലാളികളുടെ കീശ വീർപ്പിക്കുവാൻവേണ്ടി ഇൻഡ്യയിലെ ലക്ഷോപലക്ഷം ജനങ്ങളുടെ സുഖത്തെ ബലികഴിച്ചതുകൊണ്ടാണു് അവർക്കു നമ്മുടെ ഹൃദയത്തിൽ സ്ഥാനമില്ലാതായിത്തീർന്നതു്. ഈ കൊടുംകൈകളെ സംബന്ധിച്ചിടത്തോളം മാന്യതയുള്ള ബ്രിട്ടീഷുകാരൻ മൗനമവലംബിച്ചു നമ്മുടെ അകർമ്മണ്യതയിൽ നമ്മോടു കൃതജ്ഞരായിരിക്കുമെന്നാണു് ഞാൻ ആശിച്ചതു്. പക്ഷേ ദ്രോഹിച്ചതിനുശേഷം അപമാനവും വരുത്തിക്കൂട്ടി മുറിവിൽ ഉപ്പുതേയ്ക്കുന്നുവെന്നതാണു് മനസ്സിലാക്കാൻ സാധിക്കാത്തതു്.

**KOTTAYAM PUBLIC LIBRARY**
KOTTAYAM

Cl. No. M08 Acc. No. 81335

This book should be returned on or before the date last stamped below.

13 OCT 1986
21 SEP 1987
17 JUL 1990
2 OCT 1990
10 NOV 1990

If the book is not ret...
fine of 5 Ps. (Five) per day ...

N108 8/1335

ബാലകൃഷ്ണപിള്ള. എം.

ഭാരത ഭാഷകൾ